
രൂപരേഖ
മുളക്കുഴ ഗ്രാമപഞ്ചായത്ത്
സമഗ്ര വികസന രേഖ
1997-2002

42-1

ഉത്കർഷ

മുളക്കുഴ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ

1997-2002

ഉത്കർഷ

മുളക്കുഴ ഗ്രാമ പഞ്ചായത്ത്
സമഗ്രവികസന രേഖ
(1996 ഡിസംബർ 12-ന് ചേർന്ന
പഞ്ചായത്ത് സമിതി അംഗീകരിച്ചത്)

ചീഫ് എഡിറ്റർ
കെ. കെ. സുമതി
(ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്)

റിപ്പോർട്ട് തയ്യാറാക്കിയവർ

ജി. ജയപ്രകാശ്
സുധി മുളക്കുഴ
കെ. എൻ. സുധീന്ദ്രൻ
മുരളി മൂലയിൽ
പി. കെ. ശിവൻകുട്ടി
കെ. വി. മുരളീധരനാചാരി

മുഖചിത്രം
മുരളീധരൻ, പിഗ്മെന്റ്സ്
മുളക്കുഴ

ഡി. റ്റി. പി. ടൈപ്പ് സെറ്റിംഗ്
പിഗ്മെന്റ്സ് കമ്പ്യൂട്ടർ സെന്റർ,
മുളക്കുഴ

ലേഔട്ട് & സ്കെച്ചസ്

കെ. വി. മുരളീധരനാചാരി

ഉത്കർഷ

"സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താനാകുമെന്ന്
എപ്പോൾ
ജനസാമാന്യത്തിനു തോന്നുന്നുവോ,
അപ്പോൾ മാത്രമാണ്
ഭാരതം
പൂർണ്ണ സ്വതന്ത്രമാകുന്നത്"

മഹാത്മാഗാന്ധി

മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണ സമിതി

ശ്രീമതി കെ. കെ. സുമതി	(പ്രസിഡന്റ്)
ശ്രീ. കെ. കെ. സുകുമാരൻ	(വൈസ്. പ്രസിഡന്റ്)
ശ്രീ. സി. കെ. സദാശിവനുണ്ണിത്താൻ	(സ്റ്റാ. കമ്മിറ്റി ചെയർമാൻ)
ശ്രീമതി ആനിസ്ക്കറിയ	(മെമ്പർ)
ശ്രീ. കെ. ഒ. ഇൗപ്പൻ	,,
ശ്രീമതി സുമംഗലാമ്മ തങ്കപ്പപണിക്കർ	,,
ശ്രീ. അലക്സ് ജോർജ്ജ്	,,
ശ്രീ. കെ. കെ. ഭാനു	,,
ശ്രീമതി. കെ. ആർ. രാധാഭായി	,,
ശ്രീ. എം. എസ്സ്. ബാലകൃഷ്ണൻ	,,
ശ്രീ. തോമസ് ഏബ്രഹാം	,,

സെക്രട്ടറി. ശ്രീ. കെ. കെ. സദാനന്ദൻ

ശ്രീമതി. കെ. കെ. സുമതി

പ്രസിഡന്റ്



ശ്രീ. കെ. കെ. സുകുമാരൻ

വൈസ് പ്രസിഡന്റ്



ശ്രീ. സി. കെ.സദാശിവനുണ്ണിത്താൻ

സ്റ്റാ. കമ്മിറ്റി ചെയർമ്മൻ

മുളക്കുഴ ഗ്രാമ പഞ്ചായത്ത്





പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി
എം.സി.റോഡ്
മറ്റു റോഡുകൾ
പി.കെ.പി. കനാൽ

ഉള്ളടക്കം പേജ്

- മുഖക്കുറിപ്പ് 7
- സാമൂഹിക സാംസ്കാരിക ചരിത്രം 13
- ഭൂപ്രകൃതിയും വിഭവങ്ങളും 15
- കൃഷിയും ജലസേചനവും 18
- മൃഗസംരക്ഷണം, മത്സ്യബന്ധനം 28
- വിദ്യാഭ്യാസം 33
- കുടിവെള്ളം, പൊതുജനാരോഗ്യം 38
- വ്യവസായം 45
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 48
- പാർപ്പിടവും സാമൂഹ്യ ക്ഷേമവും 63
- സംസ്ക്കാരം 70
- വനിത 75
- സഹകരണം 79
- പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 88
- വിഭവസമാഹരണം 92

I. മുഖക്കുറിപ്പ്

'അധികാരം ജനങ്ങൾക്ക്' എന്ന ആപ്തവാക്യമാണല്ലോ ജനാധിപത്യത്തിന്റെ ആധാരശില. എന്നാൽ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷവും അധികാരം 'അധികാരികൾക്ക്' എന്ന മാമൂൽ രീതിക്ക് യാതൊരു മാറ്റവും ഉണ്ടായില്ല. "എല്ലാ വികസന പ്രവർത്തനങ്ങളുടെയും പരമമായലക്ഷ്യം ഗ്രാമസ്വരാജ് ആയിരിക്കണം" എന്ന മഹാത്മജിയുടെ രാഷ്ട്രീയ സ്വപ്നത്തിന്റെ ചുവടുപിടിച്ചാണ് 1959 മുതൽ പഞ്ചായത്ത്‌രാജ് സംവിധാനം ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടപ്പാക്കി തുടങ്ങിയത്. അധികാര വികേന്ദ്രീകരണ പ്രക്രിയക്ക് ഒരു നീണ്ട ചരിത്രമുണ്ട്. ശ്രീ. ഈ. എം. എസിന്റെ നേതൃത്വത്തിൽ അധികാരത്തിലിരുന്ന സപ്തകക്ഷി മന്ത്രിസഭയിലെ തദ്ദേശ-സ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. അഹമ്മദ്കുരിക്കൾ 67-69 ൽ ശക്തവും സമഗ്രവുമായ 'കേരളപഞ്ചായത്ത്‌രാജ്' നിയമം അവതരിപ്പിച്ച് പാസ്സാക്കിയെങ്കിലും മന്ത്രിസഭയുടെപതനം ആ സ്വപ്നത്തേയും തകർത്തുകളഞ്ഞു. വികേന്ദ്രീകരണത്തിലൂടെ തങ്ങളുടെ അധികാര ശക്തിക്ഷയിക്കുമെന്ന ഭയംമൂലം അധികാരത്തിന്റെ ഉന്നതതലങ്ങളിലുള്ളവർക്ക് പിന്നീട് പഞ്ചായത്തീ രാജിനോടുള്ള ആഭിമുഖ്യം കുറഞ്ഞു. എന്നാൽ പഞ്ചായത്ത്‌രാജിന് ഭരണഘടനയുടെ പിന്തുണ 1992 ഡിസംബർ മുതൽ കിട്ടിയതോടുകൂടി പ്രതീക്ഷാനിർഭരമായ ഒരു മാറ്റത്തിന് നാന്ദികുറിക്കപ്പെട്ടു. 73, 74 ഭരണഘടനാ ഭേദഗതികൾ (പഞ്ചായത്തീ രാജ്, നഗര പാലിക) ആ ലക്ഷ്യം വെച്ചുള്ളതായിരുന്നു. പോരായ്മ കളോടെയാണെങ്കിലും കേരളത്തിൽ അതിനുള്ള ക്രിയാത്മകമായ ചുവടുവെയ്പ്പായിരുന്നു 1994 ഏപ്രിൽ 23-ന് നിലവിൽവന്ന 'കേരള പഞ്ചായത്തീരാജ് നിയമം.'

കാലതാമസവും, സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയും, അതാര്യതയും 1951 മുതൽ ആരംഭിച്ച പഞ്ചവത്സര പദ്ധതികളുടെ പോരായ്മകളായിരുന്നു. ജനങ്ങളുടെ ആവശ്യമെന്തെന്നറിയാതെ, അക്കാദമിക് വിദഗ്ധൻമാരുടെയും ഉദ്യോഗസ്ഥപ്രമുഖരുടെയും ചില്ലുകൊട്ടാരങ്ങളുടെ അകത്തളങ്ങളിൽ നടന്ന ആലോചനകളുടെ കേന്ദ്രീകൃത സ്വഭാവം പഴയ പദ്ധതികളുടെയെല്ലാം മാറ്റുകുറച്ചു. ഫലമോ കോടിക്കണക്കിന് രൂപയുടെ വ്യർത്ഥവ്യയംമാത്രം. ഇതിൽനിന്നൊരു ദിശാമാറ്റം വേണമെന്ന് ഇപ്പോഴത്തെ കേരളസർക്കാർ ഗൗരവമായി ചിന്തിച്ചു. അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമെ ഇത് സാധ്യമാകു എന്ന് ബോധ്യമായതുകൊണ്ടാണ് '97 ഏപ്രിൽ 1 ന് നിലവിൽവരുന്ന 9-ാം പഞ്ചവത്സരപദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

9-ാം പഞ്ചവൽസരപദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കുന്ന 40-50% വിഹിതവും, ജനകീയ സംഭാവനയും, ബാഹ്യഏജൻസികളുടെ സഹായവും, സർവ്വോപരി സന്നദ്ധ-സേവനവും, മൂലധനമായി നിക്ഷേപിച്ചുകൊണ്ടായിരിക്കും 9-ാംപദ്ധതി പഞ്ചായത്ത് വികസനപദ്ധതിയാകുന്നത്. ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ്‌വന്ന ജനകീയ ആവശ്യങ്ങളെല്ലാം തന്നെ വരുന്ന 5 വർഷത്തിനുള്ളിൽ പൂർണ്ണമായി നടപ്പിലാക്കുക എന്നത് അസാധ്യമാണെങ്കിലും ഏറെകുറെയെങ്കിലും സാധ്യമാകും എന്നുവേണം നമുക്ക് പ്രതീക്ഷിക്കാൻ. ഇന്ത്യയ്ക്കൊട്ടാകെ മാതൃകയായി മാറിയ സാക്ഷരതായജ്ഞംപോലെതന്നെ തീവ്രവും സമയബന്ധിതവും ദീർഘകാല പ്രധാനവുമായ വികസന പരിപാടികൾ ഏറ്റെടുത്ത് നടത്തുകയെന്നുള്ളതാണ് ഈ വികസന സാക്ഷരതാ യജ്ഞത്തിന്റെ അന്തിമലക്ഷ്യം ആരോഗ്യം, വിദ്യാഭ്യാസം എന്നീ സേവന പ്രധാനമായ മേഖലകളിൽ കേരളം മുൻപന്തിയിലാണെങ്കിലും കാർഷിക, വ്യാവസായിക, ഊർജ്ജമേഖലകളിൽ നാം വളരെ പിന്നിലാണ്. പ്രാഥമിക ദ്വിതീയ രംഗങ്ങളിലുള്ള ഈ മുരടിപ്പ് മാറ്റിക്കൊണ്ട് ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും സർവ്വതോന്മുഖമായ സ്വയം പര്യാപ്തതയ്ക്കും സ്വാശ്രയത്തിനും ഊന്നൽനൽകി പുതിയൊരു വികസന സംസ്കാരം കരുപ്പിടിപ്പിക്കുകയെന്നുള്ളതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. അത് തന്നെയാണ് ഈ പരിപാടിയുടെ പ്രസക്തിയും.

മുളക്കുഴ ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 സെപ്തംബർ ആദ്യ വാരത്തോടെയാണ്. 8,9,10 തീയതികളിൽ ചെങ്ങന്നൂരിൽ വെച്ച്നടന്ന ജില്ലാതല പരിശീലനത്തിൽ D.R.P. മാരായി സർവ്വശ്രീ. കെ. എൻ. സുധീന്ദ്രൻ, ജി. ജയപ്രകാശ്, ഡി. ചന്ദ്രൻ, കെ. വി. മുരളീ

ധരനാചാരി, മുരളി മൂലയിൽ, സുധി മുളക്കുഴ എന്നിവർ പങ്കെടുത്തതോടുകൂടി ഈ പരിപാടിയുടെ സമാരംഭം കുറിക്കപ്പെട്ടു. തുടർന്ന് പഞ്ചായത്തിലെ L.R.P മാരെ കണ്ടെത്തികൊണ്ട് അവർക്കുവേണ്ടി സെപ്റ്റംബർ പതിനാലിന് ഏകദിന പരിശീലനം മുളക്കുഴ. G. V. H.S.S ൽ വെച്ചുനടന്നു. തുടർന്ന് 21-ാം തീയതി മുതൽ ഒക്: 2 വരെയുള്ള അവധി ദിവസങ്ങളിൽ വിശേഷാൽ ഗ്രാമസഭകൾ കൂടാൻ തീരുമാനിച്ചു. പരമാവധി ജനങ്ങളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുവാൻ വേണ്ടുന്ന പ്രചരണ പ്രവർത്തനങ്ങൾ നടന്നു. വാർഡുകളിൽ സ്വാഗതസംഘങ്ങൾ വിളിച്ച് ചേർത്ത്കൊണ്ട് നോട്ടീസ് പോസ്റ്റർ പ്രചരണത്തിലൂടെയും അയൽക്കൂട്ടങ്ങളിലൂടെയും സ്കാഡു പ്രവർത്തനങ്ങളിലൂടെയും ഗ്രാമസഭകളുടെ പ്രത്യേകതയും ജനകീയ ആസൂത്രണ പരിപാടിയുടെ സന്ദേശവും ഓരോ വീട്ടിലുമെത്തിച്ചു. 3-ാം വാർഡിലെ കാൽനട പ്രചരണജാഥയും ഫ്ലോട്ടും, 5-ാം വാർഡിലെ തോരണാലങ്കാരവും ബാനർ പ്രചരണവും, 6-ാം വാർഡിലെ ഗ്രാമജ്യോതിയും ഉച്ചഭാഷിണി പ്രചരണവും 8-ാം വാർഡിലെ ഉച്ചഭാഷിണി പ്രചരണവും, 9-ാം വാർഡിലെ വിളംബരജാഥയും, ഗ്രാമജ്യോതിയും പ്രത്യേകം പ്രസ്താവ്യമാണ്.

ഒക്.9-ാം തീയതി D.R.P- L. R.P. പഞ്ചായത്ത് മെമ്പർമാർ എന്നിവരുടെ സംയുക്തയോഗം വിളിച്ചു ചേർത്തു. അതിനെതുടർന്ന് ദ്വിതീയ സ്ഥിതി വിവര ശേഖരണം പല ദിവസങ്ങളിലായി പൂർത്തിയായി. പല ഓഫീസുകളിലും മതിയായ രേഖകൾ സൂക്ഷിക്കുന്നില്ലായെന്നത് വളരെ ശ്രദ്ധേയമായി. പ്രത്യേകിച്ചും പഞ്ചായത്തിലെ P.H.സെന്ററുകളിൽ മുളക്കുഴ ഗ്രാമപഞ്ചായത്ത് പത്തനംതിട്ട ജില്ലയിലെ ആറൻമുള നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണെങ്കിലും ആലപ്പുഴ ജില്ലയിലെ ഒരു പഞ്ചായത്താണ്. അതുകൊണ്ട് എം എൽ. എ സ്കീം പ്രകാരമുള്ള വികസന പദ്ധതികളുടെ 5%പോലും ഗുണം നമുക്ക് ലഭിച്ചിട്ടില്ല. ദ്വീതീയ വിവരങ്ങൾ കൃത്യമല്ലാത്തതിനാൽ പഞ്ചായത്തിലെ എല്ലാ കുടുബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു 'ജനകീയ ആസൂത്രണ സർവ്വേ' പൂർത്തിയാക്കാനാണ് തീരുമാനിച്ചതെങ്കിലും ആ ശ്രമം സഫലമായില്ല. ഒക്. 22-ാം തീയതി പഞ്ചായത്തിലെ ക്രേന്ദ്രങ്ങളിൽ 'ജനാധികാര കലാജാഥ' യെത്തി പരിപാടികൾ അവതരിപ്പിച്ചു.

പഞ്ചായത്തിന്റെ ഈ നൂറ്റാണ്ടിലെ ചരിത്ര രചനയുടെ പശ്ചാത്തലമൊരുക്കുവാൻ രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക രംഗങ്ങളിലെ അനുഭവജ്ഞാനമുള്ള പലരുമായി അഭിമുഖം നടത്തിയതിന്റെ ഫലമായി കൗതുകകരവും വിജ്ഞാനപ്രദവുമായ പല കാര്യങ്ങളും മനസ്സിലാക്കാൻ സാധിച്ചു. ഈ വിവരങ്ങളും പഞ്ചായത്ത് മിനിറ്റ്സുകളും മറ്റും പഞ്ചായത്തിന്റെ സാമൂഹിക സാമ്പത്തിക ചലനങ്ങളും പരിവർത്തനങ്ങളും തൊട്ടറിയാൻ അവസരമൊരുക്കി. ഈവക പ്രവർത്തനങ്ങളിലാകെതന്നെ പഞ്ചായത്ത് ജീവനക്കാരുടെ നിർലോഭമായ സഹകരണം ലഭിച്ചു. ജനകീയ ആസൂത്രണ പരിപാടിയുടെ രണ്ടാംഘട്ട ബ്ലോക്കുതല പരിശീലനം നവം. 7,8,9 തീയതികളിൽ പുലിയൂരിൽ വെച്ചുനടന്നു. ഇതിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വൈ. പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നിലവിലുള്ളD.R.Pമാർ എന്നിവരെക്കൂടാതെ ശ്രീ. P. N. പുഷ്പാംഗദൻ,P.R.വിജയകുമാർ, K. S ഗോപാലകൃഷ്ണൻ എന്നീ പുതിയ D.R.Pമാരും പങ്കെടുത്തു. ഇതിനെ തുടർന്ന് 13-ാം തീയതി മുളക്കുഴ ഗവ. V.H.S.S ൽ വെച്ചു പഞ്ചായത്തല രണ്ടാംഘട്ട ഏകദിന പരിശീലനംനടന്നു. നവം. 16-ാം തീയതി പഞ്ചായത്തിന്റെ തലങ്ങനെയും വിലങ്ങനെയും രണ്ട് സംഘങ്ങളായി പഠനപര്യടനം നടത്തി. പടിഞ്ഞാറ്, 3-ാം വാർഡിലെ കാഞ്ഞിരത്തുംമൂട്ടിൽനിന്നും ആരംഭിച്ച യാത്ര കിഴക്ക്, 8ാം വാർഡിലെ തവിട്ടപൊയ്കയിലാണ് അവസാനിച്ചത്. തെക്ക് 9-ാം വാർഡിലെ കൊഴുവല്ലൂർ വടൂർമൂട്ടിൽ തുടങ്ങിയ പദയാത്ര അവസാനിച്ചത്. 1ാം വാർഡിലെ തലക്കോട്ട് പടിയിലാണ്. പഠന പര്യടനത്തിൽനിന്നും ലഭിച്ച അറിവിൽനിന്നു പകർന്നു കിട്ടിയ ഊർജ്ജമുൾക്കൊണ്ടാണ് നമ്മുടെ ഗ്രാമത്തിന്റെ ഭൗമ-സസ്യജാല വൈവിധ്യവും പ്രത്യേകതകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിഭവഭൂപട നിർമ്മാണം പൂർത്തിയായത്. തുടർന്ന് ലഭ്യമായ എല്ലാ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടും പൂർത്തിയായി.

ഈ പ്രവർത്തനങ്ങളോടൊപ്പം തന്നെ ഇപ്പോഴത്തെ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം ജനോപകാരപ്രദമായ പല കാര്യങ്ങളും എറ്റെടുത്ത് നടത്തി. അതിൽ എറ്റവും ശ്രദ്ധേയമായ ചില കാര്യങ്ങളെ കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. മതിയായ സ്ഥലം കണ്ടെത്തി കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറാൻ കഴിയാഞ്ഞതിന്റെ പേരിൽ കഴിഞ്ഞ 15 വർഷമായി മുടങ്ങികിടന്നിരുന്ന പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി പുനരുജ്ജീവിപ്പിച്ചതാണ് എടുത്തു പറയേണ്ടുന്ന നേട്ടം. 11-ാം വാർഡിലെ കക്കുന്നു മോടിയിലെ8 പേരുടെ 19½സെന്റ് വസ്തു ഉത്സാഹപൂർണ്ണവും കഠിനവുമായ പ്രയത്നത്തിന്റെ ഫലമായി ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് പഞ്ചായത്തിലേക്ക് എഴുതിവാങ്ങിക്കു

കയും അത് നിശ്ചിത ദിവസത്തിനുള്ളിൽ വാട്ടർ അതോറിട്ടിക്ക് കൈമാറുകയുംചെയ്തു. ആയതിലേക്കായി ജനങ്ങളിൽനിന്നും55,000 രൂപ സമാഹരിക്കുവാൻ കഴിഞ്ഞു. പദ്ധതിക്കാവശ്യമായ പൈപ്പുകളും കണക്ഷനുകളും പൂർത്തിയായിവരുന്നു. പഞ്ചായത്തിലെ 11വാർഡുകളിൽ10-നും പ്രയോജനം ലഭിക്കുന്നതാണ് മേൽപ്പറഞ്ഞ ശുദ്ധജലവിതരണ പദ്ധതി.

ഇപ്പോഴത്തെ ഭരണസമിതി നിലവിൽവന്നതിനു ശേഷം ടാറിംഗ് പൂർത്തിയായ പഞ്ചായത്തിലെ റോഡുകൾ ഇവയാണ്. പഞ്ചായത്ത് ജംഗ്ഷൻ മൂവപ്ലാവിൻ ചുവട്ടിൽപ്പടി റൂട്ടിലെ 5-ാം വാർഡ് അതിർത്തി വരെയുള്ള റോഡ്, 4-ാംവാർഡിലെ ഹൈസ്ക്കൂൾ ജംഗ്ഷൻ പുത്തൻ വീട്ടിൽപ്പടി റോഡ്, 7-ാം വാർഡിലെ കാരയ്ക്കാട് കാഞ്ഞിരംനിൽക്കുന്നതിൽപടി റോഡ് മുതലായവ. 8-ാം വാർഡിലെ മുതലശ്ശേരിപ്പടി പട്ടങ്ങാട് റോഡ്,9-ാം വാർഡിലെ റീത്തുപള്ളി പുത്തൻകണ്ടം റോഡ് എന്നിവയുടെ ടാറിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. ജനകീയആസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ടു നടന്ന നവംബർ 1ന്റെ പുനഃരർപ്പണ ദിനത്തിൽ നടന്ന സന്നദ്ധ പ്രവർത്തനത്തിന്റെ ഫലമായിട്ട് പൂർത്തിയായ രണ്ടു പുതിയ റോഡുകളാണ് 3-ാം വാർഡിലെ ആഴാന്ത നിൽക്കുന്നതിൽ പൂഷ്പാലയം റോഡ്, 3-ാം വാർഡിലെ വലിയപറമ്പ് കോളനി റോഡ് എന്നിവ. അൺഎഡ്, ജെ. ആർ. വൈ, ഇന്ദിരാ ആവാസ് യോജന എന്നീ ഫണ്ടുകൾ ഉപയോഗപ്പെടുത്തി യഥാക്രമം 12, 10, 26 എന്നിങ്ങനെ മൊത്തം 48 വീടുകൾക്കുള്ള അനുമതിയാണ് പഞ്ചായത്തിലെ പാവങ്ങൾക്ക് ലഭ്യമാക്കി യത്. നിലത്തെഴുത്താശാന്മാരെ സഹായിക്കാനായി 19 കളരികൾ കെട്ടി മേയാനായി 250 രൂപാ വീതവും 24 കളരികൾക്ക് വാർഷിക ഗ്രാന്റായി 500 രൂപാ വീതവും അനുവദിച്ചു. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 61 വീട്ടുകാർക്ക് പുരകെട്ടി മേയുന്നതിനായി 250 രൂപാ വീതം കൊടുത്തു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആൾക്കാരുടെ 150 വീടുകൾക്ക് 1 പോയിന്റ് വയറിംഗ് നടത്തി കറണ്ട് കണക്ഷൻ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്ക്കീം പ്രകാരം 184 വീടുകൾ നിർമ്മിച്ചു നൽകാനുള്ള തീരുമാനം കൈക്കൊണ്ടു.

ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ പൊതുകിണറുകൾ, കുളങ്ങൾ എന്നിവയിലെ മലിന ജലം വറ്റിച്ച് അവയെല്ലാം ഇതിനോടകം വൃത്തിയാക്കി. കൊഴുവല്ലൂർ വായനശാല, കാരയ്ക്കാട് വിദ്യാവിലാസിനി ദേശീയഗ്രന്ഥശാല, മുളക്കുഴ സ്വപ്നആർട്സ് സ്പോർട്സ് ക്ലബ്ബ് എന്നീ സാംസ്കാരിക സ്ഥാപനങ്ങൾക്ക് 500 രൂപാ വീതം ഗ്രാന്റ്നൽകി. 3, 4 സ്റ്റാൻഡേർഡുകളിലെ കുട്ടികളുടെ ഭാഷാപരവും ഗണിതശാസ്ത്രപരവുമായ കഴിവ് വികസിപ്പിക്കുന്നതിലേക്കായി ശാസ്ത്രസാഹിത്യപരിഷത്തിന്റെയും ചെങ്ങന്നൂർ ഡയറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ അക്ഷരജ്യോതി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയ താണ് ഈ പഞ്ചായത്ത് ഭരണസമിതി അധികാര ത്തിൽ വന്നതിനുശേഷമുള്ള മറ്റൊരു പ്രധാനപ്പെട്ട നേട്ടം.

വളരെ ശ്രദ്ധേയമായ മറ്റൊരു നേട്ടം ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായ് 10-ാം വാർഡിലെ താഴാംഭാഗത്ത് ഏക്കറിൽ സ്മോൾ സ്ക്കെയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങുവാനാവശ്യമായ സ്ഥലംകണ്ടെത്തി അതിന്റെ ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതാണ്.

ഇക്കഴിഞ്ഞ വർഷത്തെ പരീക്ഷയിൽ പഞ്ചായത്ത് പരിധിക്കുള്ളിലെ സ്ക്കൂളുകളിൽനിന്നും മികച്ച വിജയം കൈവരിച്ച ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് 750, 500, 400 രൂപാ വീതവും പട്ടികജാതിയിയിൽപെട്ട കുട്ടിക്ക് അവാർഡ് കൊടുക്കൽ, 12 എൽ. പി. എസ്സ്ലെ 4-ാം ക്ലാസ്സിലെ ഏറ്റവും ഉയർന്ന മാർക്കു വാങ്ങിച്ച കുട്ടികൾക്ക് 200 രൂപാ വീതം കൊടുക്കൽ, പട്ടികജാതി വിഭാഗത്തിലെ 22 വനിതകൾക്ക് തയ്യൽ മെഷീൻ സമ്മാനിക്കൽ, പത്ത് പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ, 20 പുതിയ അംഗനവാടി സ്ഥാപിക്കൽ, പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ ഗ്രന്ഥശാല തുടങ്ങൽ എന്നിവയാണ് സമീപ ഭാവിയിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുകൊണ്ടെടുത്ത തീരുമാനങ്ങൾ.

ഭരണചരിത്രം

തിരുവതാംകൂറിന്റെ കീഴിലായിരുന്ന കൊല്ലം ജില്ലയിലെ തിരുവല്ലാ താലൂക്കിലായിരുന്നു ആദ്യം നമ്മുടെ ഗ്രാമം. മുളക്കുഴ സ്ഥാനമായി രൂപംകൊണ്ട പുത്തൻകാവ് പഞ്ചായത്ത് ബോർഡ് 15-8-1953 ലാണ് നിലവിൽവന്നത്. മുളക്കുഴ പാങ്കാവ് ജംഗ്ഷനിലെ ഒരു വാടക കെട്ടിടത്തിന്റെ ഒറ്റ മുറിയിലായിരുന്നു പഞ്ചായത്തിന്റെ പ്രവർത്തനം. അന്നത്തെ തിരഞ്ഞെടുപ്പ് പാർട്ടി അടിസ്ഥാനത്തിലായിരുന്നില്ല. ആദ്യ ബി. എക്കാരിൽ ഒരാളും അരീക്കരയിലെ എസ്. എൻ. ഡി. പി. യൂ. പി. എസ്സ്ലെ ഹെഡ്മാസ്റ്ററുമായിരുന്നകളീക്കൽ വിജയവിലാസത്തിൽ ശ്രീ.കെ.എൻ. വേലായുധനായിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ്. പുത്തൻകാവ്, പിരളശ്ശേരി, അരീക്കര, പെരിങ്ങാല, മുളക്കുഴ, കാരയ്ക്കാട് (2), ഉള്ളന്നൂർ(2), എന്നിങ്ങനെ 9 വാർഡുകൾ ചേർന്നതായിരുന്നു പുത്തൻകാവ് പ

ഞ്ചായത്ത്. 62 ൽ റവന്യൂജില്ലാടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനഃർനിർണ്ണയം നത്തിയതിനെ തുടർന്ന് ഉള്ളന്നൂരിലെ വാർഡിൽ ഒന്ന് കുളനട പഞ്ചായത്തിന്റെയും ഒറ്റൊന്ന് മെവുവേലി പഞ്ചായത്തിന്റെയും ഭാഗമായി. പുത്തൻകാവ് ചെങ്ങന്നൂർ ചേർക്കപ്പെട്ടു. അതുപോലെ വെൺമണി പഞ്ചായത്തിന്റെ ഭാഗമായിരുന്ന കൊഴുവല്ലൂർ വാർഡ് മുളക്കുഴയ്ക് ലഭിച്ചു. അങ്ങലെ 7 വാർഡുകളോടുകൂടി 1 -1 -1962 ൽ മുളക്കുഴ പഞ്ചായത്ത് രൂപം കൈണ്ടു. അന്ന് വൈസ് പ്രസിഡന്റായിരുന്ന പി. ജി. രാഘവൻ പിള്ളയായിരുന്നു പ്രസിഡന്റിന്റെ ചുമതല വഹിച്ചിരുന്നത്. 64ലെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടന്ന വാർഡു പുനഃർനിർണ്ണയത്തിൽ മുളക്കുഴ, പിരളശ്ശേരി. കാരക്കാട് ഇന്നീ വാർഡുകൾ വിഭജിക്കപ്പെട്ടു. ഇവയും കൊഴുവല്ലൂർ, അരീക്കര, പെരിങ്ങാല, എന്നീവാർഡുകളും ചേർത്ത് 9 വാർഡുക ളായിമാറി. 24 ാ മത്തെ വയസ്സിൽ ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ. പി.എൻ. ഗോപിനാഥനാണ് അന്നുമുതൽ 15 വർഷം പഞ്ചായത്ത് പ്രസിന്റായി തുടർന്നത്. അദ്ദേഹത്തോടൊപ്പം ഏ. റ്റി. കുഞ്ഞാണ്ടി, പി. ജി. രാഘവൻപിള്ള, പുരുഷോത്തമ പണ്ണിക്കർ, എം. വി. രാഘവൻ നായർ, എം.വി. ഗോപിനാഥൻ, പി,ആർ. രാമകൃഷ്ണപണിക്കർ, എൻ. ദാമോദരൻ, പി.ജി. ചെല്ലപ്പൻ എന്നിവർ പഞ്ചായത്ത് കമ്മറ്റി അംഗങ്ങളായി പ്രവർത്തിച്ചു. മറ്റുത്തുമണ്ണിൽ പടിഞ്ഞാറെതിൽ ഷെരീഫാ ഹമിദാണ് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ വനിതാ പ്രതിനിധി. 79 ലെ തെരഞ്ഞെടുപ്പിന് മുൻമ്പ് നടന്ന വാർഡ് വിഭജനത്തിൽ 10 വാർഡുകളായി കൊഴുവല്ലൂർ വാർഡ് രണ്ടാക്കിയാണ് ഇത്തരത്തിൽ ഒരു മാറ്റം വരുത്തിയത്. 88 ജനു വരിയിൽ നടന്ന തെരഞ്ഞെടുപ്പോടനുബന്ധിച്ച് നടന്ന പുനർനിർണ്ണയത്തിലാണ് ഇപ്പോഴുള്ള 11 വാർഡുകൾ രൂപം കൊള്ളുന്നത്. അരീക്കരയോടെ ചേർന്ന കിടക്കുന്ന പ്രദേശങ്ങൾ കൂട്ടിചേർത്താണ് 11 ാം വാർഡ് രൂപംകൊള്ളുന്നത്.

ഇപ്പോഴുള്ള പുതിയ പഞ്ചായത്തോഫീസ് അന്നത്തെ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ആർ. രാമചന്ദ്രർ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 15 1 93 ൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. സി.ടി. അഹമ്മദാലി ഉത്ഘാടനം ചെയ്യതു. ശ്രീ. കെ.ആർ. രാജപ്പനായിന്നു അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ്.കെട്ടിടത്തിനുള്ള സ്ഥലം മുളക്കുഴ മുസ്ലീം ജമാ അത്ത് ആണ്സംഭാവനചെയ്തത്. അതിനുള്ള പ്രരക ശക്തിയായ് നിലകൊണ്ടത് ബഹുമാനിതനായിരുന്നു മുഹമ്മദ് അസലാം മൗലവി (മുൻഷി സാർ) യാണ് പബ്ലിക്ക് സറ്റേഡിയം കൊഴുവല്ലൂരും സാംസ്കാരിക നിലയം പാങ്കാവിലും സ്ഥാപിച്ചു. ഒരു പൊതുശ്മശാനം മുള്ളിക്കലിൽ പൂർത്തിയായി.

ഈ പഞ്ചായത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി മുളക്കുഴ ഗ്രാമപഞ്ചായത്താഫീസ്, വില്ലേജാഫീസ്, കൃഷിഭവൻ, മൃഗാശുപത്രി ഗവ. ആയൂർവേദ ഡിസ്പൻസറി, വിലേജ് എക്സ്റ്റൻഷൻ ഓഫീസ്, ഒരു പ്രാഥമികാരോഗ്യകേന്ദ്രം, അഞ്ച് കുടുംബക്ഷേമ കന്ദ്രങ്ങൾ, കെ. എസ്. ഇ. ബി, സെക്ഷൻ ഓഫീസ്, എന്നീ സർക്കാർ സ്ഥാപനങ്ങളും ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഫെഡറൽ ബാങ്ക് എന്നിവയുടെ ശാഖകൾ, 2 സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, 4 ക്ഷീര സഹകരണ സംഘങ്ങൾ കൂടാതെ മറ്റ് പല സഹകരണ സംഘങ്ങളും, മുളക്കുഴ, കാരക്കാട്, കൊഴുവല്ലൂർ, പെരിങ്ങാല, പിരളശേരി, അരീക്കര, എന്നിവിടങ്ങളിലെ പോസ്റ്റ് ഓഫീസുകളും ഒരു ഗവ. വോക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ എിവയടക്കം 3 ഹൈസ്ക്കൂളുകൾ, ഒരു യു. പി. സ്ക്കൂൾ, 12 എൽ. പി. സ്ക്കൂൾ അടക്കം 3 ട്യൂട്ടോറിയൽ കോളേജ് ഒരു പാരലൽ കോളേജ്, 5 കിന്റർ ഗാർട്ടനുകൾ, 5 ബാലവാടികൾ, 22 കുടിപ്പള്ളിക്കുടങ്ങൾ എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രഭറാം മിൽസ്, R.K. ഇൻഡസ്ട്രീസ്, മോഡേൺ സ്റ്റോണേജ് എന്നീ മൂന്ന് ഉൽപ്പാദകവ്യവസായ യൂണിറ്റുകളാണ് ഈ പഞ്ചായത്തിൽ എടുത്തുപറയാവുന്നതായ വ്യവസായ സ്ഥാപനങ്ങൾ.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	മുളക്കുഴ ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	മുളക്കുഴ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	മുളക്കുഴ, വെൺമണി(ഭാഗീകം)
താലൂക്ക് ബ്ലോക്ക്	ചെങ്ങന്നൂർ
ജില്ല	ആലപ്പുഴ
നിയമസഭാമണ്ഡലം	ആറന്മുള്ള
ലോകസഭാമണ്ഡലം	മവേലിക്കര
വിദ്യാഭ്യാസ ഉപജില്ല	ആറന്മുള്ള
അടുത്ത റെയിൽ വേസ്റ്റേഷൻ	ചെങ്ങന്നൂർ
തിരുവന്തപുരത്തേക്കുള്ള ദൂരം	111 കി.മി
ആലപ്പുഴക്കുള്ള ദൂരം	50 കി.മി
അതിർത്തികൾ. വടക്ക്	ചെങ്ങന്നൂർ നഗരം, ആറന്മുള്ള ഗ്രാമപ്പഞ്ചായത്ത്,
തെക്ക്	കുളനട, വെൺമണി ഗ്രാമപഞ്ചായത്തുകൾ
പടിഞ്ഞാറ്	ആലാഗ്രാമ പഞ്ചായത്ത്
കിഴക്ക്	മെഴുവേലി, ആറന്മുള്ള പഞ്ചായത്തുകൾ
വിസ്തീർണം	22.67 ചതുരശ്ര കി.മീ.
	(ചെങ്ങന്നൂർ താലൂക്കിലെ ഏറ്റവും വലിയ പഞ്ചായത്ത്)
വാർഡുകൾ	11
ജനസംഖ്യ	26,974 (1991ലെ സെൻസസ്)
സ്ത്രീകൾ	14, 160
പുരുഷൻമാർ	12,814
ജനസാന്ദ്രത	1190. ച.കി.മീ
സാക്ഷരർ	22,475 (94%)
പ്രസിഡന്റ്	ശ്രീമതി. കെ. കെ. സുമതി ടീച്ചർ
	(ആദ്യ വനിതാപ്രസിഡന്റ്)
വൈസ് പ്രസിഡന്റ്	ശ്രീ. കെ.കെ. സുകുമാരൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീ. സി.കെ. സദാശിവനുണ്ണിത്താൻ

വിശേഷാൽ ഗ്രാമ സഭകളുടെ വിവരങ്ങൾ

വാർ ഡ്	സ്ഥലം	തീയതി	സ്ത്രീ	പുരു	ആ ക	ആദ്ധ്യക്ഷം	സ്വാഗതം	ഉദ്ഘാടനം
1	ബസേലിയസ് ഹാൾ പിരളശ്ശേരി	സെ:21	43	95	138	K.Kസുമതി (ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്)	ആനിസ്ക്കറിയ (വാർഡ് മെമ്പർ)	K.Kസുമതി
2	L.P.S. പിരളശ്ശേരി	,,	54	158	212	K.Kസുകുമാരൻ (ഗ്രാമപഞ്ചായത്ത് വൈ:പ്രസിഡന്റ്)	K.Oഈപ്പൻ (വാർഡ് മെമ്പർ)	ഹേമലതാ മോഹൻ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)
3.	S.V.L.P.S പെരിങ്ങാല	ഒക്:2	85	203	288	,,	സുമംഗലാമ്മ തങ്കപ്പപണിക്കർ	പെരിങ്ങാലാ ബാലകൃഷ്ണൻ
4.	Govt.V.H.S.S മുളക്കുഴ	സെ:29	50	97	147	,,	അലക്സ് ജോർജ്ജ് (വാർഡ് മെമ്പർ)	Adv.C.പുഷ്പാംഗദൻ (ബ്ലോക്ക്:വൈ:പ്ര)
5.	,,	സെ:28	23	120	143	,,	P.Kശിവൻകുട്ടി (L.R.Pകൺവീനർ)	ഹേമലതാമോഹൻ
6.	L.P.S അരീക്കര	,,	100	116	216		പ്രസിഡന്റ് (വാർഡ്മെമ്പർ)	K.K.ഭാനു അനൗപചാരികം
7.	S.H.V.H.S കാരയ്ക്കാട്	സെ:29	60	109	169		C.Kസദാശിവ നുണ്ണിത്താൻ (സ്റ്റാ.ൻഡിംഗ് ക:ചെയർമാൻ)	P.R.വിജയകുമാർ (L.RPകൺവീനർ) Adv.C.പുഷ്പാംഗദൻ.
8.	S.N.D.P LPS പട്ടങ്ങാട്	,,	102	144	246	പ്രസിഡന്റ്	K.Rരാധാഭായി (വാർഡ്മെമ്പർ)	ഹേമലതാമോഹൻ
9.	S.N.D.P.L.P.S കൊഴുവല്ലൂർ	ഒക്.2	232	292	524	,,	M.S.ബാലകൃഷ്ണൻ (വാർഡ്മെമ്പർ)	സജിചെറിയാൻ (ജില്ലാപഞ്ചാ.മെമ്പർ)
10.	C.M.S.L.P.S കൊഴുവല്ലൂർ	,,	70	138	208	C.K.സദാശിവ നുണ്ണിത്താൻ	തോമസ്എബ്രഹാം (വാർഡ് മെമ്പർ)	K.K.സുമതി
11.	S.H.V.H.S കാരയ്ക്കാട്	സെ.22	80	152	232	പ്രസിഡന്റ്	P.V.ജയപ്രകാശ് (L.R.Pകൺവീനർ)	ഹേമലതാ മോഹൻ

II. സാമൂഹിക സാംസ്ക്കാരിക ചരിത്രം

സ്ഥലനാമ ചരിത്രവുമായി ബന്ധപ്പെട്ട് ഐതിഹ്യ കഥകളൊന്നുമില്ലെങ്കിലും ചരിത്രപരമായ ചില നിഗമനങ്ങളിലേക്ക് ചെന്നെത്താവുന്നതാണ്. 4-ാം വാർഡിൽ ഉൾപ്പെടുന്ന തിരുമുളക്കുഴയേയും പ്രാന്ത പ്രദേശങ്ങളേയുമാണ് മുളക്കുഴ എന്ന പേരിൽ അറിയപ്പെടുന്നത്. ഈ പ്രദേശം പഞ്ചായത്തിലെ ഏറ്റവും താഴ്ന്ന പ്രദേശമാണ്. പണ്ടിവിടെ പതിനഞ്ചേക്കറോളം കാടായിരുന്നുവെന്ന് പഴമക്കാർ അനുഭവസാക്ഷ്യം പറയുന്നു. അതിൽ തന്നെ ധാരാളം മുളങ്കാടുകളുമുണ്ടായിരുന്നു. മനുഷ്യന്റെ അധിവാസത്തിന് അരങ്ങൊരുക്കുവാൻ വേണ്ടി ഈ കാവുകൾ അവർ വെട്ടിത്തെളിച്ചു. വെട്ടി നശിപ്പിക്കുവാൻ താരതമ്യേന പ്രയാസകരമായ മുളങ്കുറ്റികൾ മാത്രം അവശേഷിച്ചു. മുളങ്കുഴികൾ നിറഞ്ഞ പ്രദേശം മുളങ്കുഴയും പിന്നീട് മുളക്കുഴയും ആയതാവാം.

കേരള ദേശീയതയുടെ ഒരു ചെറിയ പതിപ്പാണ് നമ്മുടെ ഗ്രാമം ഹൈന്ദവ, ക്രൈസ്തവ, മുസ്ലീം മത അനുയായികൾ അവരുടെ സംഖ്യാപരമായ മുൻഗണനാക്രമത്തിൽ പഞ്ചാത്തിലുണ്ട്. കാരയ്ക്കാട് ധർമ്മ ശാസ്ത്രക്ഷേത്രം ബുദ്ധമതത്തിന്റെ പൈതൃക സ്വാധീനം വെളിവാക്കുന്നു. നാനാ ജാതി മതസ്ഥർ ഇടകലർന്ന് താമസിക്കുന്നകൊണ്ടും പരസ്പര സഹകരണത്തിലൂന്നിയ സഹവത്തിത്വം ഉള്ളതുകൊണ്ടും വർഗ്ഗീയ പ്രശ്നങ്ങൾ ഇവിടുത്തെ ജനങ്ങളെ ഒരിക്കലും അലോരസപ്പെടുത്തിയിട്ടിയില്ല എന്നത് എടുത്തു പറയണ്ട സംഗതിയാണ്.

നമ്മുടെ പൂർവ്വികർ കരയിലും നെൽകൃഷി നടത്തിയിരുന്നുവെന്നതിന് ഉത്തമ ഉദാഹരണമാണ് ഇന്നത്തെ അരീക്കര എന്ന സ്ഥലനാമം. (അരിവിളഞ്ഞിരുന്ന വയലുകളുടെ കര–അരിവയൽക്കര ലോപിച്ചാണ് അരീക്കരയായി മാറിയത് എന്ന അനുമാനം യുക്തിഭദ്രമാണ്) കേരളത്തിൽ അത്യപൂർവ്വമായ കൗരവാരാധന നിലനില്ക്കുന്ന സ്ഥലമാണ് അരീക്കരയിലെ അഞ്ചുമലനട. ആര്യമത സംക്രമണത്തിനെതിരായി ഉയർന്ന് വന്ന ദ്രാവിഡ സംസ്ക്കാരത്തിന്റെ ചെറുത്തു നില്പ്പിൽ നിന്നുമാണ് ഈ ആരാധനാസ്ഥലം ഉണ്ടായത്. മൃഗബലി പോലെയുള്ള പ്രാകൃത്യാരാനാ ക്രമങ്ങളുടെ തിരുശേഷിപ്പുകളായാണ് കോഴി. ചാരായം, മുറുക്കാൻ തുടങ്ങിയ നേർച്ച വസ്തുക്കൾ ഇപ്പോഴും ഇവിടെയെത്തുന്നത്. ഓച്ചിറയെ പോലെ ഇവിടെ അമ്പലമില്ലായെന്നുള്ളത് കൗതുകകരമായ വസ്തുതയാണ്.

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് അയിത്തത്തിന്റെ പ്രശ്നങ്ങൾ ഇവിടെ രൂക്ഷമായിരുന്നില്ല. മുമ്പൊക്കെ ഇല്ലത്തെ കുട്ടികൾ സ്ക്കൂളിൽനിന്നും തിരികെ ഇല്ലത്തെത്തുമ്പോൾ രണ്ടുമൂന്ന് തവണയെങ്കിലും കുളിച്ചിട്ടേ ഉള്ളിൽ പ്രവേശിപ്പിക്കാറുള്ളായിരുന്നു. 1960ൽ തിരുവല്ലായിൽ ഒരു അയിത്തജാതിക്കാരൻ മജിസ്ട്രേട്ടായപ്പോൾ കച്ചേരിക്കു മുൻപിൽ കള്ളുംപാള കെട്ടിത്തൂക്കിയാണ് അയിത്താചാരക്കാർ പ്രതിഷേധിച്ചത്. പുല്ലാട്ട് S.V.L.P.Sൽ ഒരു പുല.യൻ കയറിയതിൽ പ്രതിഷേധിച്ചുകൊണ്ട് ഒരു കരപ്രമാണി സ്ക്കൂളിന് തീ കൊളുത്തിയശേഷം സ്വയം കത്തിയിറക്കി ചത്തപ്പോഴും നമ്മുടെ പ്രദേശത്ത് അത്തരം പ്രശ്നങ്ങളില്ലായിരുന്നു. ഇവിടെ അധ:സ്ഥിത വിഭാഗത്തിലെ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ ആരുടേയും അനുവാദം വേണ്ടിയിരുന്നില്ല. എന്നാൽ തൊഴിലാളികൾക്കും മറ്റും ഭൂവുടമകൾ ആഹാരം കൊടുത്തിരുന്ന രീതിയിൽനിന്നും അയിത്താചാരം ദുർബലമായിരുന്നില്ല എന്നു മനസ്സിലാക്കാവുന്നതാണ്. പറമ്പിൽ കുഴികുത്തി അതിൽ വാഴപ്പോള, ഓല, ഇല എന്നിവവെച്ച് 'നിലവാതിൽ' എന്നുപേരായ ചെമ്പുപാത്രത്തിൽനിന്നും പകർന്നാണ് അന്നവർക്ക് ആഹാരം കൊടുത്തിരുന്നത്.

ധർമ്മസ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിലേക്കാവശ്യമായ വിഭവസമാഹരണത്തിനായി ശ്രീനാരായണ ഗുരുദേശാടനത്തിനിറങ്ങിയ കാലത്തെ (1915-16) മുളക്കുഴയിൽ വരികയുണ്ടായി. പെരിങ്ങാലയിൽ ആശ്രമ ജീവിതം നയിച്ചിരുന്ന ശ്രീധരസ്വാമിയുടെ ആതിഥ്യം സ്വീകരിച്ച് രണ്ട് ദിവസം ഗുരു ആശ്രമത്തിൽ കഴിഞ്ഞു. (ശ്രീധര സ്വാമിയുടെ സമാധി സ്മാരകവും അമ്പലവും കുളപ്പുരയും കാലത്തിന്റെ പുഴക്കുത്തേറ്റ് കിടക്കുകയാണ്) 28 ചക്രം സർക്കാർ രൂപായും 28 ½ ചക്രം ബ്രിട്ടിഷിന്ത്യൻ രൂപായും നിലനിന്നിരുന്ന അന്ന് ശ്രീധരസ്വാമിയും ബന്ധുജനങ്ങളും ഗുരുവിന്റെ ഉദ്യമത്തിന്

ധാരാളം പൊന്നും പണവും സംഭാവനയായി നല്കി. അതിനു ശേഷം അദ്ദേഹം ഇലവുംതിട്ടയിലേക്കുള്ള കാൽനട യാത്രക്കിടയിൽ അരീക്കര കൊച്ചുകളീക്കൽ കിഴക്കേക്കര കുടുംബങ്ങളും സന്ദർശിച്ചു. തുടർന്നുള്ള യാത്രാ മദ്ധ്യേയാണ് പാറയ്ക്കാലിലെ നീർച്ചാലിൽ നിന്നുംവെള്ളം കുടിച്ച് ക്ഷീണമകറ്റി അവിടുത്തെ തണൽ മരച്ചോട്ടിൽ അല്പ നേരം വിശ്രമിച്ചത്.

സാധുജന പരിപാലനയോഗുപ്രവർത്തനവുമായി ബന്ധപ്പെട്ട്. ൽ1916ൽ സാമൂഹിക പരിഷ്കർത്താവും അവശജനോദ്ധാരകനുമായ ശ്രീ. അയ്യങ്കാളി നികരും പുറത്ത് വന്നു. പുല്ലാട്ടുകാരൻ P. K. ചോതിയുടെ നേതൃത്വത്തിൽ 18 കരയോഗക്കാർ ചേർന്ന് അദ്ദേഹത്തിന് ഗംഭീരമായ സ്വീകരണമാണ് ഒരുക്കിയത്. തുടർന്നദ്ദേഹം അയിത്തോച്ചാടനത്തിന്റേയും അധഃകൃതരുടെയും സംഘടിത മുന്നേറ്റത്തിന്റേയും ആവശ്യകതയേപ്പറ്റി ജനങ്ങളെ ബോധ്യപ്പെടുത്തികൊണ്ട് പ്രസംഗിച്ചു.

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ സഹയാത്രികരായിരുന്ന ഒട്ടനവധി പേരെ സംഭാവന ചെയ്താൻ നമ്മുടെ ഗ്രാമത്തിന് ഭാഗ്യം ലഭിച്ചുട്ടുണ്ട്. അഞ്ചാം വാർഡിലെ വടക്കൻകോട്ടപീടികയിൽ വീട്ടിലെ ഗോവിന്ദൻ മാഷ് ആര്യസമാജത്തിന്റെ സജീവപ്രവർത്തകനും ഹിന്ദി പ്രചാരണം, ഹോമിയോചികിത്സ എന്നിവ ജീവിത വ്രതമായികൊണ്ട് നടന്ന മഹദ് വ്യക്തിയുമായിരുന്നു. പെരിങ്ങാല S.V.L.P.S–ലെ ഹെഡ്മാസ്റ്ററായിരുന്ന അദ്ദേഹം തക്ളിയും ചർക്കയുമുപയോഗിച്ച് നൂലുണ്ടാക്കാൻ ധാരാളം പേരെ പരിശീലിപ്പിക്കുകയും ഖാദി പ്രചരണം നടത്തുകയും ചെയ്തിരുന്നു. പില്ക്കാലത്ത് നെഹ്റുവിന്റെ പ്രൈവറ്റ് സെക്രട്ടറിയായി ഏറെ പ്രശസ്തനായ പുത്തൻകാവ് പുത്തൻപുരയിൽ ചെറിയാൻ കെ. തോമസും അദ്ദേഹത്തിന്റെ സഹോദരി അന്നമ്മ തോമസും കോൺഗ്രസ്സിന്റേയും സർവ്വോദയം പ്രവർത്തനങ്ങളുടേയും പ്രദേശിക അമരക്കാരായിരുന്നു. വിനോബാഭാവെയുടെ 'ഭൂദാനപ്രസ്ഥാന'ത്തിന് ഹെക്ടർ കണക്കിന് ഭൂമി സംഭാവനചെയ്ത വ്യക്തിയാണ് ശ്രീ. ചെറിയാൻ. കെ. തോമസ്. ഭൂമിയില്ലാത്ത അവിടുത്തെ പലർക്കും അങ്ങനെ ഭൂമി സ്വന്തമായി.

സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മുഹമ്മക്കാരൻ ചിലമ്പിശ്ശേരി C.K. കുഞ്ഞികൃഷ്ണൻ വൈക്കം സത്യാഗ്രഹത്തിന്റെ മുന്നണിപോരാളിയായിരുന്നു. അദ്ദേഹം താമസിച്ചിരുന്നത് കാരയ്ക്കാട്ടായിരുന്നു. സത്യാഗ്രഹത്തിൽ പങ്കെടുക്കാൻ പോകുന്ന വഴിയിൽ ആലപ്പുഴ വെച്ച് അയിത്താചരക്കാർ അദ്ദേഹത്തിന്റെ ഒരു കണ്ണ് കുത്തിപ്പൊട്ടിച്ചു. എങ്കിലും അദ്ദേഹം പിന്മാറിയില്ല. സത്യാഗ്രഹപ്പന്തലിൽ അക്രമിച്ചു കടന്ന പോലീസുകാർ സത്യാഗ്രഹ നേതാവ് ടി.കെ. മാധവനെ മർദ്ദിക്കാൻ ഒരുമ്പെട്ടപ്പോൾ സി.കെ. യും ജോൺ എന്ന കോൺഗ്രസ്സ് പ്രവർത്തകനും കൂടി ചേർന്ന് മുഴുവൻ പീഡനങ്ങളും ഏറ്റുവാങ്ങി. ടി. കെ. യെ സംരക്ഷിക്കുകയായിരുന്നു. സി.കെ.യുടെ അന്ത്യം ഇവിടെവച്ചായിരുന്നുവെങ്കിലും മുഹമ്മയിലാണ് അദ്ദേഹത്തിന്റെ ശവസംസ്ക്കാരം നടത്തിയത്. 9-ാം വാർഡിലെ ചേരിയിലെ മത്തായി എന്ന വ്യക്തി അന്നത്തെ ഒരു പ്ലീഡറും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് സുഭാഷ് ചന്ദ്രബോസിന്റേ I.N.A യിൽ പടയാളിയായ ആ മനുഷ്യസ്നേഹി ആദ്യകാലത്ത് ഏറെ ദുരിതങ്ങൾ അനുഭവിച്ച, ത്യാഗസമ്പൂർണ്ണമായ ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു.

ഉത്തരവാദിത്ത പ്രക്ഷോഭണം നയിച്ച സ്റ്റേറ്റ് കോൺഗ്രസ്സിനേയും യൂത്ത് ലീഗിനേയും നിരോധച്ചതിൽ പ്രതിഷേധിച്ചു കൊണ്ടും അതിനുത്തരവിട്ട സർ. സി. പി. യെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടും എൻ. സി. ശേഖർ, പൊന്നറ ശ്രീധർ എന്നിവരുടെ നേതൃത്തിൽ 1938-ൽനടന്ന നിയമലംഘനസമരത്തിന്റെ അലയൊലികൾ ഇവിടെയും പടരുകയുണ്ടായി. എം. സി. റോഡിന്റെ വശങ്ങളിലുണ്ടായിരുന്ന ചോലമരങ്ങൾ വെട്ടിയിട്ട് മാർഗ്ഗതടസ്സം സൃഷ്ടിക്കുക എന്നുള്ളതായിരുന്ന സമരമാർഗ്ഗം. സംശയിക്കപ്പെട്ടവരുടെയെല്ലാം പേരിൽ പോലീസ് കേസെടുത്ത് ക്രൂരമായി മർദ്ദിക്കുകയുണ്ടായി.

1942 ൽ കിറ്റിന്ത്യ പ്രക്ഷോഭണവുമായി ബന്ധപ്പെട്ട് ചെങ്ങന്നൂരിലെ മിൽസ് മൈതാനിയിൽ നടന്ന പ്രതിഷേധയോഗത്തെ അഭിസംബോധന ചെയ്ത് കൊണ്ട് പ്രസംഗിച്ച കോൺഗ്രസ് നേതാവ് ഈ. ജോൺ പീലിപ്പോസിനെ സി. പിയുടെ അരപ്പോലിസിൽപ്പെട്ട ഒരാൾ ചെരുപ്പൂരിയടിച്ച സംഭവം ജനങ്ങളെ പ്രകോപിപ്പിച്ചു. തുടർന്നുണ്ടായ വെടിവയ്പ്പിൽ ഒരാൾ മരിച്ചു വീണസംഭവം പ്രത്യേകം സ്മരണീയമാണ്. മിൽസ് മൈതാനത്തെ പ്രതിഷേധയോഗത്തിൽ നമ്മുടെ പ്രദേശത്തെ കോൺഗ്രസ് പ്രവർത്തകർ പങ്കെടുത്തിരുന്നു.

നാട്ടുരാജ്യ സംയോജനവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാൻ സർദാർ വല്ലഭായി പട്ടേൽ, വി. പി. മേനോൻ എന്നിവർ തിരുവതാംകൂറിലെത്തി രാജാവിനോട് ഇന്ത്യൻ യൂണിയനിൽ 'ചേരുന്നോ? ചേർക്കണോ?' എന്ന് ചോദിച്ചതിന് മറുപടിയായി ''ചേരണം' എന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന സമരത്തിൽ മുളക്കുഴയിലെ എല്ലാ സ്കൂളുകളിലെയും അദ്ധ്യാപക വിദ്യാർത്ഥികൾ സ്കൂളുകൾ ബഹിഷ്ക്ക

രിച്ചു കൊണ്ട് ഐക്യദാഢ്യം പ്രഖ്യാപിച്ചത് ഇവിടുത്തെ ജനങ്ങളുടെ ദേശീയ ബോധത്തിന് ഉത്തമ ഉദാഹരണമാണ്.

പുന്നപ്ര വയലാർ സമരസേനാനിയും മുൻ എം. എൽ. എയുമായ ശ്രീ. പി. കെ ചന്ദ്രാനന്ദൻ തിരുവല്ലാ ഭാസ്കരൻ നായർ എന്ന അപരനാമത്തിൽ ഒളിവിൽ കഴിഞ്ഞകാലയളവിലാണ് മുളക്കുഴയിൽ കർഷക തൊഴിലാളി പ്രസ്ഥാനം മുളപ്പൊട്ടിയത്. 60 കളിൽ തീർപ്പില്ലാതെ 1/10 പതം മാത്രമേ കർഷക തൊഴിലാളികൾക്കുള്ളായിരുന്നു. 70 ലെ മീനകൊയ്ത്തിന് തൊഴിലാളികൾ 1/8 പതവും 1/4 തീർപ്പും ആവശ്യപ്പെട്ട് പിക്കറ്റിംഗ് നടത്തി. കാർഷിക വിളകൾ നശിപ്പിച്ച് മുന്നേറിയ തൊഴിലാളികളെ കൊഴുവല്ലൂർ മോടിയിലെ റിസർവ് പോലീസ് ക്യാപിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചു. 71ൽ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ കൊണ്ടുപോയ 13 കച്ചികെട്ടിലും കോട്ടയിൽ നിന്നു പന്തം എറിഞ്ഞ് തീവച്ച സംഭവത്തോടുകൂടി സംഘട്ടനങ്ങൾ രൂക്ഷമായി. 76 ആയപ്പോഴേക്കും കർഷകതൊഴിലാളിസമരം അരീക്കരയിലേക്കും മറ്റും വ്യാപിച്ചു. അതിനെ തുടർന്നാണ് കൊച്ചുകളീക്കൽ വെടിവയ്പ്പും മറ്റും ഉണ്ടായത്. വെടിവയ്പ്പിൽ ഇപ്പോഴത്തെ വാർഡു മെമ്പർകൂടിയായ ശ്രീ. കെ. കെ. ഭാനുവിന് ഗുരുകരമായി പരുക്കേറ്റിരുന്നു. അതേ -വർഷംതന്നെ 1/7 പതവും 1/4 തീർപ്പും നേടിയെടുക്കാൻ ഈ സമരങ്ങൾ തൊഴിലാളികളെ സഹായിച്ചു. 1940 നും 60നും ഇടയിൽ കമ്മ്യൂണിസ്റ്റ് നേതാക്കളായിരുന്ന ശങ്കരനാരായണൻ തമ്പി, രാജശേഖരൻ തമ്പി, സുഭദ്രാമ്മതങ്കച്ചി എന്നിവരും ഇവിടെ ഒളിവുകാല പ്രവർത്തനം നയിച്ചിരുന്നു. ആയിടയക്ക് ഇവിടത്തെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന മറ്റൊരു നേതാവായിരുന്ന ശ്രീമതി. കെ. ആർ. ഗൗരിയമ്മയുടെ സാരിവലിച്ചുകീറി അപമാനിച്ചു വിട്ടസംഭവം ഏറെ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. ഫ്യൂഡൽ പ്രഭുക്കൻമാരുടെ ഇത്തരം പ്രവർത്തനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് അതേ വിഭാഗത്തിൽ തന്നെയും ഇടത്തരം പ്രമാണി കുടുംബാഗങ്ങളായിരുന്ന പി. പി. വേലായുധൻ, കെ. വി. രാമചന്ദ്രൻ എന്നിവരിടെ ഭാഗത്തുനിന്നുണ്ടായ നീക്കത്തിന്റെ ഫലമായിട്ടാണ് ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉടലെടുത്തത്. നക്സൽ പ്രസ്ഥാനത്തിന്റെ സഹയാത്രികരായിരുന്ന ചിലരും ഇവിടെ ഉണ്ടായിരുന്നു.

നമ്മുടെ അടുത്ത പ്രദേശത്ത് വസ്തുക്കൾ സ്വന്തമായിട്ടുണ്ടയിരുന്ന ജന്മിമഠങ്ങൾ, നെടുമങ്ങാട്ട് പേങ്ങാട്ട് മഠവും ചെങ്ങന്നൂരിലെ വഞ്ഞിപ്പുഴ, കോളമ്പ് ഭാത്തെ മഠങ്ങളുമായിരുന്നു. എന്നാൽ മുളക്കുഴയിൽ അവരുടെ അധീശത്വം അപ്രസക്തമായിരുന്നു. ഫ്യൂഡൽ വ്യവസ്ഥയുടെ ഭാഗമായി ചൂഷണം നിലനിന്നിരുന്നെങ്കിൽക്കൂടിയും തങ്ങൾ ചൂഷണം ചെയ്യപ്പെടുകയാണ് എന്ന് തോന്നിപ്പിക്കുന്നതരത്തിലുള്ള ഒരു പ്രവണത അന്ന് ഭൂവുടമ കർഷക തൊഴിലാളി ബന്ധങ്ങളിൽ നിഴലിച്ചിരുന്നില്ല. കാരണം ഭൂവുടമകളിൽ ഏറെയും ചെറുകിടക്കാരായിരുന്നു. അതുകൊണ്ടുതന്നെ ജന്മിത്വത്തിനെതിരായ ഒരു സംഘടിത മുന്നേറ്റത്തിന്റെ ആവശ്യബോധം തൊഴിലാളികളിൽ ആദ്യകാലത്ത് ഉണ്ടായിരുന്നില്ല. എണ്ണക്കാട് ഗ്രാമത്തിൽ ദേവസത്തിൽ നിന്നും സ്ഥലം പിടിച്ചെടുക്കേണ്ടിവന്നപ്പോഴും ഇവുടുത്തെ കഷകത്തൊഴിലാളികൾക്ക് അതു വേണ്ടിവന്നില്ല. ഭൂപരിഷ്ക്കരണ നിയമം വരുന്നതിന് മുമ്പ് തന്നെ ഇവിടുത്തെ തൊഴിലാളികൾ ജന്മം അവകാശം എഴുതിവാങ്ങിയിരുന്നു. ഭൂബന്ധങ്ങളിൽ വന്നമാറ്റം *കൃഷിഭൂമി കർഷകന്* എന്ന മുദ്രാവാക്യത്തിന്റെ പൊരുൾ വെളിപ്പെടുത്തി.

ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതി

അക്ഷാംശം നും

രേഖാംശം നും നും

ഇടയിൽ ആലപ്പുള ജില്ലയുടെ തെക്കുകിഴക്കേ ആറ്റത്ത് പത്തനം തിട്ടജില്ലയോട് ചേർന്ന് മുളക്കുഴ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. ആലപ്പുഴ ജില്ലയുടെ ഇതര പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായി മലകളും ചെറുകുന്നുകളും നിറട്ടതാണിപ്രദേശം. വടക്ക് ഏതാണ് ഇതേ സ്വഭാവമുൾക്കെള്ളുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ അതിർത്തിയും തേക്ക് പത്തനംതിട്ട ജില്ലയിലെ കുളനട പഞ്ചായത്തതിർത്തി മുതൽ വെൺമണി പഞ്ചായത്തതിർത്തിയായാ ചങ്ങാപ്പാടം വരെയും പടിഞ്ഞാറെ ആല പഞ്ചായത്ത് അതിർത്തി മുതൽ കിഴക്ക് പത്തനംതിട്ട ജില്ലയിലെ ആറന്മുളപഞ്ചായത്തതിർത്തിയായി നീർവിളാകം ചാൽവരെയും ഉള്ള പ്രദേശമാണിത്. കുന്നുകളും മലകലും ഏറെയുണ്ടെങ്കിലും ചഞ്ചായത്തിൽെര തെക്കേ അതിർത്തിയും വടക്കുകിഴക്കേ അതിർത്തിയും താഴ്ന്ന പ്രദേശങ്ങളായ നെൽപാടങ്ങളും ചാലികളുംകൊണ്ട് ആവൃതമാണ്.

ഭൂപ്രകൃതിയനുസരിച്ച് മുളക്കുഴയെ എട്ടു മേഘലയായി തിരിക്കാം

1. ഉയർന്ന മലപ്രദേസം 2. മലഞ്ചരിവ്.
3. ഇടത്തരം ചരിവ്. 4. സമതലം

5. താഴവര. 6. വെള്ളം കയറുന്ന സ്ഥലം.
7. പുഞ്ചപ്പാടം 8.ചാൽ.

ഇവയിലോരോന്നിന്റെയും വിസ്തീർണ്ണം ചുവടെ ചേർത്തിരിക്കുന്നു.

ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി ശതമാനം
(ഹെക്ടറിൽ)	
1. ഉർന്ന മലമ്പ്രദേശം	
2. മലഞ്ചരിവ്	
3. ഇടത്തരം ചരിവ്	
4. സമതലം,താഴ്വര,വെള്ളം കയറുന്ന മേഖല	
5. പുഞ്ചപ്പാടം	
6. ചാൽ,ജലാശയങ്ങൾ	
ആകെ	

പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയസ്ഥലം പത്താം വാർഡിൽ സ്ഥിതിചെയ്യുന്ന കളരിത്തറമോടിയാണ്. നികരും പുറം, കായ്യാൻമുടി, അമ്പലമുകുടി, കുന്തിരിമുകുടി, പൂപ്പൻ കരമോടി, ചുഴലിക്കുന്ന്, കാരിക്കൻ കാല മുകടി, തവിട്ടു കാലമുകുടി, തവിട്ട പൊയ്യക മുകടി, പറങ്ങഴമോടി, കടേന്നുമോടി, എന്നീ സ്ഥലങ്ങൾ വളരെ ഉയർന്ന ഭൂഭീഗങ്ങളിൽപ്പെ ടുന്നു. നീർവിളാകം, ചാങ്ങപ്പാടം എന്നീ പുഞ്ചപ്രദേശങ്ങൾ വളരെ താഴന്ന് കിടക്കുന്ന പ്രദേശങ്ങളാണ്. മുളക്കുഴ പഞ്ചായത്തിന്റെ 60% ഭാഗവും ചെമ്മണ്ണും, 3% ചെങ്കല്ലും 7% മണൽ കലർന്ന മണ്ണും, 2% കരിമണ്ണും 27% എക്കൽ കലർന്ന ചെളിമണ്ണും 1% പാറ നിറഞ്ഞ പ്രദേശവുമാണ്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 249.3 മി.മി. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ്, ആഗസ്റ്റ്, നവംബർ എന്നീമാസങ്ങളിൽ ഇവിടെ നല്ല മഴ ലഭിക്കുന്നുണ്ട്. ഈ കാലത്ത് ഒന്നുരണ്ട് പ്രാവശ്യമുണ്ടാകുന്ന വെള്ളപ്പൊക്ക സമയത്ത് 2, 4, 9, 11 വാർഡുകളുടെ ചിലഭാഗങ്ങൾ വെള്ളത്തിനടിയിലാകും. പഞ്ചായത്തിന്റെ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒഴുകുന്ന തോടുകൾ കിഴക്ക് നീർവിളാകം ചാലിൽ ചെന്നുചേരുന്നു. ഈ തോടുകളും ഇരുപത്തഞ്ചോളം കുളങ്ങളും പഞ്ചായത്തിലൂടെ കടന്നുപോകുന്ന പമ്പാ ഇറിഗേഷൻ പ്രോജക്ട് ഇടതുകരകനാലും സബ്ബ് കനാലുകളും ചേർന്നതാണ് ഇവിടത്തെ ഉപരിതല ജലസ്രോതസ്സുകൾ. എന്നാൽ P.I.P. കനാലിന്റെ വരവോടെ ഇവിടത്തെ കാർഷിക സന്തുലിതാവസ്ഥ അട്ടിമറിക്കപ്പെട്ടു എന്നു പറയാം. പല നീരൊഴുക്കുകളും തടയപ്പെട്ടു. നിലങ്ങൾ ചതുപ്പുകളാക്കപ്പെട്ടു.

ഏകദേശം 20 ച. കി. മി. പ്രദേശത്ത് സാധാരണ ശുദ്ധജലം ലഭിക്കുന്നുണ്ട്. മോശമായ ജലം ലഭിക്കുന്ന പ്രദേശങ്ങളുമുണ്ട്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിനുപോലും അതിരൂക്ഷമായ ക്ഷാമം ആണ് അനുഭവപ്പെടുന്നത്.

ജനപ്രകൃതി

1991 ലെ ദേശീയ സെൻസസ് പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 26,974 ആണ്. ഇതിൽ 14,160 സ്ത്രീകളും, 12,814 പുരുഷന്മാരുമാണ്. ആകെ 5961 വീടുകളാണ് അന്നുണ്ടായിരുന്നത്. എന്നാൽ 96ൽ കടകൾ ഉൾപ്പെടെ 7,771 വീടുകളുണ്ട്. അതിൽ 7,256 വീടുകളാണുള്ളത്. അതായത് വീടൊന്നിന് ശരാശരി 5 ആളുകൾ വീതമുണ്ട് ജന സാന്ദ്രത ച. കി. മിറ്ററിന് 1190 ആയിരുന്നു. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3,061 ആണ്. ഇതിൽ ആൺകുട്ടികൾ 1,577ഉം പെൺകുട്ടികൾ 1,484ഉം ആണ്. പട്ടികജാതി യിനസംഖ്യ 5,981 (22%) ആണ്. അതിൽ 2917 പുരുഷന്മാരും 3034 സ്ത്രീകളുണ്ട്. പ്രായപൂർത്തിയായ ജനങ്ങളിൽ ആകെ 22,475 പേർ സാക്ഷരരാണ്. ഇതിൽ 10,883 (96.85%) പുരുഷന്മാരും 11,592 (87%) സ്ത്രീകളും ആകുന്നു. എന്നാൽ 1990ലെ സാക്ഷരതാ പ്രവർത്തനത്തിനുവേണ്ടിനടത്തിയ സർവ്വേ പ്രകാരം 1,458 പേരാണ് നിരക്ഷരരായിട്ടുണ്ടായിരുന്നത്. ഇതിൽ ഇപ്പോൾ 94% പേർ സാക്ഷരരാണ്. അതിൽ 97% പുരുഷന്മാരും 91% സ്ത്രീകളുമാണ്.

വിദ്യാഭ്യാസരംഗത്ത് ആലപ്പുഴ ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മുളക്കുഴ. വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടുവരുവാൻ ആവശ്യമായതെല്ലാം ചെയ്യണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്ന കാർഷിക രംഗത്തെക്കാൾ ലാഭകരമായതും തൊഴിൽ സാദ്ധ്യതകൾ ഏറിയതുമായ മറ്റു മേഖലകളിലെക്കുള്ള കടന്നു കയറ്റം റബ്ബർ ഒഴികെയുള്ള കൃഷിയുടെ പ്രാധാന്യം കുറച്ചിരിക്കുകയാണ്. കൈവശത്തുണ്ടു ഭൂമികളുടെ വർദ്ധനവും ഇതിനൊരു കാരണമാണ്. പരമ്പരാഗത തൊഴിൽ മേഖലകളോടുള്ള ആഭിമുഖ്യം കുറഞ്ഞു വരികയാണ്. തൊഴിലെടുക്കാൻ ശേഷിയുള്ളവരിൽ 1/4 ഭാഗത്തിന് യാതൊരുതൊഴിലുമില്ല. ഇവിടുത്തെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖല കൃഷിതന്നെ

യാണ്. നിർമ്മാണ മേഖല, കൈത്തൊഴിൽ, സേവ നമേഖല, വ്യവസായമേഖല എന്നിവ കൂടാതെ വിദേശ ങ്ങളിൽ പ്രത്യേകിച്ച് പശ്ചിമേഷ്യൻരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരും വളരെ കൂടുതലുണ്ട്.

വാർഡുതല ജനസംഖ്യാവിവരങ്ങൾ പട്ടികയിൽ പ്പെടുത്തിരിക്കുന്നു.

വാർഡ്	പുരുഷ.	സ്ത്രീ	ആകെ	പട്ടികജാതി.
1	1095	1147	2242	493
2	983	1124	2107	267
3	1188	1315	2503	185
4	921	1041	1962	148
5	1604	1578	3187	452
6	970	1166	2132	161
7	1268	1460	2728	263
8	1450	1545	2995	388
9	1220	1435	2655	221
10	1091	1224	2315	166
11	1074	1129	2153	173

ഉപസംഹാരം

പഞ്ചായത്തിന്റെ പ്രശ്നങ്ങൾ ഏറെയാണ്. ഭരണ പരവും പ്രായോഗികവുമായ നടത്തിപ്പുകളെ സാമ്പത്തി കക്ലേശം പിടികൂടുന്നു. എന്നാൽ ബഹുജനരാഷ്ട്രീയ ബോധവും സന്നദ്ധസേവനസാദ്ധ്യതയും പ്രാദേശിക വിഭവങ്ങളുടെ സമ്പന്നതയും ഒരനുഗ്രഹമായി നമുക്കു മുന്നിലുണ്ട്. ഇവയുടെ പരമാവധി സാദ്ധ്യതയും പാരമ്പ ര്യത്തിൽ അധിഷ്ഠിതപ്പെടുത്തി ശാസ്ത്രീയതയിലൂന്നി മുന്നോട്ടുപോകുന്ന പുതിയവികസന കാഴചപ്പാടും പ്രതിസന്ധികളെ സധൈര്യം നേരിടാൻ നമുക്ക് കരു ത്തുപകരുന്നണ്ട്. വർദ്ധിതമാനമായ ജനകീയ പങ്കാ ളിത്തം നമുക്ക് നൽകുന്ന ആവേശം മുതലാക്കി ഇന്നിന്റെ വെല്ലുവിളികളെയും, കടമ്പകളെയും മറികട ന്നുകൊണ്ട് മുളക്കുഴ പഞ്ചായത്തിന്റെ നാനോന്മുഖ മായ ഉത്ക്കർഷത്തിലേക്ക് വഴിവിളക്കാകുന്ന ഈ സമഗ്രവികസന രേഖ ചർച്ചയ്ക്കും പൂർത്തീകരണത്തി നുമായി പൊതുജനസമക്ഷം സമർപ്പിക്കുന്നു.

1

കൃഷിയും ജലസേചനവും

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഈ പ്രദേശത്തെ മുഖ്യവിളകൾ മരച്ചീനിയും, നാളികേരവും ആയിരുന്നു. ഇപ്പോൾ മരച്ചീനികൃഷി നാമമാത്രമായി മാറിയിരിക്കുന്നു. അത് റബ്ബർ കൃഷിക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു. മരച്ചീനികൃഷിക്കുവേണ്ടിവരുന്ന മനുഷ്യദ്ധ്വാനത്തിന്റെ കുടുതലും തൊഴിലാളികളുടെ കൂലിനിരക്കിൽവന്ന വർദ്ധനവും കാരണം താരതമ്യേന അദ്ധ്വാനം കുറച്ച് വേണ്ടിവരുന്ന തോട്ടവിളകളുടെ കൃഷിയിലേക്ക് കർഷകരുടെ താല്പര്യം തിരിയുകയാണ് ഉണ്ടായത് ആകെ കൃഷിഭൂമിയുടെ 8 ശതമാനത്തിൽ താഴെ മാത്രംവരുന്ന നെൽവയലുകൾ ഏറിയപങ്കും മുൻപ് നെൽ കൃഷിക്കുതന്നെ ഉപയോഗിക്കപ്പെടുത്തിയിരിക്കുന്നു. നെല്ല് ഉല്പാദനച്ചെലവ് കുടുന്നതിനനുസരിച്ച് നെൽ കൃഷി ലാഭകരമാകുന്നില്ല. അതിനാൽ നീർകൊട്ട് കുറവുള്ള വയലുകളിൽ ഭൂരിഭാഗത്തിലും ഇപ്പോൾ പച്ചക്കറികളോ വെറ്റിലക്കൊടിയോ ഏത്തവാഴയോ കൃഷിചെയ്തുവരുന്നു. അപൂർവ്വം ചില സ്ഥലങ്ങളിൽ നെൽവയലുകളിൽ മരച്ചീനി കൃഷിചെയ്യുന്നുണ്ട്. കേരളത്തിലെ വെറ്റില ഉല്പാദകരിൽ ഗണ്യമായ സ്ഥാനമാണ് ഈ പഞ്ചായത്തിലെ കർഷകർക്കുള്ളത്. ഇവിടെ ഉല്പാദിപ്പിക്കുന്ന വെറ്റില വിദേശ വിപണികളികളിൽ വരെ ചെന്നെത്തുന്നുണ്ട്. തെങ്ങു കൃഷിയും ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഇപ്പോൾ ഉള്ള തെങ്ങുകളിൽ 75 ശതമാനത്തോളം രോഗം ബാധിച്ചവയാണ്. തെങ്ങുകളുടെ ഉല്പാദനക്ഷമതയും വളരെ കുറഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായ വളപ്രയോഗത്തിന്റെയും ജലസേചനത്തിന്റെയും അപര്യാപ്തത ഉല്പാദനക്ഷമത കുറയുന്നതിന് കാരണമായി നില്ക്കുന്നു. പച്ചില വളങ്ങളുടെ കൃഷിക്കുവേണ്ടി പണ്ടൊക്കെ ഓരോ പുരയിടത്തിലും ഒരു നിശ്ചിത ഭാഗം നീക്കിവച്ചിരുന്നത് ഇപ്പോൾ മിക്കവാറും ഇല്ലാതായിരിക്കുന്നു. ആ കൃഷിയിടങ്ങളിലും ഇന്ന് റബ്ബർ സ്ഥാനംപിടിച്ചിരിക്കുന്നു. വിളമാറ്റംമൂലം ആഹാരത്തിനും കന്നുകാലിവളർത്തലിനും നമുക്ക് അന്യസംസ്ഥാലങ്ങളെയും കേരളത്തിലേതന്നെ നെല്ലുല്പാദിപ്പിക്കുന്ന മറ്റു പ്രദേശങ്ങളെയും ആശ്രയിക്കേണ്ട ഗതികേടാണിന്നുള്ളത്.

മുളക്കുഴ ഗ്രാമപഞ്ചായത്ത് തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ. (അടുത്തപേജ് കാണുക)

മുൻ കാലങ്ങളിൽ കരയിലും നെല്ല് കൃഷിചെയ്തുവന്നിരുന്നു. മേടമാസത്തിൽ മഴകഴിഞ്ഞ് ഉദ്ദേശം മേടം 10ന് കരയിൽ മണ്ണൊരുക്കി ഉഴവുചാലിൽ വിത്തിടുകയായിരുന്നു പതിവ്. വൈക്കത്താര്യൻ പാറപുതുപ്പൽ, ഈ വിത്തിനങ്ങളാണ് കരയിൽ കൃഷി ചെയ്തുവന്നിരുന്നത്, കരയിലേ നെൽകൃഷിക്ക് കർഷകർ ഇപ്പോൾ സുലഭമല്ലാ. പ്രസ്തുത വിത്തിനങ്ങളും ഇപ്പോൾ സുലഭമല്ല. പുഞ്ചപ്പാടങ്ങളിൽ വൃശ്ചികം 12നോട് കൃഷിയിറക്കുന്ന പതിവാണുള്ളത്. ഇവിടെങ്ങളിൽ സാധാരണ ഉപയോഗിച്ചു വന്നിരുന്നത് കൊച്ചുവിത്ത്, വൈക്കത്താര്യൻ, മയില എന്നീ വിത്തിനങ്ങളാണ്. ഇപ്പോൾ മിക്കവാറും അത്യുല്പാദന ശേഷി അവകാശപ്പെടുന്ന ഭാരതി, I.R.8 എന്നിവിത്തിനങ്ങളാണ് കൃഷിചെയ്തുവരുന്നത്. മരച്ചീനികൃഷിക്ക് ഈ പഞ്ചായത്ത് മുൻപ് പേരുകേട്ടതായിരുന്നു. അരീക്കരക്കപ്പ എന്ന് അറിയപ്പെട്ടിരുന്ന അരിയൽ, വെള്ളറൊട്ടി, ഇലമുറിയൻ, കലികാലൻ, ഏത്തക്കാച്ചീനി ഇവകപ്പക്കൃഷിയിലെ പഴയ ഇനങ്ങളാണെങ്കിൽ, ബ്ലോക്കുകപ്പ എന്ന് അറിയപ്പെടുന്ന 6 മാസച്ചീനിയും ഇപ്പോൾ വലിയ പ്രചാരം നേടിയിട്ടുണ്ട്. കരക്ക് ഏത്തവാഴകൃഷി ഇവിടെ സാധാരണയാണ്. റബ്ബറിന്റെ അതിപ്രസരം ഈ കൃഷിയേ അല്പമൊക്കെ ബാധിച്ചിട്ടുണ്ടെങ്കിലും കരക്ക് വാഴകൃഷിയുടെ അളവ് ഗണ്യമായികുറഞ്ഞിട്ടിവല്ല. പിരളശ്ശേരി, ചാങ്ങമല ഭാഗങ്ങളിൽ ഏത്തവാഴത്തോട്ടങ്ങൾ തന്നെ ഉണ്ടായിരുന്നു. ഇളരി ഏത്തൻ, പാണ്ടിഏത്തൻ, കാളിഏത്തൻ ഇവയാണ് കൃഷിചെയ്തുവന്നിരുന്നത്. വീട്ടുവളപ്പിലെ വാഴക്കൃഷി ഇന്നു സജീവമായിത്തന്നെ നിലനിലക്കുന്നു. കണ്ണൻ, പടറ്റി, പാതുയംകോടൽ, പൂവൻ മുതലായവയാണ് പരമ്പരാഗതമായി ഇവിടെ കൃഷിചെയ്തുവുരുന്നത്. എന്നാൽ പാതുയം കോടൻ ഇനം രോഗബാധകാരണം ഗണ്യമായി ഇവിടെ കൃഷി ചെയ്തുവുരുന്നത്. ചുവന്ന പൂവൻ, റോബസ്റ്റാ, മോറിസ്, കരിങ്കദളി, മൈസൂർ പൂവൻ എന്നീ വാഴയിനങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്. വീട്ടുവളപ്പിലെ കുടിവാഴകൃഷി താരതമ്യേന ഏത്തവാഴക്കൃഷിയേക്കാൾ ചിലവു



കുറഞ്ഞതായതാനാൽ ഈ രംഗത്ത് കർഷകരുടെ കൂടുതൽ ശ്രദ്ധപതിയേണ്ടതായിരുന്നു. മണ്ടയടപ്പ് കുറുനാമ്പു രോഗങ്ങൾക്ക് പരിഹാരം ഉണ്ടാകുകയും വീട്ടുവളപ്പിലേ വാഴക്ക് അല്പംകൂടെ പരിചരണം വർദ്ധിപ്പിക്കുകയും ചെയ്താൽ ആദായം വളരെ വർദ്ധിപ്പിക്കാൻ കഴിയും.

ഇവിടുത്തേ ഭൂമി ഭൂരിഭാഗവും മൂത്ത് ജന്മിമാരുടെ വകയായിരുന്നു. ഭൂനിയമങ്ങൾ വരുന്നതിന് മുൻപു തന്നെ പല കർഷകരും ജന്മിമാരിൽ നിന്നും വസ്തുക്കളുടെ ജന്മാവകാശം വിലക്കുവാങ്ങിയിട്ടുണ്ട്. ജനസംഖ്യയിലുണ്ടായ വർദ്ധനവ് വ്യക്തികളുടെ കൈവശ ഭൂമിയുടെ വിസ്തൃതി കുറച്ചിട്ടുണ്ട്. 90 ശതമാനം കുംടുബങ്ങളും ഒരേക്കറിൽ കുറഞ്ഞ ഭൂമിമാത്രം കൈവശം ഉള്ളവരാണ്. കൂടുതൽ വിസ്തൃതിയിൽ ഭൂമിയുള്ളത് സമ്പന്നർക്കാണ്. അവർ മറ്റുമാർഗത്തിൽ വലിയ വരുമാനം ഉള്ളവരായതിനാൽ അവർക്ക് കൃഷിയിൽ താല്പര്യമില്ല. അതുകൊണ്ടുതന

തന്നെ അവരുടെ ഭൂമി തരിശിടുന്നു. ഇവിടെ കർഷക ജന്മിമാർ ഇല്ല. കൃഷി മുഖ്യവരുമാനമാർഗമാക്കിയിരുന്നവ മറ്റു തൊഴിലുകളിൽ ഏർപ്പെടേണ്ടതായി വന്നു. അങ്ങനെ കൃഷി ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ് ഇന്നുള്ള ഭൂരിഭാഗം കർഷകരും. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ കൃഷി സമ്പ്രദായത്തിന് പൂർണ്ണമായി വഴങ്ങിക്കൊടുക്കുന്ന പ്രകൃതമല്ല ഇവിടുത്തെ കർഷകർക്കുള്ളത്. ജലസേചനം, ജലമാനേജ്മെന്റ് മണ്ണ് സംരക്ഷണം ഇവയിൽ സാധാരണ കർഷ കർക്ക് കാര്യമായ അവബോധം ഉണ്ടാക്കേണ്ടതായിരിക്കുന്നു. എങ്കിലേ കാർഷകമേഖലയിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്ക് പൂർണ്ണ വിജയം നേടാൻ കഴിയുകയുള്ളു.

കാർഷിക മേഘലയിൽ പണിയെടുക്കുന്നതിന് തൊഴിലാളികളേ ആവശ്യത്തിനു ലഭിക്കാതെ വരികയും പണിയെടുക്കുന്നവരുടെ ക്ഷമത കുറഞ്ഞു വരികയും ചെയ്തത് വിളിമാറ്റത്തിന് കർഷകർക്ക് പ്രരണ നൽകി. കാലാകാലങ്ങളിൽ കൂലിനിരക്കിൽ വന്ന വർദ്ധനവും വളങ്ങളുടെ വിലവർദ്ധനവും മരച്ചീനികൃഷിയുപോക്ഷിച്ച് നാണ്യവിളകളിലേക്ക് മാറുന്നതിന് കർഷകരേ നിർബന്ധിതരാക്കി നെൽപ്പാടങ്ങളിലേ വിളവിന്റെ തോത് കുറഞ്ഞതിനാലും ഒരുപ്പൂപാടങ്ങൾ തരിശിടുന്നതിനും നിലം ഉടമകൾ തയാറായി തെങ്ങു രോഗങ്ങൾക്ക് ഫലപ്രദമായ പരിഹാരം കണ്ടത്താതിരിക്കുന്നതും ജലസേചന സൗകര്യങ്ങളുടെ പരിമിതി

വാർഡ് നമ്പർ	തെങ്ങു കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	കുട്ടവിൽറ്റ്	ലീഫ്	ബഡ് സ്റ്റെം	മറ്റുള്ളവ	ആകെ	
1	2	3	4	5	6	7	8	9	10	11
1	23	1250	2775	4025	-		- -	-	-	-
2	55	2500	7125	9625						
3	64	2800	8400	11200						
4	49	2200	6375	8575						
5	53	2900	6375	9275						
6	67	3800	7925	9625	7800	4500	2300	700	800	16100
7	55	2400	7225	9625						
8	39	2500	4325	6825						
9	79	4200	9625	13825						
10	50	3700	5050	8750						
11	35	2900	3225	6162						
	569	31150	68425	99575						

*അവലംബം. കൃഷി ഭവൻ രേഖ (ഈ കണക്കുകൾ ശരിയല്ല എന്ന് സാമ്പിൾ സർവ്വെയും, ചാനാ ചർച്ചയും തെളിയിച്ചിട്ടുണ്ട്)

യും നാളികേരത്തിന്റെ വിലയിടിവും തെങ്ങുകൃഷി കുറയുന്നതിനു കാരണമായി.

നെല്ല് തെങ്ങ് ഈ കൃഷികളിൽ നിന്നുള്ള ആദായം കർഷകർക്ക് നഷ്ടം ഉണ്ടാകുന്ന തരത്തിൽ താണിരിക്കുന്നു. റബർ കൃഷി നഷ്ടത്തിലല്ലങ്കിലും റബ്ബർ ബോർഡിന്റെ പ്രതീക്ഷയക്ക്നുസരിച്ചുള്ള ഉൽപാദനക്ഷമത കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എല്ലാ വിളകളും ഉൽപ്പാദനക്ഷമത ദേശീയ ശരാശരിയുമായും സംസ്ഥാനത്തേ ഉൽപ്പാദനക്ഷമതയുമായും തട്ടിച്ചു നോക്കുമ്പോൾ പിന്നോക്കം നിൽക്കുന്നു ആ വർത്തിച്ചുള്ള രാസവളപ്രയോഗം മൂലവും ജൈവവളങ്ങൾ വേണ്ടത്ര ഉപയോഗിക്കപ്പെടാത്തതിലും മണ്ണ് അനുദിനം വന്ധ്യമാകപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ ട്രാക്ടർ ട്രില്ലർ മുതലായ കാർഷിക യന്ത്രങ്ങളുടെ ഉപയോഗം കാര്യമായിട്ടില്ലാത്തതും ഇതിനൊരു കാരണമാകാം. നമ്മുടെ പഞ്ചായത്തിൽ ട്രാക്ടർ ഇല്ല. പേരിനു മാത്രം ഒരു ട്രില്ലർ ഉണ്ട്. നമ്മുടെ മണ്ണിന് യോജിച്ച വിളകൾ മണ്ണ് പരിശോധനയിലൂടെ നിർദേശിക്കപ്പെട്ടിട്ടില്ല. മണ്ണിന്റെ സ്വഭാവം പരിശോധിച്ചറിഞ്ഞു ശാസ്ത്രീയമായ വളപ്രയോഗത്തിനുള്ള നിർദ്ദേശവും ഉണ്ടായിട്ടില്ല. മണ്ണും സംരക്ഷണത്തിനു വേണ്ടതു ചെയ്യുന്നതിൽ കർഷകർ നിമീഖത കാണിക്കുന്നു.

മുളക്കുഴ ഗ്രാമപഞ്ചായത്ത്.
ഭൂമിസംബന്ധിച്ച വിവരങ്ങൾ
(Ref അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം ഹെക്ടറിൽ
നിലം	165
പുരയിടം	1900
പുറമ്പോക്ക്	161
കൃഷിയോഗ്യതരിശ്	15
കൃഷിയോഗ്യമല്ലാത്ത തരിശ്	2
ആകെ	**2082**

ജലസേചനത്തിനായി വിവിധഭാഗങ്ങളിലായി 10 കുളങ്ങൾ പണികഴിപ്പിച്ച് പഞ്ചായത്ത് സംരക്ഷിച്ചു വരുന്നുണ്ട്. അവ ഒന്നുംതന്നെ കർഷകർക്ക് വേണ്ട രീതി യിൽ പ്രയോജനപ്പെടുന്നില്ല. അവയിൽനിന്നും വെള്ളം ഒഴുക്കി കൃഷിയിടങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ തോടുകളും വെള്ളം പമ്പുചെയ്ത് കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പമ്പുസെറ്റുകളും ഇല്ലാത്തതാണ് ഈ ജലസ്രോതസ്സുകൾ കൃഷിക്കാർക്ക് വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ കഴിയാത്തതിന്റെ കാരണം. നിലങ്ങളുടെ കരത്തോടുകളും നടുത്തോടുകളുമായി 30 ൽപരം തോടുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തി സംരക്ഷിച്ചുവരുന്നുണ്ട്. എന്നാൽ അവയൊന്നും വെള്ളം വെള്ളം കെട്ടിനിൽക്കുന്ന നിലങ്ങളിലെ വെള്ളം വാർന്നു പോകുന്നതിനും ജലദൗർലഭ്യമുള്ള പ്രദേശത്ത് ജല സേചനം നടത്തുന്നതിനും പര്യാപ്തമാകുന്നില്ല. നിലവിലുള്ള തോടുകളുടെ ആണ്ടുതോറുമുള്ള അറ്റകുറ്റ പണികൾ കൊണ്ടുമാത്രം ഈ ലക്ഷ്യങ്ങൾ നേടുവാൻ സാധിക്കുകയില്ല. ഒരു വൻകിട ജലസേചന പദ്ധതിയുടെ ഭാഗമായ P.I.P യുടെ മെയ്ൻകനാലും ബ്രാഞ്ചുകനാലുകളും ഈ പഞ്ചായത്തിലുണ്ട്. പല നിലങ്ങളെയും വരണ്ട കരഭൂമിയാക്കിമാറ്റുന്നതിനും, കടന്നു പോകുന്ന ഭാഗത്തെ നിലങ്ങളിൽ കനാലിൽ നിന്നും വെള്ളം ചോർന്നിറങ്ങി സ്ഥിരമായി വെള്ളം കെട്ടിനിന്ന് കൃഷിനാശം ഉണ്ടാക്കുന്നതിനുമാണ് കനാൽ ഇടയാക്കിയിട്ടുള്ളത്. അവിദഗ്ധവും ഭാവനാശൂന്യവുമായ പ്ലാനിങ്ങാണ് ഇതിനു കാരണമെന്നു കരുതട്ടെ. ജല സേചനത്തിന് ഉപയുക്തമായ 6 പമ്പുസെറ്റുകളാണ് ഈ പഞ്ചായത്തിലുള്ളത്. കർഷകർ സഹകരിച്ച് കൂടുതൽ പമ്പുസെറ്റുകൾ വാങ്ങി തെങ്ങ്, വാഴ, പച്ചക്കറികൾ ഇവയ്ക്ക് ജലസേചനം നടത്തിയാൽ ഉല്പാദനം വളരെയധികം ഉയർത്താൻ കഴിയുന്നതാണ്. പഞ്ചായത്തിലെ മിക്കവാറും എല്ലാ മലയിടുക്കുകളിലും ഒരിക്കലും വറ്റാത്ത ജല സ്രോതസ്സുകൾ ഉണ്ട്. അവയൊന്നും വേണ്ടത്ര ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിയുന്നില്ല. 1,52,000രൂ. ചെലവാക്കി I.H.D.P

മുളക്കുഴ ഗ്രാമപാഞ്ചായത്ത് കാർഷികോപകരണങ്ങൾ

ട്രാക്ടർ	ട്രില്ലർ	ഉഴവുപകരണങ്ങൾ		മരുന്നുതളി ഉപകരണങ്ങൾ				
		നാടൻ കലപ്പ	റോക്ക്സ്പേയർ	നാപസ്റ്റാക്ക്	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ
ഇല്ല	1	32	17	32		ഇല്ല	1	6



സ്ക്കീമിൽ ഉൾപ്പെടുത്തി 95 ഹെക്ടാർ ആയക്കെട്ടുള്ള തിരുമുളക്കുഴ ജലസേചന പദ്ധതി 93-94ൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് കർഷകർക്ക് യാതൊരു പ്രയോജനവും നൽകുന്നില്ല.

കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് ചെങ്ങന്നൂർ, കുളനട, പന്തളം ഈ പൊതുമാർക്കറ്റുകളെയാണ് ഇവിടുത്തെ കർഷകർ ആശ്രയിക്കുന്നത്. ഈ മാർക്കറ്റുകളിലെത്തുന്ന കാർഷിക വിഭവങ്ങളുടെ മുഖ്യ പങ്കും മുളക്കുഴ പഞ്ചായത്തിൽ നിന്നുമാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. ഈ ചന്തകളെല്ലാം തന്നെ പഞ്ചായത്ത് അതിർത്തിയിൽ നിന്നും 8-10 കി. മി. അകലെയാണ്. ഇപ്പോൾ കർഷകരുടെ ഉല്പന്നങ്ങൾ വില്പനനടത്തുന്നത് ചന്ത ദിവസത്തിന്റെ തലേരാത്രിയിലാണ്. ഈ സമയത്ത് ചന്തസ്ഥലത്ത് ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർ വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചു വരുന്നു. ഈ മൂന്നു സ്ഥലങ്ങളിലും ചന്ത പ്രവർത്തിക്കാത്ത ആഷ്ചയിലെ രണ്ടു ദിവസങ്ങളിൽ, മുളക്കുഴയിൽ ഒരു ചന്ത പ്രവർത്തിക്കുന്നുമുണ്ട്. അകലെ നിന്നുള്ള കച്ചവടക്കാർ അവിടെ എത്താതിരിക്കുന്നതിനാലും, ചന്ത സ്ഥലത്തിന് വിസ്തൃതി കുറവായതിനാലും പഞ്ചായത്തുവക ചന്തയുടെ വികസന വിപുലീകരണ സാദ്ധ്യതകൾ വഴിമുട്ടി നിൽക്കുന്നു. മെഴു വേലി, മുളക്കുഴ പഞ്ചായത്തുകൾ ചേർന്ന് മുളക്കുഴയിലോ അതിനടുത്തോ ഒരു ചന്ത തുടങ്ങിയാൽ അതിന് വികസന സാദ്ധ്യതയുണ്ട്.

പഞ്ചായത്തിലെ ഒരു മുഖ്യവിളയായ നാളീകേരത്തിന്റെ കച്ചവടം ഇപ്പോൾ സ്വകാര്യ കച്ചവടക്കാരുടെ പൂർണ്ണ നവിയന്ത്രണത്തിലാണ്. ഇവിടെ പ്രവർത്തിച്ചു വരുന്ന രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾക്കും ഈ പഞ്ചായത്തിൽ ആസ്ഥാനംഉള്ള താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘത്തിനും ഇക്കാര്യത്തിൽ കർഷകരെ സഹായിക്കുവാൻ കഴിയുന്നില്ല. സ്വകാര്യ കച്ചവടക്കാർ നിന്നും കടംകൊണ്ട് കടക്കെണിയിൽ അകപ്പെടുന്ന അവസ്ഥയാണ് കർഷകർക്കുള്ളത്, മാർക്കറ്റിംഗ് സഹകരണ സംഘത്തിന് സംഭരിക്കാവുന്ന നാളികേരം റബ്ബർ ഇവ സംഭരിക്കുന്നതിൽ സംഘം മുൻകയ്യെടുക്കുന്നില്ല. സർവ്വീസ് സഹകരണ സംഘങ്ങൾ അത്തരം പ്രവർത്തനത്തിൽനിന്നും പിൻവലിഞ്ഞിരിക്കുകയാണ്. റബ്ബർ സംഭരണവും പത്തിൽപരം സ്വകാര്യ ഏജൻസികളാണ് നടത്തിവരുന്നത്. റബ്ബർ, നാളികേരം, പച്ചക്കറികൾ ഇവയുടെ സംഭരണ വിപണനത്തിന് ഉല്പാദകരുടെ ഒരു ഏജൻസി സഹകരണ മേഖലയിൽ ഉണ്ടാകുന്നത് കർഷകർക്ക് വളരെ

മുളക്കുഴ ഗ്രാമപഞ്ചായത്ത്

വിളവിസ്തീർണ്ണവും ഉൽപാദനവും

(Ref അടിസ്ഥാന വിവര രജിസ്റ്റർ, കൃഷിഭവൻ)

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തംഉൽപാദനം (ഹെക്ടറിൽ)	ഉൽപാദനക്ഷമത (ഹെക്ടറിൽ)
നെല്ല്(ഒന്നാം വിള)	80	160M.T	2M.T
നെല്ല്(രണ്ടാംവിള)	80	200"	2.5Mt
നെല്ല്(മൂന്നാംവിള)	85	306"	3.6Mt
പയർ	5	47"	0.94Mt
എള്ള്	-	-	----
പച്ചക്കറികൾ	2.9	96	3.3"
തെങ്ങ്	569	25-60ലക്ഷം	2219എണ്ണം
വാഴ	55	659Mt	11.98എണ്ണം
മരച്ചീനി	21	215"	10.2Mt
കുരുമുളക്	20	2.4"	0.12Mt
പ്ലാവ്	6	---	---
കശുമാവ്	11	2Mt	1.09"
മാവ്	3	48"	16"
റബ്ബർ	301	303"	1.006Mt
കവുങ്ങ്	16	25.8ദശലക്ഷം	1.6"
ഇഞ്ചി	6	35.1Mt	5.85എണ്ണം

പ്രയോജനവും. പച്ചക്കറി കർഷകരിൽനിന്നും സംഭരിച്ച മറ്റ് സഹകരണസംഘങ്ങൾക്ക് വിതരണം ചെയ്യുന്ന പരിപാടി മാർക്കറ്റിംഗ് സഹകരണസംഘത്തിന് ഏറ്റെടു ക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ വൻകിട ഭൂഉടകളുടെ എണ്ണം കുറവായതാനാൽ പ്രത്യേകം ഭൂഉടമകളുടെ പണിക്കാരായ സ്ഥിരം തൊഴിലാളികൾ നാമമാത്രമാണ്. എന്നാൽ റബ്ബർ കൃഷി വ്യാപകമായ റബ്ബർ ടാപ്പിംഗ് സ്ഥിരതൊഴികളെ ഏർപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. 15 ശതമാനം കർഷകർ സ്വന്തം ഭൂമിയിലും പാട്ടഭൂമിയിലും ഭൂമിയിലുമായി പണിയെടുക്കുന്നവരാണ്. 1991 ലെ സെൻസ്സ് പ്രകാരം കൃഷിക്കാരായ 1531 പുരുഷന്മാർക്കും 98 സ്ത്രീകളും ഉള്ളപ്പോൾ കർഷകത്തൊളിലാളികൾ 1571 ശതമാനത്തോളം 477 സ്ത്രീകളും ഉണ്ട്. ആകെ ജനസംഖ്യയിൽനിന്നും കുട്ടികളേ ഒഴിവാക്കിക്കൊണ്ട് കണക്കാക്കിയാൽ 7 ശതമാനത്തോളം കൃഷിക്കാരും 8.5 ശതമാനത്തോളം കർഷകത്തൊഴിലാളികളും ഉണ്ട്. കർഷകത്തൊഴിലാളികളുടെ എണ്ണം ഇതിനേക്കാൾ കൂടുതലുണ്ടെന്നാണ് സാമ്പിൾ സർവ്വേ വെളിപ്പെടുത്തുന്നത്. കർഷകത്തൊഴിലാളികളുടെ സേവനം മുഖ്യമായി ആവശ്യമുള്ളത് നെൽക്കൃഷിയുടെയും റബ്ബർടാപ്പിംഗിന്റെയും മേഖലകളിൽ ആയതിനാൽ കർഷകത്തൊഴിലാളികർക്കു ലഭിച്ചുവരുന്ന തൊഴിൽദിനങ്ങൾ വളരെ കുറവാണ്.

കാർഷികമേഖലയിലെ ജോലികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലിയേക്കാൾ അല്പം ഉയർന്ന കൂലി നിരക്ക് ഇവിടുത്തേ തൊഴിലാളികർക്കു ലഭിച്ചു വരുന്നു. ഉഴവ് 125 രൂ, കരഭൂമിയിലെ പമിക്ക് 100 രൂപാ നെൽവയലുകളിലേ പണിക്ക് പുരുഷന്മാർക്ക് 100 രൂപയും സ്ത്രീതൊഴിലാളികൾക്ക് 50 രൂപയുമാണ് ഇവിടെ പൊതുവേയുള്ള കൂലി നിരക്ക്. കൊയത്തിനും മെതിക്കും പ്രത്യേകം കൂലി സമ്പ്രദായം ഇവിടെ നിലവിലില്ല. കൊയ്ത്ത്മെതിക്ക് ഏഴിന് ഒന്ന് പതവും അതിന്റെ നാലിലൊന്ന് തീർപ്പും ഇവിടെ ലഭിച്ചുവരുന്നു. തേങ്ങയിടിലിന് മരമൊന്നിന് 3 രൂപയും റബ്ബർ ടാപ്പിംഗിന് മരത്തിന് 25 പൈസയുമാണ് കൂലിനിരക്ക്. കാർഷികരംഗത്തേക്കാൾ ആകർഷകമായ കൂലിനിരക്ക് ലഭിക്കുന്നതിനാലും പ്യാപകമായി കെട്ടിടം,റോഡ്, നിസ്റ്റർ മ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാലും കാർഷിക മേഖലയിൽ പണിയെടുക്കാൻ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. റബ്ബർ കൃഷിയുടെ ബരിതഗതിയിലുള്ള വർദ്ധനവിനനുസരിച്ച് ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം അടുത്തതന്നെ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇപ്പോൾ തന്നെ അന്യനാട്ടുകാരാണ് ഇവിടുത്തേ ടാപ്പിംഗ് തൊഴിലാളികൾ ഭൂരിപക്ഷലുംമ കാർഷിക രംഗത്ത് നമ്മുടെ സംസ്ഥാനത്ത് ഉള്ളതിൽ നിന്നും വ്യത്യദ്ധമായ സേവനവ്യവസ്ഥകളൊന്നും ഇവിടെ നിലവിലില്ല.

രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗത്തിൽ നമ്മുടെ കർഷകർ പിന്നോക്കമല്ല. 94-95 വർഷത്തിൽ ഹെക്ടറിൽ ശരാശരിയും കി.ഗ്രാം രാസവളങ്ങൾ ഉപയോഗിച്ചിട്ടുള്ളതായാണ് കണക്കുകൾ നുനിപ്പിക്കുന്നത്. യഥാർത്ഥത്തിൽ രാസവളത്തിന്റെ ഉപഭോഗൊ ഇതിലും കൂടുതൽ ആണ്. എന്നാൽ കീടനാശിനികളുടെ ഉപയൊഗം കുറഞ്ഞുവരുന്നതായി കൃഷിഭവൻ രേഖകൾ സൂചിപ്പിക്കുന്നു. കീടനാശിനികൾ അധികമായി ആവശ്യമില്ലാത്ത റബ്ബർ കൃഷിയിലേക്കുള്ള വിളമാറ്റമായിരിക്കാം ഇതിന് കാരണം.

ഓരോവർഷവും മുതവർഷത്തേക്കാൾ 38-40 ശതമാനം കൂടുതൽ രാസവളങ്ങൾ പ്രയോഗിക്കപ്പെടുന്നുണ്ട്. വർത്തിച്ചുള്ള രാസവളപ്രയോഗം മൂലം മണ്ണിന്റെ ജൈവസ്വഭാവം നഷ്ടമാകുന്നതാണ്. കൂടുതൽ രാവളങ്ങൾ പ്രയോഗിക്കുന്നതിന് കർഷതരേ നിർബ്ബന്ധിതരാക്കുന്നത്. മണ്ണിന്റെ ജൈവസമ്പത്തുവർദ്ധിപ്പിക്കുന്നതിന് ഫല പ്രദമായതൊരു പ്രയത്നവും നടത്താതെ രാസവളത്തോത് വർദ്ധിപ്പിക്കുന്നത് മണ്ണിന്റെ ഉല്പാദനശേഷി സ്ഥിരമായി നഷ്ടപ്പെടുന്നതിന് കാരണമായിത്തീരും. ഇത്രമാത്രം രാസവളങ്ങളും കീടനാശിനികളും അനി

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94 രാസവളം കി ഗ്രാം	ദ്രവം	കീടനാശിനി ഖരം	1994-95 രാസവളം കി ഗ്രാം	രാസവളം	1995-96 കിടനാശനി. ദ്രവം	ഖരം
1	സഹകരണം	2,71750	69	2594	342700	56	1930	392700	57
2	സ്വകാര്യം	1,15700	26	1250	195000	22	970	237000	1170
ആകെ		**387,450**	**95**	**3844**	**5377010**	**78**	**2910**	**62970082**	**34200**



വാര്യമാണെന്ന ബോധം കർഷകരിൽ വേരുറച്ചു. പോയിരിക്കുന്നു. ഇത് ശരിയല്ല എന്ന് നമ്മുടെ അയൽ പ്രദേശമായ പുത്തൻ കാവിലുള്ള ശ്രീമാൻ K.E കോശി എന്നകർഷകന്റെ അനുഭവം നമ്മേ പഠിപ്പിക്കുന്നു. അദ്ദേഹം സ്വാതന്ത്ര്യസമര ഭടനും മികച്ച കർഷകനുള്ള R ഹേലി, അവാർഡ് ജേതാവുമാണ്. രാസവളം പരമാവധി ഉപേക്ഷിച്ചുകൊണ്ട് 180 മുതൽ 250 വരെ കായുള്ള പൂവൽകുലകൾ അദ്ദേഹത്തിന്റെ വാഴത്തോട്ടത്തിൽ ഉല്പാദിപ്പിക്കുന്നു. കബോസ്റ്റും മറ്റ് ജൈവവളങ്ങളുമാണ് അദ്ദേഹം പ്രയോഗിക്കുന്നത്. പുകയിലക്കഷായം പോലുള്ള വിഷാംശം ഇല്ലാത്ത കീടനാശികളാണ്. അദ്ദേഹത്തിന്റെ കൃഷിരീതി നമ്മുടെ കർഷകർക്കു മാതൃകയാകട്ടെ. എന്തായാലും മണ്ണിന്റെ ജൈവസമ്പത്ത് ഉയർത്തിക്കൊണ്ടും ശാസ്ത്രീയമായ വള പ്രയോഗരീതി അവലംബിച്ചും അല്ലാതെ നമ്മുടെ മണ്ണിന്റെ നഷ്ടപ്പെട്ട ഫലപുഷ്ടിവീണ്ടെടുക്കാൻ കഴിയുകയില്ല.

മണ്ണു സംരക്ഷണത്തിന്റെ പ്രധാന്യത്തേക്കുറിച്ച് കർഷകർ വേണ്ടത്ര ബോധവാന്മാരല്ല. നൂറ്റാണ്ടുകൾ കൊണ്ട് രൂപംകൊണ്ട ഫലഭൂയിഷ്ഠമായ മേൽമണ്ണ് വൻമഴയിൽ കുത്തിഒലിച്ചു പോകുന്നത് കർഷകർ നിസ്സാരമായി കരുതുന്നു ഈ മനോഭാവം കർഷകരിൽ മാറേണ്ടതായിരിക്കുന്നു. അതിനു ബോധവൽക്കരണമാണ് ആവശ്യം. വലിയ സാമ്പത്തികബാധ്യതയില്ലാതെതന്നെ സ്വന്തം ഭൂമിയിൽ ഓരോരുത്തർക്കും നടപ്പാക്കാവുന്ന മണ്ണു സംരക്ഷണ ഉപാധികൾപോലും കർഷകർ നടപ്പാക്കുന്നില്ല. 5148ഗുണഭോക്താക്കളെ ഉദ്ദേശിച്ച് 278 ഹെക്ടർ സ്ഥലത്തിനു പ്രയോജനപ്പെടത്തവണ്ണം കാരക്കായ് മൈക്രോ വാട്ടർ ഷെഡ് 92-93ൽ അരംഭിച്ചതാണ്. ഇപ്പോഴും പൂർത്തിയായിട്ടില്ല. ഈ രംഗത്ത് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിരുന്നു.

പ്രശനങ്ങൾ

- വളരെയേറെ അനുകൂല സാദ്ധ്യതകളുള്ള പച്ചക്കറിക്കു വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല.
- വെറ്റിലകൊടി കൃഷിക്ക് ആവശ്യമായ ഈറ്റയും മുളയും ലഭിക്കുന്നില്ല. വെറ്റില കൊടിക്കുണ്ടാകാറുള്ള രോഗങ്ങൾക്ക് പരിഹാരം ഒന്നും തന്നെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.
- നിലവുംപുരയിടങ്ങളും വ്യാപകമായി തരിശിടുന്നു.
- വികസിതസാദ്ധ്യതകളുള്ള പരമ്പാതാഗത ജല ശ്രോതസ്സുകൾ അവഗണിക്കപ്പെട്ടിരിക്കുന്നതിനാൽ അവ ജലസേചനത്തിന് പ്രയോജനപ്പടുന്നില്ല.
- ഇരിഗേഷനുവേണ്ടി നിർമ്മിച്ചിട്ടുള്ള കുളങ്ങളും തോടുകളും ലക്ഷ്യം കൈവരിക്കുന്നില്ല.
- മണ്ണു സംരക്ഷണത്തിന് ഫലപ്രദമായ യത്നം നടക്കുന്നില്ല.
- വെള്ളം കെട്ടിനിൽക്കുന്ന നിലങ്ങളിൽ നിന്നും വെള്ളം ഒഴുക്കിമാറ്റി നിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻ പറ്റിയ പദ്ധതികളുടെ അഭാവം പഞ്ചായത്തിലുണ്ട്.
- മണ്ണിന്റെ ഘടന ശാത്രീയമായി അപഗ്രഥിച്ച്. പരിഹാരങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യതിട്ടില്ല.
- കൃഷിഭവന്റെ പ്രവർത്തനം തൃപ്തിരകമല്ല. അവിടെ നിന്നും കർഷകർക്ക് കാലകാലങ്ങളിൽ കൃഷിക്ക് ആവശ്യമായ നിർദ്ദേശം ലഭിക്കുന്നില്ല. കൃഷി ആഫീസ്, വിത്തും വളവും സബസീഡികളും വിതരണം ചെയ്യാനുള്ള ഏജൻസി മാത്രമായി അധഃപതിച്ചിരിക്കുന്നു. കൃഷി ആഫീസിൽനിന്ന് അനുവദിക്കുന്ന സഹായങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം അർഹരായ കർഷകർ അറിയുന്നില്ല.
- കൃഷി ആഫീസിൽ വിത്തും വളവും സബ്സിഡികളും വിതരണം ചെയ്യാനുള്ള ഏജൻസി മാത്രമായി അധഃപതിച്ചിരിക്കുന്നു. കൃഷി ആഫീസിൽ നിന്ന് അനുഭവിക്കുന്ന സഹായങ്ങളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം അർഹരായ കർഷകർ അറിയുന്നില്ല.
- കൃഷിക്കാരെ യഥാസമയം സാമ്പത്തികമായി സഹായിക്കുന്നതിലും കാർഷികോല്പന്നങ്ങൾക്ക് പരമാവധി വില നേടിക്കൊടുക്കുന്നതിലും സർവ്വീസ് സഹകരണസംഘങ്ങളും മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് സഹകരണ സംഘവും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
- കർഷകത്തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല.
- കാർഷിക മേഖലയിൽ പണിയെടുക്കുന്നവർക്ക് ജോലിക്ഷമതയുമായി ബന്ധമില്ലാത്ത അശാസ്ത്രീയമായ കൂലി സമ്പ്രദായമാണ് നിലവിലുള്ളത്.
- മഴക്കാലത്ത് പുരയിടങ്ങളിൽനിന്നും തോടുകളിൽ

കൂടി ഒഴുകി നഷ്ടപ്പെടുന്ന ജലംസംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കാൻ സംവിധാനമില്ല.

- പമ്പാഇറിഗേഷൻ ബ്രാഞ്ചുകനാലുകളിൽ വെള്ളം പോകുന്നതിനാലും, അതിൽനിന്നും ഊറ്റൽ ഉള്ളതിനാലും കൃഷിനാശം ഉണ്ടാകുന്നു.
- ഭാഗികമായി നിർമ്മിച്ചതും പൂർത്തീകരിക്കാതെ ഉപേക്ഷിച്ചിട്ടു പോയതുമായ P.I.P സബ്കനാൽ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്നില്ല. പരിസരമലിനീകരണ പ്രശ്നവും സൃഷ്ടിക്കുന്നു.
- തെങ്ങു രോഗം വ്യാപകമായുണ്ട്.
- മേൽത്തരം വിത്തിനങ്ങളുടെ അഭാവം കാർഷിക ഉല്പാദനക്ഷമത കുറയുന്നത്.
- തേനീച്ച വളർത്തിലിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തിട്ടില്ല.
- വെള്ളം ഒഴുകിപ്പോകുന്നതിനുള്ള തോടുകളുടെ വീതിക്കുറവും ബണ്ടുകളുടെ ഉറപ്പില്ലായ്മയും മൂലം നിലങ്ങളിൽ മടവീഴ്ച്ചയും കൃഷി നാശവും ഉണ്ടാക്കുന്നു. ഇതുമൂലം ഇരുപ്പു കൃഷിക്കുള്ള പുഞ്ച നിലങ്ങളിലെ സാദ്ധ്യത നഷ്ടപ്പെടുന്നു.
- ജല സേചനത്തിനുള്ള പമ്പുസെറ്റുകളുടെ എണ്ണം തികച്ചും അചര്യാപൂർവ്വമാണ.
- ജൈവവള ലഭ്യതകുറഞ്ഞിരിക്കുന്നതിനാൽ ജൈവ വള ഉപയോഗവും കുറഞ്ഞിരിക്കുന്നു.
- എലിശല്യം വ്യാപകമായിണ്ട്.
- കാർഷിക രംഗത്ത് യന്ത്രങ്ങളുടെ ഉപയോഗം വളരെ കുറവാണ്.
- കാർഷികകോല്പന്നങ്ങളുടെ വിപണനത്തിൽ ഇടത്തട്ടുകാരുടെ ചൂഷണംമൂലം കർഷകർക്ക് നഷ്ടം സംഭവിക്കുന്നു.
- നിലം നികത്ത് വ്യാപകമാണ്. അതുമൂലം പരിസ്ഥി പ്രശ്നം ഉള്ളവാകുന്നുണ്ട്. ജലമലിനീകരണത്തിനും മണ്ണിനടിയിലൂടെ നീരൊഴുക്ക് തടസ്സപ്പെടുന്നതിനും ഇത് കാരണമാകുന്നു.
- പ്രകൃതിക്ഷോഭം വരൾച്ച ഇവ മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് കാര്യമായ സഹായം ലഭ്യമാകുന്നില്ല.
- നല്ല ഒരു ചന്തയുടെ അഭാവം ഉണ്ട്.
- റബ്ബർ ടാപ്പിംഗ് നടതുന്നതിന് തൊഴിലാളികളുടെ ക്ഷാമേ ഉണ്ട്.

സംദ്ധ്യതകൾ

- സന്നദ്ധതയുള്ള കർഷകരേ തെരഞ്ഞെടുത്ത് ഓരോ വാർഡിലും ജനകീയ പച്ചക്കറി കൃഷിപ്രോജക്ടർ ആരംഭിക്കുക. ദനകീയ കമ്മിറ്റികളിലൂടെ വിത്തും വളവും വിതരണം ചെയ്യുകയും സൂപ്പർ വിഷൻ നടത്തുകയും ചെയ്യും.
- അല്ലാ വീടുകളുലും അടുക്കളത്തോട്ടങ്ങൾ ആരംഭിക്കുക
- പാടശേഖര കമ്മിറ്റികളുടെയും കർഷകസംഘങ്ങളുടെയും നേതൃത്വത്തിൽ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുക.
- വെറ്റിലക്കൊടിക്ക് ആവശ്യമായ ഈറ്റ ബാംബൂ കോർപ്പറേഷനിൽ നിന്നും ചെറുകിടവ്യവ, ആയസ ഹകരണ സംഘങ്ങൾ മുഖേനയോ മറ്റ് കർഷക സഹകരണസംഘങ്ങൾ മുഖേനയോ ആവശ്യക്കാരായ കർഷകർക്ക് ലഭ്യമാക്കുക.
- വെറ്റിലക്കൊടിയുടെ രോഗങ്ങളേക്കുറിച്ച് ഗവേഷണം നടത്തി പരിഹാരങ്ങൾ നിർദ്ദെശിക്കുവാൻ കാർഷികസർവ്വകലാശാലയുടെ സഹായംതേടുക.
- പച്ചില വളങ്ങൾക്ക് ആവശ്യമായ മരങ്ങളും ചെടികളും വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക.
- കേടുവന്ന തെങ്ങുകൾ നഷ്ടപരിഹാരം നൽകിക്കൊണ്ട് വെട്ടിമാറ്റി ഉല്പാദനശേഷികൂടിയ തെങ്ങിൽ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് ധനസഹായം നൽകുക.
- മണ്ടചീയൽപോലുള്ള തെങ്ങുരോഗങ്ങൾ തടയുന്നതിന് മഴക്കാലക്കിന് മുൻപായി മരുന്ന് തളി നടത്തുക.
- എല്ലാ വാർഡുകളിലും മണ്ണു പരിശോധന നടത്തി മണ്ണിനുയോജിച്ച കൃഷിയും വളപ്രയോഗവും നിർദേശിക്കുക.
- പാടശേഖരകമ്മിറ്റികൾക്ക് കൊയ്ത്ത് മെതിയെന്ത്രങ്ങൾ, ട്രല്ലർ. ഇവ വാങ്ങുന്നതിന് ധനസഹായം നൽകുക.



- കർഷകരുടെ സംഘങ്ങൾ രൂപീകരിച്ച് അവക്കു സ്വന്തമായി ജലസേചനത്തിനുള്ള പോർട്ടബിൾ പമ്പുസെറ്റുകൾ, ബ്രയറുകൾള്ളവ വാങ്ങുന്നതിന് സഹായം നൽകുക.
- സർവ്വീസ് സഹകരണസംഘങ്ങൾ പരാമധി നാളികേരവും റബ്ബറും ശേഖരിച്ച് സംഭരിക്കുന്നതിലൂടെ അവക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിന് സഹായിക്കുക.
- ഓഷധ സസ്യങ്ങൾവച്ചു പിടിപ്പിക്കുന്നതിനും പൂഞ്ചകൃഷിക്കും സന്നദ്ധതയുള്ള കർഷകരെ കണ്ടെത്തി സഹായം നൽകുക.
- കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും സന്നദ്ധ സംഘങ്ങൾ രൂപീകരിച്ച് തരിശിട്ടിരിക്കുന്ന നിലങ്ങളിൽ കൃഷിനടത്തുന്നതിനുള്ള ശ്രമം നടത്തുക.
- സഹകരണ സംഘങ്ങൾ കൃഷിക്കാർക്ക് ക്രെഡിറ്റ് കാർഡ് നൽകി കൃഷി തുറക്കുന്നതിന് യഥാസമയം വായ്പകൾ ലഭ്യമാക്കുക.
- പച്ചക്കറി സംഭരണത്തിനും വില്പനയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെങ്ങന്നൂർ താലൂക്ക് മാർക്കറ്റിംഗ് ആൻറ് പ്രോസസ്സിംഗ് സഹകരണ സംഘം, പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ പച്ചക്കറി സ്റ്റാളുകൾ സ്ഥാപിക്കുക.
- തേനീച്ച വളർത്തലിന് കൃഷി ഭവനിൽകൂടി ആവശ്യമായ ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുക. തെരഞ്ഞെടുക്കപ്പട്ടകർഷകർക്ക് തേനീച്ചവളർത്തലിൽ പരിശീലനം നൽകുക.
- താഴപ്പറയുന്ന ജല സ്രോതസ്സുകൾ ചെറിയ ജല സംഭരണികളാക്കി മാറ്റുകയും അവയിൽ നിന്നും സമീപത്തുള്ള കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിന് ചെറിയ തോടുകൾ ആഴം കൂട്ടി കരിങ്കൽ കെട്ടി പ്ലാസ്റ്ററു ചെയ്യുക. അത്യാവശ്യമു ള്ളിടത്ത് പമ്പുസെറ്റുകൾ സ്ഥാപിക്കുക.

1 കോക്കുന്നിൽ തൂമ്പിനാൽഭാഗം 7ാംവാർഡിൽ
2 തുയതാക്കുഴി ഭാഗം 7ാം"
3 പാറയ്ക്കൽ ഗുരുമന്ദിരത്തിനു സമീപം മുള്ളക്കുളം 7ാം"
4 കൊഴുവല്ലൂർ ദേവീക്ഷേത്രത്തിന്റെ കാണിക്കവഞ്ചിക്കു സമീപമുള്ള കുളം 9-ാം"
5 മുളന്തറകുളം 9-ാം"
6 ചാങ്ങേച്ചാലിൽ നിന്നും (കുറങ്ങോടു മൂലവരെയുള്ള ഭാഗം) 9-ാം"
7 കുറങ്ങോട്ടുമൂല കുളം 9-ാം"
8 തിരുവോണത്തിൽ കുഴി നീരൊഴുക്ക് 10-ാം"
9 കണ്ടങ്കേരികുളം
11 നെല്ലേത്തു ഭാഗം 3-ാം"
10 കരിക്കോട്ടുകുളം 4-ാം"
11 നെല്ലേത്തുഭാഗം 3-ാം"
12 കുളപ്പുരകൊടുവേലിച്ചിറക്കുളം 3-ാം"
13 കുന്നുകുളം 6-ാം"

- പഞ്ചായത്തിൽ നിന്നും പണികഴിപ്പിച്ചിട്ടുള്ള താഴപ്പറയുന്ന കുളങ്ങളിൽനിന്നും ജല സേചന സൗകര്യത്തിനുള്ള ചാലുകൾ സമീപപ്രദേശത്തേകൃഷി സ്ഥലങ്ങളിലേക്ക് നിർമ്മിക്കുകയും ആവശ്യമുള്ളിടത്ത് പമ്പു സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

1 കഞ്ഞിയാഞ്ചിറ കുളം 4ാം വാർഡ്
2 തച്ചക്കോട്ടുകുളം 2-ാം വാർഡ്
3 പിരളശ്ശേരി കൂരിക്കാട്ടു കുളം 6-ാം വാർഡ്
4 പറയരുകാലാക്കുളം 6-ാം വാർഡ്
5 പനന്തിട്ട കുളം 6-ാം വാർഡ്
6 മുത്താം കുളം 6-ാം വാർഡ്
7 പഴയകാരക്കാട്ടു കുളം 11-ാം വാർഡ്
8 വടക്കൻ കോട്ടാകുളം 5-ാം വാർഡ്
9 തടത്തിൽ പടിക്കുളം 8-ാം വാർഡ്

- താഴെപ്പറയുന്ന തോടുകൾ ആഴവും വീതിയും കൂട്ടി സൈഡുകൾകെട്ടി നിലങ്ങളിലേക്ക് വെള്ളം ഒഴുക്കിക്കളയുന്നതിന് നിലങ്ങളാക്കിമാറ്റുന്നതിനും മടവീഴ്ചഒഴിവാക്കുന്നതിനും സാധിക്കും.

1. പൂക്കച്ചാൽ മുതൽ വാഴള്ളിമുട്ടേൽ വരെയുള്ള തോട് (6,9,11 വാർഡുകൾ)
2 കുളപ്പുര മുതൽ ഊരുക്കടവുവരെയുള്ള തോട് (3വാർഡുകൾ)
3 ആവാന്തനിൽക്കുന്നതിൽപടിമുതൽ കാവുമ്പാടുകൂടികളത്തിൽ പടിവരെയുള്ള തോട് (3 വാർഡുകൾ)
4 നെല്ലേത്തു കിഴക്കേതിൽ ഭാഗം മുതൽ ചാത്തൂരിൽ വരെയുള്ളതോട് (3 വാർഡുകൾ)
5 പുതുക്കുന്ന് വടക്കൽ ചെരുവിൽ നിന്നും മണ്ണാറിൽകുന്നതിൽ വരെയുള്ള തോട് (4 വാർഡുകൾ)

6 അമ്പഴത്തറ വലിയ തോട് കളത്തിൽ മുക്കുവരെ (3 വാർഡുകൾ)

7 വട്ടയത്തിൽപടി മുതൽ തെല്ലേത്തു പടി വരെയുള്ളതോട് (4 വാർഡുകൾ)

8 പുലിപ്ര നീർവിളാകംതോട് (4 വാർഡുകൾ)

9 ഊരുക്കടവ് നീർവ്വളാകം തോട് (4 വാർഡുകൾ)

10 മയങ്ങൽ നീർവിളാകം തോട് (4വാർഡുകൾ)

11 തൈക്കുഴി പറയരുകാലാ പാറപ്പാട് കൈത്തോടുകൾ (5 വാർഡുകൾ)

12. മുളയ്ക്കാക്കുഴി മുതൽ അന്തച്ചന്ത വരെയുള്ളതോട് (6 വാർഡുകൾ)

13. മണ്ണാറക്കാറക്കോട്ടു പറമണ്ണം തോട് (7വാർഡുകൾ)

14. എരുമാല ആമക്കോട് –മഹാദേവർ കുന്നു തോട് (8 വാർഡുകൾ)

15. മാമ്പഴ ചെറു തേട്ടഭാഗത്തേ തോട് (9 വാർഡുകൾ)

16. കരിമ്പതാ പൊയ്ക മുതൽ വാഴപ്പള്ളി മുട്ടേൽ വരെയുള്ള കരത്തോട് (9 വാർഡുകൾ)

17. ചിറയിൽ കണ്ടത്തിലേ ചതുപ്പു മുതൽ ചാങ്ങപ്പാടം വരെയുള്ള തോട് (9 വാർഡുകൾ)

18. അമ്പഴത്തറ വയലിൽ നിന്നുള്ള കലുങ്ക്, കരത്തോട്, (കലുങ്കിന്റെ അടിത്തട്ട് താഴ്ത്തിയിടുക) (10,6,8വാർഡുകൾ)

19. ചെറുതറയിതിലത്തിൽ നിന്നും പുറത്തേക്കുള്ള തോട് (10)

20. നല്ലാന്തറ മുതൽ കൊച്ചയ്യത്തുപടി വരെയുള്ള നിലത്തിലെ ഇടത്തോട് (11വാർഡുകൾ)

21. മൂങ്ങാംമൂട്ടിൽ പടി അമ്പഴത്തറ തോട് (6)

22. വലക്കടവുംപാട് അമ്പഴത്തറ നിലത്തിലേ ഇടത്തോട് (6)

23. പൂക്കച്ചാൽ മുതൽ കൊച്ചയ്യത്തുപടി വരെയുള്ള തോട്-വാൽ മുഖത്ത് ഷട്ടറും സ്ഥാപിക്കുക (6)

24. പെരുന്തോട് ആഴം കൂട്ടി സൈഡ് കെട്ടുക 8

25. പൂവണ്ണുനില്ക്കുന്നതിൽ–പട്ടാങ്ങാട്ടിൽ പടിതോട്. (ആഴം കൂട്ടുക)

26. പനന്തിട്ട–പെരുങ്ങാട്ട–അമ്പഴത്തറ ഇടത്തോട്. (ആഴംകൂട്ടുക) 6

27. പോത്തൻ കുളത്തി–പറയരു കാല – കണ്ണത്തോട്ട തോട്(ആഴം കൂട്ടുക) 6

28. പമ്പാ ഇറിഗേഷൻ മുളക്കുഴ പുന്തല ബ്രാഞ്ച് കനാൽ വെള്ളം ചോർച്ചയുണ്ടാകാത്ത വിധത്തിൽ പൊളിച്ച് പണി കഴിപ്പിക്കുക. ആവശ്യമുള്ളടത്ത് ഓട്ട് ലൈറ്റുകൾ നിർമ്മിക്കുക. കനാലിന്റെ പല ഭാഗത്തും മുട്ടുകൾ പണിത് കനാലിന്റെ വശങ്ങളിൽ ജലസേചനം നടത്താൻ സൗകര്യപ്പെടുത്തുക. ജലനിരപ്പ് ഉയർത്തി കരയിലെ കൃഷിക്കുകൂടി ജലസേചനം സാദ്ധയമാക്കുമോ എന്ന് പരിശോധിക്കുക.

29. മുളക്കുഴ കുളനട ബ്രാഞ്ചു കനാലിൽ അരീക്കര വയൽ വഴി ഒരു ശാഖ നിർമ്മിച്ച് അമ്പഴത്തറ വരെ 15 ഹെക്ടറോളം നിലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുക.

30. മുളക്കുഴ പാറപ്പാട് P.I.P സബ് കനാലിന്റെ പണി പൂർത്തികരിക്കുക.

24. 8-ാം വാർഡിന്റെ കിഴക്കുഭാഗത്തുകൂടി P.I.P മെയാൻ കാനാലിൽ നിന്നും ഒരു ശാഖ നിർമ്മിച്ച് പെരുത്തോട്ടിൽ വെള്ളം എത്തിച്ചാൽ ചാക്കേപ്പാടത്ത് ഇരുപ്പൂ കൃഷി സാധ്യമാകും.

26. വിത്ത് ഇൻഷ്വറൻസ് സാർവ്വത്രികമാക്കുക.

27. വിള മത്സരങ്ങൾ സംഘടിപ്പിക്കുക. നല്ല കർഷകർക്ക് സമ്മാനം നൽകുക.

28. മുളക്കുഴ മെഴുവേലി പഞ്ചായത്തുകാർ ചേർന്ന് മുളക്കുഴ ഭാഗത്ത് ഒരു വലിയ ചന്ത സ്ഥാപിക്കുക.

29. തൊഴിലാളികളെ തെരഞ്ഞെടുത്ത് റബ്ബർ ടാപ്പിംഗ് പരിശീലിപ്പിക്കുക.

30. മഴവെള്ളം മണ്ണിൽ താഴാതെ ഒഴുകി നഷ്ടപ്പെടുന്നത് തടയുന്നതിന് പുരയിടങ്ങളിൽ കയ്യാലകൾ പണിയുക, തോടുകളിൽ മുടുകൾ പണിത് ജലം അവിടെത്തന്നെ താഴുന്നതിന് സംവിധാനം ഉണ്ടാ

ക്കുക അതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

31. കായങ്കുളം നെല്ലു ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് കൂൺകൃഷി ആരംഭിക്കുവാനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുകയും സന്നദ്ധരായവർക്ക് സ്പോൺലഭ്യമാകുവാൻ സൗകര്യങ്ങൾ ഒരുക്കികൊടുക്കുകയും ചെയ്യുക.

2

മൃഗസംരക്ഷണവും മത്സ്യബന്ധനവും.

മൃഗസംരക്ഷണം

സാമ്പത്തിക ഉല്പാദന മേഖല വിലയിരുത്തുമ്പോഴാണ് കഴിഞ്ഞകാലത്തെ വികസന തന്ത്രത്തിന്റെ അപാകത വെളിപ്പെടുന്നത്. കഴിഞ്ഞ പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് ലഭിച്ചതിൽ 9.1 ശതമാനം മാത്രമാണ് മൃഗസംരക്ഷണത്തിനു വകയിരുത്തുയിരുന്നത് 90.9 ശതമാനം ലഭിച്ച കൃഷിയിൽ 60.3 ശതമാന ഉല്പാദന വർദ്ധനേടാൻ കഴിഞ്ഞപ്പോൾ അതിന്റെ ഒരു ചെറിയ അംശം ലഭിച്ച മൃഗസംരക്ഷണം മേഖലയത് 39.7 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞു. നമ്മുടെ ഉല്പാദന രംഗത്ത് ധൃതിയിലുള്ള മാറ്റം ഉണ്ടാക്കാൻ സാദ്ധ്യതയുള്ളത് കൃഷി അനുബന്ധ മേഖലയാണെന്നുള്ളത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഇതിൽ തന്നെ ഒരു കുതിച്ച് ചാട്ടത്തിന് സാധ്യതയുള്ള മേഖലയാണ് മൃഗസംരക്ഷണം.

മൃഗസംരക്ഷണ മേഖലയുടെ വികസനം പാൽ, മുട്ട, മാംസം, മുതലായ ഉല്പ്പന്നങ്ങളുടെ വർദ്ധനവ്, വെറ്റിനറി സർവ്വീസിന്റെ വികസനം ആധുനികവല്ക്കരണം, ഇവയെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. നാടൻ പശുക്കളുടെ എണ്ണം നമ്മുടെ നാട്ടിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നാടൽ പശുക്കളിൽ നിന്നുള്ള പാൽ ഉല്പാദനം 30ശതമാനം ഉയർന്നപ്പോൾ ജനിതിക ഗുണമുള്ള സങ്കരയിനം പശുക്കളിൽ 80 ശതമാനവും വരെ വർദ്ധനവുണ്ടായി എന്നാൽ ഉല്പാദനം ആവശ്യത്തിനനുസരിച്ച് വർദ്ധിക്കുന്നില്ല. മൃഗങ്ങളിൽ നിന്നുള്ള മാംസത്തിന്റെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യം നിറവേറ്റുന്നതിന് അയൽ സംസ്ഥാനങ്ങളായതിനാൽ. നമ്മുടെ ഗ്രാമ സമ്പത്ത് അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകയാണ്. അത് നമ്മുടെ ഗ്രാമത്തിലെ ഉല്പാദകരുടെ കൈയിൽ എത്തിച്ചേരേണ്ടത് അനിവാര്യമായിരിക്കുന്നു. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും ആയതിനാൽ ഈ മേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണസമ്പദ് ഘടനയെ സമ്പുഷ്ടമാക്കുമെന്നുള്ളത് ശ്രദ്ധേയമായി.

ആ പഞ്ചായത്തിലെ ആകെ പശുക്കളിൽ 65 ശതമാനം സങ്കരയിനത്തിലുള്ളവയാണ്. നാടൻ ഇനം വിത്തുകാളൻ ഇല്ലാത്തതിനാൽ സങ്കരയിനം പശുക്കളുടെ എണ്ണം ക്രമേണ വർദ്ധിക്കുമെന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാവുന്നതാണ്. സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടെ എരുമ വളർത്തൽ പൂർണ്ണമായും കർഷകർ ഉപേക്ഷിച്ചമട്ടാണ്. കറവമാടുകളെ വളർത്താൻ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ആദായകരമായ തൊഴിലായി നടത്തിക്കൊണ്ട് പോകാവുന്നതാണെങ്കിലും മേൽത്തരം പശുക്കളെ വാങ്ങാൻ സാമ്പത്തിക ശേഷിക്കുറവ് കർഷകരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ ആശാവഹമായ പ്രോത്സാഹനമല്ല കർഷകർക്ക് നൽകുന്നത്. ലാഭകരമായി നടത്താവുന്ന ആടുവളർത്തലിലും കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല ആടുവളർത്തൽ കൂടുതൽ പ്രോത്സാഹനം അർഹിക്കുന്നു വീട്ടമ്മാമാർക്ക് ഇത് ആദയാകരമായ ഉപതൊഴിലായി സ്വീകരിക്കാവുന്നതാണ്.

കാലിത്തീറ്റയുടെ അമിതമായ വില കാലിവളർത്തലിലെ നഷ്ടത്തിലാക്കുന്നു. അതു കൊണ്ട് തന്നെ പുതിയ സംരഭകരുടെ ഈ രംഗത്തിലേക്ക് ആകർഷിക്കാൻ കഴിയാതെ വരുന്നു. നെൽപാടങ്ങൾ കുറവായതിനാൽ വൈയ്ക്കോലിനുപോലും മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടാതായി വരുന്നു. തീറ്റപ്പുൽകൃല്ല ഒരു പരിപാടിയായി ഇവിടുത്തെ കർഷകർ ഏറ്റെടുത്തിട്ടില്ല. വ്യാപരത്തിനു വേണ്ടിതന്നെ തീറ്റപ്പുൽകൃഷി ഇവിടെ നടത്തിയാൽ പ്രശ്നത്തിനു പരിഹാരമാകും കടലപ്പിണ്ണാക്ക്, തീറ്റപ്പുൽ കൃഷിക്ക് സർക്കാർ വളരെക്കൂടുതൽ സഹായങ്ങളും നൽകി വരുന്നുണ്ട്. ഇപ്പോൾ കടലപ്പിണ്ണാക്ക്, കൊപ്രാപിണ്ണാക്ക് ഇവയുടെ വില ക്രമാതീതമായി ഉയർത്തിയിരിക്കുന്നതിനാൽ കാലി വളർത്തൽ പ്രശ്നമായിത്തീർന്നിരിക്കുകയാണ്.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അത്യാവശ്യം രോഗങ്ങൾക്കുള്ള മരുന്നുകൾ ഒന്നുംതന്നെ ലഭ്യമല്ല. ഒരു ഡോക്ട്ടർ മാത്രമുള്ളതിനാൽ ഡോക്ട്ടർക്ക് വീടുകളിൽപോയി മൃഗങ്ങളെ ചികിത്സിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഡോ

ക്ടർ വീടുകളിൽ ആയിരിക്കുമ്പോ ഹോസ്പിറ്റൽ കൊണ്ടു വരുന്ന മൃഗങ്ങളുടെ രോഗം ശ്രദ്ധിക്കാതെ കഴിയാതെ വരുന്നു. ഡോക്ട്ടർക്ക് ചികിത്സാർത്ഥം വീടുകളിൽ പോകുന്നതിന് ആശുപത്രിയിൽ വാഹന സൗകര്യം ഇല്ലാത്തതെ വളരെയധികം പ്രയാസം ഉണ്ടാക്കുന്നു. അടിയന്തിരമായി മൃഗാശുപത്രിക്ക് വാഹന സൗകര്യം, ടെലഫോൺ സൗക ര്യം, അത്യാവിശ്യം മരുന്നുകൾ, ലാബട്ടറി, സൗകര്യങ്ങൾ, ഒരു ഡോക്ട്ട റുടെയെങ്കിലും സേവനം കൂടെയെങ്കിലും നേടിയെ ടുത്തേ മതിയാകൂ. എങ്കിലേ മൃഗാശുപത്രിയുടെ സേവനം കർഷകർക്ക് പരാമവധി ഉപയോഗപ്പെടു ത്തുവാൻ കഴിയുകയുള്ളൂ ഇപ്പോൾ പല കർഷക രും വേണ്ടത്ര യോഗ്യതയും രോഗചികിത്സയിൽ പരി ചയം ഇല്ലാത്ത ചിലരുടെ സേവനമാണ് ഉപയോഗ പ്പെടുത്തി വരുന്നത്. ഇവിടുത്തേ കന്നുകാലികളിൽ ഏറ്റവും അധികം കണ്ടുവരുന്നവ ദഹന സംബന്ധ മായ രോഗങ്ങളും പരാദരോഗങ്ങളുമാണ്. പ്രത്യുല്പാ ദനപരമായ രോഗങ്ങളും വന്ധ്യതയും പശുക്കളിൽ സാധാരണമായിരിക്കുന്നു അതുകൊണ്ട് തന്നെ മൃഗാ ശുപത്രിയുടെ മെച്ചപ്പെട്ട മുഴുവൻ സമയവും സേവ നവും ഇവിടെ ലഭിക്കേണ്ടതായിരിക്കുന്നു.

95-96 വർഷത്തിൽ മൃഗാശുപത്രിയിൽ നിന്നും 1976 പശുക്കളിൽ കൃത്യമ ബീജസങ്കലനം ആവർത്തി ക്കേണ്ടതായി വന്നിട്ടുണ്ട് എന്നു കണക്കുക സൂചി പ്പിക്കുകു ഇവിടുത്തെ പശുക്കളെ തന്നെ ഈ പഞ്ചാ യത്തിന്റെ അതിർത്തികളിൽ നിന്നും അത്ര അകലെ യല്ലാതെ പ്രവർത്തിക്കുന്ന മറ്റു പഞ്ചായത്തുകളിലെ മൃഗാശുപത്രികളിലും ബീജസങ്കലനം നടത്താറുള്ളതു കൊണ്ട് യഥാർത്ഥത്തിൽ കൃത്യമ ബീജ സങ്കലന ത്തിനു വിധേയമാക്കിയ പശുക്കളുടെ എണ്ണം ഇതി നേക്കാൾ വളരെ കൂടുതലായിരിക്കും. ഇത്രയൊക്കെയാ ണെങ്കിലും പഞ്ചായത്തിലെ പല ഭാഗങ്ങളിലും പശു ക്കളെ കൃത്യമബീജസങ്കലനം നടത്തിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തി ലുള്ള 10 പട്ടികളെ മാത്രമാണ് പേവിഷബാധയ്ക്കെ തിരായി കുത്തിവെയ്പെ നടത്തിയിട്ടുള്ളത്. പശു, ആട് എന്നിവയെക്കൂടാതെ മനുഷ്യർക്കും പേവിബാ ധയ്ക്കെതിരായി കുത്തിവെയ്പ് നടത്തേണ്ടതായി വ ന്നിട്ടുണ്ട്. എന്നിട്ടും നായ്ക്കൾക്ക് പേവിഷബാധയ്ക്കെ തിരരേയുള്ള കുത്തിവയ്പ്പ് നടത്തേണ്ടതിന്റെ ഗൗരവം ആളുകൾ മനസ്സിലാക്കുന്നില്ല. മുഴുവൻ നായ്ക്കളെ യും പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കേണ്ടതു ണ്ട്. വളർത്ത് നായക്കൾക്ക് നിർബ്ബന്ധിതമായി ലൈസ ൻസ് ഏർപ്പെടുത്തുകയും അലഞ്ഞുടക്കുന്നതും ലൈ സൻസില്ലാത്തതുമായ മുഴുവൻ നായ്ക്കളെയും നശി പ്പിക്കുന്നതിനുള്ള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുകയും ചെയ്ത് നമ്മുടെ പഞ്ചായത്തിനേ പേവിഷരഹിത പഞ്ചായ ത്തായി മാറ്റിയെടുക്കാൻ ശ്രമിക്കേണ്ടതായിരിക്കുന്നു.

കോഴിവളർത്തലിന്റെ കാര്യത്തിലും നമ്മുടെ സാധ്യ തകൾ നാം പരമാവധി ഉപയോഗപ്പെടുത്തിയിട്ടില്ല. മുട്ടക്കോഴി വളർത്തൽ വാണിജ്യാടിസ്ഥാനത്തിൽ ന ടത്തുന്ന ഒരു യൂണിറ്റും ഈ പഞ്ചായത്തിലില്ല. കോഴി ക്കുഞ്ഞുങ്ങളുടെ നേഴ്സറികളും ഇല്ല നമ്മുടെ പഞ്ചാ യത്തിനോട് വളരെ അടുത്ത് തന്നെ പ്രവർത്തിച്ചുവ രുന്ന സർക്കാർ ഉടമയിലുള്ള ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ സഹായത്തോടെ ഇത്തരം യൂണിറ്റുകൾ ഈ പഞ്ചായത്തിൽ ആരംഭിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. അതിന് സ്വകാര്യ സംരംഭകർ താല്പ ര്യം കാണിക്കുന്നതായി ഗ്രാമസഭാറിപ്പോർട്ടുകൾ സൂചി പ്പിക്കുന്നു. ഇവിടെ മൂന്ന് ഇറച്ചിക്കോഴി വളർത്ത ൽ യൂണിറ്റുകൾക്ക് സാദ്ധ്യതയും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ കൂടെയാ ണ് കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ ഭൂരിഭാഗവും വിറ്റഴിക്കുന്നത്. അവിടെ ലിറ്ററിൽ 7.50 രു മുതൽ 9.50 രു വരെ വില ലഭിച്ചുവരുന്നുണ്ട്. 6,9,10 വാർഡു കളിൽ സ്വകാര്യ കച്ചവടക്കാരും പാൽ സംഭരിച്ച് പട്ട ണങ്ങളിൽ കൊണ്ടുപോയി വിറ്റഴിക്കുന്നുണ്ട്. ഇപ്പോൾ ലഭിച്ചുവരുന്ന വില ഉല്പാദനച്ചെലവ് വർദ്ധിച്ചതിനാൽ തികച്ചും അപര്യാപ്തമാണെന്നും അത് വർദ്ധിപ്പിക്കണ മെന്നും വ്യാപകമായി ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിലെ വളർത്തുപക്ഷികളുടെ വിവരം

(1996 ലെ ലൈവ് സ്റ്റോക്ക് സെൻസ്സ് കണക്കുകൾ അനുസരിച്ച്)

പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ടയിടുന്നവ	മുട്ടയിടാത്തവ	ആൺ	പെൺ	
2006	6432	3257	92	402	200

"മിൽമ" ഉപഭോക്താക്കൾക്ക് നൽകുന്ന പാലിന്റെ വില ഉയർകത്തുമ്പോഴൊന്നും യഥാർത്ഥ ഉല്പാദകർക്ക് അതിനനുസരിച്ചുള്ള വില വർദ്ധന ലഭിക്കുന്നില്ലെന്ന ആക്ഷേപം കർഷകർ ഉന്നയിക്കുന്നുണ്ട്. 10-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘത്തിലാണ് ഏറ്റവും കൂടുതൽ പാൽ സംഭരിക്കപ്പെടുന്നത്. എന്നാൽ പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലന്ന പരാതിയുണ്ട്. മറ്റു സംഘങ്ങൾക്ക് അടുത്തുള്ള വാർഡുകളിൽ കളക്ഷൻ സെന്ററുകൾ ആരംഭിക്കാൻ മിൽമയും ഡയറി ഡവലപ്പ്മെന്റ് അനുവാദം നൽകിയാൽ ആ സംഘങ്ങളിലും പരമാവധി പാൽ സംഭരിക്കുന്നതിനു സാധിക്കും നിയമങ്ങൾ അതിനു അനുകൂലമാകേണ്ടതായിരിക്കുന്നു. എല്ലാ സഹകരണ സംഘങ്ങളും കൂടി.

ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട് കാലിത്തീറ്റ ന്യയമായ വിലയ്ക്ക് വിതണം ചെയ്യുന്നതിൽ പ്രസ്തുത സംഘങ്ങൾ വേണ്ട രീതിയിൽ കർഷകരെ സഹായിക്കുന്നില്ല. കോഴിമുട്ട ഉല്പാദകർക്ക് കോഴിമുട്ട വിറ്റഴിക്കുന്നതിനുള്ള പ്രയാസം ഉണ്ടാകാറില്ല. ആഭ്യന്തര ആവശ്യത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നും മുട്ട ഇങ്ങോട്ട് കൊണ്ടുവരികയാണ് ചെയ്തു വരുന്നത്. ഈ പഞ്ചായത്തില് ഡിമാന്റ് അനുസരിച്ച് ഇറച്ചിക്കോഴികളേയും ഇവിടെ വളർത്തുന്നില്ല. അതു കൊണ്ട് തന്നെ കോഴിവളർത്തൻ വൻസാധ്യതകൾ ആ പഞ്ചായത്തിലുണ്ട്.

നിലവിലുള്ള പദ്ധതികളൊന്നും ആവശ്യങ്ങളുടെ പൂർത്തീകരണത്തകിന് പര്യാപ്തമല്ല. പേവിഷബാധയ്ക്കെതിരേയുള്ള വാക്സിൻ സബ്സിഡി നിരക്കിൽ വർഷത്തിൽ 50ഡോസാണ് ലഭിക്കുന്നത്. 1000എണ്ണം ലഭിച്ചാൽ പോലും ഇവിടുത്തെ ആവശ്യത്തിന് തികയുകയില്ല. ഈ പഞ്ചാത്തിൽ 2ഗോരക്ഷാ ക്യാമ്പുകൾ വർഷം തോറും നടത്തുന്നതിന് ക്യാമ്പൊന്നിന് 200രൂപ വീതവും വന്ധ്യതാപരിശോധ ക്യാമ്പിന് 650 രൂപാ വീതവും അനുവദിക്കാറുണ്ട്. ഗോസംരക്ഷണ രംഗത്ത് ബോധവത്ക്കരണത്തിന്റെ അഭാവം ഇവിടെ വളരെയധികമുണ്ട്. അതിനാൽ ഇത്തരം ക്യാമ്പുകൾക്ക് ചെലവാകുന്ന തുക തികച്ചും അപര്യാക്തമാണ്. മുട്ടക്കോഴി നേഴ്സറി സർക്കാർ15000രൂപ സബ്സിഡി നൽകാറുണ്ട്. സാങ്കേതിക ഇഞാനത്തിന്റേയും സർക്കാർ ധനസഹായത്തിന്റേയും അപര്യപ്തതയായിരിക്കും അത്തരം യൂണിറ്റുകൾ ആരംഭിക്കാൻ ആളുകൾ വരാഞ്ഞത്.

പ്രശ്നങ്ങൾ

മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

9,10 വാർഡുകളിൽ മൃഗചികിത്സക്കും കൃത്യമ ബീജസങ്കലത്തിനും മൃഗാശുപത്രി വളരെയകലെയായിതിനാൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

1,2,6 വാർഡുകളിൽ ക്ഷീരോത്പാദർക്ക് ക്ഷീര വിപണത്തിന് സൗകര്യമില്ല.

മൃഗാശുപത്രയിൽ ഉയർന്ന ഇനത്തിലുള്ള പ്രീമിയം ബുൾസെമൺ ലഭ്യമല്ല.

കോഴിമുട്ട വളർത്തലിനും, കോഴിക്കുഞ്ഞുങ്ങളുടെ നേഴ്സറിയും ഉള്ള സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

അലഞ്ഞ് നടക്കുന്ന നായ്ക്കൾ ഭീഷണിയായിരിക്കുന്നു.

വിജ്ഞാന വ്യാപാര പരിപാടികൾ കാര്യക്ഷമമല്ല.

വളരെ സാധ്യതയുള്ള ആടുവളർത്തലിനും മാംസത്തിനും വേണ്ടിയുള്ള കന്നുകുട്ടി വളർത്തലിനും പ്രോത്സാഹനം ലഭിക്കുന്നില്ല.

പാലിന് ന്യയമായ വില ലഭിക്കുന്നില്ല. കാലിത്തീറ്റ മീനെണ്ണ ഇവ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല.

തേനീച്ച വളർത്തലിന്, മുയൽ വളർത്തലിനും പന്നിവളർത്തലിനും ഉള്ള സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

പല കാലിവളർത്തൽകാർക്കും ശുചിത്വമുള്ള തൊഴുത്തില്ല.

മെച്ചപ്പെട്ടയിനം പശുക്കളെ വാങ്ങുന്നതിന് ലോണും ധനസഹായവും കർഷകർക്ക് ലഭിക്കുന്നില്ല.

ക്ഷീരോത്പാദനങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാനുള്ള സൗകര്യം ഉപയോഗപ്പെടുത്തിയിട്ടില്ല.

പുൽ കൃഷി വികസനത്തിന് പദ്ധതി ഒന്നും നിലവിലില്ല.

കുറഞ്ഞ വിലയ്ക്ക് പാൽ സംഭരിച്ച് പാലിലെ കൊഴുപ്പ് നീക്കി ഉയർന്ന വിലയ്ക്കാണ് മിൽമ വിൽക്കുന്നത്. വിലയിലെ ഈ അനന്തരം കർഷകർക്ക് പ്രയോജനപ്പെടുന്നില്ല.

സാധ്യതകൾ.

1. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം, ക്വാർട്ടേഴ്സ്, വാഹനം, ടെലിഫോൺ സൗകര്യം ഇവയുണ്ടാക്കുക. 24 മണിക്കൂറും പ്രവർത്തിക്കുന്ന പോളിക്ലിനിക്കായി മൃഗാശുപത്രി ഉയർത്തുക.

2. മൃഗാശുപത്രിയിൽ അത്യാവശ്യമായി വേണ്ട ഔഷധങ്ങൾ, പ്രീമിയം ബുൾസെമൺ, വാക്സിനുകൾ ഇവ ലഭ്യമാക്കുക.

3. മൃഗാശുപത്രിയിൽ ലാബറട്ടറി സൗകര്യം ഏർപ്പെടുത്തുക. ആവശ്യത്തിന് സ്റ്റാഫിനെ ലഭ്യമാക്കുക, മൊബൈൽ വെറ്റൈനറി സർവ്വീസ് ഏർപ്പെടുത്തുക.

4. 10,6,9 വാർഡുകളിൽ കേന്ദ്രീകരിച്ച് ഒരു ഗോവർദ്ധന സംവർദ്ധന കേന്ദ്രം സ്ഥാപിക്കുക.

5. 1,2,6 വാർഡുകളിൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ സ്ഥാപുക്കുകയോ അടുത്തുള്ള വാർഡുകളുലെ സംഘങ്ങൾ അവിടെ പാൽ ശേഖരിക്കുന്നതിന് സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ ചെയ്യുക.

6. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുക. പ്രസ്തുത പദ്ധതി പ്രകരം 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ വാങ്ങി കർഷകർക്ക് നൽകി 32 മാസം പ്രായമാകുന്നതുവരെയോ, ആദ്യപ്രസവം വരെയോ യുള്ള പരിചരണത്തിന് ധനസഹാം നൽകുക.

7. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന്30%പദ്ധതി വിഹിതം പഞ്ചായത്ത് നൽകുക.

8. സന്നദ്ധതയുള്ള കർഷകരെ കണ്ടെത്തി മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വളർത്തി കർഷകർക്ക് വില്ക്കുന്നതിന് ധനസഹായം നൽകുക. പഞ്ചായത്ത് തന്നെ മുൻകൈയെടുത്ത് അത്തരം സ്ഥാപനങ്ങൾ നടത്തുക.

9. പകുതി വിലക്കു കോഴിക്കുഞ്ഞുങ്ങളെ വീട്ടമ്മമാർക്ക് വിതരണം ചെയ്ത് വീട്ടു വളപ്പിലെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

10. കർഷക തൊഴിലാളികൾ, ഭൂരഹിത കർഷകർ സത്രീകൾ എന്നിവർക്ക് ഉപ തൊഴിലായി മുയൽ വളർത്തുന്നതിന് പ്രേരണ നൽകുകയും ധനസഹായം നൽകുകയും ചെയ്യുക.

11. ശാസ്ത്രീയമായി കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

12. P.I.P കനാലിന്റെ വശങ്ങൾ തുച്ചമായ പാട്ടത്തിന് നൽകി തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. അതിനുള്ളകടകളും വിത്തുകളും വിതരണം ചെയ്യുക.

13. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തുന്നതിന് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സംരംഭകരെ കണ്ടെത്തി അവർക്ക് ധനസഹായം നൽകി പദ്ധതി നടപ്പാക്കുക.

14. പഞ്ചയത്തിലെ ചന്തയും സമീപം ഒരു മാതൃകാ ബ്ലോട്ടർ ഹൗസ് സ്ഥാപിക്കുക.

15. കാളക്കുട്ടി പരിപാലന പദ്ധതിയനുസരിച്ച് 3,4 മാസം പ്രായമുള്ള കാളക്കുട്ടികളെ പദ്ധതിയിൽ ഉൾക്കൊളളിച്ച് അവയുടെ പരിപാലനത്തിന് സൗജന്യമായി തീറ്റയും ചികിത്സയും ലഭ്യമാക്കുക.

16. പന്നിവളർത്തലിന് തയ്യാറുള്ളവർക്ക് 5 പന്നിക്കുട്ടികളെ വിതരണം ചെയ്യുക.

17. ആടുവളർത്ത പദ്ധതയിൽ എല്ലാ വാർഡുകളിലും യൂണിറ്റുകൾ തുടങ്ങുക. ഓരോ യൂണിറ്റും രണ്ട് ആടുകൾ വീതും പകുതി വിലയ്ക്കെ നൽകുക.

18. ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ കാലിത്തീറ്റ, മീനെണ്ണ, മിനറൽ മിക്സ്ച്ചർ ഇവ ശേഖരിച്ച് കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യന്നതിന് ധനസഹായം പഞ്ചായത്ത് നൽകുക.

19. പാൽ കൊണ്ടുള്ള ഉല്പ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യന്നതിന് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ വഴി യൂണിറ്റുക സംഘടിപ്പിച്ച് പ്രവർത്തിക്കുന്നതിന് ധനസഹായം നൽകുക. ആവശ്യമായ സാങ്കേതിക പരിശീലനവും വ്യക്തുക.

20. രണ്ട് വാർഡിൽ ഒന്ന് എന്ന കണക്കിൽ വർഷതോറും കന്നുകാലികൾക്ക് വന്ധ്യത പരിശേധന ക്യാമ്പുകൾ നടത്തുക.

21. മൃഗാശുപത്രിയുടെയും ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെയും ഡയറിഡവലപ്പ മെന്റ് ഡിപ്പാർട്ടുമെന്റിന്റെയും അഭിമുഖ്യത്തിൽ മൃഗപരിപാലനത്തിനുള്ള ബോധവത്ക്കരണ ക്യാമ്പ് വർഷത്തിൽ 6 എണ്ണം വീതമെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തുക. അതിനുള്ള സഹായം ലഭ്യമാക്കുക.

22. ബങ്കുകളിൽ നിന്നും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് ലോൺ അനുവദിക്കുകയും അത് ഉപയോഗിച്ച് സംഘങ്ങൾ കറവപശുക്കളെ വാങ്ങുന്നതിന് പ്രസ്തുത സംഘങ്ങൾ ലോൺ അനുവദിക്കുകയും ചെയ്യുക. പശുക്കളെ വാങ്ങുന്നതിന് ലോൺ നല്കാൻ തയ്യാറുള്ള മറ്റ് എജൻസികളെക്കൂടെ കണ്ടെത്തുക.

23. പഞ്ചായത്തിൽ ഒരു ഡയറി ഡവലപ്പമെന്റ് എക്സ്റ്റൻഷൻ ഓഫീസ് സ്ഥാപിക്കണം.

24. മുട്ടക്കോഴികളെ വ്യാപരാടിസ്ഥാനത്തിൽ വളർത്തിന്നതിന് കർഷകർക്ക് കുറഞ്ഞ വിലക്ക് കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുകയും മറ്റ് സാങ്കേതിക സഹായം നല്കുകയും ചെയ്യുക.

25. കൂടുതൽ ഇറച്ചിക്കോഴികളെ വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സ്വാകാര്യ സംരംഭകർക്ക് പ്രോത്സാഹനം നൽകുക.

മത്സ്യബന്ധനം

പ്രകൃതിദത്തമായ ജലാശയങ്ങൾ ഇല്ലാത്തതിനാൽ മത്സ്യബന്ധനം മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ ഈ പഞ്ചായത്തിൽ അപൂർവ്വമാണ്. എന്നാൽ മത്സ്യ വില്പന മുഖ്യതൊഴിലാക്കിയിട്ടുള്ള ധാരാളം തൊഴിലാളികൾ ഇവിടെയുണ്ട്. അവർ മറ്റു പ്രദേശത്തുള്ള മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യം ഇവിടെ കൊണ്ടു വന്ന് വിറ്റ്വരുന്നു. സർക്കാരിന്റെയോ സ്വകാര്യ വ്യക്തികളുടേയോ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ ഇവിടെയില്ല. ഈ കൃഷിയിൽ താല്പര്യമുള്ളവർ ഇതിന്റെ സാദ്ധ്യതകളേക്കുറിച്ചുള്ള ആശങ്ക കാരണം ഈ കൃഷി ആരംഭിക്കുന്നതിന് അറച്ചു നിൽക്കുന്നു. എന്നാൽ മത്സ്യം വളർത്താൻ കഴിയുന്ന പഞ്ചായത്ത് വക ചാലുകളും കുളങ്ങളും ഇവിടെയുണ്ട്. അവയിൽ വളരുന്ന മത്സ്യം പിടിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കുകയല്ലാതെ മത്സ്യം വളർത്തുന്നതിനുള്ള യാതൊരു സംരംഭവും ഇവിടെ തുടങ്ങിയിട്ടില്ല.

പ്രശ്നങ്ങൾ

1 ഒന്നാം വാർഡിൽ കണ്ണങ്കാട്ടു താഴെയുള്ള നിലം മത്സ്യ കൃഷിക്ക് ഉപയുക്തമാണ്. അത് ഉപയോഗപ്പെടുത്തിയിട്ടില്ല.

2. കണിയാഞ്ചിറ കുളം (4ാം വാർഡ്) ഇറിഗേഷന് വേണ്ടി നിർമ്മിച്ചതാണെങ്കിലും ആപ്രയോജനം അത് നിറവേറ്റിയിട്ടില്ല അത് മത്സ്യം വളർത്തലിന് യോജിച്ചതാണ്. ആ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടില്ല.

3. തൈക്കുഴി കുളത്തിലും (വാർഡ് 5) പൂക്കച്ചാലിലും (വാർഡ്6) മത്സ്യകൃഷിക്ക് സാധ്യതയുണ്ട് അത് ഉപയോഗപ്പെടുത്തിയിട്ടില്ല.

4. തടത്തുവയൽ(വാർഡ് 5) ചാങ്ങപ്പാടം ചാൽ (വാർഡ് 9)പാറക്കുളം(വാർഡ് 11) എന്നിവയിലെ മത്സ്യ കൃഷിക്കുള്ള അനുകൂലത ഉപയോഗപ്പെടുത്തിയിട്ടില്ല.

സാദ്ധ്യതകൾ

1. വ്യാവസായിക അടിസ്ഥനത്തിൽ മത്സ്യകൃഷി നടത്താൻ തയ്യാറുള്ള കാര്യം സംരംഭകരേയും, നിലം ഉടമകളേയും കണ്ടത്തിൽ അവർക്ക് മത്സ്യകൃഷിക്ക്, പ്രോത്സാഹനവും ധനസഹായവും സാങ്കേതിക ഉപദേശവും ലഭ്യമാക്കുക.

2. ഒന്നാം വാർഡിലെ കണ്ണാങ്കാട്ട്നിലം കണിയാൻ ചിറയിലെ വലിയകുളം (വാർഡ്4) തൈക്കുഴകുളം (വാർഡ് 5) തടത്തു വയൽ (വാർഡ് 5) പൂക്കച്ചാൽ(വാർഡ് 6) പാറക്കുളം (വാർഡ് 11) ചാങ്ങപ്പാടം ചാൽ (വാർ ഡ് 9) ഇവ ആഴം കൂട്ടി പണികഴിപ്പിച്ച് പഞ്ചായത്തിൽനിന്നും നേരിട്ടോ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയോ മത്സ്യ കൃഷി നടത്തുക.

3. മത്സ്യവിപണനം നടത്തുന്നവർക്ക് വാഹനങ്ങൾ (സൈക്കിൾ) വാങ്ങുന്നതിന് ധനസഹായം നൽകുക.

4. ഒരു കൃഷി മാത്രം ഇപ്പോൾ നടത്തുന്ന ഇരുപ്പ് നിലങ്ങൾ, ചതുപ്പ് നിലങ്ങൾ ഇവ മത്സ്യ കൃഷിക്ക് ഉപയുക്തമാക്കുക.



3

വിദ്യാഭ്യാസം

ത്തിരിയാരും അറിഞ്ഞിട്ടില്ലെങ്കിലും ഏറെ നമ്മുക്കഭിമാനിക്കാവുന്ന ഒരു മഹദ് വ്യക്തിയും നമ്മുടെ പഞ്ചായത്തിൽ ജീവിച്ചിരുന്നു. പെരിങ്ങാല മുകളശ്ശേരിയിൽ കുടുംബത്തിലെ അംഗവും ഗവൺമെന്റ് പ്ലീഡറും പിൻകാലത്ത് അഡമിനിട്രേറ്റീവ് ഓസീസർ തസ്ഥികയിലേക്ക് ഉയർത്തപ്പെട്ട ആളുമായ അഡ്വക്കറ്റ് നാരായണപ്പണിക്കരാണ വ്യക്തി. അദ്ദേഹം ഔദ്യോഗിക പ്രവർത്തനവുമായി ബന്ധപ്പെട്ട് കോട്ടയത്തായിരുന്നു താമസം. ഉഴവൂർക്കാരനായ നാരായണൻ എന്നു പേരായ ഒരു അധഃസ്ഥിത വിദ്യാർത്ഥി അന്നു കോട്ടയത്ത് ഇന്റർമീഡിയറ്റിനെ പഠിച്ചിരുന്നു. ഏറെ ദാരിദ്ര്യം അനുഭവിച്ചിരുന്ന ഒരു കുടുംബത്തിലെ അംഗമെന്നനിലയിൽ യാത്ര ചിലവിനും ഭക്ഷണത്തിനും ഏറെ ബുദ്ധിമുട്ടിയിരുന്നു. അക്കാലത്താണ്അഡ്വഃ നാരായണപ്പണിക്കരുടെ അടുക്കൽ സഹായത്തിനായി ചെല്ലുന്നുത്. പണിക്കരുടെ സഹായത്തോടെ ഇന്റർമീഡിയറ്റ് പാസായ ആ കുട്ടി നെഹ്രുവിനെ പിരിചയപ്പെടുകയും പിന്നീട് ലോകമറിയുന്ന വ്യക്തിയായി മാറുകയും ചെയ്തു. അദ്ദേഹമാണിത്തെ ഇന്ത്യൻ ഉപരാഷ്ട്രപതിയും മലയാളിയുമായ ശ്രീ. കെ.ആർ.നാരായണൻ. (അഡ്വ.പണിക്കരെ കണ്ടുമുട്ടിയ സംഭവം തന്റെ ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു എന്നെ സിലോണിലെ ഇന്ത്യൻ അബാംസിഡറായിരുന്ന കാലത്ത് പങ്ങൾക്ക് കൊടുത്ത അഭിമുഖത്തിൽ ശ്രീ .കെ. ആർ. നാരായണൻ എടുത്തു പറഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽത്തന്നെയാനിൽക്കുന്നത്. പന്ത്രണ്ട് എൽ. പി സ്ക്കുളും ഒരു യൂ. പി. സ്കുളും ഒരു ഹൈസ്സ്കൂളും ഒരു വി. എച്ച്. ഏസ്സ് എസും ഒരു പ്രീപ്രൈമറി സ്ക്കുളും അംഗീകാരമില്ലാത്ത മൂന്ന് പ്രൈമറി സ്ക്കൂളും അൺഎയിഡഡ് അൺറെക്കക്ഗ്നൈസ്ഡ് സ്ക്കുളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു (പട്ടിക നോക്കുക) ഈ സ്ഥാപനങ്ങളിൽ എല്ലാം കൂടി 4401 കുട്ടികളാണ് പഠിക്കുന്നത്.

LPസ്കൂളുകൾ

1. Govt: LPS കാരയ്കാട്
2. Govt: LPS കാരയ്കാട് - മുടിക്കുന്ന്
3. Govt: SNDP ,LPS കാരയ്കാട്
4. Govt: KV LPS കാരയ്കാട് നോർത്ത്
5. Govt:LPS മുളക്കുഴ
6. Govt:LPS അരീക്കര
7. Govt:LPGS അരീക്കര
8. Govt: SVLPS പെരിങ്ങാല
9. CMS LPS കൊഴുവല്ലൂർ
10 SNDP LPS കൊഴുവല്ലൂർ
11. പിരളശ്ശേരി LPS
12. MD LPSപുത്തൻകാവ്
13 SNDP UPS അരീക്കര
14 Govt: VHSS മുളക്കുഴ
15 SHVHS കാരയ്ക്കാട്
16. St: ഗ്രിഗോറിയോസ് റസിഡൻഷ്യൽ ആൻഡ് പബ്ലിക് സ്കൂൾ മുളക്കുഴ
17. മാനവോദയം ഇംഗ്ലീഷ് മീഡിയം സ്കൂൾ മുളക്കുഴ
18 MKM നഴ്സറി ആൻഡ് പ്രൈമറി സ്കൂൾ കാരയ്കാട്
19. St: മേരീസ് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ പിരളശ്ശേരി മുളക്കുഴ

പഞ്ചായത്തിൽ കാരയ്ക്കാട് നോർത്ത് K.V. L.P.Sൽ മാത്രമാണ് പ്രീപ്രൈമറി സ്ക്കുൾ പ്രവർത്തിക്കുന്നത്. 8 ആൺകുട്ടികളും 7 പെൺകുട്ടികളും അടക്കം 15 കുട്ടികളാണ് അവിടോയിള്ളത് കുറച്ചുവർഷം മുമ്പ്വരെ കുട്ടികളെ ഒന്നാം സ്റ്റാൻഡേർഡിൽ ചേർത്തിരുന്നത് കളരിയിൽ ചേർന്ന് അക്ഷരപഠനം പൂർത്തിയാക്കിയതിനുശേഷമായിരുന്നു. ഇതിനായി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ധാരാളം കളരികൾ ഉണ്ടാ

യിരുന്നു. എന്നാലിന്ന് കളരികൾ ഒരു പഴഞ്ചൻ ആശയമായി രക്ഷകർത്താക്കൾ കരുതുന്നുന്നാൽ ആ സ്ഥാനം കിന്റർഗാർട്ടൻ സ്ക്കുളുകൾ കൈയടക്കിയിരിക്കുകയാണ്. എങ്കിലും കളരികൾ അപൂർവ്വമായി ഇപ്പോഴും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്നും. ഗ്രാന്റുനൽകുന്ന കളരികളിലായി-70 കുട്ടികളാണ് അക്ഷരപഠനം നടത്തുന്നത്. വാർഷിക ഗ്രാന്റ് നമ്മുടെ പഞ്ചായത്തിൽ 1200 രൂപയാണ് കൊടുക്കുന്നത്. കളരിയാശാൻ മാരുടെ അക്ഷര ഉച്ചാരണം സംബന്ധിച്ച് അദ്ധ്യാപകർ പരാതിപറയുന്നുണ്ട്. എന്നിരുന്നാലും കുട്ടികളിൽ അക്ഷരബോധം ഉറപ്പിക്കുവാൻ കളരികൾക്ക് കഴിഞ്ഞിരുന്നു. ഇപ്പോഴും ഇവർ ചെയ്തു കൊണ്ടുകൊണ്ടിരിക്കുന്ന സേവനം വിസ്മരിക്കുവാൻ കഴിയുകയില്ല.

പഞ്ചായത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല. എന്നാലിപ്പോൾ ചെങ്ങന്നൂർ ബ്ലോക്കിൽ I.C.D.S പ്രോജക്ടിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും അങ്കണവാടികൾ സ്ഥാപിക്കുവാനുള്ള നീക്കങ്ങൾ ആഗംഭഭിച്ചുകളിഞ്ഞു അഞ്ചാംവാർഡിൽ ഒരു ബാലവാടി പ്രവൻത്തിക്കുന്നുണ്ട് കൂടാതെ സ്വകാര്യ വ്യക്തികൾ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി ഏഴോളം നെഴ്സറികൾ നടത്തിവരുന്നു. പലസ്ഥലത്തും കുട്ടികൾക്ക് കളിക്കുവാനാവശ്യമായ സ്ഥലം ഇല്ല. കുട്ടികൾ കളിയിലൂടെയാണ് പഠിക്കേണ്ടത് എന്നുള്ള കാഴ്ച്ചപ്പാടിന് ഈരീതി അഭികാമ്യമല്ല കൂടെതെ പാറയ്ക്കൽ ആശാൻമെമ്മേറിയൽ നെഴ്സറി ആന്റ് പ്രൈമറിസ്ക്കൂളിൽ മ്രലയാളം മീഡിയം) 56 കുട്ടികളും സെന്റ് മേറിസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ 58 കുട്ടികളും മാനവോദയം ഇംഗ്ലീം മീഡിയം സ്ക്കൂളിൽ 20 കുട്ടികളും പഞ്ചായത്തിലെ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന S.G.E.M. സ്ക്കുളിൽ 160 കുട്ടികളും പഠനം നടത്തിവരുന്നു ഇത്തരം സ്ഥാപനങ്ങളിലെ പഠനരീതിയിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാത് അതോടൊപ്പം രക്ഷകർത്താകളുടെ ചിന്താഗതിയിൽ മാറ്റം ഉണ്ടാകണം. കുട്ടികൾക്ക് കളികളിലൂടെയും പാട്ടുകളിലൂടെയും കണ്ടും കേട്ടുമാണ്പഠിക്കേണ്ടത് അടച്ചിട്ട മുറികളിൽ താരതമ്യേന ചൂടുകൂടുതലുള്ള കാലവസ്ഥയിൽ ഷൂസും, ടൈയും ധരിച്ച് ടീച്ചറിന്റെ വടിയോടുള്ള ഭയംമൂലം പാഠങ്ങൾ കാണപ്പാടം പഠിക്കുക മാത്രമാണ് കുട്ടികൾ ചെയ്തു വരുന്നത് കുട്ടികളുടെ മാനസീകമായ കഴിവുകൾ വികസിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ ഈസ്ഥാപനങ്ങളെ മാറ്റിയെടുക്കുവാൻ കഴിയണം.

പഞ്ചായത്തിലെ പന്ത്രണ്ടു L.P സ്ക്കുളുകളിലായി ആടെ 1323 കുട്ടികൾ (ആൺകുട്ടികൾ 668 പെൺകുട്ടികൾ 655) പഠനം നടത്തുന്നു.8 സ്ക്കുളുൾ സർക്കാർ മേഖലയിലും നാലുസ്ക്കുളുകൾ സ്വകാര്യമേഖലയിലുമാണ് പ്രവർത്തിക്കുന്നത് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് മുളക്കുഴ G.V.H.S സ്ക്കുളിലാണ് 17 കുട്ടികൾ മാത്രം പഠിക്കുന്ന പുത്തൻകാവ് M.D.L.P.S.ആണ് പഞ്ചായത്തിൽ ഏറ്റവും കുറച്ച് കുട്ടികൾപഠിക്കുന്നത്. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് L.P വിഭാഗത്തിൽ കൊഴുവല്ലൂർ C.M.S L.P.S ആണ് പഞ്ചായത്തിൽ അരീക്കര S.N.D.P U.P.S മാത്രമാണ് U.P. വിഭാഗത്തിൽ ഏക സ്ക്കൂൾ കൂടാതെ കാരയ്ക്കാട് S.N.D.P L.P.S അഞ്ചാം സ്റ്റാൻഡേർഡു വരെ മുളക്കുഴ G.V.H.S.Sലും കാരയ്ക്കാട് S.H.V.H.Sലും U.Pവിഭാഗം പ്രവർത്തിക്കുന്നുണ്ട് U.P വിഭാഗങ്ങളിൽ 536 ആൺകുട്ടികളും 527 പെൺകുട്ടികളുമടക്കം ആകെ 1063 കുട്ടികൾ പഠനം നടത്തുന്നു.ഒരു സർക്കാർ ഹൈസ്ക്കൂളും ഒരു സ്വകാര്യ ഹൈസ്ക്കൂളും ഒരു ആൺയ്ഡെഡ് ആൺറെക്കഗനൈസ്ഡ് സ്ക്കൂളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു ആൾകുട്ടികൾ 207 പെൺകുട്ടികൾ 639 അടക്കം 1406 കുട്ടികൾ ഹൈസ്ക്കൂൾ വിഭാഗത്തിൽ പഠിക്കുന്നു.പഞ്ചയത്തിലെ 15 സ്ക്കൂളുകളായി 124 ആദ്ധ്യാപകർ ജോലിചെയ്യുന്നു. ഇതിൽ T.T.C ക്കാർ 65 B.Ed കാർ 59 3 മലയാള വിദ്വാൻമാരും ഒരു P.D.C പെഡഗോഗി യോഗ്യതയുള്ളയാളും ഉണ്ട് കൂടാതെ P.G യുള്ള10 പേരും ജോലിനോക്കിവരുന്നു ഒരു സ്ക്കൂളുകളിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നില്ല. ആകെ അദ്ധ്യാപകരിൽ 95% ശതമാനവും അദ്ധ്യാപികമാരാണ്. ഇന്നത്തെ നമ്മുടെ കുടുംബ അന്തരീക്ഷത്തിൽ വീട്ടുകാര്യം പൂർണ്ണമായും വീട്ടമ്മമാരുടെ മേൽനോട്ടത്തിലായതിനാൽ പഠിപ്പിക്കുവാൻ വേണ്ട അറിവ് അദ്ധ്യാപികമാർക്കുണ്ടെങ്കിലും വീട്ടിലെ ജോലിത്തിരക്കിനിടയിൽ അധികവായനയ്ക്കോ പാഠഭാഗങ്ങൾ പഠിപ്പിക്കുവാനാവശ്യമാവ തയ്യാറെടുപ്പ് നടത്തുവാനോ കഴിയില്ലെന്ന അഭിപ്രായപ്പെടുന്ന നല്ലൊരു ശതമാനം രക്ഷിതാക്കൾ ഉണ്ട്. പല ഗ്രാമസഭകളിലും ഇത്തരത്തിലുള്ള ചർച്ച ഉയർന്ന് വന്നിട്ടുണ്ട് ഇത് പരിഹരിക്കുവാൻ കൂടുതൽ ഇൻസർവ്വീസ് ട്രെയിനിംഗ് നൽകുന്നത് നല്ലതാണ്. അദ്ധ്യാപകരിൽ 56 പേർ പഞ്ചായത്തിന് പുറത്ത് താമസിക്കുന്നവരാണ് എന്നാൽ വളരെ ദൂരെയുള്ളവരുടെ സംഖ്യാതീരെച്ചെറുതാണ്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പഞ്ചായത്തിൽ 30:1 ആണ് സംസ്ഥാന അനുപാതം 40:1 ആണ് ഇക്കാര്യത്തിൽ സംസ്ഥാന ശരാശരിയേക്കാൾ നാം മുൻപിലാണ്. സ്പെഷിലിസ്റ്റ് അദ്ധ്യാപകരുടെ കാര്യത്തിൽ സർക്കാർ അനുവർത്തിച്ചു വന്നിരുന്ന നയം



ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. L.P സ്ക്കൂളുകളിൽ സ്പെഷ്യലിസ്റ്റ് തസ്തിക തന്നെ ഇപ്പോഴില്ല. യു.പി. എച്ച്. എസ് തലങ്ങളിൽ ഇന്നുള്ള തസ്തികളിൽ ജോലി ചെയ്യുന്നവർ വിരമിച്ചാൽ പുതിയതായി ആരെയും ആ തസ്തികയിൽ നിയമിക്കാതെ അബോളിഷ് ചെയ്യുന്ന രീതി നമ്മുടെ ദേശീയ വിദ്യാഭ്യാസ നയത്തിനു തന്നെ വിരുദ്ധമാണ് ഇതിനു മാറ്റം ഉണ്ടാകണം.

കലാകായിക രംഗങ്ങളിൽ പഞ്ചായത്തിലെ കുട്ടികൾ വളരെ പിന്നിലാണെന്നുതന്നെ പറയാം. ഇളം പ്രായത്തിൽ തന്നെ പ്രതിഭകളെ കണ്ടെത്താൻ കഴിയുന്നില്ല. സ്ക്കൂൾ യുവജോനോത്സവങ്ങളിൽ കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ കഷ്ടിച്ച് ജില്ലാതലംവരെ മാത്രമാണ് കുട്ടികൾ പങ്കെടുത്തിട്ടുള്ളത് സംസ്ഥാന തലത്തിൽ സമ്മാനർഹരായവർ ഈ പഞ്ചായത്തിൽ ഇല്ലന്ന് തന്നെ പറയാം ഈ രംഗത്ത് പഞ്ചായത്തിന് ഫലപ്രദമായി എങ്ങനെ ഇടപെടാൻ കഴിയും എന്ന് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. ഇതിന് കഴിയുന്ന എന്തൊക്കെ പരിപാടികൾ നാം ആവിഷ്ക്കരിക്കണം പഞ്ചായത്തിലെ 2 ഹൈസ്ക്കൂളുകളിലായി 2 കായികാദ്ധ്യാപകരും ഒരു ചിത്രകലാദ്ധ്യാപകനുമുണ്ട്.

കുട്ടികളിൽ ചെറുപ്രായത്തിൽ തന്നെ ശാസ്ത്ര അഭിരുചിയുണ്ടാക്കുവാൻ ശാസ്ത്രസാഹിത്യ പരിക്ഷത്ത് ആവിഷ്ക്കരിച്ച സയൻസ് ക്ലബ്ബുകൾ പിന്നീട് വിദ്യാഭ്യാസ വകുപ്പിന്റെ മേൽ നോട്ടത്തിൽ മാറ്റുകയുണ്ടായി എന്നാൽ ഇന്ന് ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ 2 ഹൈസ്ക്കൂളുകളിലും പേരിന് മാത്രം ഓരോ സയൻസ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട് ഇതിന്റെ പ്രവർത്തനരീതിയിൽ മാറ്റം വരുത്തണം. ശാസ്ത്രഅഭിരുചിയുള്ള സമീപ വാസികളെക്കൂടി ഉൾപ്പെടുത്തുകൊണ്ട് സയൻസ് ക്ലബ്ബ് പുനഃസംവിധാനം ചെയ്യണം. പ്രതിമാസം യോഗം നിർബന്ധമാക്കണം. കൂടാതെ L.P. U.Pകുട്ടികളേക്കൂടി ക്ലബ്ബുകളുടെ പരിധിയിൽ കൊണ്ടുവരണം. വർഷത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്ത് തലത്തിൽ ശാസ്ത്രപ്രദർശനം സംഘടിപ്പിക്കണം. ഈ പ്രദർശനങ്ങൾക്ക് കുട്ടികളുടെ ഏതെങ്കിലും ഒരു പ്രൊജകറ്റ് നിർബന്ധമാക്കണം. ഇന്ന് വിദ്യാസവകുപ്പ് നടത്തുന്ന ശാസ്ത്രമേള കുറച്ച്കൂടി ഗൗരവതരവും ജീവിതഗന്ധിയും ആക്കി മാറ്റുവാൻ ഇതിലൂടെ കഴിയും.

കുട്ടികൾക്ക് പ്രകൃതിയോടും കാർഷിക വൃത്തിയോടും താല്പര്യമില്ലാതായി വരികയാണ്. വരും കാലത്ത് ഇന്ത്യയേപ്പോലുള്ള ഒരു മൂന്നാം ലോക രാജ്യത്തിന് ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ പിന്നോക്കം പോകേണ്ടിവരും. സ്ക്കൂൾ കോളേജ് കാലഘട്ടം കഴിയുന്നവർ സർക്കാർ ഗുമസ്തപ്പണിയിലാണ് നോട്ടം. കാർഷിക വൃത്തി മാന്യതയില്ലാത്തതാണെന്നുള്ളത ഒരു ചിന്താഗതിയാണ് ഇതിന് കാരണം. അതോടെപ്പം പ്രകൃതിയേ മുറിവേൽപ്പിച്ച് കൊണ്ടുള്ള വികസനം ഭാവിയിൽ നമ്മുടെ ജീവിതത്തിന്റെ താളംതെറ്റിക്കും. സ്ക്കൂളികളിൽ കാർഷിക നേച്ചർ ക്ലബ്ബുകൾ രൂപീകരിക്കുകയും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുകയും സ്ക്കൂൾവളപ്പിൽ പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുകയും വിളമത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാൻ കഴിഞ്ഞാൽ കുട്ടികൾക്ക് ചെറുപ്രായത്തിൽ തന്നെ പ്രകൃതിയോടും കാർഷിക വൃത്തിയോടും താല്പര്യം ഉണ്ടാക്കിയോടുക്കുവാൻ സാധിക്കും തീരെപിന്നോക്കം നിൽക്കുന്ന കുട്ടികളിൽ അക്ഷരജ്ഞാനം കുറഞ്ഞ് വരുന്നത് നാം ഗൗരവമായി കാണണം L.P U.P സ്ക്കൂളുകളിലെ 3,4 ക്ലാസ്സുകളിലെ കുട്ടികൾക്ക് അക്ഷരബോധം ഉറപ്പിക്കുന്നതിനു വേണ്ടി 'അക്ഷരജ്യോതി' എന്ന പരിപാടി പഞ്ചായത്തിന്റെ നേതൃത്തിൽ ഈ വർഷം നടത്തുകയുണ്ടായി. കേരള ശാസ്ത്ര സാഹിത്യപരിക്ഷത്തും അരീക്കയ യൂണിറ്റും ചെങ്ങന്നൂർ ഡയറ്റും സംയുക്തമായിട്ടാണ് ഈ പരിപാടി സംഘടിപ്പിച്ചത് 51 ദിവസം കൊണ്ട് ഈ ലക്ഷ്യത്തിന്റെ നേട്ടം കൈവരിക്കത്തക്ക രീതിയിലാണ്. അദ്ധ്യാകരുടെ പൂർണ്ണമായ സഹകരണം കിട്ടിയിരുന്നു. പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ വീഴ്ച വന്നതു മൂലം ചില പാളിച്ചകൾ ഉണ്ടായി പഞ്ചായത്തിലെ സ്ക്കൂളുകളിലെ കഴിഞ്ഞ മൂന്ന വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം പിന്നോട്ടാണ് ഇതു പരിഹരിക്കുന്ന കാര്യത്തിൽ മുൻഗണന നൽകണം. പഠനം ആകർഷകമാക്കുവാനും അദ്ധ്യാപകരുടേയും കഴിവുകൾ പരസ്പരം പങ്കുവെയ്ക്കുകയും ലൈബ്രറി, ലാബ് സൗകര്യങ്ങൾ കൈമാറുക എന്നിവ ലക്ഷ്യമാക്കി കൊണ്ട് ആവിഷ്ക്കരിച്ച സ്ക്കൂൾ കോപ്ലക്സ് പരിപാടി ഒരു ഹൈസ്ക്കൂൾ കേന്ദ്രമാക്കികൊണ്ട്മറ്റു മുഴുവൻ സ്ക്കൂളുകളേയും ബന്ധിപ്പിച്ച് കൊണ്ട്. പ്രാവർത്തികമാക്കണം. കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം പരിശോധിച്ചാ ുളക്കുഴ ഗവൺമെന്റ് വോക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ 1991-92 ലെ 49% റിസൽട്ട് പിന്നീട് നിലനിർത്താൻ കഴിഞ്ഞിട്ടില്ല. അല്പം ആശ്വാസം 1994-95ലെ 48%റിസൽട്ട് മാത്രമാണ് താരതമ്യേന സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽനിന്നുള്ള കുട്ടികളാണ് ഈ സ്ക്കൂളിൽ പഠിക്കുന്നത്. അവർക്ക് പഠനത്തിനാവശ്യമായ സൗകര്യം സംഘടിപ്പിച്ച് നൽകുകയും ആത്മവിശ്വാസം ഉണ്ടാക്കി കൊടുക്കുകയും

ചെയ്താൽ സ്ഥിതി കുറേക്കൂടി മെച്ചപ്പെടും ഇത് അദ്ധ്യാപകരും, അദ്ധ്യാപക രക്ഷകർത്തൃസമിതിയും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തണം.

കാരയ്ക്കാട് എസ്.എച്ച്.വി.എച്ച്.എസ്സിൽ 1991-92ലെ 49 ശതമാനം റിസൽട്ടിൽ നിന്ന് വർദ്ധനയുണ്ടായി എങ്കിലും 56 ശതമാനം എന്നത് അത്ര മെച്ചമായ റിസൽട്ടാണെന്ന പറയാൻ കഴിയുകയില്ല.

രണ്ട് സ്ക്കൂളിലും സമരങ്ങൾ മൂലം സാധ്യായ ദിവസങ്ങൾ മുടങ്ങിയത് എതാണ്ട് തുല്യമാണ്. ഏറ്റവും കൂടുതൽ വിദ്യാർത്ഥിസമരം അരങ്ങേറിയത് 94-95 വർഷമായിരുന്നു. ആകെയുള്ള 15 സ്ക്കൂളുകളിൽ 5 സ്ക്കൂളുകളിൽ വൈദ്യുതിയില്ല. കാരയ്ക്കാട് ഗവൺമെന്റെ L.P.S. ൽ മൂത്രപ്പുരയില്ല ഏതാണ്ട് എല്ലാ സ്ക്കൂളുകളിലും ഇപ്പോഴുള്ള മൂത്രപ്പുരകൾ തീരെ അപര്യാപ്തമാണ് കക്കൂസ് ഇല്ലാത്തതായി ഏഴ് സ്ക്കൂളുകളാണുള്ളത് ഉള്ളവ ഉപയോഗക്ഷമല്ല. അഞ്ച് സ്ക്കൂളുകളിൽ പ്രത്യേകം പാചകമുറിയില്ല. എൽ.പി. സ്ക്കൂളുകളിൽ കുടിവെള്ളത്തിന് കിണറുകളേയാണ് ആശ്രയിക്കുന്നത്. അരീക്കര എൽ.പി.ജി.എസ്. ഇപ്പോഴും ഓലഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. പഠന ഉപകരണങ്ങളില്ലാത്ത് സ്ക്കൂളുകളാണ് കൂടുതലും. ലൈബ്രറികൾ പ്രവർത്തനക്ഷമമല്ല. കുട്ടികളിൽ വായനാശീലം വളർത്താനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം. പി. റ്റി. എയും മദർ പി. റ്റി. എയും ക്ലാസ്സ്റൂം പി. റ്റി. എയും കാര്യക്ഷമമാകണം.

മുളക്കുഴ വി.എച്ച്.എസ്.എസ്സിൽ രണ്ട് തൊഴിലധിഷ്ഠിതകോഴ്സ് നടത്തുന്നുണ്ട്. ഓരോ വർഷവും 25 കുട്ടികൾക്ക് വീതമാണ് പ്രവേശനം കൂടാതെ കമ്പ്യൂട്ടർ പഠനത്തിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.

കോളജ് പഠനത്തിന് ആശ്രയിക്കുന്നത് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ്, ആലാ എസ്.എൻ കോളജ്. പന്തളം എൻ.എസ്.എസ്. കോളജ് തുടങ്ങിയവയേയാണ്.

മുളക്കുഴ ഫിനിക്സ് കോളജ് മാത്രമാണ് നമ്മുടെ പഞ്ചായത്തിലെ ഏക പാരലൽ കോളജ് കൂടാതെ ട്യൂട്ടോറിയൽ കോളജായി വി.ജെ.പി കോളജ് മുളക്കുഴ, നാഷണൽ കോളജ് കാരയ്ക്കാട് എന്നിവയും മൂന്ന ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും പരിമിതമായ തോതിൽ ഡി. റ്റി. പി കോഴ്സ് നടത്തുന്ന പിഗ്മെന്റ്സ് കമ്പ്യൂട്ടേഴ്സ് എന്നിവയും മുളക്കുഴയിലുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഇതുവരെ നേടിയ നേട്ടങ്ങൾ നിലനിർത്താനും മുന്നോട്ടു കൊണ്ടുപോകാനും അദ്ധ്യാപകരും, വിദ്യാർത്ഥികളും,രക്ഷിതാക്കളും, സർക്കാരും കൈകോർത്ത് പിടിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. അതിനായി നമുക്ക് ഒത്തൊരുമിച്ച് ശ്രമിക്കാം.

പ്രശ്നങ്ങൾ

1. ബാലവാടി, അംഗൻവാടി, ശിശുവിഹാർ എന്നിവയുടെ പോരായ്മയുണ്ട്.
2. പെരിങ്ങാല എസ്.വി.എൽ.പി.എസ് യു.പി.എസ് ആയി ഉയർത്തണം.
3. സ്ക്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തയുണ്ട്.
4. കായിക പ്രവർത്തനങ്ങൾക്ക് സൗകര്യം ലഭിക്കുന്നില്ല.
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം ലഭ്യമാക്കണം.
6. കുടിപ്പള്ളിക്കൂടങ്ങൾക്ക് ലഭിക്കുന്ന ധസഹായം അപര്യാപ്തമാണ്.
7. മുളക്കുഴ ഹൈസ്ക്കൂളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കണം.
8. പാഠപുസ്തകങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നില്ല.
9. സാക്ഷരതാ പരിപാടി നിർജ്ജീവമാണ്.
10. മുടിക്കുന്ന എൽ.പി.എസിലെ പടികൾ തകരാറിലാണ്.
11. കാരയ്ക്കാട് ഹൈസ്ക്കൂളിൽ തൊഴിൽ അധിഷ്ഠിത കോഴ്സ് തുടങ്ങുവാനുള്ള സാധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല. നല്ല സ്റ്റേഡിയവുമില്ല.
12. എൽ.പി. സ്ക്കൂളുകളിൽ മുറികൾ പ്രത്യേകം തിരിച്ചിട്ടില്ല.
13. ഒമ്പതാം വാർഡിലെ കുട്ടികൾക്ക് ഹൈസ്ക്കൂൾ പഠനത്തിനായി 8കി.മി വരെ യാത്ര ചെയ്യേണ്ടതായി വരുന്നു.
14. പത്താം വാർഡിൽ പാരലൽകോളജ് ഇല്ല.
15. കുട്ടികളിൽ നിരക്ഷരത കൂടുന്നു.

സാധ്യതകൾ

1. പെരിങ്ങാല എസ്.വി.എൽ.പി.എസ്. യു.പി.എസ് ആയി ഉയർത്തുക.
2. സാധ്യമായ സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികളും യൂണിഫോറവും നല്കുക.
4. കുടിപ്പള്ളിക്കൂടം ആശാൻമാർക്കുള്ള ധനസ



ഹായം വർദ്ധിപ്പിക്കുക.

5. സ്ക്കൂൾ കോപ്ലംക്സ് പരിപാടി നടപ്പിലാക്കുക.
6. സ്ക്കൂളുകൾക്ക് ചുറ്റുമതിലും പ്രത്യേകമുറികളും പഠനസാമഗ്രികളും പ്രാഥമിക സൗകര്യങ്ങളും ലഭ്യമാക്കുക
7. പാഠപുസ്തകങ്ങൾ കൃത്യസമയത്ത് വിതരണം നടത്തുക.
8. സ്പെഷിലിസ്റ്റ് തസ്തിക നിലനിർത്താൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.
9. പി.റ്റി.എ കാര്യക്ഷമമാക്കാൻ പരിപാടി ആവിഷ്ക്കരിക്കുക.
10. ഒരു ജെ.റ്റി.എസ് സ്ഥാപിക്കുക.

സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം			35%ൽതാഴെ മാർക്ക് വാങ്ങിയവർ	50%ൽ താഴെ മാർക്ക് വാങ്ങിയവർ	50%ൽ മുകളിൽ മാർക്ക് വാങ്ങിയവർ	STD:III IV
	ആൺ	പെൺ	ആകെ				
കാരയ്ക്കാട് നോർത്ത്							
KV LPS	42	42	84	9	15	25	49
SNDP LPS കാരയ്കാട്	60	30	90	25	8	19	52
മുടിക്കുന്ന് LPS	37	65	102	31	4	67	102
LPS കാരയ്കാട്	75	93	168	3	6	89	98
Govt:LPS അരീക്കര	44	31	75	10	16	29	55
LPS അരീക്കര	58	61	119	20	11	29	10
Govt:LPS മുളക്കുഴ	98	82	180	6	19	66	91
SV LPS പെരിങ്ങാല	101	97	198	26	21	51	198
LPS പിരളശ്ശേരി	21	31	52	1	2	9	12
MVLPS മുളക്കുഴ	9	8	17	1	8	4	13
CMSLPS കൊഴുവല്ലൂർ	52	49	101	11	12	39	62
SNDP LPS കൊഴുവല്ലൂർ	71	66	137	26	26	16	68

സമഗ്ര വികസന രേഖ

പ്രാഥമിക സൗകര്യങ്ങൾ

സ്കൂൾ	വൈദ്യുതി	മൂത്രപ്പുര		കക്കൂസ്		പാചക മുറി	കുടിവെള്ളം	കെട്ടിടം മതിലും ഉണ്ടോ
		നിലവിൽ	വേണ്ടത്	നിലവിൽ	വേണ്ടത്			
GOVT. LPS കാരക്കൂട്	ഇല്ല	ഇല്ല	1	ഇല്ല	1	ഉണ്ട്	കിണർ	ഉണ്ട്
" " കാരയ്ക്കാട് [മുടിങ്ങൽ]	ഇല്ല	1	1	ഇല്ല	1	ഉണ്ട്	കിണർ	ഉണ്ട്
Govt	ഉണ്ട്	1	1	1	1	ഉണ്ട്	കിണർ ①	ഉണ്ട് ①
Govt KV-LPS കാരക്കൂട്	ഉണ്ട്	2	1	ഇല്ല	1	ഉണ്ട്	കിണർ	ഇല്ല ①
Govt L.P.S. മുളങ്കുഴ	ഉണ്ട്	1	1	1	1	ഇല്ല	കിണർ	ഉണ്ട്
Govt L.P.S ആനിക്കര	ഇല്ല	1	1	ഇല്ല	1	ഇല്ല	കിണർ	ഉണ്ട്
Govt. LPGS ആനിക്കര	ഇല്ല	1	1	ഇല്ല	1	ഇല്ല	ലഭ്യമല്ല.	കെട്ടിടം വേണം
Govt. GVLPS പെരിങ്ങോൾ	ഉണ്ട്	1	1	ഇല്ല	1	ഇല്ല	കിണർ	ഉണ്ട് ②
CMS LPS കൊഴുവല്ലൂർ	ഇല്ല	1	1	1	1	ഉണ്ട്	കിണർ	ഉണ്ട്
SNDP LPS കൊഴുവല്ലൂർ	ഉണ്ട്	2	-	ഇല്ല	1	ഉണ്ട്	കിണർ	ഉണ്ട് ②
തിരുശ്ശേരി L.P.S	ഉണ്ട്	1	-	1	1	ഉണ്ട്	കിണർ	ഉണ്ട് ②
MS LPS പുത്തൻകാവ്	ഇല്ല	1	-	1	-	ഇല്ല	ഇല്ല	ഉണ്ട്.
SNDP ആനിക്കര	ഉണ്ട്	2	-	1	1	ഉണ്ട്	കിണർ	ഉണ്ട്
GVHSS. മുളങ്കുഴ	ഉണ്ട്	3	1	3	2	ഉണ്ട്	പൈപ്പ്	ഉണ്ട്
SHVHS കാരക്കൂട്	ഉണ്ട്	2	2	2	1	ഇല്ല.	പൈപ്പ്	ഉണ്ട്

① മഴക്കാലത്ത് വെള്ളം കുടിക്കാൻ ഉപയോഗപ്രദമല്ല.

② മൂറികൾ പ്രത്യേകം നിർമ്മിച്ചിട്ടില്ല.



ദ്വിതീയ സൗകര്യങ്ങൾ

സ്കൂൾ	ചുറ്റുമതിൽ/ചെടികൾ/ചുറ്റുമതിൽ തുടങ്ങിയവ ഉണ്ടോ?	ലൈബ്രറി	ലാബ്	റേഡിയോ/ടി.വി. V.C.R പ്രദർശനം ഉണ്ടോ?	ഫർണിച്ചർ ആവശ്യത്തിന് മതിയാകുമോ	മാതൃ-സംഗമം P.T.A	കുടിവെള്ളം
Govt. LPS കാരക്കുടി	ഇല്ല.	ഉണ്ട്	ഉണ്ട്	ഇല്ല.	മതിയാകും	P.T.A സജീവം	ഇല്ല.
Govt. LPS കാരക്കുടി മുടിക്കുന്ന്	ഇല്ല.	ഉണ്ട്	ഉണ്ട്	റേഡിയോ	മതിയാകും	PTA സജീവം	ഇല്ല.
Govt. SNDP. LPS കാരയ്ക്കാട്	ഇല്ല	ഉണ്ട്	ഉണ്ട്	റേഡിയോ	മതിയാകും	മാതൃ:/PTA സജീവം	ഇല്ല.
Govt. KVLPS കാരയ്ക്കാട്	ഇല്ല.	ഉണ്ട്	ഇല്ല.	റേഡിയോ	ആവശ്യത്തിന് ഇല്ല	മാതൃ/PTA സജീവം	ഇല്ല.
Govt. LPS മുതുകുഴി	ഉണ്ട്	ഇണ്ട്	ഉണ്ട്	റേഡിയോ	മതിയാകും	മാതൃ/PTA സജീവം	ഇല്ല.
Govt LPS അരിക്കര	ഇല്ല.	ഉണ്ട്	ഇല്ല	ഇല്ല.	മതിയാകില്ല.	സജീവം	ഇല്ല.
Govt. SVLPS വെമ്പിക്കാല	ഉണ്ട്	ഇല്ല.	ഇല്ല.	റേഡിയോ	മതിയാകും	സജീവമല്ല	ഇല്ല.
CMS. LPS തെക്കുംവല്ലൂർ	ഇല്ല.	ഉണ്ട്	ഇല്ല.	റേഡിയോ	മതിയാകും	സജീവം	ഇല്ല
പിരപ്പൂഴി	ഇല്ല	ഉണ്ട്	ഇല്ല.	റേഡിയോ	മതിയാകും	സജീവം	ഉണ്ട്
MDLPS പുത്തൻകാവ്	ഇല്ല.	ഉണ്ട്	ഇല്ല	ഇല്ല.	മതിയാകും	-	ഇല്ല.
~~SH.AUUPS~~ SN.DPUPS അരിക്കര.	ഇല്ല.	ഉണ്ട്①	ഇല്ല.	റേഡിയോ	മതിയാകും	സജീവം	ഉണ്ട്
G.V. HS മുതുകുഴി	മതിലുണ്ട് ഗേറ്റില്ല.	ഉണ്ട്	ഉണ്ട് Projection Video/	~~ഇല്ല~~ Projection Video/ Audio	PTA സജീവം മതിയാവില്ല	PTA സജീവം	ഉണ്ട്
SHV HS കാരക്കാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	റേഡിയോ/ TV	മതിയാകും	PTA സജീവം	ഇല്ല.

① ② വാങ്ങാനുള്ള ഫീസ് മാത്രമല്ല.



അധ്യാപകരുടെ വിവരം

സ്കൂളിന്റെ പേര്	അനുവദിച്ച തസ്തിക	നിലവിലെ അധ്യാപകർ	കുറവ്	T.T.C	B.Ed	താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം		
GLPS കാരപ്പുറം	5	5	–	5	–	3	2	
GLPS കാരയ്ക്കാട് [മൂടി കൽ]	5	5	–	4	–	3	2	① Malayalam Vidwan
Govt SNDPLPS കാരയ്ക്കാട്	6	6	–	4	2	5	1	
Govt. KVLPS കാരയ്ക്കാട് നോർത്ത്	4	4	–	3	–	0	4	PDC അധ്യാപിക ①
G.L.PS മുതുകുഴ	6	6	–	6	–	4	2	
GLPS അതിരകം	4	4	–	4	–	4	–	
GLPGS അതിരകം	4	4	–	4	–	3	1	
Govt. SV.LPS തെക്കിനേടം	6	6	–	6	0	0	0	
CMS LPS തൊഴുവനാൽ	4	4	–	4	–	4	–	
SNDP LPS തൊഴുവനാൽ	4	4	–	4	–	4	–	
ചിറമുഗ്രേനി LPS	4	4	–	2	2	3	1	
MDLPS പുതനങ്കാവ്	4	4	–	4	–	2	2	
SNDP UPS അതിരകം			–	–		–		
GVHSS മുതുകുഴ	42	42	–	14	17		22	MEd I MSc J
SHVHS. കാരയ്ക്കാട്	26	26	–	1	38	19	19	

സമഗ്ര വികസന രേഖ

UPS

ക്ലാസ്	സ്കൂൾ	സ്ഥാപിച്ച വർഷം	നിലവിൽ കുടിവെള്ളം			35% താഴെയുള്ള കുടിവെള്ളം	50% വരെ	50% മുകളിൽ
			ആൺ	പെൺ	ആകെ			
VIII	SNDPUPS മാറഞ്ചേരി 2	1929	10	17	27	2	2	23
IX	SNDPUPS നന്നമുക്ക		55	72	127	60		
IV	GV HSS മുതുകുറ്റി		270	247	517	110	260	147
XI	SHVHS മാറഞ്ചേരി		201	191	392	77	284	31
	ആകെ		536	527	1063			
	ആശ്രമം പ്രൈമറി		12	20	32			
	മാനേജ്മെന്റ്							
	St Gregorians		83	73	156			

SSLC വിജയശതമാനം 2.1

	സ്കൂൾ	1991-92 %	1992-93 %	1993-94 %	1994-95 %	1995-96 %
(1)	GVHSS മുതുകുറ്റി	49%	38%	42%	48%	35%
(2)	SHVHS മാറഞ്ചേരി	49%	52%	57%	54%	56%

4

കുടിവെള്ളം

വളരെയേറെ ജലസ്രോതസ്സുകളും, താഴ്ന്നപ്രദേശങ്ങളും ഉണ്ടായിരുന്നിട്ടുകൂടി നമ്മുടെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വേനൽകാലത്ത് രൂക്ഷമായ കുടിവെള്ളദൗർലഭ്യം അനുഭവപ്പെടുന്നു എന്നുള്ളത് ഒരു വിരോധാഭാസമാണ്. പഞ്ചായത്തിലെ ഉയർന്നപ്രദേശങ്ങളിൽ എല്ലായിടത്തും വേനൽകാലങ്ങളിൽ ജലദൗർലഭ്യം ഉണ്ട്. പണ്ട് ധാരാളം കുറ്റിക്കാടുകളും, വൃക്ഷസമ്പത്തും ഉണ്ടായിരുന്ന ഈ സ്ഥലങ്ങളെല്ലാം തന്നെ ഇന്ന് കൃഷിയിടങ്ങളോ, റബ്ബർവിളകളോആണ്.ഈർപ്പം സംരക്ഷിച്ച് നിലനിർത്താനുള്ള മണ്ണിന്റെ കഴിവ് ഇതോടെ നഷ്ടമായി. ജനങ്ങൾക്ക് കുടിവെള്ളം എത്തിയ്ക്കാൻ ദീർഘവീക്ഷണത്തോടെയുള്ള പരിപാടികൾ പഞ്ചായത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടില്ല. 1983-ൽ ആരംഭിച്ച "കക്കുന്ന്മലയിൽ" ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തിൽനിന്നും ആവശ്യമായസ്ഥലം നൽകാൻ കഴിയാതിരുന്നതുമൂലം വർഷങ്ങളോളം മുടങ്ങിക്കിടന്നു. ഇപ്പോഴത്തെഭരണ സമിതി അധികാരത്തിൽ വന്നശേഷം, ഈ പദ്ധതി പു:നരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു എന്നത് ഒരു നേട്ടമായി വേണം കണക്കാക്കുവാൻ. ഇക്കാര്യത്തിൽ ചില സ്വകാര്യ വ്യക്തികളുടെ സംഭാവനകളും എടുത്തുപറയണ്ടതായിട്ടുണ്ട്. യഥാക്രമം 3.5-യും 0.5-യും സെന്റ് സ്ഥലം സൗജന്യമായി ഈ പദ്ധതിക്കുവേണ്ടി വിട്ടുതന്ന ശ്രീമാൻമാർ ധർമ്മരാജന്റെയും, വേലായുധന്റെയും പേര് ഈ സന്ദർഭത്തിൽ നാം ഓർക്കേണ്ടിയിരിക്കുന്നു അതുപോലെതന്നെ നടപ്പുവിലയുടെ പകുതിവിലയ്കു ബാക്കി സ്ഥലംതന്ന ശ്രീ. ദാമോദരൻ, ശ്രീ. പരമേശ്വരൻ സാർ എന്നിവരോടും, കാരയ്ക്കാട് SNDPശാഖായോഗം (പാറയ്ക്കൽ ഗുരുമന്ദിരം) ഭാരവാഹികളോടും നാം കടപ്പെട്ടിരിക്കുന്നു. ആവശ്യമായി വന്ന ബാക്കി 17-സെന്റ് സ്ഥലം വാങ്ങുവാൻ മുഴുവൻ തുകയും സംഭാവന നൽകിയ മറ്റ് വ്യക്തികളോടും നമ്മുടെ കടപ്പാട് നിസീമ്മാണ്. പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് പോകുന്നു എന്നതും വളരെതാമസിയാതെ പൂർത്തിയാകും എന്നതും കുടിവെള്ള പ്രശ്നത്തിന് ഒട്ടാക്കെ പരിഹാരം കാണാൻ സഹായിക്കും

നമ്മുടെ പഞ്ചായത്തിൽ 22കുളങ്ങൾ ഉണ്ട്. ഇതിന്റെ വിശദമായ വിവരണങ്ങൾ കൃഷിയും, ജല സേചനവും എന്നവിഭാഗത്തിൽ ചേർത്തിട്ടുണ്ട്. ഈ കുളങ്ങളിൽ പലതും നല്ല ഉറവ ഉള്ളവയാണ്. ചെറിയ തോതിൽ ജലസേചനത്തിനും മാത്രമാണ് ഈ കുളങ്ങൾ ഇന്ന് ഉപയോഗപ്പെടുത്തുന്നത്. ഇവ വികസിപ്പിച്ച് ശുദ്ധജലവിതരണത്തിനായിക്കൂടി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. 3-ാം വാർഡിൽ ശ്രീധരസ്വാമി സമാധിയോട് ചേർന്നുള്ള ഉറവവറ്റാത്തകുളംപോലെ സ്വകാര്യവ്യക്തികളുടേതായ ജലസ്രോതസ്സുകൾ പഞ്ചായത്തിന് ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ വേറെയും ഉണ്ട്. ഇവ വേണ്ട വിധത്തിൽ പു:നർനിർമ്മിച്ച് ഉപയോഗപ്പെടുത്താൻ സംവിധാനം ഉണ്ടാകണം.

പഞ്ചായത്തിന്റെ വകയായി പതിനേഴ് കുഴൽ കിണറുകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചു എങ്കിലും, ഇതിനായി ഉപയോഗിച്ച പൈപ്പിന്റെ മോശമായ നിലവാരം കാരണം വെള്ളത്തിൽ തുരുമ്പ്ചുവ ഉണ്ടാകുന്നതായും തന്മൂലം കുടിക്കുവാൻ യോഗ്യമല്ലെന്നും പൊതുവേ പരാതിയുണ്ട്.

പഞ്ചായത്തു വകപൊതു കുളങ്ങൾ	പൊതു കിണറുകൾ		കുഴൽ കിണറുകൾ
8	14	25	17

40%-ൽ താഴെ കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകളുള്ളൂ. ഇതിൽ തന്നെ പല കിണറുകൾക്കും ചുറ്റ്മതിലുകൾ ഇല്ല. മഴക്കാലത്ത് വെള്ളം ഒലിച്ചിറങ്ങി ഈ കിണറുകൾ മലീമസമാകുന്നുണ്ട്. സാമ്പത്തീക പരാധീനതയാണ് ചുറ്റ്മതിലുകൾ കെട്ടുന്നതിന് തടസ്സമാകുന്നത്. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സാമ്പത്തീക സഹായം നൽകി കിണറുകൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് നൽകുന്നകാര്യം പരിഗണിക്കേണ്ടതാണ്.

ഇടവപ്പാതിയും, തുലാവർഷവും നല്ല തോതിൽ ലഭിക്കുന്ന ഈ പഞ്ചായത്തിൽ മഴവെള്ളം തടഞ്ഞു

നിർത്തി ശുദ്ധജലവിതരണത്തിന് ഉപയോഗിക്കാൻ കഴിയുന്ന ഒരു പദ്ധതിയേപ്പറ്റി ഗൗരവമായി ചിന്തിക്കാവുന്നതാണ്. കുന്നുകളും, തടങ്ങളും നിറഞ്ഞ നമ്മുടെ പ്രദേശത്ത് ഇതിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ കഴിയും. കൂടാതെ മണ്ണൊലിപ്പും മഴവെള്ളം ഒലിച്ചുപോകുന്നതും തടയാൻ ''മൈക്രോവാട്ടർ ഷെഡ്'' പദ്ധതി പഞ്ചായത്ത് മുഴുവൻ നടപ്പിലാക്കാൻ കഴിഞ്ഞാൽ വേനൽകാലത്ത് കിണറുകൾ വറ്റിപ്പോകുന്ന പ്രവണത പൂർണ്ണമായും തടയാൻകഴിയും.

പ്രശ്നങ്ങളും സാദ്ധ്യതകളും

പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗം
1. നികരുമ്പുറം, കുറുമ്പുമല, പാലനില്ക്കുന്നതിൽ ഭാഗങ്ങളിൽ വേനൽകാലത്ത് അരകിലോമീറ്ററിലധികം വെള്ളത്തിനായി പോകണം.	താഴ്ന്ന പ്രദേശങ്ങളിൽ കിണറുകൾ കുഴിച്ച് നികരുമ്പുറം ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലസേചനസൗകര്യം ഉണ്ടാക്കുക. അഥവാ പഞ്ചായത്തിന്റെ ജലവിതരണ പദ്ധതി ഈ ഭാഗത്തേക്കുകൂടി വ്യാപിപ്പിക്കുക.
2. 250-ൽ അധികം കിണറുകൾ, ചരിവുപറമ്പ്, മാതിരംപള്ളി, പാലനിൽകുന്നതിൽ ഭാഗത്ത്, സൈഡ് കെട്ടാതിരിക്കുന്നതിനാൽ മഴക്കാലത്ത് മലിനജലം ഒലിച്ച് വൃത്തികേടാകുന്നു.	സൈഡുകെട്ടാൻ സാമ്പത്തീക സഹായം നൽകുക.
3.പിരളശ്ശേരി പള്ളിയ്ക് കിഴക്കുവശം, കിടങ്ങിൽപടി LPS-ന് വടക്കുവശം, കല്ലക്കാട്ടിൽപടി കടത്തച്ചേരി സ്കൂളിന് സമീപം എന്നിവിടങ്ങളിൽ വെള്ളത്തിന് ക്ഷാമമുണ്ട്.	പൈപ്പ്ലൈൻ സ്ഥാപിക്കുക. കുഴൽകിണർ നിർമ്മിക്കുക.
4. കൊടുവേലിച്ചിറ, കുറ്റിയിൽഭാഗം, ആലുമ്മൂട്, കൈപ്പൻമുകടി, കാഞ്ഞിരനിൽക്കുന്നതിൽ ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.	പഞ്ചായത്തിന്റെ ഇപ്പോഴുള്ള ജലവിതരണപദ്ധതി ഈപ്രദേശങ്ങളിൽകൂടി വ്യാപിപ്പിക്കുക. കുഴൽകിണറുകൾ കുഴിപ്പിക്കുക.
5. കോളനി പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു (വാർഡ്-4,11).	പൊതുകിണറുകൾ സ്ഥാപിക്കുക.
6. വലിയപറമ്പ്, പൂപ്പങ്കര, കോഴിമല, നായ്കൻമുകടി എന്നിവിടങ്ങളിൽ വേനൽകാലത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.	പൊതുകിണറുകൾ സ്ഥാപിക്കുകയും, ടാങ്കുകൾ കെട്ടി ജലവിതരണം നടത്താൻ സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.
7. 4-ാം വാർഡിൽ ജലക്ഷാമം ചില സ്ഥലങ്ങളിൽ അനുഭവപ്പെടുന്നു.	പൊതുകിണറുകൾ സ്ഥാപിക്കുക.
8. 7-ാം വാർഡിൽ മെയിൻറോഡ് വിട്ടുള്ള ഭാഗത്ത് കുടിവെള്ളക്ഷാമമുണ്ട്.	നിയുക്തശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം ഈ ഭാഗങ്ങളിൽ ലഭ്യമാക്കുക.

9. പട്ടങ്ങാട് LPS-നോട് ചേർന്നുള്ള കിണറ്റിൽ മഴക്കാലത്ത് മലിനജലം കയറുന്നു.	കിണറിന്റെ വശങ്ങൾ കെട്ടിക്കുക.
10. കാരിക്കുംകാലാ ലക്ഷംവീട് കോളനിയിൽ ജലക്ഷാമം അതിരൂക്ഷമാണ്.	ചാമച്ചിറ മൂലഭാഗത്തെ കുളം കെട്ടി ആ ജലം പമ്പ് ചെയ്ത് മുകളിൽ എത്തിച്ച് വിതരണം ചെയ്യുക.
11. 8-ാം വാർഡിൽ 10% കുടുംബങ്ങൾക്ക് കിണറില്ല.	നിയുക്ത ശുദ്ധജലവിതരണ പദ്ധതി എല്ലാ ഭാഗത്തും എത്തിക്കുക.
12. വാർഡിന്റെ ഉയർന്ന ഭാഗങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നു.	നിയുക്ത ശുദ്ധജലവിതരണ പദ്ധതി ആ ഭാഗങ്ങളിലേക്കുകൂടി പ്രയോജനപ്പെടുത്തുക. താഴ്ന്നപ്രദേശങ്ങളിൽ കുളങ്ങൾകുഴിച്ച് വെള്ളം ഉയർന്നപ്രദേശങ്ങളിലേക്ക് പമ്പ് ചെയ്ത് വിതരണം ചെയ്യുക.
13. 9,10 എന്നീ വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. നിയുക്ത ശുദ്ധജലപദ്ധതിയുടെ പ്രയോജനം വേണ്ടത്ര ഫലപ്രദമാകുകയുമില്ല.	നിയുക്ത ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം ഈ ഭാഗങ്ങളിൽ എത്തിക്കുക എന്നത് വേണ്ടത്ര ഫലപ്രദമാകാൻ സാദ്ധ്യതയില്ല. അതിനാൽ ഈ വാർഡുകൾ വെണ്മണി പഞ്ചായത്തിലെ പദ്ധതിയോട് ചേർക്കണം.ഉയരം കൂടിയ പ്രദേശങ്ങളിലേക്ക് വെള്ളം പമ്പുചെയ്യുകയറ്റുന്നതിന് ആവശ്യമായി വന്നാൽ പമ്പുസെറ്റുകൾ സ്ഥാപിക്കണം.
14. 11-ാം വാർഡിൽ കക്കുന്നുമല ഭാഗത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.	MC റോഡിന്റെ സൈഡിലും, പറങ്ങഴമോടിയിലും ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക.

പൊതുജനാരോഗ്യം

'ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ' എന്ന ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം നമ്മിൽ ഉണർത്തുന്ന ചിന്താശരണി വളരെയധികം സാമൂഹിക പ്രസക്തമാണ്. ശുദ്ധമായ വായുവും ഭക്ഷണവുംപോലെ തന്നെ പ്രധാനമാണ് ശുചിത്വമാർന്ന പാർപ്പിടവും. വികസന മേഖലകളിൽ മലയാളികൾ പുലർത്തുന്ന അലസഭാവം ആരോഗ്യപരിപാലനരംഗത്ത് നിലനില്കുന്നില്ല എന്നുള്ളത് ആശ്വാസകരമായ ഒരു വസ്തുതയാണ്. 1960 കളുടെ മധ്യത്തോടുകൂടിയാണ് പഞ്ചായത്തിൽ ആധുനിക ചികിത്സാലയങ്ങൾ ആരംഭിക്കുന്നത്. അതുവരെ ചില പാരമ്പര്യ വൈദ്യകുടുംബങ്ങളേയാണ് പ്രധാനമായും ചികിത്സക്കായി ജനങ്ങൾ ആശ്രയിച്ചിരുന്നത് അതുകൂടാതെ ചരടു ജപിച്ചു കെട്ടൽ, മന്ത്രം ജപിച്ചൂഴിയൽ, ഏലസ്സുകെട്ടൽ, വഴിപാടു നേരലുകൾ, തുടങ്ങി പ്രകൃതവും അശാസ്ത്രീയവുമായ മാർഗ്ഗങ്ങളും അവലംബിച്ചു പോരുന്നു.

1966 ൽ നിലവിൽവന്ന മുളക്കുഴ പ്രാഥമിക ആരോഗ്യകേന്ദ്രമാണ് ആദ്യമായി പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ആധുനിക ചിത്സാലയം ഇന്ന് ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയടക്കം ഏഴു പൊതുജനാരോഗ്യസ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമേ സ്വകാര്യമേഖലയിൽ അഞ്ച് അലോപ്പതി ചികിത്സാകേന്ദ്രങ്ങളും മൂന്ന് ഹോമിയോ ക്ലിനിക്കും രണ്ട് ആയുർവേദ വൈദ്യശാലകളും ഒരു പാരമ്പര്യ വിഷ ചികിത്സാകേന്ദ്രവും പ്രവർത്തിക്കുന്നു. എങ്കിലും പഞ്ചായത്തിലെ പൊതുജനാരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് പറയാൻകഴിയില്ല.

പഞ്ചായത്തിലെ പൊതുമരണനിരക്ക് 93-94 ൽ 4.27ഉം 1994-95 ൽ 3.8 ഉം ആയിരുന്ന 95-96 കാലത്ത് 3.8 ആയിത്തന്നെ നിലനിൽക്കുന്നതായി കാണാം കേരളത്തിലെ പൊതുമരണനിരക്കായ 5.9 ൽ കുറവാണിത് എന്നാൽ ശിശുമരണനിരക്ക് ഇതിലും കുറവാണെന്ന് കാണാം 92-93, 94-95 കാലത്ത് ഉണ്ടായിരുന്ന ശിശുമരണനിരക്ക് 1995-96 ൽ 2 ഉം ആയിത്തന്നെ നിലനിൽക്കുന്നു. കേരളത്തിന്റെ പൊതുമരണനിരക്കായ 16 ൽനിന്നും വളരെ താഴെയാണിത്. പ്രായപൂർത്തിയാവുന്നതിനുമുമ്പുള്ള ഗർഭധാരണവും പരിചരണത്തിൽ പോരായ്മകളുമാണ് ഈ മരണങ്ങൾക്കു കാരണം. മാതൃ മരണനിരക്ക് സംസ്ഥാന ശരാശരിയായ 1000 ന് 1 എന്നതിനേക്കാൾ താഴെയാണ് ഇവിടെ.

ജനന നിരക്കിന്റെ കാര്യത്തിൽ കൃത്യമായ വിവരം ലഭിക്കുക സാധ്യമല്ല. കാരണം പ്രസവങ്ങൾ പട്ടണങ്ങളിലെ ആശുപത്രികളിലാണ് നടക്കുന്നത് ആയതിനാൽ ജനനം പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല. എങ്കിലും ആരോഗ്യരക്ഷാ പ്രവർത്തകരോട് നടത്തിയ അന്വേഷണങ്ങളിൽ നിന്നും 1995-96ൽ 275 ജനനങ്ങൾ ആണ് ഉണ്ടായത്. അതായത് 1000 ത്തിന് 9 ആണിത് സംസ്ഥാന ശരാശരിയുടെ പകുതിയാണിത് 91 ലെ സെൻസസ് അനുസരിച്ച് ഇപ്പോൾ പഞ്ചായത്തിൽ 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 3700 ആണ് 6നും 12നും ഇടയിൽ 4000 ത്തോളം കുട്ടികളുണ്ട് 60 വയസ്സിനു മുകളിൽ 4150 ആൾക്കാരുമുണ്ട്.

പി. എച്ച് സെന്ററുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് അംഗവൈകല്യമുള്ളവർ 100ന് 2 ആണ് ഇതിൽത്തന്നെ അന്ധത, ബധിരത, മൂകത, ചലന വൈകല്യങ്ങൾ എന്നിവയുൾക്കൊള്ളുന്നു. പഞ്ചായത്തിൽ ക്ഷയം, കുഷ്ഠം, ക്യാൻസർ എന്നീരോഗങ്ങളുള്ള 25 ഓളം ആൾക്കാരുണ്ട്. 93 മുതൽ പഞ്ചായത്തിൽ നിലനില്കുന്ന ജലജന്യരോഗങ്ങൾ ഡയേറിയ, മീസിൽസ്, ചിക്കൻപോക്സ് എന്നിവയാണ് പക്ഷെ ഇവയൊന്നും രൂക്ഷമായി അനുഭവപ്പെടുന്നില്ല. പ്രാണി ജന്യരോഗങ്ങളായി മലേറിയ, വീൽസ് തുടങ്ങിയവ നാമമാത്രമായി ഉണ്ട്. മഞ്ഞപ്പിത്തം ചെങ്കണ്ണ് എന്നീ രോഗങ്ങൾ ഇടയ്ക്കിടയ്ക്ക് ഉണ്ടാകാറുണ്ട്. ചൊറി, ചിരങ്ങ്, എക്സിമ, ഗ്രഹണി, കരപ്പൻ, ചുമ ശ്വാസം മുട്ടൽ, ആസ്തമ, അനീമിയ എന്നീരോഗങ്ങൾക്കാണ് പ്രധാനമായും ആയുർവ്വേദ ചികിത്സാ മാർഗ്ഗങ്ങൾ തേടുന്നത് 8000 ത്തോളം ആൾക്കാർ ആയുർവേദ ചികിത്സാമാർഗ്ഗങ്ങൾ തേടുന്നവരാണ് 959 65 കാലഘട്ടത്തിൽ 4000 ത്തോളം രോഗികളാണ് അരീക്കര പി. എച്ച് സെന്ററിൽ ചികിത്സതേടി എത്തിയത് അതിൽത്തന്നെ വാദരോഗ സംബന്ധമായ രോഗമുള്ളവർ 3000ത്തോളം വരും.

സ്ഥാപനങ്ങളും സേവനങ്ങളും

മുളക്കുഴ പഞ്ചായത്തിലെ പൊതു ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിദൂരസ്ഥലത്തെ ഒരു ഡോക്ടറുടെ സേവനമാണ് ലഭിക്കുന്നത്. അതു കൊണ്ടു തന്നെ സേവനം തൃപ്തികരമല്ല. ഇതു പരിഹരിക്കപ്പെടണം. കുടുംബക്ഷേമ ആരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡു വർക്കർമാർ ജോലിയോട് ആത്മാർത്ഥത കാണിക്കുന്നില്ല. പൊതുആരോഗ്യ സ്ഥാപനങ്ങളോട് ജനങ്ങൾ താല്പര്യം കാണിക്കുന്നില്ല. സ്വകാര്യ മേഖലയോടാണ് ജനങ്ങൾക്കു താല്പര്യം.

സ്ഥാപനപരമായ പോരായ്മകളും കാണാതിരുന്നുകൂടാ. 1 2 3 വാർഡുകൾക്കായി ഒരു കുടുംബക്ഷേമ കേന്ദ്രം മാത്രമാണുള്ളത് പ്രവർത്തന പരിധി ഒരു പ്രശ്നമാണ്. അമിതമായ വലൈദ്യുത ചാർജ് എഫ്.

ഡബ്ല്യു. സി. കളുടെയും പ്രശ്നമാണ് കൊഴുവല്ലൂർ എഫ്. ഡബ്ല്യു. സി. യിൽവൈദ്യുതിയും ഫർണ്ണിച്ചറുകളും ഇല്ല. എച്ച്. ഐ യുടേയും എൽ. എച്ച്. ഐയുടേയും സ്ഥിരം സേവനം വേണ്ടത്ര ലഭിക്കുന്നില്ല. ആവശ്യമായ രജിസ്റ്റർ, ഫയൽ, സ്റ്റേഷനറി സാധനങ്ങൾ എന്നിവയുടെ അപര്യാപ്തതയിൽ മൂന്ന് ജെ. പി. എച്ച്. ഐ മാരുടെ ഒഴിവും പ്രശനങ്ങളാണ്. പ്രതിവർഷം 30000 ത്തോളം ഔട്ട് പേഷ്യൻസ് എത്താറുള്ള ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല.

കക്കൂസുകൾ

അടിസ്ഥാനസൗകര്യങ്ങളുടെ അഭാവംമൂലം ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തിൽ കൂടുതലാണ്. 54 കോളനികളിലെ താമസക്കാരിൽ അടിസ്ഥാനസൗകര്യം ഇല്ലാത്തവരാണ് ഭൂരിപക്ഷവും. വയറിളക്കം പോലുള്ള രോഗങ്ങൾ ഇപ്പോൾ വർദ്ധിച്ചു വരികയാണ്.

പരിസര ശുചിത്വം

വ്യവസായ സ്ഥാപനങ്ങൾ അധികമില്ലാത്തതിനാൽ പരിസരമലനീകരണം ഗുരുതരമല്ല. എന്നാൽ പ്ലാസ്റ്റിക്ക് വതുക്കളുടെ പ്രത്യേകിച്ച് ക്യാരി ബാഗുകളുടെ അമിതമായ ഉപയോഗം സൃഷ്ടിക്കുന്ന ദുരന്തം മണ്ണിന്റെ ജൈവസമ്പത്തിനെ തകർക്കുന്നു. പഞ്ചായത്തു തലത്തിൽ ശുചീകരണത്തിന് ജീവനക്കാർ വേണം.

ആരോഗ്യ കേന്ദ്രങ്ങളുടെ വിവരങ്ങൾ

സ്ഥാപനം	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	കെട്ടിടം
പ്രാഥമിക കേന്ദ്രം അരീക്കര	6	1994	11	വാടക
കുടുംബക്ഷേമ കേന്ദ്രംമുളക്കുഴ	4	1966	1	സ്വന്തം
കുടുംബക്ഷെമ കേന്ദ്രംകാരക്കാട്	6		1	സ്വന്തം
കുടുംബക്ഷേമകേന്ദ്രം പാറയ്ക്കൽ	7		1	വാടക
കുടുംബക്ഷേമകേന്ദ്രംപിരളശ്ശേരി	1		1	വാടക
ഗവൺമെന്റ് ആയുർവേദഡിപൻസറി കാരയ്ക്കാട്	7	1994	4	സ്വന്തം
നാഗർജുന വൈദ്യശാല	4		3	വാടക
ശുശ്രുതാമിഷൻഹോസ്പിറ്റൽ പള്ളിപ്പടി	11		10	സ്വന്തം
കുടുംബക്ഷെമ കേന്ദ്രം കൊഴുവല്ലൂർ	9	1988	1	വാടക

കക്കൂസുകൾ, പ്രശ്നങ്ങൾ, പരിഹാരങ്ങൾ

തടസ്സകാരണങ്ങൾ	പരിഹാരങ്ങൾ
1) സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, യൂനിസഫ് ഇതര ബാഹ്യ ഏജൻസികൾ തുടങ്ങയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.
2) സ്ഥല പരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന മറ്റു സ്ഥലങ്ങളിലും)	പൊതുവായി സെപ്റ്റിക്ക് ടാങ്കുകൾ നിർമ്മിച്ച് പരിഹരിക്കാം
3) ആവശ്യകത ഒവണ്ടത്ര ബോധ്യപ്പെടാത്തതിനാൽ അനുവദിക്കപ്പെട്ട സൗജന്യങ്ങൾ പ്രയോജനപ്പെടുത്താതെ മറ്റു കാര്യങ്ങൾക്ക് പണം ഉപയോഗിക്കുന്നു.	ആരോഗ്യ ബോധവൽക്കരണത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. അയൽക്കൂട്ടങ്ങൾ ചർച്ചാ തുടങ്ങിയ മാർഗ്ഗങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം.

പരിസരശുചിത്വം, പ്രശ്നങ്ങൾ പരിഹാരങ്ങൾ

പൊതു പ്രശ്നങ്ങൾ	പരിഹാര മാർഗ്ഗങ്ങൾ
കുടുംബക്ഷേമകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഭവനസന്ദർശനം, ആരോഗ്യക്ലാസുകൾ ഇവ ലഭിക്കുന്നില്ല	ഭവന സന്ദർശനം, ആരോഗ്യ ക്ലാസ്സുകൾ എന്നിവ നടത്തി പ്രവർത്തനം കാര്യക്ഷമമാക്കാം
കക്കൂസില്ലാത്ത വീടുകൾ ഒരുപാടുണ്ട്.	സാമ്പത്തിക സ്ഥിതി മാനദണ്ഡമാക്കി കക്കൂസ് നിർമ്മിച്ച് നല്കുക.
സർക്കാരിൽനിന്നു ലഭിക്കുന്ന തുക പര്യാപ്തമല്ല.	ഇന്നുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.
പണം അഡ്വാൻസായി കിട്ടുന്നില്ല	സാധ്യതകൾ ആലോചിക്കണം
.പ്രതിരോധ കുത്തിവയ്പുകൾലഭിക്കുന്നില്ല.	
സ്വന്തമായി ഭൂമിയില്ലാത്ത കോളനി നിവാസികൾക്കും ശവസംസ്കാരത്തിനു ബുദ്ധിബുട്ട് അനുഭവപ്പെടുന്നു.	പൊതുസ്മശാനം സ്ഥാപിക്കണം
കിടങ്ങിൽഭാഗത്ത് റോഡിലേക്ക് തൊഴുത്തുകളിൽ നിന്നു മലിനജലം ഒലിച്ചു വരുന്നു.	ബോധവൽക്കരണ പരിപാടികൾ നടത്തണം
കൊതുകു ശല്യം രൂക്ഷമാണ്. സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നു.	സാനിറ്റേഷൻ കാര്യക്ഷമമാക്കുക, ഓടകൾ വൃത്തിയാക്കുക
പേപ്പട്ടി വിഷബാധക്കെതിരായിട്ടുള്ള കുത്തിവെയ്പ്പിന് സൗകര്യമില്ല.	മൃഗാശുപത്രിയിൽ ആവശ്യത്തിനു സൗകര്യമുണ്ടാക്കുക
വ്യാജ മദ്യവില്പനകൾ ഉണ്ട്	ജനകീയ കമ്മറ്റിരൂപീകരിച്ച് വ്യാജമദ്യവില്പന തടയുക
വെള്ളം കെട്ടി കിടക്കുന്ന പ്രദേശങ്ങൾ ധാരാളം.	
മുളക്കുഴ ചന്ത മലീമസമായിക്കിടക്കുന്നു.	മുളക്കുഴ ചന്ത വൃത്തിയാക്കണം
രക്തഗ്രൂപ്പനിർണ്ണയം നടന്നിട്ടില്ല.	സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി രക്തഗ്രൂപ്പ് നിർണ്ണയം നടത്തുക

ചപ്പു ചവറുകളും മലിനാവശിഷ്ടങ്ങും മലിനീകരണം സൃഷ്ടിക്കുന്നു.	
പാറപ്പാട് പി. ഐ.പി കനാലിൽ വെള്ളം കെട്ടി കിടന്ന് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.	പി. ഐ. പി അധികാരികളുടെ ശ്രദ്ധയിൽ പ്രശ്നം കൊണ്ടുവന്ന് പരിഹാരനിർദ്ദേശം തേടണം
തെരുവു നായ്ക്കളുടെ ശല്യം രൂക്ഷമാണ്.	ലൈസൻസില്ലാത്ത നായ്ക്കളെ കൊല്ലുവാൻ നടപടിയെടുക്കുക
കുട്ടികൾക്ക് മതിയായ പോഷകഹാരങ്ങൾ ലഭിക്കുന്നില്ല.	
ആയുർവേദ ഡിസ്പൻസറിയിൽരോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. മരുന്നുകൾ അപര്യാപ്തമാണ്.	ആയുർവേദാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടിയെടുക്കുക

5

വ്യവസായം

വ്യവസായിക രംഗത്ത് കാര്യമായ സംഭാവനയൊന്നും ചെയ്യാൻ കഴിയാത്ത പഞ്ചായത്താണ് മുളക്കുഴ. ഈ രംഗത്ത് വികസന ചരിത്രം അതുകൊണ്ടുതന്നെ തീരെ ശുഷ്ക്കമാണ്. അറുപതുകളുടെ ആദ്യ വർഷങ്ങളിൽ വരെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും തുണി നെയ്ത്തുയൂണിറ്റുകൾ പ്രവർത്തിച്ചിരിക്കുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന ഈ യൂണിറ്റുകൾ ഒന്നും തന്നെ ഇന്നില്ല. വനിതാ വ്യവസായങ്ങളെന്ന പേരിൽ ആരംഭിച്ച യൂണിറ്റുകളും അടച്ചുപൂട്ടപ്പെട്ടു. ഈറ്റ ഉപയോഗിച്ച് കുട്ട, വട്ടി, പനമ്പ് എന്നിവ നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് ഇന്നു തൊഴിലില്ല. ഈറ്റ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്, ഉൽപ്പന്നങ്ങൾ ജോലിക്കനുസരിച്ച് മൂല്യം ലഭിക്കാത്ത സാഹചര്യം പ്ലാസ്റ്റിക്കുപയോഗിച്ചുള്ള പിക് അപ് ബാഗുകൾ ഷീറ്റുകൾ, എന്നിവയുടെ വ്യാപകമായ പ്രചാരം എന്നിവയാണ് ഈ മേഖലയുടെ തകർച്ചയ്ക്കു കാരണം

1965 ൽ ശ്രീ ശിവാജിഗണേശൻ ഒരു സ്പിന്നിംഗ് മില്ലിലുള്ള ശ്രമമാരംഭിച്ചതാണ് മുളക്കുഴയിലെ ആധുനിക വ്യവസായത്തിനുള്ള പ്രവർത്തനങ്ങളുടെ തുടക്കം എന്നുപറയാം. 8-ാം വാർഡിൽ അതിനായിസ്ഥലം വാങ്ങി. മലയുടെ മുകൾ ഭാഗം നിരപ്പാക്കിയതോടെ തന്നെ ശ്രീ. ശിവാജി ഗണേശൻ ശ്രമം ഉപേക്ഷിച്ചു. തുടർന്ന് നാലു വ്യക്തികളുടെ സംയുക്ത സംരംഭമായി നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിച്ചു. എന്നാൽ... 1975ൽ കമ്പനിലോക്ക് ഔട്ട് ചെയ്യുകയുണ്ടായി തൊഴിലാളികളും നാട്ടുകാരും ചേർന്ന് നടത്തിയ, നെടുനാളത്തെ പ്രക്ഷോഭത്തിന്റെ ഫലമായി കമ്പനി കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ഏറ്റെടുക്കുകയും 1978ൽ ഉൽപ്പാദനം പുനരാരംഭിക്കുകയും ചെയ്തു. ഇന്ന് തൊഴിലാളികളും ജീവനക്കാരുമായി 278 പേർ ജോലി ചെയ്യുന്ന പ്രഭുറാം സ്പിന്നിംഗ് മില്ലിൽ പ്രത്യേക പ്രശ്നങ്ങളൊന്നുമില്ല. വൈദ്യുതി ക്രമമായി ലഭിച്ചാൽ പൂർണ്ണ ഷിഫ്റ്റിൽ പ്രവർത്തനം നടത്താനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്

കമ്പനി ടെക്സ്റ്റൈൽ കോർപ്പറേഷൻ ഏറ്റെടുത്ത കാലംമുതൽ തൊഴിലാളികളും നാട്ടുകാരും ഏകസ്വരത്തിൽ ആവശ്യപ്പെടുകയാണ് ഒരു വീവിംഗ് യൂണിറ്റുകൂടി ആരംഭിക്കുവാൻ, എന്നാൽ ഈ ആവശ്യം ഇതുവരെ സാധ്യതപ്രായമായിട്ടില്ല. ഇവിടെ ഉൽപ്പാദിക്കുന്ന നൂൽ ഇന്ത്യൻ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ വീവിംഗ് മില്ലുകളിലാണ് തുണിയാക്കി മാറ്റുന്നത്. സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും നൂൽ ഉൽപ്പാദനം ഇരട്ടിയാക്കുകയും ആ നൂൽ ഇവിടെത്തന്നെ തുണിയാക്കി മാറ്റത്തക്ക രീതിയിൽ ഒരു വീവിംഗ് യൂണിറ്റുകൂടി ആരംഭിക്കുവാനുള്ള സൗകര്യങ്ങളുണ്ട്. കമ്പനി വിപുലീകരിക്കുവാനുള്ള സ്ഥല സൗകര്യം ഇപ്പോൾ തന്നെയുണ്ട്. മില്ലിൽ നൂൽ ഉൽപ്പാദനം ആരംഭിച്ച ആദ്യവർഷങ്ങളിൽ നിർമ്മിച്ചിരുന്ന 50-50 നൂലിന്റെ ഉൽപ്പാദനം ഇപ്പോൾ നടക്കുന്നില്ല. അനുബന്ധ വ്യവസായങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ പ്രവർത്തിച്ചിരുന്ന എൻ. സി.മെഷീൻസ് എന്ന സ്വകാര്യ സ്ഥാപനമാണ് അടുത്തതായി പരാമർശിക്കേണ്ടത്. 1989-ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിൽ ആധുനിക കമ്പ്യൂട്ടർ വൽകൃത ലേത്ത് മെഷീനുകളാണ് നിർമ്മിച്ചിരുന്നത്. സ്വകാര്യ മേഖലയിൽ നാലു വ്യക്തികളുടെ സംയുക്ത ഉടമസ്ഥതയിൽ കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷനിൽനിന്നുമുള്ള വായ്പാ മൂലധനത്തിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ കാര്യമായ പ്രശ്നങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒരു പണിമുടക്കിനെ തുടർന്ന് 96 മെയ് 13- ന് ലോക്കൗട്ട് ചെയ്ത ഈ സ്ഥാപനത്തിൽ അൻപതോളം പേർ ജോലി ചെയ്തിരുന്നു.

പതിനൊന്നാം വാർഡിൽ കഴിഞ്ഞകുറേ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് ആർ. കെ. ഇൻഡസ്ട്രീസ്. വെൽഡിംഗിനാവശ്യമായ റാഡുകൾ നിർമ്മിക്കുന്ന ഈ സ്ഥാപനം പഞ്ചായത്തിനു പുറത്തുള്ള ഒരു വ്യക്തിയുടെ ഉടമ സ്ഥതയിലുള്ളതാണ്. 15 തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. എട്ടാം വാർഡിൽ ഗ്രാനൈറ്റ്, കടപ്പ എന്നിവ പോളീഷ് ചെയ്യുന്ന 'മോഡേൺ സ്റ്റോണേജ്' എന്ന സ്ഥാപനം

പ്രവർത്തിക്കുന്നു. കൂടാതെ ധാന്യങ്ങൾ പൊടിക്കുകയും അരയ്ക്കുകയും ചെയ്യുന്ന മില്ലുകൾ, എണ്ണ ആട്ടുമില്ലുകൾ, ഈർച്ച മില്ലുകൾ, റിപ്പയർ സ്ഥാപനങ്ങൾ, പ്രിന്റിംഗ് പ്രസ്സുകൾ തുടങ്ങി ചെറുകിട വ്യവസായ രജിസ്ട്രേഷനോടെ പ്രവർത്തുക്കുന്ന സ്ഥാപനങ്ങൾ ഏറെയുണ്ട്. നാമമാത്രമായാണെങ്കിലും പരമ്പരാഗത മേഖലയിൽ ഈറ്റ ഉൽപ്പന്നങ്ങൾ, പായ് എന്നിവയുടെ നിർമ്മാണവും നടക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തിന്റെ എട്ടാം വാർഡിൽ ഒരു സിമന്റ് ഇഷ്ടിക നിർമ്മാണ സംരംഭവും, ഏഴാം വാർഡിൽ ഒരു റബ്ബർ നൂൽ ഉല്പാദന സംരംഭവും ചെറുകിട വ്യവസായം എന്ന രൂപത്തിൽ ആരംഭിക്കുന്ന പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഒന്നും തന്നെ ഇവിടുത്തെ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ളതല്ല. അതുകൊണ്ടുതന്നെ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം ഏതു സമയത്തും ഉണ്ടാകാം വ്യവസായിക ആവശ്യങ്ങൾക്കുപയോഗിക്കാവുന്ന കാർഷിക ഉല്പന്നങ്ങൾ റബ്ബർ, നാളികേരം എന്നിവയാണ്. എന്നാൽ ഓരോ ദിവസം കഴിയുന്തോറും നാളികേരം ഉല്പാദനം കുറഞ്ഞുവരുന്നു. പഞ്ചായത്തിലേക്ക് ആവശ്യമുള്ള നാളികേരം ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. അതുകൊണ്ട് നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യതയില്ല. എന്നാൽ നേരിട്ടുള്ള ആവശ്യം കഴിഞ്ഞുള്ള നാളികേരം എണ്ണയാക്കി ഈ പഞ്ചായത്തിൽതന്നെ ഉപയോഗിക്കുവാൻ ഒരു വ്യവസായം ആരംഭിക്കുന്നതിനുള്ള സാധ്യത പഞ്ചായത്തിലുണ്ട്. കഴിഞ്ഞ 5-10 വർഷങ്ങൾക്കുള്ളിൽ പഞ്ചായത്തിലെ റബ്ബർ കൃഷി ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. റബ്ബർ ഷീറ്റാക്കി മാറ്റുന്നു എന്നല്ലാതെ റബ്ബർ പ്രോസസ് ചെയ്യുന്നതോ റബ്ബർ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതോ ആയ ഒരു യൂണിറ്റുപോലും പഞ്ചായത്തിലില്ല. റബ്ബർ അടിസ്ഥാനമാക്കി ഒരു വ്യവസായത്തിനുള്ള എല്ലാ സാധ്യതയും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിൽ തുറകളിൽ അപ്രധാനമല്ലാത്ത സ്ഥാനം വ്യവസായ മേഖലയ്ക്കുണ്ട്. എന്നാൽ വ്യവസായത്തൊഴിലാളികളിൽ ഏറെയും പഞ്ചായത്തിനു വെളിയിലാണ് ജോലി ചെയ്യുന്നത്. സാങ്കേതികജ്ഞാനം ഉള്ളവരും ഇല്ലാത്തവരുമായ ഒരു വലിയ വിഭാഗം തൊഴിൽ ചെയ്യാവുന്നവരായി ഇവിടെയുണ്ട്. പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായാൽ സംരംഭകരായി മാറാവുന്നവരും ഈ പ്രദേശത്തുണ്ട്. എന്നാൽ ഈ മേഖലയിൽ ശ്രദ്ധേയായ ഒരു സംഘടിത ശ്രമം ഇനിയും ഉണ്ടായിട്ടില്ല.

പ്രഭുറാം സ്പിന്നിംഗ് മിൽ അടക്കമുള്ള ചെറുതും വലുതുമായ എല്ലാ സ്ഥാപനങ്ങളും ഇന്നു നേരിടുന്ന പ്രധാനപ്രശ്നം ഊർജ്ജ പ്രതിസന്ധിയാണ്. മൂന്നു ഷിഫ്റ്റും പ്രവർത്തിക്കുവാൻ മതിയായ സൗകര്യമുള്ള പ്രഭുറാം മിൽസിൽ വർഷത്തിൽ പല മാസങ്ങളിലും ഒരു ഷിഫ്റ്റുമാത്രമേ പ്രവർത്തിപ്പിക്കുവാൻ കഴിയാറുള്ളു. ഹൈ ടെൻഷൻ വൈദ്യുതി ഉപഭോക്താക്കൾക്ക് ഈ കാലത്തു മാസത്തിൽ അഞ്ചും ആറും

ദിവസമേ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുള്ളു. വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം പ്രധാനപ്രശ്നവും ഇതുതന്നെ. പരമ്പരാഗത വ്യവസായമായ ഈറ്റ ഉല്പന്നങ്ങളുടെ നിർമ്മാണം ഇന്നു നടക്കുന്നില്ല എന്നുതന്നെ പറയാം. ഈറ്റ ലഭിക്കുന്നതിനുള്ള പ്രയാസമാണിതിന് പ്രധാന കാരണം. ഒരു ഈറ്റ വ്യവസായ സഹകരണസംഘം രൂപികരിക്കുകയും, ഈറ്റ ലഭ്യമാക്കുക, ഉല്പന്നങ്ങൾ വിറ്റഴിക്കുക എന്നിവ സംഘം വഴി നടത്തുകയും ചെയ്യാവുന്നതാണ്. പുറമ്പോക്കു സ്ഥലങ്ങളിലും പി. ഐ.പി കനാലിന്റെ വശങ്ങളിലും ഈറ്റ കൃഷി ചെയ്യാവുന്നതാണ്.

പ്രശ്നങ്ങൾ

1. പ്രഭുറാം സ്പിന്നിംഗ് മിൽസിന്റെ വികസനം ഇപ്പോഴും ഒരു സ്വപ്നമായി അവശേഷിക്കുന്നു.
2. എൻ. സി. മെഷിൻസ് തുറന്നു പ്രവർത്തപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.
3. വനിതാ സഹകരണസംഘംവക പ്രസ്സ് പ്രവർത്തനക്ഷമമല്ല.
4. തയ്യൽ ജോലി പഠിച്ച് ഈ ജോലി ചെയ്ത് ഉപജീവനം കഴിക്കുന്നവർ പലരുണ്ടെങ്കിലും ഇവരെ ഏകോപിപ്പിച്ച് ഒരു യൂണിറ്റായി പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.
5. പ്രഭുറാം മില്ലിനോടു ചേർന്ന് അനുബന്ധ വ്യവസാങ്ങൾ ഒന്നുംതന്നെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.
6. സംരംഭകരാകാൻ താല്പര്യമുള്ളവരെ ഈ മേഖലയിലേക്കു ആകർഷിക്കുവാൻ ശ്രമമില്ല.
7. ഊർജ്ജ പ്രതിസന്ധി നിലനിൽക്കുന്നു.

സാധ്യതകൾ

1. എൻ.സി മെഷിൻസ് നിലവിലുള്ള മാനേജുമെന്റിനെക്കൊണ്ട് തുറന്നു പ്രവർത്തിപ്പിക്കുകയോ, അല്ലാതെ വന്നാൽ സർക്കാർ



ഏറ്റെടുക്കുകയോ ചെയ്യുക.

2. വനിതാ സഹകരണസംഘം വക പ്രസ്സ് തുറന്നു പ്രവർത്തിപ്പിക്കുക, സർക്കാർ സ്ഥാപനങ്ങളുടെ പ്രിന്റിംഗ് ജോലുകൾ ഈ പ്രസ്സിൽ ചെയ്യിക്കുക.
3. തയ്യൽ ജോലി ചെയ്യുന്നവരെ ഏകോപിപ്പിച്ച് ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റാരംഭിക്കുക.
4. പ്രഭുറാം മില്ലിൽ നിന്നും ലഭിക്കുന്ന വേസ്റ്റ് പഞ്ഞി ഉപയോഗിച്ച് മെത്ത, തലയിണ എന്നിവ നിർന്നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കുക. പ്രഭുറാം മില്ലിൽ 50-50 നൂലിന്റെ ഉല്പാദനം പുനരാരംഭിക്കുകയും, ഈ നൂൽ ഉപയോഗിച്ച് പാക്കിംഗ് തുണിയുടെ ഉല്പാദനത്തിനായി ഒരു യൂണിറ്റ് ആരംഭിക്കുകയും ചെയ്യുക.
5. സംരംഭകരാകാൻ താല്പര്യമുള്ളവർക്കു വേണ്ടി പഞ്ചായത്ത് മുൻകൈ എടുത്ത് വ്യവസായ ബന്ധ സെമിനാർ നടത്തുക

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. വാഷിംഗ് സോപ്പ് നിർമ്മാണ യൂണിറ്റ്
2. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
3. വനിതാസഹകരണ സംഘംവക പ്രസ്സ് പ്രവർത്തനക്ഷമമാക്കുക.
4. ഫർണ്ണീച്ചർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, തുണി സഞ്ചി എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ.
5. സഹകരണാടിസ്ഥാനത്തിൽ തുണിനെയ്ത്തു മിൽ.
6. റബ്ബർ തടി സംസ്കരിച്ചു ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്
7. ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ അസംബ്ലിംഗ് യൂണിറ്റ്.
8. ചോക്ക് നിർമ്മാണ യൂണിറ്റ്.
9. കറിപൗഡർ യൂണിറ്റ്.
10. നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ്

6

ഗതാഗതം

ഒരു നാടിന്റെ സമഗ്ര വികസനത്തിന് അവിടുത്തെ ഗതാഗത സൗകര്യങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. എതുതുകയിലുള്ള വികസനവും കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ ഉത്പാദനപരമായ പുരോഗതിയും, ആരോഗ്യം, വിദ്യാഭ്യാസം, സംസ്ക്കാരം തുടങ്ങിയ സേവനോന്മുഖമായ പുരോഗതിയും, ഗതാഗത സൗകര്യങ്ങളെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു. മുളക്കുഴ പഞ്ചായത്തിലെ ജനങ്ങൾ വളരെ മുമ്പു തന്നെ ഇക്കാര്യം ശരിക്കും മനസ്സിലാക്കിയിരുന്നു. വർഷങ്ങൾക്കുമുമ്പ് തന്നെ പൊതുജനപങ്കാളിത്തത്തോടു കൂടി ഇവിടെ റോഡുകൾ നിർമ്മിച്ചിരുന്നു. പട്ടങ്ങാട്ട് _ പള്ളിപ്പടി മുതലിശ്ശേരിപ്പടി റോഡ് മുളക്കുഴ അരീക്കര റോഡ് മുതലായവ ഇതിന് മതിയായ ഉദാഹരണങ്ങളാണ്. ഒരുപക്ഷേ ഏറ്റവും അധികം പൊതുജനപങ്കാളിത്തം ഉണ്ടായിട്ടുള്ള നിർമ്മാണരംഗവും ഇത് തന്നെയായിരിക്കും.

പ്രശ്നങ്ങൾ

എന്നിരുന്നാലും, ഈപഞ്ചായത്തിലെ ബഹുഭൂരിപക്ഷം റോഡുകളുടേയുംസ്ഥിതി വളരെ ദയനീയമാണ്. ആകെ 127 റോഡുകൾ പഞ്ചായത്തിന്റേതായി ഉള്ളതിൽ വെറും ഒമ്പത് എണ്ണം മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ദൂരത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ 97.843 K. M റോഡ് ഉള്ളതിൽ 11– 458 K. M മാത്രം ടാർ ചെയ്തിട്ടുണ്ട്. ടാർ ചെയ്തവ തന്നെ കാലാകാലങ്ങളിൽ ശരിയായ അറ്റകുറ്റപ്പണികൾ നടത്താത്തതു കാരണം സഞ്ചാരയോഗ്യവുമല്ല 11– ാം വാർഡിലെ പള്ളിപ്പടി.. അരീക്കര റോഡു തന്നെ ഉദാഹരണം. ടാർ ചെയ്തിട്ടില്ലാത്ത റോഡുകളുടെ സ്ഥിത അതിലും പരിതാപകരമാണ്. അറ്റകുറ്റപ്പണി എന്ന പേരിൽ വല്ലപ്പോഴും മിക്കപ്പോഴും രണ്ടു വർഷത്തിൽ ഒരിക്കൽ ചില ഭാഗങ്ങളിൽ കുറച്ച് ചെത്തി മിനുക്ക് നടത്തും എന്നു മാത്രം. റോഡിന് ശരിയായ ഓടയോ, കൽവർട്ടുകളോ നിർമ്മിക്കാത്തത് കാരണം പല റോഡുകളും മഴക്കാലത്ത് കുത്തിഒലിച്ച് സഞ്ചാരയോഗ്യമല്ലാതായിതീരുന്നു. ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ പരാതികളും നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുള്ളതും റോഡുകളുടെ കാര്യത്തിലാണ്.

പഞ്ചായത്തിന്റെ പല ഭാഗത്തങ്ങളിലെ താമസക്കാർക്കും ഇന്നും റോഡിന്റെ സൗകര്യം വേണ്ടത്ര ലഭിക്കാതെയുണ്ട്. ആധുനിക ജീവിതത്തിൽ, പ്രത്യേകിച്ചും അടിയന്തിര ചികിത്സാസൗകര്യങ്ങളും മറ്റും ലഭിക്കേണ്ടി വരുമ്പോൾ ഈ പരിമിതി പലപ്പോഴും വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

സാധ്യതകൾ

ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളും അടിസ്ഥാനത്തിൽ പുതുതായി ഗതാഗത സൗകര്യം ഉണ്ടാകേണ്ട സ്ഥലങ്ങളിൽ അടിയന്തിരമായും അത് ചെയ്യേണ്ടതുണ്ട്. അതുപോലെതന്നെ, പുതുതായ റോഡുകളുടെ നിർമ്മാണം കാർഷികമേഖലയ്ക്ക് ആവശ്യമുള്ള സ്ഥലങ്ങളിൽ അടിയന്തരമായി നടപടി എടുക്കണം. എല്ലാ വാർഡുകളിലും പ്രധാനപ്പെട്ട റോഡുകൾ ടാർ ചെയ്യാനുള്ള നടപടികൾ ഉണ്ടാക്കണം. ചില വാർഡുകളിൽനിന്നും, നടപ്പാതകൾ നിർമ്മിച്ചു കൊടുക്കണമെന്ന ആവശ്യം ഉയർന്ന വന്നിട്ടുണ്ട്. അതിനും മുൻഗണന നൽകണം, പല ഗ്രാമസഭകളും, പുതിയ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും, മനുഷ്യാധ്വാനവും വിഭവ സമാഹരണവും വാഗ്ദാനം ചെയ്തിട്ടുണ്ട്. അവയ്ക്കെ പ്രാഥമിക പരിഗണന നൽകേണ്ടതാണ്.

എം.സി. റോഡിൽ ഏതാണ്ട് എട്ടു കിലോമീറ്റർ ദൂരം നമ്മുടെ പഞ്ചായത്തിൽകൂടി പോകുന്നു. ഈ റോഡിന് ശരിയായ വിധത്തിൽ ഓടയോ, നടപ്പാതയോ ഇല്ല, അവ നിർമ്മിച്ചു നൽകുവാൽ ബന്ധപ്പെട്ട അധികൃതരുമായി പഞ്ചായത്തു തലത്തിൽ നടപടി സ്വീകരിക്കണം.

വാഹനസൗകര്യം

ഗതാഗത ആവശ്യത്തിനും സാധനങ്ങൾ ചന്തകളിൽ കൊണ്ടു പോകുന്നതിനും നമ്മുടെ ജനങ്ങൾ, ചുരുക്കമായെങ്കിലും ആഭ്യകാലങ്ങളിൽ കാളവണ്ടികൾ ഉപയോഗിച്ചിരുന്നു. സമ്പന്നരായ കുടുംബാംഗങ്ങൾ, യാത്രക്കായി വില്ലുവണ്ടി എന്നറിയപ്പെടുന്ന ഒറ്റക്കാളയെ കെട്ടിയ വണ്ടിയാണ് ഉപയോഗിച്ചിരുന്നത്. വില്ലു

പോലെ വളഞ്ഞ മേൽക്കൂരയോടുകൂടിയതും പിച്ചള യിൽതീർത്ത അലങ്കാരപ്പണികളും ചവിട്ടുപടിയും ഉണ്ടായിരുന്ന വില്ലുവണ്ടി അക്കാലത്ത് ആഢ്യത്തത്തി ന്റെ പ്രതീകമായി കണക്കാക്കപ്പെട്ടിരുന്നു. സർ. സി. പി. ദിവാനായിരുന്ന 1930 കളിൽ ആദ്യമായി സർക്കാ രിന്റെ ആനവണ്ടി" (ഇന്നത്തെ KSRTC)ബസ്സുകൾ ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന എം. സി. റോഡിൽ കൂടി ഓടിത്തുങ്ങി കൽക്കരി ഇന്ധനമായി ഉപയോഗിച്ചിരുന്ന വണ്ടികളായിരുന്നു അക്കാലത്തേ ത്. പഞ്ചായത്തിലെ വാഹനഗതാഗതം എം. സി. റോഡിൽ തന്നെ ഒതുങ്ങിനിന്നു 1950 കളുടെ തുടക്ക ത്തിൽ ചെങ്ങന്നൂരിൽ നിന്നും ഒരു പ്രൈവറ്റ് ബസ് മുളക്കുഴ വഴി കിടങ്ങന്നൂരിന് ഓടിത്തുടങ്ങി. പഞ്ചായ ത്തിന്റെ പല ഭാഗങ്ങളിലും നാമമാത്രമായെങ്കിലും ബസ്സ് സർവ്വൂസുകൾ ലഭ്യമായി തുടങ്ങിയത് അറുപ തുകളുടെ രണ്ടാം പകുതിയിലാണ്.

എങ്കിലും വാഹന സൗകര്യത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളും വളരെ പിന്നോക്ക മാണ്. ഏഴും, എട്ടും വാർഡുകളുടെ കിഴക്കൻ ഭാഗ ങ്ങൾ മൂന്നും, പത്തും വാർഡുകൾ ഒമ്പതാം വാർഡി ന്റെ ചില ഭാഗങ്ങൾ മുതലായ സ്ഥലങ്ങളിൽ നിന്നും താലൂക്ക് ആസ്ഥാനം ട്രാൻസ്പോർട്ട് സ്റ്റേഷൻ, റെയി ൽവേസ്റ്റേഷൻ, പ്രധാന ചന്ത തുടങ്ങിയ സൗകര്യങ്ങ ളുള്ള ചെങ്ങന്നൂരിലേക്ക് വേണ്ടത്ര വാഹന സൗകര്യ ങ്ങൾഇല്ല. വളരെ ദൂരം നടന്നുവേണം ബസ്സോ, മറ്റു വാഹന സൗകര്യങ്ങളോ കണ്ടെത്താൻ. ഈ പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനു വേണ്ടത്ര മുൻഗണന നൽകി അധികൃത തലത്തിൽ സമ്മർദ്ദം ചെലുത്തേ ണ്ടിയിരിക്കുന്നു. റോഡുകളുടെ അഭാവമോ, ശോചനീ യാവസ്ഥയോ ആണ് ബസ്സ് സർവ്വീസുകൾ തുടങ്ങാൻ തടസ്സമായിരിക്കുന്നതെങ്കിൽ, റോഡുകൾ മുൻഗണനാ ക്രമത്തിൽ ടാർ ചെയ്തോ, അറ്റകുറ്റപ്പണികൾ തീർത്തോ നൽകേണ്ടതാണ്.

പഞ്ചായത്തിലെ റോഡുകളുടെ പട്ടിക.

വാർഡ് നമ്പർ	ഗ്രാവൽറോഡ്		ടാർചെയ്ത് റോഡ്		ആകെ റോഡ്
	എണ്ണം	ദൂരം	എണ്ണം	ദൂരം	എണ്ണംദൂരം
I	9	6570	-	-	9 6570
II	13	8595	-	-	13 8595
III	11	9400	-	-	11 9400
IV	5	4070	2	1640	7 5710
V	8	8690	-	-	8 8690
VI	13	9625	1	1500	14 11125
VII	12	8425	1	1900	13 10325
VIII	12	7985	2	3250	14 11235
IX	15	9560	2	1086	17 10628
X	13	9475	-	-	13 9475
XI	6	3990	2	2100	8 6090
	117	**86385**	**10**	**11458**	**127 97843**

ടാർ ചെയ്യാനുള്ള റോഡുകൾ

റോഡിന്റെ പേര്	വാർഡ്	നീളം (മീറ്റർ)	വീതി (മീറ്റർ)
1.പിരളശ്ശേരി–കരിപ്പാ-ച്ചേരിപടി-കാപ്പീമല റോഡ്.	I	800	3
2.നികിരുംപുറം-പഞ്ചായത്ത് കോളനി-M.C.മിഷൻ	I	650	3
3.ആഴാന്തനിൽക്കുന്നതിൽപടി പുഷ്പ്പാലയം റോഡ്	III	1100	8
4.മുളക്കുഴ ക്ഷേത്രത്തിനു പടിഞ്ഞാറുവശം ശ്രീവിഹാർപടി മുതൽ-താമരശ്ശേരിപടി വരെ	III		
5.വട്ടയത്തിൽ പടി-പറയൻ വെട്ടിക്കയം-പച്ചക്കാട്റോഡ്	III	900	4
6. പെരിങ്ങാല-പച്ചക്കാട്-പൂതംകുന്ന് ഗുരുമന്ദിരം	III	600	3.5
7. തുണ്ടത്തിൽ പടി-ഗിരാജലയം-വെട്ടിക്കാല തെക്കേചെരുവിൽ റോഡ്	III	1400	3.5
8. മർത്തോമ മിഷൻ-കപ്പാറപടി റോഡ്	III	1080	4.5
9. മുളക്കുഴH.S-പാലമൂട്ടിൽ പടി-നീർവിളാകം	IV	300	3.8
10. മുത്തൂറ്റ് പടി-പുലുപ്ര- കുഴീപ്പൊയ്ക റോഡ്	IV	740	3
11. പിരളശ്ശേരി എം,.സി. റോഡ് കണ്ണുവേലിക്കാവ്-പെരിങ്ങാല റോഡ്	V	1800	6
12. പാലനിൻക്കുന്നതിൽ പടി -ഇടംമഠപടി	VII	1200	3.5
13. കുടക്കാമരം -തവിട്ടപ്പൊയൊക റോഡ്	VIII	1400	4
14. പളളിപ്പടി-ലക്ഷം വീട് കോളനി-പുതിയയ്യം റോഡ്	VIII	900	5.5
15.നെടിയകാലാ പടി-റ്റേമ്പിൾ നില്ക്കുന്നതിൽ പടി	VIII	300	4
16.നെടിയകാലാ പടി-കല്ലും പുറം കോട്ട റോഡ്	VIII	360	4
17. കോട്ട -പുഷ്പമംഗലം റോഡ്	VIII		
18. കോട്ട-കൈലാസ മംഗലം റോഡ്	VIII		
19. കൊഴുവല്ലൂർ -പാറപ്പാള്ളിക്കട-ചെള്ളാമഠം	IX	800	5
20. കൊഴുവല്ലൂർ പോസ്റ്റോഫീസ്-ചാങ്ങപ്പാറ	IX	430	3.5
21. അറന്തക്കാട് വട്ടൂർ മുട്ട്	IX	800	3
22. കിടങ്ങിൽതുണ്ടി-അറന്തക്കാട്	IX	1200	4.5
23. കോയിപ്പുറത്ത്പടി-കോട്ടാലിൽ പടി	IX	440	3
24. കൊഴുവല്ലൂർ പോസ്റ്റോഫീസ് -മണ്ണിൽ പടി	IX	280	4
25. തെങ്ങിൽ കട -ലക്ഷം വീട് കോളനി റോഡ്	IX	500	4
26. കരിമ്പിനാപ്പൊയ്ക-കടിനാവിള	IX	900	5
27. തളത്തിൽപടി-ഉച്ചിക്കൽപടി	IX	70	4
28. കൊഴുവല്ലൂർ, കുരിശും മൂട്-വിഴാലിൽക്കുളം തൈവിള റോഡ്	X	1000	4
29. കളരിത്തറ-തിരുവോണത്തിൽ	X	1220	3.5
30. കിടങ്ങിൽതുണ്ട്-പൂതംകുന്ന് കോളനിറോഡ്	X	1020	3.5
31. കളരിത്തറ,ആലിൻചുവട്-പാറപ്പുറം	X	350	5
32 . തെക്കേ കരിങ്ങാലിൽ -പുതുവേലിൽ റോഡ്	XI	900	3
33. കോണത്ത് ക്ഷേത്രം-പുതുവേലിൽ കോളനി	XI	400	3.5
34. വെട്ടിപ്പീടിക-R.K ഇൻഡസ്ട്രിയത്സ് - തെക്കേ പാലനിൽകുന്നതിൽ	XI	1000	3.5
35. ഇലഞ്ഞിലിനിൽക്കുന്നതിൽ - പറയർകാല	VI		
36 മുല്ലപ്ലാംചുവട്ടിൽ -പളളിപ്പടി റോഡ്	VI		
37. മുളനിൽക്കുന്നതിൽ പടി -പൊട്ടക്കുളം റോഡ്	VI		
38. പഞ്ചായത്ത് ജംഗ്ഷൻ - വലക്കടവും ഭാഗം	V VI		
39. പടിഞ്ഞാറേ ചേരി -കോളനി റോഡ്	VI		

അറ്റകുറ്റപ്പണികൾ ചെയ്യേണ്ടുന്ന റോഡുകൾ.

വാർഡ് -II

1. കോട്ടപ്പാടുപ്പടി, കടക്കൽപള്ളം, തച്ചകോട്ടുകുളംറോഡ് മഴക്കാലത്ത് മുങ്ങി പ്പോകുന്നു. മണ്ണിട്ടുയർത്തുക.
2. നെടുവേലിപ്പടി നിർവിളാകംചാൽ റോഡ് പുഞ്ചഭാഗം മണ്ണിട്ടുയർത്തുക.
3. എല്ലാ റോഡുകളും അറ്റകുറ്റ പണികൾ നടത്തുക.

വാർഡ്-III

4. കുറ്റിയിൽ - പങ്ങാട്- കൊടുവേലിച്ചിറ റോഡ്

വാർഡ്. IV

5. പടിഞ്ഞാറ്റത്തുപടി- തിരുമുളക്കുഴ റോഡ്
6. മോടിപ്പടി മുതൽ പടിഞ്ഞാറ്റത്തേക്കുള്ള റോഡ്-വീതികൂട്ടുക.

വാർഡ്- V

7. തൈപ്പറപുവഴി - അരിക്കര പറപ്പാട്ടു ഗുരു മന്ദിരം റോഡ്.

വാർഡ്-VI

8. വരിയ്ക്കനിൽക്കുനതിൽ പടി-കാരക്കാട് റോഡ്
9. ഉഴുന്നു മലമോടി മുതൽ മുകളിലോട്ടുള്ള റോഡ്
10. കല്ലുംപുറത്തുപടി- പെരിങ്ങാട്ടു മുക്ക്.
11. പാറപ്പാട്ടു മന്ദിരം- തൈക്കുഴി.
12. മുളനിൽക്കുന്നിൽക്കുന്നതിൽപടി - പട്ടങ്ങാട്ടുപടി.

വാർഡ് -VII

13. തടത്തിൽ പടി - പുതുക്കാലപ്പടി റോഡ്.
14. കാരക്കാട് P.O.- കഞ്ഞിരംനിൽക്കുന്നതിൽ റോഡ്
15. വടക്കേക്കരപ്പടി - എരുമാലാ കോളനി റോഡ്
16. താമരശ്ശേരിപ്പടി-മാളേക്കാട്ട് പടി
17. വെട്ടിപ്പീടിക-കോടപ്പറമ്പിൽ റോഡ്
18. മണ്ണക്കാട്ടുപടി-മണ്ണറക്കോട്
19. കാരയ്ക്കാട് എച്ച്.എസ് പോക്കറോഡ്

വാർഡ് VIII

20. കണ്ണങ്കര പാലക്കുന്നിൽമുകടി വിളയിപ്പടി റോഡ്

വാർഡ് IX

21. മേലേവിളപ്പടി ചുന്തലപള്ളിപ്പടി
22. വാല്യത്ത് പടി തള്ളക്കൊല്ല

വാർഡ് X

23. പള്ളിപ്പടി അരീക്കര റോഡ്
24. അരീക്കര പാറക്കൽ റോഡ്
25. അരീക്കര കാരക്കാട് ജംഷൻ റോഡ്
25. ലക്ഷംവിട് തോയിക്കോട് പറവണ്ണത്തുണപടി റോഡ്.
26. തടത്തിപ്പടി അലോലിക്കൽ കണിയാൻചിറ
27. തുരുപ്പറമ്പിപ്പടി പാറപ്പള്ളിൽകെട ജംഷൻ വരെയുള്ള വഴി നിലവിൽ റോഡില്ലാത്ത 200 മാറ്റർ ഭാഗം മണ്ണ് ഫില്ല് ചെയ്യത് വീതികുട്ടുക.
28. തടത്തിൽമുക്ക് പ്ലാം തോട്ടത്തിൽ കോളനി റോഡ്
29. മേലേവിളപ്പടി പുതലപ്പള്ളി റോഡ്
30. കഴുവേലിൽതടത്തിൽപ്പടി കേളംമ്പയത്ത് കുറലരേത്ത്പടി റോഡ്
31. കാവിൽപ്പടി കുറങ്ങാട്ടുപടി ദേവീക്ഷേത്രത്തിനു മുൻവശം വരെ

പുതിയ റോഡുകൾ

വാർഡ് 2

1. കിഴക്കേചെരുവിപ്പടി കിടങ്ങിപ്പടി മന്നത്തും ചേരിപ്പടി -PIP കനാൽ വശത്തു കൂടി
2. പൈനും മൂട്ടിൽ കുരുക്കത്തിൽ പടി റോഡ് പിരളശ്ശേരി റോഡിന് യോജിപ്പിക്കുക.

വാർഡ് III

3. പറയൻ വീട്ടിൽ വടക്കേക്കര കയ്പ്പൻ മോടി നടപ്പാത വീതി കൂട്ടുക.
4. പച്ചക്കാട്ടിൽ പുതുപ്പറമ്പ് കളത്തിൽ ഭാഗം

5. മഞ്ചാടി നിൽക്കുന്നതിൽ പടി ആലിൻ ചുവട്
6. വലിയകാലാ ഭാഗം
7. വട്ടയത്തിൽപടി മാമച്ചൻ മുറ്റം പടി
8. സെറ്റിൽമെന്റ് കോളനി റോഡ്.

വാർഡ് IV

9. എല്ലാ താമസക്കാർക്കും വഴി സൗകര്യം ഉണ്ടാക്കുക.

വാർഡ് V

10. ഗോപാലൽ മേസ്ത്രിയുടെ പടി മുതൽ നായ്ക്കൻ കുടിമല മുകൾ വരെ തോട്.
11. ഈലന്താറ്റ് പടി മുതൽ മൂപ്പൻകര വരെ.

വാർഡ് VI

രഞ്ജിനിപ്പടി മുതൽ പാറപ്പാട്ടു വരെ

13. വടക്കേക്കര പ്പടി മുതൽ കാവുംപാട്ടുവഴി ഇലഞ്ഞിനില്ക്കുന്നതിൽ പടിവരെ.

വാർഡ് X

14 കളരിത്തറയിൽ നിന്നും വലിയ തറവഴി കിടങ്ങിൽ തുണ്ടിൽ വരെ (ശ്രമദാനം)
15. ചെരുവിൽ കിഴക്കേതിൽ വഴി പ്ലാവു നിൽക്കുന്നതിൽ (ശ്രമദാനം)
16. അമ്പലത്തറ നിന്നും ലലക്കടവുംപാട്ടുംചിറ

വാർഡ് XI

17. എടത്തിലേത്തു പടിയിൽനിന്നും എടത്തിലേത്തുവരെ.
18. തൈമലേത്തുപടി മുതൽ കോണത്തു പടി വരെ.
19. നെടുത്തുംപടിമുതൽ കല്ലു വരമ്പു വരെ
20. കരിങ്ങാലി പടി മുതൽ കുഴിക്കളീക്കൽ വരെ

വാർഡ് IX

21. തെങ്ങിൻ തോട്ടം മുളംകുഴി
22. കേളുംബത്തു പടി ചാങ്ങപ്പഴം
23. നെടുപുറത്ത് പടി മുതൽ ചാങ്ങാപ്പാടം
24 പ്ലാപ്പളളി മഠം കുഴിക്കളീക്കൽ ചാങ്ങപ്പാടം
25. കോളത്താർ കണിയോരത്ത് പുതുവാക്കൽ
26. ആലുനിൽക്കുന്നതിൽ ചാങ്ങപ്പാടം
27. അറന്തക്കാട് തോയിക്കോട്
28. പുതുപ്പറമ്പിൽപ്പടി തടത്തക്കേൽ

മറ്റു നിർദ്ദേശങ്ങൾ

1. പിരളശ്ശേരി കരിപ്പാച്ചേരിപ്പടി കാപ്പീമല റോഡിൽ കലുങ്ക് നിർമ്മിക്കുക.
2. പ്ലാങ്കാവിൽപ്പടി ഇളയിടത്തും പടി റോഡിന് ഓട നിർമ്മിക്കുക.
3. തൈപ്പറമ്പുപ്പടി അരീക്കര പാറപ്പാട്ട് ഗുരുമന്ദിരം റോഡിന്റെ സൈഡിൽ താഴ്ചയുളള ഭാഗങ്ങളിൽ കരിങ്കല്ല് കെട്ടുക.
4. പൂപ്പൻകര മോടിത്തടത്തിൽ പടി റോഡിന്റെ വശത്തുള്ള ഭിത്തി കരിങ്കൽ കെട്ടി പോയിന്റ് ചെയ്യുക.
5. പഞ്ചായത്താഫീസ് മൂലപ്ലാം ചുവടു റോഡ് ഓട കെട്ടുക.
6. കോട്ടയ്ക്കാ മണ്ണിൽ പടി രഞ്ജിനിപ്പടി പറയരുകാല എന്നിവടങ്ങളിൽ കലുങ്ക് നിർമ്മിക്കുക.
7. തച്ചക്കുന്നിൽ പടി പാറയിരിക്കുന്നതിൽ പടി റോഡിന് ഓട കെട്ടുക.
8. നേരത്തേ വഴിയുണ്ടായിരുന്നവരും പില്കാലത്തെ പല കാരണങ്ങളാൽ വഴി നഷ്ടപ്പെട്ടിട്ടുള്ളവരുമായവർക്ക് വഴി സൗകര്യം ഉണ്ടാക്കുക.
9. പിരളശ്ശേരിയിൽ പുറമ്പോക്ക് സ്ഥലത്ത് വെയിറ്റിംഗ് ഷെഡ്ഡ് ഉണ്ടാക്കുക.
10. പഞ്ചായത്ത് ജംഗ്ഷനിലെ കലുങ്ക് പരിഷ്ക്കരിച്ച് പാലം മുതൽ തച്ചം കുന്ന പളളിപ്പടി റോഡുവരെ ഓട ഉണ്ടാക്കുക.
11. കേബിൾ ഇടുന്നതിന് റോഡ് കുഴിക്കുന്നതിന് നിയന്ത്രണം വേണം.
12. മുളനിൽക്കുന്നതിൽ പടി മുതൽ പൊട്ടക്കുളം വരെയുള്ള റോഡ് സൈഡ് കെട്ടുകയും ടെലഫോൺ പോസ്റ്റുകൾ സൗകര്യപ്രദമായി മാറ്റി സ്ഥാപിക്കുകയും വേണം.
13. പടിഞ്ഞാറേ ചേരി മുതൽ കോളനിപ്പടി വരെയുള്ള റോഡ് സൈഡ് കെട്ടി കലുങ്ക് സ്ഥാപിക്കുക.

14. പാറപ്പാട്ട് മുതൽ തൈക്കുഴി വരെയുള്ള റോഡ് സൈഡ് കെട്ടി തെരുവ് വിളക്ക് സ്ഥാപിക്കണം.

15. ഓടയില്ലാത്ത റോഡുകൾക്ക് ഓട കെട്ടണം.

16. റോഡുകളുടെ വികസനത്തിന് പ്രതിബന്ധമായി നിൽക്കുന്ന നിയമങ്ങൾ മാറ്റുവാൻ സർക്കാരിൽ പ്രേരണ ചെലുത്തി നടപടിയെടുക്കണം.

17. കരിമ്പിതാപ്പൊയ്ക കടിനാവിള റോഡിൽ കലുങ്ക് നിർമ്മിക്കുക.

18. എം,സി. റോഡിൽ ടാർ ചെയ്ത ഭാഗവും നടപ്പാതയും തമ്മിലുള്ള ഉയര വ്യത്യാസം അപകടങ്ങൾ ക്ഷണിച്ച് വരുത്തുന്നു. റോഡിന്റെ വശത്ത് മണ്ണിട്ട് ഉയരം കൂട്ടാനും ഓട കെട്ടാനും, ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുക.

വാഹനസൗകര്യം ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വെളളപ്പൊക്ക സമയത്ത് കോടും തുരുത്തി മുതൽ മുളക്കുഴ G.H.Sവരെ ബോട്ട് സർവ്വീസ് നടപ്പാക്കുക

2. ചെങ്ങന്നൂരിൽ നിന്ന് ഐ. റ്റി. ഐ. ജംഗ്ഷൻ കിടങ്ങന്നൂർ ഇലവുംതിട്ട വഴി പത്തനംതിട്ടയ്ക്ക് K.S.R.T.C. ബസ്സ് സർവ്വീസ് നടത്തുക

3. മുളക്കുഴ പുത്തൽ കാവ് ചെങ്ങന്നൂർ സർക്കുലർ സർവ്വീസ് K.S.R.T.C നടത്തുക.

4. പെരിങ്ങാല ഗ്രാമത്തിനെ, ചെങ്ങന്നൂർ പന്തളം കുളനട കാരയ്ക്കാട് വെൺമണി കൊഴുവല്ലൂർ പെണ്ണുക്കര തുടങ്ങിയ സ്ഥലങ്ങളുമായ് ബന്ധിപ്പിക്കുന്ന തരത്തിൽ ബസ്സ് സർവ്വീസ് ആരംഭിക്കണം.

5. പഞ്ചായത്ത് ജംഗഷനിൽ നിന്നും രഞ്ജിനി നഗർ മൂലപ്ലാംചുവടു വഴി കാരയ്ക്കാട്ടേക്കു ചെങ്ങന്നൂരിൽ നിന്നും ബസ്സ് സർവ്വീസ് തുടങ്ങുക.

6. ചെങ്ങന്നൂരിൽ നിന്ന് ഈ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന പല ഷെഡ്യൂകളും നിർത്തി വെച്ചിട്ടുണ്ട് അവ പുനുഃരാരംഭിക്കണം,

7. ബൈറോഡുകളിൽ സ്വകാര്യ ബസ്സുകൾക് പെർമിറ്റ് അനുവദിക്കണം.

8. ചെങ്ങന്നൂർ, കൊഴുവല്ലൂർ, അരീക്കര, കാരയ്ക്കാട് വഴി പന്തളത്തിന് ദിവസം അഞ്ച് ഷെഡ്യുളുകൾവീതം നടപ്പാക്കുക.

9. ചെങ്ങന്നൂരിൽ നിന്നും 5.30 am ആരംഭിക്കുന്നതും പെണ്ണുക്കര കൊഴുവല്ലൂർ വഴി പന്തളത്തിനുളളതുമായ സ്ഥിരം ഷെഡ്യൂളിന് സമാന്തരമായി പന്തളത്ത് നിന്നും ഒരു ഷെഡ്യുളുകൾ വീതം ആരംഭിക്കുക.

10. പത്തനംതിട്ട നിന്നും മാന്നാറിന് പോകുന്ന ബസ്സ് അവസാന ട്രിപ്പ് മാന്നാറിന് പോകുന്നില്ല. ഇത് മാന്നാറിൽവരെ പോകണം.

11. പത്തനംതിട്ട, കാരയ്ക്കാട്, കൊഴുവല്ലൂർ, വെൺമണി വഴി ഹരിപ്പാടിന് ഒരു പുതിയ ബസ്സ് സർവീസ് ആരംഭിക്കുക.

12. തിരുവൻവണ്ടൂർ നിന്നും കൊഴുവല്ലൂർ വഴി കാരയ്ക്കാട്ടെത്തി മലയാലപ്പുഴയ്ക്ക് പോയിക്കൊ ണ്ടിരുന്ന K.S.R.T.C ബസ്സ് സർവ്വീസ് പുനഃരാരംഭിക്കുക

13. ഒമ്പതാം വാർഡിനെ പഞ്ചായത്താസ്ഥനമായ മുളക്കുഴയുമായി ബന്ധിപ്പിക്കത്തക്കവണ്ണം ചെങ്ങന്നൂരിൽ നന്ന് കാരയ്ക്കാട് അരീക്കര കൊഴുവല്ലൂർ കക്കട വഴി പന്തളത്തിന് ഒരു ബസ്സ് സർവ്വീസ് ഉണ്ടാകണം.

14. തിരുവനന്തപുരം പന്തളം കക്കട കൊഴുവല്ലൂർ ചെങ്ങന്നൂർ വഴി, ജില്ലാ ആസ്ഥാനമായ ആലപ്പുഴയ്ക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിക്കണം.

15. നിലവിലുള്ള C.P.N. പ്രൈവറ്റ് ബസിന്റെ വൈകിട്ട് എട്ടു മണിക്ക് പന്തളം മുതൽ കാരയ്ക്കാട് വരെയുള്ള സർവ്വീസ് പുനഃസ്ഥാപിക്കുക.

6

ഊർജ്ജം

1. ഊർജ്ജം

ഊർജ്ജം എന്നു പറയുമ്പോൾ, വൈദ്യുതി എന്നു മാത്രമാണ് നാം സാധാരണ മനസ്സിലാക്കുന്നത് എന്നാൽ കേരളത്തിൽ പൊതുവേ, പ്രത്യേകിച്ചും നമ്മുടെ പഞ്ചായത്തിൽ നാം ഉപയോഗിക്കുന്ന പ്രധാന ഊർജ്ജസ്രോതസ്സ് വിറക്, ചപ്പുചവറുകൾ, റബർകായ് തെങ്ങ് ഉല്പന്നങ്ങൾ, മറ്റു ജൈവദ്രവ്യങ്ങൾ മുതലായ ഇന്ധനങ്ങളാണ്. വളരെ ചെറിയ അളവിൽ മണ്ണെണ്ണയും പാചകവാതകവും ഇന്ധനത്തിനായി ഉപയോഗിക്കുന്നുണ്ട്. ഉറവവറ്റാത്ത ഊർജ്ജ സ്രോതസ്സായ, സൗരോർജ്ജം, കാറ്റ് മുതലായവയുടെ ഉപയോഗം നമ്മുടെ പഞ്ചായത്തിൽ ഇതുവരെ ആയിട്ടില്ല വളരെക്കൂടിയ സ്ഥാപന ചെലവും, സാങ്കേതിക ജ്ഞാനത്തിന്റെ അപര്യാപ്തതയും ആവാം കാരണം.

നമ്മുടെ പഞ്ചായത്തിൽ മുൻപ് സുലഭമായി ഉണ്ടായിരുന്ന കുറ്റിക്കാടുകളും പാഴ്മരങ്ങളും അന്നത്തെ ഊർജ്ജ ആവശ്യങ്ങളെ നേരിടുന്നതിനും മതിയായ അളവിൽ കൂടുതൽ ആയിരുന്നു. അന്ന് പഞ്ചായത്തിലെ ആവശ്യം പ്രധാനമായും ഇന്നത്തെപ്പോലെ തന്നെ ഭക്ഷണംപാകം ചെയ്യുന്നതിനും, വെളിച്ചത്തിനും ആയിരുന്നു. വെളിച്ചത്തിനായി പരക്കെ മണ്ണെണ്ണ വിളക്കുകളും ഉപയോഗിച്ചിരുന്നു. മനുഷ്യാധ്വാനം ഒഴികെയുള്ള ഊർജ്ജം ആവശ്യമായിവരുന്ന വ്യവസായങ്ങൾ ഒന്നുംതന്നെ അക്കാലത്തെ ഇല്ലായിരുന്നു. 1950 കളുടെ തുടക്കത്തിലാണ് മുളക്കുഴ പഞ്ചായത്തിൽ (അന്നത്തെ പുത്തൻകാവ് പഞ്ചായത്ത്) ആദ്യമായി വൈദ്യുതി വരുന്നത്. ഈ പഞ്ചായത്തിലെ 49% ശതമാനം ആളുകൾ വെളിച്ചത്തിന് ഇന്ന് ആശ്രയിക്കുന്നത് വൈദ്യുതി ആണ്.

നമ്മുടെ ഊർജ്ജ ഉപഭോഗത്തെ മൂന്നായി തരം തിരിച്ച് അവയുടെ പ്രശ്നങ്ങളും സാധ്യതകളും ചുലടെ ചേർക്കുന്നു.

(1) ഇന്ധനമായി ഉപയോഗിക്കുന്ന ഊർജ്ജം.

പഞ്ചായത്തിൽ ആകെ 7256 കുടുംബങ്ങളാണുള്ളത്. ഇവരിൽ പാചക വാതവും മണ്ണെണ്ണയും പാചകത്തിന് ഉപയോഗിക്കുന്നവർ പത്തു ശതമാനത്തിൽ അധികം വരത്തില്ല. (സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിൽ) അതായത് 6500 കുടുംബങ്ങൾ ഇന്ധനത്തിനായി വിറക് തന്നെ ആശ്രയിക്കുന്നു. വിറക് എന്നു പറയുമ്പോൾ മരം വെട്ടിമുറിച്ച് കീറി എടുക്കുന്ന വിറകു മുതൽ, ചുള്ളിക്കമ്പ്, തെങ്ങിന്റെ ഉല്പന്നന്നങ്ങൾ, ചപ്പ് ചവറ് തുടങ്ങി എല്ലാം അതിൽ ഉൾപ്പെടും. പലർക്കും സ്വന്തം പുരയിടത്തിൽ നിന്നും വിറക് ശേഖരിക്കുവാൻ കഴിയുമ്പോൾ, നല്ലൊരു വിഭാഗം ആളുകൾ വിറക് വിലകൊടുത്തു വാങ്ങുകയാണ്. അതിന്റെ വ്യക്തമായ ഒരു കണക്ക് ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഉപഭോഗത്തിന്റെ കണക്ക് എടുക്കുമ്പോൾ, ഇവ രണ്ടും ചേർത്ത് വേണം കണക്കാക്കാൻ.

പ്രശ്നങ്ങൾ

അഞ്ച് അംഗങ്ങളുള്ള ഒരു വീടിന് മാസം ശരാശരി 200 കി: ഗ്രാം വിറക് എങ്കിലും ആവശ്യമായി വരുന്നുണ്ട് (സാമ്പിൾ സർവ്വേ) ഇന്നത്തെ വിലയായ കി. ഗ്രാമിന് 1രൂ.50പൈസാ വെച്ച് ഒരുമാസം മുന്നൂറ് രൂപായുടെ വിറക് ഒരു കുടുംബം ഉപയോഗിക്കുന്നു. പഞ്ചായത്തിലെ മൊത്ത പ്രതിമാസ ഉപയോഗം ശരാശരി 1300 ടൺ വിറകാണ്. തെങ്ങിൽനിന്നും കിട്ടുന്ന, റബറിൽ നിന്നും കിട്ടുന്ന ചെറിയ ശതമാനം ഉല്പന്നങ്ങളെ ഒഴിവാക്കിയാൽ വിറകിന്റെ ആവശ്യത്തിന് ഉപയോഗിക്കേണ്ടി വരുന്നത് നമ്മുടെ വൃക്ഷസമ്പത്തിനേയാണ്. നമ്മുടെ പഞ്ചായത്തിലേതായാലും വെളിയിൽ നിന്നും വരുന്നതായാലും ശരി ഇത്രയും വൃക്ഷസമ്പത്ത് പ്രതിമാസം നാം വെട്ടി നശിപ്പിക്കുന്നു എന്നർത്ഥം. നമ്മുടെ വൃക്ഷസമ്പത്തിന്റെ ഇന്നത്തെ ദയനീയമായ ഇന്നത്തെ സ്ഥിതിയുടെ ഇന്നത്ത് ഒരു പ്രധാന കാരണം ഇതു തന്നെ. കൂടാതെ ഇത്രയും വിറകിന്റെ സാമ്പത്തിക മൂല്യം 19.5 ലക്ഷം രൂപായും.

നമ്മുടെ നാട്ടിൽ ധാരാളമായി ഉപയോഗിക്കുന്ന പരമ്പരാഗതമായി അടുപ്പുകൾ, വിറകിന്റെ അമിതമായ ഉപഭോഗത്തിന് ഒരു പ്രധാന കരണമാകുന്നു. തന്നെ



യുമല്ല, ആസ്തമ, കഫക്കെട്ട്, രക്തക്കുറവ് തുടങ്ങി നമ്മുടെ സ്ത്രീകളിൽ സർവ്വസാധാരണമായി കണ്ടു വരുന്ന പലരോഗങ്ങൾക്കും കാരണവും, ഇത്തരം അടുപ്പുകളിൽ നിന്നുണ്ടാകുന്ന പുകയും ചൂടും തന്നെയാണ്.

സാധ്യതകൾ

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം – പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകൾ കൂടി കണക്കിലെടുക്കുമ്പോൾ – ദക്ഷത കൂടിയ അടുപ്പുകൾ പ്രചാരത്തിൽ വരുത്തുക എന്നുള്ളതാണ്. ഇന്ന് പ്രചാരത്തിലിരിക്കുന്ന പുകയില്ലാത്ത ചിലയിനം അടുപ്പുകളുടെ കാര്യത്തിൽ ജനങ്ങൾക്ക് വിശ്വാസത കൈവന്നിട്ടില്ല എങ്കിലും പരിഷ്കൃത അടുപ്പുകളുടെ ഗുണമേന്മ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനേക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കുകയും, ഇത്തരം അടുപ്പുകൾ പഞ്ചായത്തു മുഴുവനും ഒരു കുടുംബത്തിനു ഒന്ന എന്ന തോതിലെങ്കിലും സ്ഥാപിക്കാൻ വേണ്ട നടപടികൾ ഉണ്ടാവുകയും വേണം. സാധാരണ അടുപ്പിന്റെ നാലു മുതൽ അഞ്ചിരട്ടി വരെ ഭക്ഷതയുള്ള പരിക്ഷത് അടുപ്പിന്റെ ഉപയോഗം വഴി ഒരു വീടിന് 150 കി.ഗ്രാം വിറകും 225 രൂപായും പ്രതിമാസം ലാഭിക്കാൻ കഴിയും. പഞ്ചായത്തിൽ മൊത്തത്തിൽ ഈ ലാഭം യഥാക്രമം 980 ടൺ വിറകും, 14.62 ലക്ഷം രൂപായും ആകുന്നു.

മറ്റൊരു സാധ്യത ഗോബർ ഗ്യാസ് പ്ലാനിന്റെ വ്യാപകമായ ഉപയോഗമാണ്. ഇതിന് രണ്ടു മാർഗ്ഗങ്ങൾ ഉണ്ട് ഒന്ന് മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കന്നുകാലി വളർത്തുന്നതിനു പ്രേരിപ്പിക്കുകയും, അതോടോപ്പം തന്നെ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും മറ്റു പ്രേരണകളും വ്യക്തികൾക്ക് നൽകുക. ഒരു വീടിന്റെ മൊത്തം ഇന്ധന ആവശ്യത്തിനുള്ള ഗ്യാസ് ഉല്പാദിക്കുവാൻ രണ്ട് പശുക്കളുടെ ചാണകം ധാരാളം മതിയാകും. കമ്പോസ്റ്റു വളം ഉണ്ടാകുന്നതിനും, വളമായി നേരിട്ട് ഉപയോഗിക്കുന്നതിനും ഗ്യാസ് ഉല്പാദിപ്പിച്ചു കഴിട്ട ചാണകം കൂടുതൽ മെച്ചമാണ്. വിറകിന്റെ മൊത്തം ചെലവ് ലാഭിക്കാനും കഴിയുന്നു.

രണ്ടാമത്തെ മാർഗ്ഗം നിലവിലുള്ള കോളനികളും. അടുത്തടുത്ത് വീടുകളുമുള്ള മറ്റു പ്രദേശങ്ങളിലും. കമ്മ്യൂണിറ്റി ഗോബർ ഗ്യാസ് പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുക. ഇതിനുവേണ്ട സാമ്പത്തിക സഹായം പൂർണ്ണമായും പഞ്ചായത്തുതന്നെ ചെയ്തു കൊടുക്കണം. പഞ്ചായത്തിൽ മൊത്തം 18 അധികൃത കോളനികളും ഉണ്ട്. അവിടെയെല്ലാം ഇത്തരം കമ്മ്യൂണിറ്റി പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടികൾ ഉണ്ടാകണം. ഒരു കുടുംബത്തിനാവിശ്യമായ ഗോബർ ഗ്യാസ് പ്ലാന്റു സ്ഥാപിക്കുന്നതിനുള്ള ചെലവും മറ്റു കണക്കുകളും പട്ടിക 6–1 ആയി ചേർത്തിരിക്കുന്നു.

XX പട്ടിക 6–I, 6–II

ഖാദി ബോർഡിന്റെ നേതൃത്തിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സബ്സിഡിയോടു കൂടി ചെയ്തു കൊടുക്കുന്ന ഒരു പദ്ധതി നേരത്തേ ഉണ്ടായിരുന്നു. ഈ പദ്ധതി പുനരുജ്ജീവിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. വളരെ ചെറിയ ഒരു ശതമാനം കുടുംബങ്ങളെ മണ്ണെണ്ണയും, പാചകവാതകവും ഉപയോഗിക്കുന്നുള്ളുയെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ? പാചകവാതകത്തിന്റെ ലഭ്യത ഇന്ന് സുഗമമല്ല. നമ്മുടെ പഞ്ചായത്തിലെ കുടുംബങ്ങളെ പുതിയ കണക്കിനു വേണ്ടി രജിസ്റ്റർ ചെയ്യുന്നുമില്ല ഈ പഞ്ചായത്തിലേയും, സമീപ പഞ്ചായത്തുകളിലേയും ആവശ്യക്കാർക്കു വേണ്ടി നമ്മുടെ പഞ്ചായത്തിൽ തന്നെ ഒരു പാചകവാതക ഏജൻസി അനുവദിച്ച് കിട്ടുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം.

II.വൈദ്യുതി

ഗ്രാമസഭകളിൽ വളരെയധികം പരാതികളും ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉയർന്ന് വന്നിട്ടുള്ള ഒരു മേഖലയാണിത് വ്യാപര സ്ഥാപനങ്ങളും മറ്റു പൊതു സ്ഥാപനങ്ങളും വീടുകളും ഉൾപ്പെടെ 7771 കെട്ടിടങ്ങൾ ഈ പഞ്ചായത്തിൽ ഉള്ളതിൽ 3964 കെട്ടിടങ്ങളിൽ വൈദ്യുതി കണക്ഷൻ കിട്ടിയിട്ടുണ്ട്. 185 അപേക്ഷകൾ പെയറിംഗ് ചെയ്ത് കണക്ഷൻ കിട്ടാനായി കാത്തിരിക്കുന്നു. ബാക്കി വീടുകളിൽ, സാമ്പത്തിക ബുദ്ധിമുട്ടുകളാലോ, വൈദ്യുതി ആസ്ഥലത്തെ എത്തിയിട്ടില്ലാത്തതിനാലോ ഇതുവരെ കണക്ഷൻ അപേക്ഷിച്ചിട്ടില്ല XX –പട്ടിക 6–III- 6 IV 6–V

പ്രശ്നങ്ങൾ

വർഷങ്ങളായി അപേക്ഷകൾ നൽകിയിട്ടും കണക്ഷൻ കിട്ടാത്ത പല വീടുകളും ഇവിടെയുണ്ട് പല സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ഇതിന് K.S.E.B പറയുന്ന കാരണങ്ങൾ:- (മുളക്കുഴ Sub-Engineer ആഫീസിൽ നിന്നും കിട്ടിയ വിവരങ്ങൾ) ഈ പഞ്ചായത്തിൽ വൈദ്യുതി കിട്ടുന്നത് രണ്ട് സബ് സ്റ്റേഷനുകളിൽ നിന്നാണ്. – ചെങ്ങന്നരും, ഇടപ്പോണും... പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ ചെങ്ങന്നൂരിൽ നിന്നുള്ള വിതരണവും തെക്കൻ ഭാഗങ്ങളിൽ ഇടപ്പോണുനിന്നുള്ള വിതരണവും ആകുന്നു ഇവിടുത്തെ പ്രമുഖ വ്യവസായ സ്ഥാപനമായ പ്രഭുറാം മില്ലിലേക്ക്

ഇടപ്പോണുനിന്നും നേരിട്ട് വൈദ്യുതി നൽകുന്നു ...ഉപ ഭോഗം ഏറ്റവും കൂടുതലായ വൈകിട്ട് ആറു മണി മുതൽ 9 വരെയുള്ള സമയത്ത് പ്രസ്തുത മിൽ പ്രവർത്തിക്കാൻ സ്റ്റെപ്പ് അപ്പ് ട്രാൻഫോർമർ പ്രവർത്തിപ്പിക്കുന്നു. ഈ കാരണത്താൽ ഇടപ്പോൺ സബ് സ്റ്റേഷനിൽ നിന്നും വൈദ്യുതി കിട്ടുന്ന പ്രദേശങ്ങളിൽ വോൾട്ടേജ് ഗണ്യമായി കുറയുന്നു. പല വീടുകളിലും നടത്തിയ പഠനത്തിൽ നിന്നും കാണാൻ കഴിഞ്ഞത് ഈ സമയത്തെ വോൾട്ടേജ് 110–നും130– നും മദ്ധ്യേ ആണെന്നാണ്.

ഈ പഞ്ചായത്തിൽ 98. കി. മി. റോഡ് (M.C. റോഡ് കൂടാതെ) ഉള്ളതിൽ ഏകദേശം 40 കി.മി. മാത്രമാണ് തെരുവ് വിളക്കുകൾ ഉള്ളതെ അവതന്നെ വേണ്ചത്ര വെളിച്ചം ഇല്ലാത്തവയുമാണ്. ഒന്നിട വിട്ട പോസ്റ്റുകളിൽ അതായത് 100 മീറ്റർ അകലത്തിൽ നാല്പതെ വാട്ട്സിന്റെ ബൾബുകളാണ് തെരുവു വിളക്കുകളായി ഉപയോഗിച്ചിരിക്കുന്നത്. മതിയായ വോൾട്ടേജ് ഉള്ളപ്പോൾ പോലും, ഈ ബൾബുകളുടെ വെളിച്ചം അപര്യാപ്തമായിരിക്കെ വോൾട്ടേജ് ദൗർലഭ്യം രൂക്ഷമായിരിക്കുമ്പോഴത്ത് സ്ഥിതി ഊഹിക്കാൻ കഴിയുമല്ലോ?

പഞ്ചായത്തിൽ 19 L.T ട്രാൻസ് ഫോർണറുകളാണ് ഉള്ളതെ പലതിലും താങ്ങാവുന്നതിലധികം ലോഡ് ഉള്ളത് കാരണം മിക്കപ്പോഴും വൈദ്യുതി മുടങ്ങുന്നതും പതിവാണ്. പുതിയ മൂന്ന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൽ നടപടി വളരെ മുൻപേ തുടങ്ങിയെങ്കിലും, ഭരണപരമായ കാരണങ്ങളാൽ ഇതിന്റെ പണികൾ നിലച്ചിരിക്കുകയാണ്

സാധ്യതകളും പരിഹാര മാർഗ്ഗങ്ങളും

ഈ പഞ്ചായത്തിലെ ഒരു കുടുംബം ശരാശരി നാലു ബൾബുകൾ നാലു മണിക്കൂർ വീതം കത്തിക്കുന്നതായിയാണ് സാമ്പിൾ സർവ്വേയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് ഒരു കുടുംബം ശരാശരി 30–2 യൂണിറ്റും. പഞ്ചായത്തിൽ മൊത്തം 106912 യൂണിറ്റും വൈദ്യുതി ചെലവാക്കുന്നു തെരുവ് വിളക്കുകളുടെ കണക്കുകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. (വിശദമായ കണക്ക് പട്ടിക 6–V ആയി ചേർത്തിരിക്കുന്നു) ഓരോ കുടുംബവും 60/100 വാട്ട് ബൾബുകൾക്ക് പകരം CFl ബൾബുകൾ ഉപയോഗിച്ചാൽ കുടുംബത്തിന്റെ ശരാശരി പ്രതിമാസ ഉപഭോഗം 5–30 യൂണിറ്റ് ആയുസ് പഞ്ചായത്തിൽ മൊത്തം 18765 യൂണിറ്റ് ആയും കുറയും. ഇന്നത്തെ വൈദ്യുതി നിരക്ക് അനുസരിച്ച് ഇതു മൂലം ഉണ്ടാകുന്ന ലാഭം ഒരു കുടുംബത്തിന് പ്രതിമാസം ശരാശരി 1990 രൂപയും. പഞ്ചായത്തിൽ മൊത്തം 70517 രൂപയും ആകുന്നു വൈദ്യുതി ചാർജ്ജ് ഗണ്യമായി വർദ്ധിപ്പിക്കുന്ന കാര്യം K.S.E.B സജീവമായി പരിഗണിച്ച് വരുന്ന സാഹചര്യത്തിൽ ഈ തുക ഇതിലും എത്രയോ അധികമാകാനാണ് സാധ്യത. CFL ബൾബുകൾ സബ്സിഡിയോടുകൂടി കിട്ടുന്നുണ്ട് സബ്സിഡിയില്ലാതെ (വില ഏകദേശം300 രൂപ) വാങ്ങി ഉപയോഗിച്ചാലും വൈദ്യുതി ചാർജ്ജിൽ ഉണ്ടാകുന്ന കുറവ് ഈ വിലയേക്കാൾ വളരെ കൂടുതലാണ്. തന്നെയുമല്ല മിച്ചംവരുന്ന ഓരോ യൂണിറ്റും പുതുതായി ഉല്പാദിക്കപ്പെടുന്ന ഒരു യൂണിറ്റിനു തുല്യമാണ്. അതിനാൽ CFL ബൾബുകൾ വ്യാപകമായി ഉപയോഗിക്കുന്നതെ ജനങ്ങളെ ബോധവാന്മരാക്കുകയും കഴിയുന്നത്ര സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക യും വേണം.

മുളക്കുഴ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിച്ച് പ്രഭുറാം മില്ലിലേക്കുള്ള സപ്ലൈ ഒഴികെ മറ്റാവശ്യങ്ങൾ ഈ സബ്സ്റ്റേഷനിൽ നിന്നും നൽകണം. ഇതിനാവശ്യമുള്ള സ്ഥലം കണ്ടെത്തി വേണ്ട നടപടികൾ സ്വീകരിക്കണം.

പല ട്രാൻസ്ഫോർമറുകളും ലോഡ് വളരെക്കൂടുതലാണ് ഇകു പരിഹരിക്കുവാൻ പുതിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുയും. മുടങ്ങി കിടക്കുന്ന പുതിയ ട്രാൻസ്ഫോർമറുകളുടെ പണി പുനരാരംഭിക്കാൻ വേണ്ട നടപടികൾ ഉണ്ടാകുകയും വേണം.

പഞ്ചായത്തിന്റെഭാവി വൈദ്യുത ആവശ്യം കണക്കെടുക്കുമ്പോൾ, ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുള്ളതും അതു കൂടാതെ പരിഗണിക്കുന്നതുമായ പുതിയ വ്യവസായ സമരങ്ങളുടെ ആവശ്യം കൂടി പരിഗണിക്കേണ്ടിയിരിക്കുന്നു. റബർകൃഷി വ്യാപകമായ ഈ പഞ്ചായത്തിൽ റബർ അധിഷ്ഠിതമായ പല ചെറുകിട വ്യവസായങ്ങൾക്കുമുള്ള സാധ്യതകൾ ഉയർന്ന് വന്നിട്ടുണ്ട് കൂടാതെ നിലവിലുള്ള പ്രഭുറാംമിൽസിന്റെ വൈവിദ്ധ്യവൽക്കരണവും പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾ മുൻനിർദ്ദേശിച്ച ഒരു പ്രത്യേക സബ്സ്റ്റേഷന്റെ പ്രസക്തിയും ആവശ്യകതയും കൂടുതൽ വ്യക്തമാക്കുന്നു.

മുളക്കുഴ പഞ്ചായത്തിലെ ഏറ്റവും രൂക്ഷമായ ഒരു പ്രശ്നം (TRANSECT WALK–ൽ നിന്നും മനസ്സിലായത്) വൈദ്യുതിയുടെ അമിതമായ പ്രേഷണ നഷ്ടമാണ്. ഈ പഞ്ചായത്തിന്റെ പ്രകൃതിയും. ഇവിടെ വർദ്ധിച്ച് വരുന്ന റബർ കൃഷിയും പഞ്ചായത്തിൽ ധാരാളമായുള്ള ഇതരവൃക്ഷങ്ങളും പലപ്പോഴും വൈദ്യുത ലൈനിൽ തട്ടി പ്രേഷണനഷ്ടം ഉണ്ടാകുന്നു. സംസ്ഥാന ശരാശരിയായ 21 ശതമാനത്തേക്കാൾ കൂടുതലാകും

ഈ പഞ്ചായത്തിലെ പ്രേഷണനഷ്ടം K.S.E.B യുടെ കൂടെ സഹകരണത്തോടെ വൃഷത്തലപ്പുകൾ മുറിച്ചു മാറ്റാവുന്നതാണ്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. പുതിയ ലൈനുകൾ വലിക്കുക. തെരുവ് വിളക്കുക സ്ഥാപിക്കുക തുടങ്ങി ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും പട്ടിക6–VII ആയി ചേർത്തിരിക്കുന്നു.

III പാരമ്പര്യേതര ഉർജ്ജം

ഈ വിഭാഗത്തിൽ ഗോബർ ഗ്യാസ് പ്ലാന്റുകളുടെകാര്യം നേരത്തെ പരാമർശിച്ചു കഴിഞ്ഞു. സൗരോർജ്ജം, കാറ്റിൽനിന്നുള്ള ഉർജ്ജം എന്നിവയുടെ സാധ്യതകൾ പഠന വിഷയമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സാങ്കെതിക വിദഗ്ധരാണ് അഭിപ്രായം പറയേണ്ടത്. വളരെയധികം ഉയർന്ന പ്രദേശങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ ഇവയുടെ സാധ്യതകളെ ക്കുറിച്ച് പഠനംനടത്താൻ ബന്ധപ്പെട്ട ഏജൻസികളെ സമീപിക്കാവുന്നതാണ്.

പട്ടിക 6–VI, 6–VII

പട്ടിക 6–VI

ഹരിജൻ കോളനികളുടെ വൈദ്യുത കണക്ഷൻ

കോളനിയുടെ പേര്	കുടുംബാംഗങ്ങളുടെ എണ്ണം	വൈദ്യുതിലഭിച്ച കുടുംബങ്ങൾ	സൗജന്യവൈദ്യുതി ഉപദോക്താക്കൾ	പണംനൽകി കണക്ഷൻ ലഭിച്ചവർ	ബാക്കി
ഭൂതത്താൻകുന്ന് ഭൂദാന കോളനി	-	-	-		-
തിരുമുളക്കുഴ	-	4	-	4	-
പുതുവലിൽ	-	1	-	1	-
പട്ടങ്ങാട്ടു	-	-	-	-	-
വെട്ടത്തൂർ കോളനി	1	-		1	-
കക്കുന്നുമോടി	-	-	-	13	-
കണ്ണങ്കര		വൈദ്യുതീകരിച്ചിട്ടില്ല			

മുളക്കുഴ ഗ്രാമപഞ്ചായത്ത്

ഗോബർ ഗ്യാസ് / ബയോ ഗ്യാസ് പ്ലാന്റ്

സ്ഥാപന ചെലവും- ആദായവും

1. ഗോബർ ഗ്യാസ് / ബയോഗ്യാസ് പ്ലാന്റിന്റെ സ്ഥാപന ചെലവ്	Rs	10000.00
2. സബ്സിഡി.	Rs.	2400.00
3. സബ്സിഡി കഴിച്ചുള്ള ചെലവ്	Rs.	7600.00
4. വിറകിന്റെ പ്രതിമാസ ചെലവ്	Rs.	300.00
5. പ്ലാന്റിന്റെ സ്ഥാപന ചെലവ് ഈടാകാൻ വേണ്ടി വരുന്ന സമയം (7600 ÷ 300)		25 മാസം

പുകയില്ലാത്ത അടുപ്പിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന ലാഭത്തിന്റെ കണക്ക്

1. പുകയില്ലാത്ത ഒരടുപ്പിന്റെ സ്ഥാപനം ചിലവ്	Rs.300.00
2. സാധാരണ അടുപ്പിന് ശരാശരി പ്രതിമാസം വേണ്ടി വരുന്ന വിറക്	200Kg
3. 200 Kg. വിറകിന്റെ വില	Rs.75.00
4. പുകയില്ലാത്ത ഭക്ഷ്യത കൂടിയ അടുപ്പിന് വേണ്ടിവരുന്ന വിറക്	50 Kg.
5. 50 Kg വിറകിന്റെ വില	Rs. 75.00
6. പ്രതിമാസ ലാഭം	Rs. 225.00
7. പ്രതിവർഷ ലാഭം 225x 12	Rs. 2700.00
8. ഒരു വർഷത്തെ അറ്റാദായം Rs. 2700-300 =	Rs. 2400.00

N.B. ഒരടുപ്പ് അഞ്ചുവർഷം വരെ അറ്റകുറ്റപ്പണികൾ ഇല്ലാതെ ഉപയോഗിക്കാൻ കഴിയും

പട്ടിക VI -III

വൈദ്യുതി കണക്ഷനുകളുടെ വിവരണം

ഏതുതരത്തിലുള്ള കണക്ഷൻ	മുളക്കുഴ സബ്ഡിവിഷൻ	കുളനട സബ്ഡിവിഷൻ	ആകെ
ഗാർഹികം	2614	925	3539
വ്യാപാരം	314	111	425
വ്യാവസായികം	38	10	48
കാർഷികം	20	7	27

കണക്ഷനു കാത്തിരിക്കുന്ന അപേക്ഷകരുടെ കണക്ക്

പട്ടിക VI-IV

	മുളക്കുഴ സബ്ഡിവിഷൻ	കുളനട സബ്ഡിവിഷൻ	ആകെ
ഓർഡിനറി	102	50	152
OT.P.	12	1	13
OYEC.	16	4	20
മൊത്തം	130	55	185

6

മാർക്കറ്റ്

പഞ്ചായത്തിൽ ഇന്ന് ഉല്പാദിപ്പിക്കപ്പെടുന്നവയും ഭാവിയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതുമായ വിഭവങ്ങളുടെ വിപണന സാധ്യതകൾ വിലയിരുത്തിയെങ്കിൽ മാത്രമേ, വികസനത്തിന്റെ രൂപരേഖ വ്യതമാകു. നമ്മുടെ പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രധാന ഉല്പന്നങ്ങൾ കാർഷികവിളകളും റബറും തന്നെയാണ്. വ്യവസായ സംരംഭങ്ങളായ പ്രഭുറാം മിൽസും R.K ഇൻഡസ്ട്രീസ് മോഡേൺ സ്റ്റോൺഏജ് എന്നീ സഹകാര്യസ്ഥാപനങ്ങളും അവരുടെ ഉല്പന്നങ്ങൾക്ക് വിപണികണ്ടെത്തിക്കഴിഞ്ഞു. കാർഷിക ഉല്പന്നങ്ങളുടെ വിപണിക്ക് ഈ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും ആ ശ്രയിക്കുന്നത് പഞ്ചായത്തിന് വെളിയിലുള്ള ചന്തകളെയാണ്. ചെങ്ങന്നൂർ, കുളനട, പന്തളം തുടങ്ങി പഞ്ചായത്തിൽനിന്നും ഏഴും എട്ടും കിലോമീറ്റർ അകലെയുള്ള ഈ ചന്തകളെയാണ് നമുക്ക് ആശ്രയിക്കേണ്ടിവരുന്നത്. ഉല്പാദകരിൽ ഒരു വിഭാഗം ചന്തകളിൽ ഉല്പന്നങ്ങൾ നേരിട്ട് എത്തിക്കുമ്പോൾ നല്ലൊരുശതമാനം ആൾകാർ ഇടത്തട്ടുകാരെ ആശ്രയിക്കുന്നു. ഒന്നും രണ്ടും ഇടത്തട്ടുകാർ കൈമാറി ചന്തയിൽ എത്തുന്ന ഉല്പന്നങ്ങൾ, വീണ്ടും ഒന്നോ രണ്ടോ കൈമാറി, നമ്മുടെ പഞ്ചായത്തിൽ തന്നെ ഉപഭോഗത്തിനായി തിരിച്ചുവരുന്നു എന്നതാണ് ഏറെ ദു:ഖകരവും രസകരവുമായ വസ്തുത ഉല്പാദകനും ഉപഭോക്താവിനും ഇടയിൽ ഇടത്തട്ടുക്കാർ ലാഭംകൊയ്യുന്നു. ഇതിനൊരുമാറ്റം വരുകയും ഉപഭോക്താവിൽനിന്നും വസൂലാക്കുന്ന തുക ഉല്പാദകനുലഭിക്കാനും കഴിയുമെങ്കിൽ രണ്ടുകൂട്ടർക്കും ലാഭകരമായിരിക്കും. ഈ ലക്ഷ്യം നേടാൻ രണ്ടുമാർഗ്ഗങ്ങൾ ഉണ്ട്.

1. പ്രധാനപ്പെട്ട എല്ലാകാർഷിക ഉല്പന്നങ്ങളുടെയും ഉല്പാദകരുടെ മാർക്കറ്റിംഗ് ഫെഡറേഷൻ രൂപികരിക്കുകയും ഉല്പന്നങ്ങൾ പഞ്ചായത്തിനുള്ളിലും വെളിയിലും വിൽക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

2. പഞ്ചായത്തിൽ ഇന്നുള്ള ചന്ത കുറെക്കുടി വിപുലീകരിക്കുകയും പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ മറ്റു ചന്തകളിൽ പോകുന്നത് തടയുവാൻ കഴിയുന്നതരത്തിൽ വിപണനസൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യണം. മുളക്കുഴയിൽ IV-ാം വാർഡിൽ മാത്രമാണ്. ആഴ്ചയിൽ രണ്ടു ദിവസം തിങ്കൾ, വ്യാഴം ചന്തനടക്കുന്നു. ഈ ചന്തക്ക് കുറെക്കൂടി സ്ഥലം ഏറ്റെടുക്കുയും സ്റ്റാളുകൾ കെട്ടുകയും വേണം. ആവശ്യമെങ്കിൽ ആറന്മുള, മെഴുവേലി എന്നി പഞ്ചായത്തുകളുമായി ഇക്കാര്യത്തിൽ സഹകരിച്ച് വേണ്ടതുചെയ്യാവുന്നതാണ്. മറ്റു സ്ഥലങ്ങളിൽ നിന്നും വൻകിടവ്യവസായികളെ, പ്രചരണങ്ങളും ആദ്യകാലങ്ങളിൽ ചില ആനുകൂല്യങ്ങളും ചെയ്യേണ്ടിവരും.

ഇതുകൂടാതെ ഒരു വാർഡിൽ കുറഞ്ഞത് ഒന്ന് എന്ന കണക്കിൽ അന്തിചന്തകൾ സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവിനെപ്പറ്റി ചിന്തിക്കുമ്പോൾ ഇവക്കുള്ള വിപണനസാധ്യത വളരെ ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. പഞ്ചായത്തിൽ നടത്തിയ ഒരു സാമ്പിൾ സർവ്വേയുടെ അടുസ്ഥാനത്തിൽ ഇവിടെ പ്രതിമാസം 448 ടൺ അരിയുടേയും 9084 ലിറ്റർ വെള്ളിച്ചണ്ണയുടെയും 81432 ലിറ്റർ പാലിന്റേയും കുറവ് ഉണ്ട്. പഞ്ചായത്തിലെ മുട്ടയുടെ പ്രതിമാസ ഉല്പാദനം 65000 ത്തോളം വരും,. മുപ്പത്തിരായിരത്തിന് മുകളിൽ ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ മുട്ട ഉല്പാദനത്തിനുള്ള സാധ്യത വളരെവലുതാണ്. 42.5 ടൺ പച്ചക്കറി ഇവിയെ പ്രതിമാസം ആവശ്യമായിവരുന്നുണ്ട്. തേങ്ങയുടെ ഉല്പാദനം ആവശ്യത്തിന് മതിയാകുമെങ്കിലും വെളിച്ചണ്ണ ഉല്പാദിപ്പിക്കുമ്പോൾ തേങ്ങ പഞ്ചായത്തിന് വെളിയിൽ പോയി എണ്ണയായി തിരികെവരുന്നു. അരക്കാനുംമറ്റ് ഉപയോഗത്തിനുമുള്ള തേങ്ങ പല ഇടത്തട്ടുകാരിൽകൂടി ഉപഭോക്താവിനുലഭിക്കുന്നു. ഇതെല്ലാം ഒഴിവാക്കേണ്ടിയിരിക്കുന്നു.

റബ്ബറിന്റെ ഇപ്പോഴത്തെ മാർക്കറ്റ് ഇവിടുത്തെ സഹകാര്യസംഭരണ ഏജൻസികളാണ്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന റബർ നൂൽ ഉല്പാദിപ്പിക്കാനുള്ള ഒരു ചെറുകിട യുണിറ്റ് VII-ാം വാർഡിൽ റജിസ്റ്റർ ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും തുടങ്ങിയിട്ടില്ല. റബർ ഉപയോഗിച്ചുള്ള വളരെയധികം സംഭരങ്ങൾക്ക് ഇവിടെ സാധ്യതയുണ്ട്. പഞ്ചായത്തിനോടു ചേർന്നകിടക്കുന്ന ചെങ്ങന്നൂർ, പന്തളം, മാവേ

ലിക്കര, അടൂർ, തിരുവല്ല, കോഴഞ്ചേരി, എന്നിവടങ്ങളിലും ഗ്രാപ്രദേശങ്ങളിലുമായി ഏകദേശം 60-65 ആയിരം (സാമ്പിൾസർവ്വേ) റബർ ചെരുപ്പുകൾ പ്രതിമാസം വിറ്റഴിയുന്നു. റബർ നൂൽ, റബൻ ബാൻഡ്, തുടങ്ങിയ ഉല്പന്നങ്ങലുടെ മാർക്കറ്റ് സർവ്വേ നടത്തിയിട്ടില്ല. എങ്കിലും സാധ്യതകൾ ഉള്ളമേഖലയാണിത്.

ഗ്രാമസഭകളിൽനിന്നും ധാരാളം ചെറുകിട വ്യവസായങ്ങൾക്കുള്ള നിർദേശങ്ങൾ പൊന്നിവന്നിട്ടുണ്ട്. ഇവയിൽ വളരെയധികം സാധ്യതയുള്ള രണ്ട് മേഖലകളാണ് റെഡിമെയ്ഡു വസ്ത്രനിർമ്മാണവും നോട്ടു ബുക്കു നിർമ്മാണവും. റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും പ്രധാനമാർക്കറ്റ് മുമ്പത്തെ പട്ടണങ്ങൾ തന്നെ. ഈ പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി വിറ്റഴിയുന്ന റെഡിമേയ്ഡ് വസ്ത്രങ്ങളും കണക്ക് പട്ടികയായി ചേർത്തിട്ടുണ്ട്.

പട്ടിക 2, 3, 4

ഷർട്ട്, പാന്റ്സ് എന്നിവയുടെ സാധ്യത വളരെക്കുറവാണ് കാരണം ഇവയുടെ വിപണി ചില ബ്രാൻഡുകളെ ആശ്രയിച്ചിരിക്കുന്നു. പരസ്യത്തിനും മറ്റുമായി നല്ല തുക ചിലവഴിക്കാൻ കഴിയുമെങ്കിൽ ബ്രാൻഡു "നെയിം" നേടിയെടുക്കാൻ കഴിയു. എന്നാൽ സ്ത്രീകൾ ഉപയോഗിരക്കുന്ന വസ്ത്രങ്ങളുടെ കാര്യത്തിൽ അറിയപ്പെടുന്ന ബ്രൻഡ് ഒന്നും തന്നെയില്ല. കച്ചവടക്കാർ മുഖ്യമായും ഇവിടെത്തന്നെയുള്ള ഉല്പാദകരെയാണ് ആശ്രയിക്കുന്നതും. ചുരിദാർ, കമ്മിസ് തുടങ്ങിയവയുടെ കാര്യത്തിൽ ആവശ്യം മുഴുവനായി നേരിടാൻ ഇപ്പോഴുള്ള ഉല്പാദനത്തിന് കഴിയുന്നില്ല. പഞ്ചായത്തിലുള്ള സ്കൂളുകളിലായി 3732 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ വരുന്ന ഈ സ്കൂളുകളിലെ യൂണിഫോം ഇവിടെയുള്ള ഉല്പാദ നകേന്ദ്രങ്ങളിൽ നിന്നും നിർബ്ബന്ധമായി വാങ്ങി, സ്കൂൾ സഹകരണ സംഘങ്ങളിലൂടെ കുട്ടികൾകു നൽകാൽ വ്യവസ്ഥ ഉണ്ടായാൽ ഉല്പാദകർക്ക് വിപുലമായ ഒരു വിപണിയാണ് ലഭ്യമാവുക. സ്കൂളുകളിൽ പ്രതിവർഷം.....ഏകദേശം 50,000 നോട്ടുബുക്കുകളും ഈരീതിയിൽ വിറ്റഴിക്കാൻ കഴിയും. റെഡിമേയ്ഡ് യൂണിറ്റുകളിലും കൂടി വളരെയധികം ആളുകൾക്ക് തൊഴിൽ കണ്ടെത്താനും ഇതുസഹായിക്കും.

ഉപഭോക്താക്കൾക്കും വളരെയെറെ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതു പോലെ പല തട്ടിലുള്ള ഇടനിലക്കാരുടെ കൈമറിത്തെത്തുന്ന ഉല്പന്നങ്ങളുടെ ഭീമമായവില വളരെ ഗൗരവപൂർവ്വമായി കാണേണ്ടത്. ഈ പഞ്ചായത്തിൽ 19 റേഷൻ കടളാണുള്ളത്. റേഷൻ കടകളിൽനിന്നും കിടുന്ന അരിഗോതമ്പ് ഇവയുടെ ഗുണനിലവാരത്തെ കുറിച്ചും അതിനെ കുറിച്ചും എല്ലാഗ്രാമസഭകളിലും പരാതി ഉയർന്നുവന്നിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കാനോ,

പഞ്ചായത്തിലെ പ്രധാന നിത്യോപഗ സാധനങ്ങ ളുടെ ഉപയോഗവും പഞ്ചായത്തിനുള്ളിലെ ലഭ്യതയും

വിവരണം	കുടുംബത്തിന്റെ പ്രതിദിന ഉപയോഗം	കുടുംബത്തിന്റെ പ്രതിമാസ ഉപയോഗം	പ ഞ്ചായത്തിന്റെ ഉപയോഗം	പഞ്ചായത്തിലെ പ്രതിമാസശരാശരി ഉല്പാദനം	മിച്ചം കമ്മി
1 അരി	2.25 kg	67.5 kg	490 MT	42 MT -	448 MT
2 പച്ചക്കറി	0.200 kg	6 kg	42.5 NT	കണക്ക് ലഭ്യമല്ല	81432
3 പാൽ	0.900	27.000	19591	14480 Ltr	81432 Ltr
4 വെളിച്ചെണ്ണ	1.5	10884	1800		9084
5 തേങ്ങ (വെളിച്ചെണ്ണക്ക്)			108840	45000 Nos	
6 തേങ്ങ (വീട്ട് ഉപയോഗത്തിന്)	100	30 Nos	217680 Nos	18480	

കൃത്യമായ അളവിൽ സാധനം ലഭ്യമാക്കാനോ, ഔദ്യോഗികതലത്തിൽ നടപടികൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ല. മുളക്കുഴപഞ്ചായത്തിൽ കുറഞ്ഞത് ഒരു മാവേലിസ്റ്റോർ എങ്കിലും സ്ഥാപിക്കണം എന്ന് ആവശ്യം ഉണ്ട്. ഏറ്റവും അടുത്തുള്ള രണ്ടു മാവേലിസ്റ്റോറുകൾ യഥാക്രമം 6.80 കിലോ മീറ്റർ ദൂരെയാണ്.

കണക്കുകൾ സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിൽ

പാലിന്റെ ഉപയോഗം സംസ്ഥാന ശരാശരിയായ ആളൊന്നുന് 180 NL എന്ന കണക്കിലാണ്. ഇത്രയും ഉപയോഗം പഞ്ചായത്തിൽ ഇല്ല എങ്കിലും, ആ ലക്ഷ്യം കൈവരിക്കാനുള്ള കമ്മിയാണ് കാണിച്ചിരിക്കുന്നത്.

പഞ്ചായത്തിലും അടുത്ത പട്ടണങ്ങളിലും റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഇപ്പോഴത്തെ വിപണന നിലവാരം

പഞ്ചായത്തിലെ സ്കൂളുകളിൽ വേണ്ടിവരുന്ന യൂണിഫോംമിന്റേയും നോട്ടുബുക്കുളുടെയും കണക്ക്

വിവരണം	കുട്ടികളുടെ എണ്ണം	നിക്കർ,	പാന്റ്സ്	ഷർട്ട് പാവാട	ബ്ലൗസ്	നോട്ട്ബുക്ക്
1. പ്രൈമറി (1 മുതൽ 4 വരെ) വിദ്യാർത്ഥികൾ						
1. ആൺകുട്ടികൾ	668	1336	1336			
2. പെൺകുട്ടികൾ.	665			1310	1330	13230
2. മിഡിൽ/ഹൈസ്കൂൾ വിദ്യാർത്ഥികൾ						
1 ആൺ കുട്ടികൾ	1243	2486	2486			
2 പെൺകുട്ടികൾ.	1166			2332	2332	36135
ആകെ	**3732**	**3822**	**3822**	**3642**	**3642**	**49365**

യൂണിഫോം ഒരുകുട്ടിക്ക് രണ്ടു ജോഡി എന്ന കണക്കിൽ.

സ്ഥലം	ഷർട്ട്	പാന്റ്സ്	പാവാട	ബ്രഡിയർ	ചുരിദാർ	നൈറ്റി
1. ചെങ്ങന്നൂർ	1150	240	1225	8900	1045	1400
2. പന്തളം	250	60	250	1200	550	300
3. തിരുവല്ല	1200	260	1400	9000	1100	1600
4. അടൂർ	200	50	400	1600	600	1050
5. മാവേലിക്കര	750	150	800	3400	800	1200
6. പഞ്ചായത്തിലും പരിസരഗ്രാമ പ്രദേശങ്ങളിലും	160	40	600	950	450	1000
ആകെ	**3710**	**800**	**4675**	**25050**	**4545**	**6550**

അവലബ്ധം:- സാമ്പിൾ സർവ്വേ.

വ്യവസായത്തിന്റെ സാധ്യതകൾ

വിവരണം	ഉപയോഗിക്കാവുന്ന കുടുംബത്തിന്റെ ശതമാനം	പ്രതിമാസാശരാശരി ശരാശരി ഉപയോഗം	ശതമാനം	വിപണി (അളവ്)
സോപ്പ് (അലക്കുന്നതിന്)	0.750 Rs	5442	50%	2721
അച്ചാർ	0.500		20%	725 Rs.

ഉല്പാദത്തിന്റെ കണക്ക്

വിവരണം	എണ്ണം	ശരാശരി ഉല്പാദനക്ഷമത	പ്രതിദിന ഉല്പാദനം	പ്രതിദിന മൊത്ത ഉല്പാദനം	പ്രതിമാസ ഉല്പാദനം
1. നാടൻ പശു (25% സങ്കരം	456	50%	2liter	456	13680
2. സങ്കര ഇനം	686	70%	7 litre	3360	100800
	1142	-	-	**3816**	**114480**

7

പാർപ്പിടം

ആലപ്പുഴജില്ലയുടെ തെക്കുകിഴക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മുളക്കുഴ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള ജനങ്ങൾ വസിക്കുന്നു എന്നതുകൊണ്ടുതന്നെ, ഒരുവശത്ത് താമസിക്കുവാൻ മണിമാളികകൾ ഉള്ളപ്പോൾ മറുവശത്ത് തലചായ്ക്കാൻ ഇടംപോലുമില്ലാത്ത അവസ്ഥയുമുണ്ട്. പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലിചെയ്യുന്നവരുടെ നിർണ്ണായകസംഖ്യയുള്ള ഈ പഞ്ചായത്തിൽ അവരുടെ വരുമാനം ക്രിയാത്മകമായി വിനിയോഗിക്കപ്പെട്ടിട്ടില്ല; മറിച്ച് മണിമന്ദിരങ്ങളുടെ നിർമ്മാണ ധാരാളിത്തത്തിൽ ഒതുങ്ങുകയാണുണ്ടായത്. അത്യാവശ്യ സൗകര്യങ്ങളെങ്കിലുമുള്ള ഒരു വീട് വയ്കുവാനോ, വീട് വയ്കാൻ ഒരുതുണ്ട് ഭൂമി വാങ്ങാനോ കഴിവില്ലാത്തവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച് വരികയും ചെയ്യുന്നു.

പഞ്ചായത്തിൽ ആകെയുള്ള 7500-ൽപ്പരം കുടുംബാംഗങ്ങൾ ഏകദേശം35%-നും സ്വന്തമായി വാസയോഗ്യമായ വീടുകളില്ല. ഇതിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരും കുടിലുകളിലും സുരക്ഷിതമല്ലാത്ത വീടുകളിലും താമസിക്കുന്നവരും പെടും. സ്വന്തമായി വീടില്ലാത്തവരെ ഉയർന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, താഴ്ന്ന വരുമാനക്കാരായ ദുർബ്ബല വിഭാഗങ്ങൾ, താഴ്ന്ന വരുമാനക്കാരായ മറ്റുള്ളവർ എന്നിങ്ങനെ നാലായിതിരിക്കാം. ഇവരിൽ ഉയർന്ന വരുമാനക്കാരുടെ ഭവനനിർമ്മാണ പ്രശ്നങ്ങൾ ഇവിടെ ചർച്ചചെയ്യേണ്ടതില്ല. മറ്റു മൂന്ന് വിഭാഗങ്ങളിൽപ്പെടുന്ന ഭവനരഹിതർക്ക് വാസയോഗ്യമായ വീടുകൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം. ഇവരിൽ ഓരോ വിഭാഗക്കാർക്കും പാർപ്പിടം ഇതുവരെ ലഭിക്കാതിരുന്നതിന്റെ കാരമങ്ങളും വ്യത്യസ്തങ്ങളാണ്.

ഇടത്തരക്കാരിൽ സ്വന്തമായി വീടുകളില്ലാത്ത കുടുംബങ്ങൾ വീടുള്ള മറ്റ് കുടുംബങ്ങളോടൊപ്പം താമസിക്കുന്നു. കൂട്ടുകുടുംബരീതിയിൽ കഴിയുന്നതുകൊണ്ട് ഇവരെ വീടില്ലാത്തവരായി സാധാരണ ഗണിക്കാറില്ല. പഞ്ചായത്തിലെ ഭവനനിർമ്മാണത്തിന് വായ്പ നല്കുന്നതിന് ഇന്നുള്ള സ്ഥാപനങ്ങൾ സംസ്ഥാനഭവന നിർമ്മാണ ബോർഡ്, ചെങ്ങന്നൂർ താലൂക്ക് ഭവന നിർമ്മാണ സഹകരണ സംഘം, സംസ്ഥാന കാർഷിക വികസന ബാങ്ക്, മറ്റ് ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയാണ്. വളരെ അപൂർവ്വമായി സർക്കാരിൽ നിന്നുംലഭിച്ച വായ്പയുപയോഗിച്ചുവച്ച വീടുകളുമുണ്ട്. അമിതമായ പലിശ, നടപടിക്രമങ്ങളുടെ കുരുക്കുകൾ, ജാമ്യത്തിനുള്ള സങ്കീർണ്ണമായ വ്യവസ്ഥകൾ, കാലതാമസം, എന്നിവ ഈ സ്ഥാപനങ്ങളെ സമീപിക്കുന്നതിൽ നിന്നും ജനങ്ങളെ അകറ്റുന്നു. പഞ്ചായത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ഇതുവരെ ഒരു വായ്പമാത്രമേ നൽകിയിട്ടുള്ളൂ എന്ന അറിവ് അതിശയകരമായിരിക്കും. ന്യായമായ പലിശ നിശ്ചയിക്കുകയും വ്യവസ്ഥകൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യത്തക്കരീതിയിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് വിവിധ ഏജൻസികളുടെ ഏകീകൃത പ്രവർത്തനം നടത്തിയാൽ ഇടത്തരം വരുമാനക്കാരുടെ പാർപ്പിട നിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

താഴ്ന്നവരുമാനക്കാരുടെ പാർപ്പിടപ്രശങ്ങ പരിഹാരത്തിനുവേണ്ടി ഇന്നുള്ള പ്രവർത്തനങ്ങൾ തികച്ചും അപര്യാപ്തമാണ്. വീടുകളുടെ നിർമ്മാണത്തിനാവശ്യമായ തുക ലഭിക്കുന്നില്ല. വീടുകളുടെ ഓരോ ഘട്ടത്തിന്റേയും നിർമ്മാണം പൂർത്തിയാക്കിയാൽ മാത്രമേ അതിനു ചെലവായ തുക ലഭിക്കുന്നുള്ളൂ എന്നിവ വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. വീട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ ജാമ്യത്തിൽ ഓരോ ഘട്ടത്തിനും ആവശ്യമായ തുക ഏതെങ്കിലും ധനകാര്യ സ്ഥാപനം മുൻകൂർ നൽകുകയും പ്രസ്തുത ഘട്ടം തീരുമ്പോൾ സർക്കാരിൽ നിന്നും ഈ തുക ആ ധനകാര്യസ്ഥാപനത്തിനു നല്കുകയും ചെയ്യാവുന്നരീതിയിൽ വ്യവസ്ഥചെയ്താൽ പ്രശ്നങ്ങൾ ഒരളവുവരെ പരിഹരിക്കാവുന്നതാണ്.

ദുർബല വിഭാഗങ്ങൾക്ക് സർക്കാരിൽ നിന്നും വെച്ചുനല്കിയ വീടുകൾ മിക്കവയും ഇന്ന് ശോച്യാവസ്ഥയിലാണ് അപര്യാപ്തമായ ഫണ്ടുപയോഗിച്ചു നിർമ്മിച്ച വീടുകളായതു കൊണ്ടു തന്നെ ശരിയായ രീതിയിൽ നിർമ്മിക്കപ്പെട്ടവയായിരുന്നില്ല, അവ ഈവീടു

കളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും മെയിന്റ നൻസ് നടത്തുന്നതിൽ ക്രമീകരണങ്ങൾ ഉണ്ടാകണം. കോളനികളിലും അല്ലാത്ത സ്ഥലങ്ങളിലും താമസ്സി ക്കുന്ന ശരിയായ വീടില്ലാത്തവർക്ക് വാസയോഗ്യമായ വീടുകൾ വച്ചു നല്കണം ഭൂമിയില്ലാത്തവർക്ക് ഭൂമിക ണ്ടെത്തി വീടുവെച്ചു നല്കണം മുളക്കുഴ പഞ്ചായ ത്തിൽ ആകെയുള്ള 397.54 ഏക്കർ പുറമ്പോക്കു ഭൂമിയിൽ 2.88 ഏക്കർ ഭൂമി പതിച്ചു നല്കാവുന്ന താണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭവനനിർമ്മാണത്തിന് കൂടുതലായി വേണ്ടിവരുന്ന ഭൂമി കണ്ടെത്തെണ്ടിയിരി ക്കുന്നു.

ഭവന നിർമ്മാണത്തിനുപയോഗിക്കുന്ന സാധന ങ്ങളുടെ വില ദിനംപ്രതിയെന്നോണം വർദ്ധിച്ചു കൊ ണ്ടിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കു ള്ളിൽ തന്നെ വില ഇരട്ടിച്ചിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ വേതനത്തിലും വർദ്ധനവുണ്ടായി. കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലയിൽ കാര്യമായ നിയന്ത്രണങ്ങൾ ഒന്നും ഇല്ല. പരിസ്ഥിതി പ്രശ്നങ്ങൾ കാരണം മണൽവാരുന്നതി നുണ്ടായ നിയന്ത്രണങ്ങളെ മുതലെടുത്ത് ഇടത്തട്ടു കാർ മണൽ വിലയിൽ ഭീമമായ വർദ്ധനവാണുണ്ടാ ക്കിയത്. മണൽ വിലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് മറ്റു സാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാക്കി. സിമന്റ് ന്യായവിലയ്ക്കു ലഭിക്കുവാനുള്ള പ്രവർത്തന ങ്ങൾ ഒന്നും നടക്കുന്നില്ല.

ഭവനനിർമ്മാണത്തിനുള്ള പല സാധനങ്ങളും മുമ്പ് പ്രാദേശികമായി ലഭിച്ചിരുന്നു എങ്കിൽ ഇന്നത്തെ സ്ഥിതി, നാട്ടിലുണ്ടായിരുന്ന വൃക്ഷ സമ്പത്തിന്റെ കൂടിയ ഭാഗവും നഷ്ടപ്പെട്ടുകഴിഞ്ഞു. തടിയ്ക്കു പകരം വയ്ക്കാവുന്ന ബദൽ സാധനങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിയണം. പത്തു വർഷം മുമ്പുവരെ ചെറിയ, ഇടത്തരം വീടുകളുടെ ചുമർ നിർമ്മിക്കുന്നതിന് നാട്ടിൽ ലഭ്യമായ വെട്ടുകല്ലാണുപയോഗിച്ചിരുന്നു തെങ്കിൽ വെട്ടുകല്ലിന്റെ ഉപയോഗം വളരെ കുറഞ്ഞിരിക്കുന്നു. ചുടുകട്ടയും, സിമന്റ് - മണൽ ഇഷ്ടികയുമാണ് കൂടുതൽ ഉപയോഗിക്കുന്നത്. ചെലവിൽ വലിയ മാറ്റമാണ് ഇതുമൂലം ഉണ്ടാകുന്നത്.

പട്ടിക

ഇനം ഘ:മീറ്ററിന്	സൈസ് സെ:മി:	ഘ:മീറ്ററിന് വേണ്ട എണ്ണം	വില
ചുടുകട്ട	22x10x5	910	1593.00
മണൽ ഇഷ്ടിക	30x18x15	123	615.00
വെട്ടുകല്ല്	37x20x15	90	450.00

പഞ്ചായത്തിൽ ലഭ്യമായ വെട്ടുകല്ല്, ചെറിയ ഇടത്തരം വീടുകളുടെ നിർമ്മാണത്തിനു ഉപയോഗി ച്ചാൽ കാര്യമായ ലാഭം ഉണ്ടാകും.

ഭവന നിർമ്മാണ രംഗത്ത് ശരിയായ ബോധ വൽക്കരണം തീർത്തും ആവശ്യമായിരിക്കും. വീട് ആർഭാടത്തിനും, അലങ്കാരത്തിനും എന്ന രീതി മാറി ആവശ്യത്തിന് എന്ന സ്ഥിതി നിലവിൽ വരണം.

പ്രശ്നങ്ങൾ

1. വിവിധ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കു വാൻ നിയമങ്ങളുടെ സങ്കീർണ്ണത, ജാമ്യ വ്യവസ്ഥകൾ,

പട്ടിക

പതിച്ചു കൊടുക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ

വിസ്തീർണ്ണം(ഏക്കറിൽ)
സ്ഥാവര വസ്തുക്കളുടെ വിവരം

വില്ലേജ്	പുരയിടം	നിലം	തരിശ്	മറ്റുള്ളവ	ആകെ
മുളക്കുഴ	2.50	-	0.38	-	2.88

അവലംബം: വില്ലേജാഫീസ് രേഖ

കാലതാമസം, പലിശ കൂടുതൽ.

2.സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ അപര്യാപ്തത, വീടുപണി പൂർത്തിയാക്കുവാൻ കഴിയുന്നില്ല.

3. കെട്ടിട നിർമ്മാണ സാധനങ്ങളുടെ ക്രമാതീതമായ വില വർദ്ധന.

4. വീടുകളുടെ ആവശ്യകതയെക്കുറിച്ചുള്ള ശരിയായ ബോധവൽക്കരണത്തിന്റെ അഭാവം.

5. വിവിധ പദ്ധതികളിൽപ്പെടുത്തി ലഭിച്ചവീടുകളുടെ മെയിൻനൻസിന്റെ അഭാവം.

6. നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഏകീകരണമില്ല.

സംധ്യതകൾ

1. വായ്പലഭ്യമാക്കുന്ന ഏജൻസികളുടെ ഏകീകൃത പ്രവർത്തനങ്ങളുടെ പഞ്ചായത്ത് നേതൃത്വം നല്കണം. ജാമ്യവ്യവസ്ഥയിലേയും നിയമങ്ങളിലേയും സങ്കീർണ്ണതകൾ ഒഴിവാക്കണം.

2. വിവിധ ഭവനനിർമ്മാണ വായ്പകളുടേയും സഹായധനങ്ങളുടേയും പരിധി ഉയർത്തണം.

3. കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലയിൽ ഏകീകരണം വേണം. മണലിന്റെ വില ജില്ലാ കളക്ടർ, RDO എന്നിവർക്ക് നിയന്ത്രിക്കാവുന്നതാണ്.

4. സിമന്റ്, കമ്പി എന്നിവയുടെ വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നടത്തുക.

5. വീടുകളുടെ നിർമ്മാണത്തിന് പരിധി ഏർപ്പെടുത്തുക.

6. ചെലവ് കുറഞ്ഞവീടുകളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നല്കുക.

7. പ്രാദേശികമായി ലഭിക്കാവുന്ന സാധനങ്ങൾ ഭവന നിർമ്മാണത്തിന് പരമാവധി ഉപയോഗിക്കുക.

പട്ടിക

ഭവനനിർമ്മാണ സാധനങ്ങളുടെ വിലയും വേലക്കൂലിയും(1996)

ക്രമനമ്പർ	ഇനം	യൂണിറ്റ്	വില/കൂലി
1.	സിമന്റ്	പാക്കറ്റ്	185.0
2.	കമ്പി	ക്വിന്റൽ	1650.00
3.	കട്ടിളയ്ക് തടി(പ്ലാവ്)	ഒന്ന്	2350.00
4.	കതക് പലക (പ്ലാവ്)	ഒരുവാതിലിന്	3500.00
5.	കതക്പലക(മാവ്)	ഒരുവാതിലിന്	1000.00
6.	ചുടുകട്ട(കൺട്രി)	ലോഡ് (4000)	7000.00
7.	വെട്ടുകല്ല്(ചെത്തിയത്)	1000	5000.00
8.	മണൽ ഇഷ്ടിക	1000	5000.00
9.	കരിങ്കല്ല് ലോഡ്		1000.00
10.	മണൽ ലോഡ്		1200.00
11.	ചല്ലി ലോഡ്		2200.00
12.	മേച്ചിൽ ഓട്	1000	3000.00
	വിദഗ്ദ്ധ തൊഴിലാളി	1	125.00
	അവിദഗ്ദ്ധതൊഴിലാളി	1	100.00

സാമൂഹ്യ ക്ഷേമം

ഏതൊരു ജനതയുടേയും നാനാ മേഖലകളിലേക്കുള്ള വികസന ശ്രമങ്ങളോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്നവയാണ് ദുർബ്ബലരെ സമൂഹത്തിന്റെ മുഖ്യധാരയിൽ ഉറപ്പിച്ചു നിർത്തുവാനുതകുന്ന ക്ഷേമപരിപാടികൾ. ഉല്പാദന പ്രക്രിയയിൽ നേരിട്ട് ഏർപ്പെടാൻ കഴിവും അവസരവും ഇല്ലാത്തവർക്ക്വേണ്ടിയാണ് ക്ഷേമപദ്ധതികൾ. അഗതികൾ, വിധവകൾ, വികലാംഗർ, വാർദ്ധക്യം ബാധിച്ചവർ, അവശകലാകാരന്മാർ, സാഹിത്യകാരന്മാർ, കായിക താരങ്ങൾ, ക്ഷയരോഗികൾ, കാൻസർ രോഗികൾ, എന്നിവർക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, കഴിവും ആരോഗ്യവുമുണ്ടായിരുന്ന കാലത്ത് തങ്ങൾ ജോലി ചെയ്തിരുന്ന തൊഴിൽമേഖലയുമായി ബന്ധപ്പെട്ട് അംഗങ്ങളായിരുന്ന വിവിധ ക്ഷേമനിധികൾ തൊഴിലെടുക്കാനുള്ള അവസരം ലഭിക്കാതിരുന്നവർക്ക് അല്പമെങ്കിലും ആശ്വാസമാകുന്ന തൊഴിലില്ലായ്മ വേതനം എന്നിവയ്ക്ക് യഥാർത്ഥത്തിൽ അർഹതയുള്ളവരുടെ വളരെ ചെറിയൊരു ഭാഗത്തിനു മാത്രമേ ഇന്ന് ടി പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുള്ളു. ദുർബ്ബലരേയും അസംഘടിതരെയും സംരക്ഷിക്കേണ്ടത് സംഘടിതരായ ഒരു സമൂഹത്തിന്റെ സാമൂഹ്യ ബാധ്യതയായി എറ്റെടുത്തുകൊണ്ട് ഇത്തരത്തിലുള്ള എല്ലാവരേയും സമൂഹത്തിൽ ഉറപ്പിച്ചു നിർത്തുവാനുള്ള ശ്രമമാണ് ആവശ്യം. ഉല്പാദനമേഖലയിൽ പ്രവർത്തിയെടുക്കുന്നവരുടെ എണ്ണവുമായി ബന്ധപ്പെടുത്തി നോക്കിയാൽ വളരെ വലിയൊരു ഭാഗംവരുന്ന, വിവിധ ക്ഷേമപദ്ധതികളിൽപ്പെടുത്താവുന്നവരെ സംരക്ഷിച്ചു നിർത്തുക ഏതു ജനാധിപത്യ സ്ഥാപനത്തിനും ഒരു പരിധിക്കപ്പുറം കഴിവില്ല എന്നിരിക്കിലും നിലവിലുള്ള പദ്ധതികളിലുൾപ്പെടുത്തി ഇന്ന് നല്കിപ്പോരുന്ന വിവിധ ക്ഷേമപദ്ധതികളുടെ തുകയും എണ്ണവും വളരെ കുവാണെന്ന് പറയാതെയിരിക്കാനാവില്ല. പല പദ്ധതികളുടേയും ആനുകൂല്യം അർഹതയില്ലാത്ത പലരും നേടുന്നു എന്നതും വസ്തുതയാണ്.

നിലവിലുള്ള സാമൂഹിക ക്ഷേമപദ്ധതികളെ വിവിധ പെൻഷനുകൾ, ജോലിയെടുക്കുന്ന തൊഴിൽ തുറയുമായി ബന്ധപ്പെട്ട ക്ഷേമനിധികൾ എന്നിങ്ങനെ രണ്ടായി തിരിയ്ക്കാം.

പെൻഷനുകൾ

റവന്യൂവകുപ്പ് കൈകാര്യം ചെയ്തിരുന്ന പെൻഷനുകളും കർഷകത്തൊഴിലാളി പെൻഷനുമാണ് സാമൂഹ്യ രംഗത്ത് ഇന്നുള്ള പെൻഷൻ പദ്ധതികൾ.

1) വിവിധപെൻഷൻ

കഴിഞ്ഞ മൂന്നു വർഷങ്ങളിലെ കണക്കു പരിശോധിച്ചാൽ പെൻഷൻ ലഭിക്കുന്നവരിൽ നേരിയ വർദ്ധനവുള്ളവരായി കാണുന്നു. നിലവിലുള്ള നിയമ പ്രകാരംതന്നെ അർഹതയുള്ള എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല എന്നതാണ് വസ്തുത. നടപ്പുവർഷത്തിൽ പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്നവരുടെ എണ്ണം 121 ആണ്. കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷനുള്ള അർഹത നിശ്ചയിക്കുക കൂടുതൽ ശാസ്ത്രീയമായിരിക്കും.

2) വികലാംഗ പെൻഷൻ

വികലാംഗ പെൻഷനും ലഭിക്കുന്നവരുടെ എണ്ണത്തിലും നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഇപ്പോൾ 73 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

3) വാർദ്ധക്യകാല പെൻഷൻ

ഇപ്പോൾ 54 പേർക്ക് ഈ പെൻഷൻ ലഭിച്ചു വരുന്നു.

4) അവശകലാകാര പെൻഷൻ

ഇതുവരെ ഒരാൾ മാത്രമേ ഈ പെൻഷന് അർഹത നേടിയിട്ടുള്ളു.

5) ക്ഷയരോഗ പെൻഷൻ

പഞ്ചായത്തിൽ ഒരാൾക്ക് ഈ പെൻഷൻ ലഭിച്ചു വരുന്നു.

6) കാൻസർ രോഗി പെൻഷൻ

പഞ്ചായത്തിൽ നാലുപേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

7) കർഷകത്തൊഴിലാളി പെൻഷൻ

പഞ്ചായത്തു പ്രദേശത്തുള്ള 367 പേർക്ക് ഇപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. നിയമത്തിന്റെ നൂലാമാലകളിൽ കുരുങ്ങി തീർപ്പു കല്പിക്കാത്ത അപേക്ഷകൾ വരുമാനത്തിന്റെ കാര്യത്തിലുള്ള തർക്കങ്ങൾ കാരണം തീരുമാനമെടുക്കാൻ കഴിയാതിരുന്ന അപേക്ഷകൾ അധികാരവികേന്ദ്രീകരണത്തെതുടർന്ന് പഞ്ചായത്തുകൾക്ക് കൈമാറിയതായി നിർദ്ദേശമുണ്ടായിരുന്നിട്ടും നടപ്പിലാക്കുവാൻ വൈകുന്നതിന്റെ പേരിൽ പരിഗണിക്കാത്ത അപേക്ഷകൾ എന്നി

പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വർഷം	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശ കലാകാര പെൻഷൻ	ക്ഷയരോഗി പെൻഷൻ	കാൻസർരോഗി പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
1	2	3	4	5	6	7	8	9
1994-95	11 9	72	54	1	1	4	363	1042
1995-96	119	72	54	1	1	4	367	1053
1996-97	121	73	54	1	1	4	367	1058

വ നിരവധിയാണ് ഇത്തരം പ്രശ്നങ്ങൾ നിലനില്കുന്നതുമൂലം അപേക്ഷകളിനിയും നല്കിയിട്ടില്ലാത്ത വരുമുണ്ട് ഇങ്ങനെ ആകെ 200 പേരെങ്കിലും പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരായി നിലനില ്ക്കുന്നു.

8) തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ 1058 പേരാണ് നിലവിലുള്ളത്. തൊഴിൽരഹിതരിൽ ചെറിയ ഒരുഭാഗം മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളു. തൊഴിലില്ലായ്മ വേതനത്തിന് അർഹരെ തെരെഞ്ഞെടുക്കുന്നതിന് ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗം രജിസ്ട്രേഷൻ തന്നെയാണ്. പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തിക്കൊണ്ട് തൊഴിലില്ലായ്മ കുറക്കുന്നതിനുള്ള ശ്രമം നടത്തണം അതുവരെ തൊഴിലില്ലായ്മ വേതനം നല്കണം

ക്ഷേമനിധികൾ

1)കർഷകത്തൊഴിലാളി ക്ഷേമനിധി

കർഷകത്തൊഴിലാളി മേഖലയിൽ 1571 പുരുഷന്മാരും 477 സ്ത്രീകളുമായി 2048 പേർ ജോലി ചെയ്യുന്നുണ്ടെങ്കിലും ക്ഷേമനിധിയിൽ അംഗത്വമെടിത്തിട്ടിള്ളവർ 973 പേർ മാത്രമാണ്. തൊഴിലുടമകളിൽനിന്നും ക്ഷേമനിധിയിലേക്കുള്ള വിഹിതത്തിന്റെ പിരിവു നടത്തുന്നില്ല. മാത്രമല്ല ക്ഷേമനിധിയിലേക്കുള്ള തൊഴിലാളികളുടെ വിഹിതം അടക്കുന്നതിന് ഇന്നുള്ള സംവിധാനത്തില് അപര്യാപ്തത കാരണം ഈ വിഹിതത്തിൽ വളരെയേറെ കുടിശ്ശികയുണ്ടായിരിക്കുന്നു. മാത്രമല്ല ക്ഷേമ നിധിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വളരെ പ്രയാസം അനുഭവപ്പെടുന്നുണ്ട്

2) നിർമ്മാണ തൊഴിലാളി ക്ഷേമനിധി

നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള 368 പേർ പഞ്ചായത്തിലുണ്ട് എന്നാൽ 1991 ലെ സെൻസസ് കണക്കുകൾ പ്രകാരം ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം 247

മാത്രമാണ് ഇപ്പോൾ ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം ഇതിലുമെത്രയോ കൂടുതലാണ്. ഈ നിധിയിലേക്ക് പണമടയ്ക്കുന്നതിന് താരതമ്യേന ലളിതമായ ഏർപ്പാടുകളാണുള്ളത് മാത്രമല്ല തൊഴിൽ ഉടമകളിൽ നിന്നും ഇതിലേക്കുള്ള പിരിവും കൂടുതൽ മെച്ചമായി നടക്കുന്നുണ്ട്.

കൂടാതെ തയ്യൽ തൊഴിലാളി, ചുമട്ടു തൊഴിലാളി, മദ്യവ്യവസായ തൊഴിലാളി, ബീഡിത്തൊഴിലാളി തുടങ്ങിയ മേഖലകളിലും ക്ഷേമനിധികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തു പ്രദേശത്ത് ഇവയിലംഗത്വമുള്ളവർ വളരെ കുറവാണ്.

പൊതുവിതരണം

മുളക്കുഴ പഞ്ചായത്ത് പ്രദേശത്ത് 19 റേഷൻ കടകൾ പ്രവർത്തിക്കുന്നു. 199596 വർഷത്തിൽ 5764 കുടുംബങ്ങൾക്ക് റേഷൻ കാർഡുകളുണ്ട്, മേജർ 22669,മൈനർ 3883 എന്നിങ്ങനെ 26552 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 26,974 ആയിരുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങൾകൊണ്ട് സ്വാഭാവികമായും ഉണ്ടായവർദ്ധന കണക്കിലെടുത്താൽ ഇപ്പോൾ ജനസംഖ്യ 3000ൽ ഏറെവരും റേഷൻകാർഡിൽ പേര് ഉൾപ്പെടുത്താത്തവരും, റേഷൻകാർഡ് ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങളും ഏറെയുണ്ട്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെ അളവ് 199192

മുതൽ 199596 വരെയുള്ള കാലത്ത് കുത്തനെ കുറഞ്ഞതായി കണക്കുകൾ വ്യക്തമാക്കുന്നു. 199192 ൽ 1393.88 ശക്ക, 199596 ൽ 488.86 ശക്ക അഞ്ച് വർഷം കൊണ്ട് ഉപഭോഗത്തിൽ 65 % കുറവുണ്ടായി. ഗുണമേന്മകുറഞ്ഞ അരിമാത്രം വിതരണം ചെയ്തിരുന്നതും പൊതുവിതരണ കാര്യത്തിലുണ്ടായിരുന്ന കാര്യക്ഷമതയില്ലായ്മയും ഉത്തരവാദിത്വമില്ലായ്മയുമാണ് ഇതിന് കാരണം. എന്നാൽ 199697 ൽ വീണ്ടും റേഷൻ അരിയുടെ ഉപഭോഗം കുത്തനെ വർദ്ധിച്ചിരിക്കുന്നതായി കാണാം. മെച്ചപ്പെട്ട അരിവിതരണം ചെയ്യുന്നതും, ഈ രംഗത്ത് പുതുതായിഉണ്ടായ ഉണർവ്വും, റേഷൻ അരിയുടെവിലയും, പൊതുവിപണിയിലെ അരിയുടെ വിലയും തമ്മിലുള്ള വലിയ അന്തരവുമാണ് ഇതിന് കാരണം. റേഷൻ അരിയുടെ വിതരണം കാര്യക്ഷമമായതോടെ പൊതുവിപണിയിലെ വിലക്കയറ്റത്തിന്റെ ഭാരം ജനങ്ങൾക്കുമേൽ ശക്തമായി ഏൽക്കുന്നതിനെ ഒരളവുവരെ തടയാൻ കഴിഞ്ഞു. എന്നാൽ മറ്റ് ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ സ്ഥിതി ഇതല്ല. റേഷൻകടകളിലൂടെ കൂടുതൽ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാൻ കഴിയണം. ഒരു മാവേലിസ്റ്റോറിന്റെ അഭാവം പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്.

പ്രശ്നങ്ങൾ

1) സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പെൻഷനുകൾ ലഭിക്കുന്ന തിന് നടപടികൾ സങ്കീർണ്ണമാണ്. വളരെ കാല താമസം അനുഭവപ്പെടുന്നു. തുക തീരെ അപര്യാപ്തമാണ്.

2) വിവിധ തൊഴിൽ മേഖലകളിലെ ക്ഷേമനിധി അംഗത്വം, വിഹിതം അടയ്കൽ, ആനുകൂല്യങ്ങൾ ലഭിക്കൽ എന്നിവയ്ക് ഏറെ സങ്കീർണ്ണത നില നിൽകുന്നു.

3) മദ്യവിപത്ത് ഒരു സാമൂഹ്യ പ്രശ്നമായി നിലനിൽകുന്നു.

4) പഞ്ചായത്തിലെ കുടുംബങ്ങളിൽ 30 ശതമാനത്തിൽ അധികവും സ്വന്തമായി 10സെന്റിൽ താഴെ മാത്രം ഭൂമി ഉള്ളവരാണ്. ഇവരിൽ ക്രിസ്ത്യൻ, മുസ്ലീം മത വിശ്വാസികളല്ലാത്തവരുടെ മൃതദേഹം സംസ്കരിക്കുവാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെ ടുന്നു.

5) പഞ്ചായത്തിൽ 19 റേഷൻ കടകളുണ്ടെങ്കിലും പലതിന്റേയും സ്ഥാനം ഉപഭോക്താക്കളുടെ വീടുകളിൽനിന്നും വളരെ അകലത്തിലാണ്. ചില വാർഡുകളിൽ റേഷൻ കടകളില്ല. പഞ്ചായത്തിൽ മാവേലിസ്റ്റോർ ഇല്ല.

സാധ്യതകൾ

1) ക്ഷേമപദ്ധതികൾ ലളിതമാക്കുക, എല്ലാക്ഷേമ പദ്ധതികളുടേയും നടത്തിപ്പ് പഞ്ചായത്ത് വഴിയാകണം.

2) ക്ഷേമനിധികളിലേക്ക് പണമടയ്കുന്നതിന് പഞ്ചാ യത്തിലോ, ബാങ്കുകളിലോ ക്രമീകരണമുണ്ടാകണം. തൊഴിലുടമകളിൽനിന്നും വിഹിതം പിരിച്ചെടുക്കൽ കാര്യക്ഷമമാക്കണം.

3) വ്യാജവാറ്റ് തടയൽ കാര്യക്ഷമമാകണം. അനധികൃത മദ്യം വിൽപന തടയാൻ ജനകീയ സമിതികൾ രൂപീകരിക്കണം. പഞ്ചായത്തിനെ മദ്യവിമുക്തമാക്കുക.

4) ഒരു ശ്മശാനം സ്ഥാപിക്കുക.

5) ആവശ്യമായ സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കുക; എല്ലാ ജനങ്ങൾക്കും സൗകര്യമായ രീതിയിൽ റേഷൻ കടകളുടെ സ്ഥാനം മാറ്റുക; ഒരു മാവേലിസ്റ്റോർ അനുവദിക്കുക.

6) ദാരാദ്ര്യ രേഖയ്കു താഴെയുള്ള എല്ലാവരേയും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുക.

7) ഒരു വൃദ്ധസദനം സ്ഥാപിക്കുക.

8) കേരളാസ്റ്റേറ്റ് ലീഗൽ എയ്ഡ് & അഡ്വൈസറി ബോർഡിന്റെ സൗജന്യമായ നിയമ സേവനം നമ്മുടെ പഞ്ചായത്തിലും ലഭ്യമാക്കുക.

പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

പൊതുവിതരണ സംവിധാനം – വിവരങ്ങൾ

വർഷം	കാർഡുടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ)						മൊത്തം
	NE	E	ആകെ	മേജർ (12 വയസ്സിനു മേൽ)	മൈനർ (3–12 വയസ്സ്)	ആകെ	അരി എല്ലാം ഇനവും	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	
1	2	3	4	5	6	7	8	9	10	11	12	13	14
91-92	1864	3597	5461	22090	3508	25598	13939	4042	323	1114	1413	321	216239
92-93	1878	3619	5497	22142	3566	25708	13105	3512	281	1042	1376	170	213921
93-94	1924	3687	5611	22320	3703	26023	7549	2585	287	1064	995	—	224294
94-95	1963	3739	5702	22525	3810	26335	5971	1433	280	1218	1029	41	228422
95-96	1990	3774	5764	22669	3883	26552	4889	1271	292	1024	1171	—	230993

(അവലംബം: ജില്ലാതല വിവര ശേഖരണം – താലൂക്ക് സപ്ലൈ ഓഫീസ് രേഖ)

8

സംസ്ക്കാരം

സമ്പന്നമായി ഒരു സാംസ്കാരിക പൈതൃകത്തിന്റെ അനുഭാവങ്ങൾ അരങ്ങേറിയ മതേതരരംഗ ഭൂമിയാണ് മുളക്കുഴ. പഴയ തിരുവിതാംകൂറിലുൾപ്പെട്ടിരുന്ന ഈ ഗ്രാമം ചെങ്ങന്നൂർ രാജാവിന്റെ അധീനതയിലായിരുന്നു. രാജവാഴ്ചയും ബ്രിട്ടീഷ് മേധാവിത്വവും ഫ്യൂഡൽപ്രഭുത്വവും ഉഴുതുമറിച്ച ഈ മണ്ണിൽ സാംസ്കാരികമായ ഉർവ്വരത ഇന്നും നിലനില്ക്കുന്നു.

ആര്യ സംസ്കാരത്തിന്റെ കടന്നാക്രമണം നമ്മുടെ പൂർവ്വികർക്ക് ഏറെയൊന്നും അനുഭവിക്കേണ്ടിവന്നിട്ടില്ല. എങ്കിലും സമ്പന്നരായ സവർണ്ണ അവർണ്ണ വിഭാഗങ്ങളുടെ തേരോട്ടത്തെ ശക്തമായി. പ്രതിരോധിച്ചും നിലനില്പിനായി തിരിച്ചടിച്ചും പിടിച്ചുനിന്നതിന്റെ ഓർമ്മകൾ ഗ്രാമപ്പഴമയായി ഇന്നുംനിലനിൽക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായ പോരാട്ടത്തിന്റെ മുന്നണിയിൽ ദേശീയതയുടെ കൊടിപാറിച്ച കൈകളിൽ ഏറെയും വിദ്യാസമ്പന്നരായ ഇന്നാട്ടിലെ ക്രിസ്ത്യാനികളുടേതായിരുന്നു എന്നുപറയുമ്പോൾ മുസ്ലീം ഹിന്ദു മതേതരപങ്കാളിത്തം കുറച്ചു കാട്ടുകയല്ല. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് വിദ്യാഭാസ പ്രചരണത്തിലൂടെയും സാഹിത്യ പ്രവർത്തനത്തിലൂടെയും ഉൽപ്രേരകകങ്ങളായി വർത്തിച്ച ഗുരുസ്ഥാനീയരായ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ, ബഹുഭാഷാ പണ്ഡിതനായ ജനാബ് മുഹമ്മദ് അസ്ലാം മൗലവി, ശ്രീമൂലം പ്രജാസഭാംഗം പുരുഷോത്തമപണിക്കർ എന്നീ മഹദ് വ്യക്തികൾ മൺമറഞ്ഞു പോയെങ്കിലും അവരുടെ സ്മരണകൾ നമുക്ക് കൈത്തിരികളാകുന്നു.

ഒരു മുസ്ലീം പള്ളിയും 12 ക്രിസ്ത്യൻ ദേവാലയങ്ങളും 15 ഓളം ഹൈന്ദവ ക്ഷേത്രങ്ങളും 20 ഓളം മറ്റ് ആരാധനാലയങ്ങളും ഈ ഗ്രാമത്തിലുണ്ട്. ഒരു ബൈബിൾ കോളേജ്, ക്രിസ്റ്റ്യൻ ചാരിറ്റബിൾ മിഷനറി സൊസൈറ്റി, രണ്ട് മുസ്ലീം ചാരിറ്റബിൾ ട്രസ്റ്റുകൾ എന്നിവയുമുണ്ട്. ചില മതതത്വ പ്രചരണസ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മുളക്കുഴ ഗന്ധർവ്വമുറ്റം, പറയരുകാലാ കോട്ട ദേവീക്ഷേത്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രചാരത്തിലിരിക്കുന്ന ഒരു ഐതിഹ്യകഥ ഹിന്ദുക്കൾക്കിടയിലെ ജാതി സ്പർദ്ധ കുറയ്ക്കാൻ കുറച്ചൊക്കെ കാരണമായിട്ടുണ്ട്. പണ്ട് മുളക്കുഴ ഗന്ധർവമുറ്റം ക്ഷേത്രത്തിൽ പള്ളി വിളക്കെഴുന്നെള്ളിപ്പ് എന്നൊരു ചടങ്ങുണ്ടായിരുന്നു. കറങ്ങിക്കൊണ്ടിരികുന്ന ഒരു മരവളയത്തിൽ കത്തിക്കൊണ്ടിരിക്കുന്ന മരോട്ടിവിളക്കുകൾ ഉറപ്പിച്ചതും വളരെ ഭാരമേറിയതുമായ ഒരു രഥത്തിലാണ് അത് എഴുന്നെള്ളിച്ചിരുന്നത്. സ്കൂളിന്റെ കിഴക്കു വശത്തുനില്ക്കുന്ന ആൽമരച്ചുവട്ടിൽ നിന്നും ക്ഷേത്രം നിലകൊള്ളുന്ന കുന്നിന്റെ നെറുകയിലെക്ക് അത് ഉന്തിക്കയറ്റിയിരുന്നത് മുസ്ലീങ്ങളും ഹിന്ദുക്കളും ഒരുമിച്ചായിരുന്നു. അതുപോലെതന്നെ പറയരുകാലാ ദേവീക്ഷേത്രത്തിത്ലെ ഉൽസവ ത്തോടനുബന്ധിച്ചുള്ള കെട്ടു കാഴ്ചയിൽ വടക്കെ കരയുടെ കെട്ടുകാഴ്ചയെടുക്കുന്നതിൽ മുസ്ലീങ്ങളും, ക്രിസ്ത്യാനികളും, ഹിന്ദുക്കളും, കാണിക്കുന്ന ഐക്യബോധം പ്രശംസനീയമാണ്. ഓണം, ക്രിസ്തുമസ്സ്, റംസാൻ ആഘോഷങ്ങൾ മതെതരത്വത്തിന്റെ വാടാത്ത പൂക്കളാണ്.

വിവിധ ജാതി മതസ്ഥരുടെ സാമ്പത്തിക ഘടന അവരുടെ തൊഴിലുകളുമായി ബന്ധപ്പെട്ട് ഏറിയും കുറഞ്ഞുമിരിക്കുന്നു. അദ്ധ്വാനസംസ്കാരത്തിന്റെ അപചയവും അലസതയുടെ ആധിക്യവും ജനങ്ങളുടെ വരുമാന നിരക്കിൽ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ പുരോഗമന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, സാംസ്കാരിക സംഘടനകളും രംഗത്തുള്ളതുകോണ്ട് ജനജാഗരണത്തിന്റെ കാര്യത്തിൽ പിന്നോക്കാവസ്ഥയില്ല. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. പുകയില്ലാത്ത അടുപ്പ് പ്രചരണം, സാക്ഷരതായജ്ഞം, വിജ്ഞാനോൽസവങ്ങൾ, സാംസ്കാരിക ബോധവൽകരണ കലാജാഥകൾ എന്നിവയാണ് ഇവിടെ നടന്ന പരിഷത്തിന്റെ പ്രധാന പരിപാടികൾ. സാമൂഹ്യസേവനരംഗങ്ങളിൽ കാര്യമായ പങ്കുവഹിക്കുന്ന മറ്റു ചില ക്ലബ്ബുകളും പഞ്ചായത്തിലുണ്ട്. രഞ്ചിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് മുളക്കുഴ, ലിയോ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കാരയ്കാട്, മുളക്കുഴ, സർഗ്ഗവേദി എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

പണ്ട് വിവാഹം പോലെയുള്ള ചടങ്ങുകളിൽ ലാളിത്യം നിറഞ്ഞുനിന്നിരുന്നെങ്കിൽ ഇന്നത് ആർഭാട പൂർവ്വമായിരിക്കുന്നു. മതാനുഷ്ഠാനപ്രകാരമുള്ള വിവാഹങ്ങളാണ് ഏറെ നടക്കാറ് എങ്കിലും ജാതിസങ്കൽപങ്ങൾക്കതീതമായ വിവാഹബന്ധങ്ങളും നടക്കാറുണ്ട്. 7-ാം വാർഡിലെ കാഞ്ഞിരം നിൽകുന്നതിൽ കുടുംബത്തിലെ മൂന്ന് അംഗങ്ങൾ ജാതിമതത്തിനതീതമായി വിവാഹം കഴിച്ച് മാതൃകാപരമായ ജീവിതംനയിക്കുന്നവരാണ്. കൂടോത്രം പോലെയുള്ള ദുരാചാരങ്ങൾക്ക് പ്രസക്തി കുറഞ്ഞു എങ്കിലും അത് പൂർണ്ണമായി നിലച്ചിട്ടില്ല. ഏറെ രസകരമായ സംഭവം രാഹുകാലം, കൂടോത്രം തുടങ്ങിയ ദുരവസ്ഥകളുടെപിടിയിൽ നിന്നും മുസ്ലീങ്ങളൊ, ക്രിസ്ത്യാനികളൊപോലും പൂർണ്ണമായി രക്ഷപെട്ടിട്ടില്ലാ എന്നുള്ളതാണ്. മനുഷ്യദൈവാരാധനയും അതിന്റെ ഭാഗമായ ചൂഷണവും വിദ്യാസമ്പന്നരായ ആൾക്കാർപോലും പിന്തുണയ്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഇത്തരം സാമൂഹ്യ അനാചാരങ്ങൾക്കെതിരേ കേരളായുക്തിവാദിസംഘത്തിന്റെ മുളക്കുഴ യൂണിറ്റ് ഫലവത്തായി പ്രവർത്തിച്ചിരുന്നു എങ്കിലും ഇപ്പോൾ ആ സംഘടനയും നിഷ്ചേഷ്ടാവസ്ഥയിലാണ്.

കൊയ്ത്തുപാട്ട്, നടീൽപാട്ട്, എന്നിവയുടെ സ്മരണകൾ പണ്ടത്തെ അദ്ധ്വാന സംസ്ക്കാരത്തിന്റെ മികച്ച പ്രതീകങ്ങളാണ്. ക്ഷേത്രാചാരങ്ങളോടൊപ്പം ഉയിർകൊണ്ട് 70കൾ വരെ പ്രോജ്ജ്വലമായിരുന്ന കലാ-കായിക രൂപങ്ങൾ ഇവിടെയുണ്ടായിരുന്നു. പരിഹസിച്ച് പവിത്രീകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭം കൊണ്ട് കാക്കാരശിനാടകം, ദ്രാവിഡ സംഘകലയായ പടയണി, കോലംതുള്ളൽ, വില്ലടിച്ചാൻപാട്ട് എന്നിവയുടെ പ്രാദേശിക പ്രയോക്താക്കളിൽ പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. കോൽകളി, കമ്പുകളി, പരിചമുട്ടുകളി, വേലകളി എന്നിവ പരിശീലിപ്പിച്ചിരുന്ന. കളരികളും ഇവിടെയുണ്ടായിരുന്നു. അരീക്കരയിലേക്ക് കുടിയേറിപ്പാർത്തിരുന്ന ഒരു കൂട്ടർ പാലനില്കുന്നതിൽ ക്ഷേത്രത്തിൽ സർക്കസ്സിനോട് സമാനമായ "ദണ്ഡിപ്പ്" എന്ന കായിക കലാരൂപം അവതരിപ്പിച്ചിരുന്നു. ഇന്ന് നിലനില്ക്കുന്ന തനത് കലാരൂപങ്ങൾ തിരുവാതിര, ഒപ്പന, പുലികളി, പരിചമുട്ടുകളി, കുതിരകളി, മയിലാട്ടം, കോൽകളി എന്നിവയാണ്.

1866 ൽ പെരിങ്ങാലായിൽ സ്ഥാപിക്കപ്പെട്ട "ശ്രീധര വിലാസഗ്രന്ഥശാല"യാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥശാല. ആസ്ഥലത്തിന് പിന്നീട് 'വായനശാല' എന്ന പേര് കിട്ടിയതും അതിന്റെ ബാക്കി പത്രമായിട്ടാണ്. ആ കെട്ടിടം ഇപ്പോഴും നില്ക്കുന്നുണ്ടെങ്കിലും അപൂർവ്വവും ചരിത്രപ്രധാനവുമായ അനേകം ഗ്രന്ഥങ്ങളുടെ കലവറയായിരുന്ന വായനശാലയുടെ പ്രവർത്തനം നിലച്ചുപോയി.1950ൽ സ്ഥാപിച്ച അരീക്കര S.N.M വായനശാലയാണ് ഇന്നു നിലനില്ക്കുന്നതിൽ ഏറ്റവും പഴയവായനശാല. വായനശാലകളിലൂടെ പത്രം വായിച്ചു കേൾപ്പിക്കുകയും ചർച്ചചെയ്ത് സംശയനിവാരണം നടത്തുകയും ചെയ്തിരുന്ന രീതി ഇന്നില്ല. ഗ്രന്ഥശാലകളെ പോലെതന്നെ നാടിന്റെ സാമൂഹ്യ-സേവന-സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ ഗണ്യമായ പങ്കുവഹിക്കുന്ന ചില അമചർ കലാസമിതികളും കായിക സമിതികളും വനിതാ സംഘടനകളും ഇന്നാട്ടിലുണ്ട്. ഓണം, ക്രിസ്തുമസ്സ് എന്നീ വേളകളിൽ ഈ സംഘടനകൾ നടത്തുന്ന ആഘോഷപരിപാടികൾ നമ്മുടെ സാംസ്ക്കാരിക തനിമയും മത സൗഹാർദ്ദവും കാത്തു സൂക്ഷിക്കുന്നതിൽ ഒരളവുവരെ സഹായിക്കുന്നുണ്ട്. നിരവധി അമചർ കലാസമിതികൾ ജന്മം കൊള്ളുകയും നാമാവശേഷമാവുകയും ചെയ്ത ഒരു ഗ്രാമം കൂടിയാണിത്. ശോഭനാ കലാസമിതികളാണ് യുവവേദി എന്നിവ അവയിൽ ചിലതാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ രൂപം കൊണ്ടതും ഇപ്പോഴും നിലനില്ക്കുന്നതുമായ ചില അമചർ കലാസമിതികളിണ് പൂപ്പൻങ്കര കലാസമിതി, സർഗ്ഗചിത്ര മിമിക്സ് എന്നിവ. ഇത് കൂടാതെ അടൂർ "ജയതീയറ്റേഴ്സ്" എന്ന പ്രൊഫഷണൽ നാടക സമിതിയും പഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. രഞ്ചിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മംഗളം കലാസാഹിത്യവേദിഎന്നിവയുടെ പ്രവർത്തനങ്ങളിൽ പെൺകുട്ടികൾ സജീവസാന്നിദ്ധ്യം പുലർത്തുന്നു. ഇടക്കാലത്ത് രൂപം കൊണ്ടവയടക്കം ഇന്ന് കലാ-സാം സ്ക്കാതിക-കായിക രംഗത്ത് സജീവ പങ്കാളിത്തം നിലനിർത്തുന്ന പല സംഘടനകളുമുണ്ട്. അവയുടെ വിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

പില്ക്കാലത്ത് സാമൂഹിക-രാഷ്ട്രീയ-ഭരണരംഗങ്ങളിൽ ഏറെ പ്രശസ്തരായ ചില വ്യക്തികളുടെ പൈതൃകം അവകാശപ്പെടാവുന്ന നാടാണ് നമ്മുടേത്. ലോകപ്രശസ്തനായ ഗുരു നിത്യചൈതന്യയതിയുടെ അമ്മവീട് അരീക്കരയിലെ കൊച്ചുവീടാണ്. വിഖ്യാത കവിയും പണ്ഡിതനും സാംസ്ക്കാരിക നായകനുമായിരുന്ന പുത്തൻകാവ് മാത്തൻ തരകന് ജന്മമേകിയതും നമ്മുടെ നാടാണ്. 50 വർഷത്തിനു മുമ്പ് പ്രസിദ്ധീകരിച്ച "ശ്രീ നാരായണ ചരിത്രം" എന്ന കവിതയുടെ രചയിതാവായ 'സൽക്കവി കെ. എൻ കേശവൻ' പിറന്നു വീണതും ഇവിടെ തന്നെയാണ്. ബഹുഭാഷാപണ്ഡിതൻ അറബിക് അദ്ധ്യാപകൻ പ്രഭാഷകൻ, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിലെല്ലാം ഒരുപോലെ ശോഭിച്ചിരുന്ന ഉന്നത വ്യക്തി ത്വത്തി

നുടമയുമായിരുന്ന ജനാബ് ഹാജി മുഹമ്മദ് അസ്‌ലാം മൗലവി മുൻഷി സാർ എന്ന പേരിലാണ് ഏറെ പ്രശസ്തനായത്. പഞ്ചായത്തിന്റെ നിലവിലുള്ള ആസ്ഥാനം ഇരിക്കുന്ന ഭൂമി സംഭാവനചെയ്യാൻ മുസ്ലീം സമുദായ നേതൃത്വത്തെ പ്രേരിപ്പിച്ച വ്യക്തിയും അദ്ദേഹം തന്നെയാണ്. കൊച്ചുകളീക്കൽ കുടുബാംഗമായിരുന്ന ശ്രീ പുരുഷോത്തമ, പണിക്കർ ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നു. അദ്ദേഹം അറിയപ്പെടുന്ന സംസ്കൃത പണ്ഡിതനും കവിയും സാമൂഹ്യ പ്രവർത്തകനുമായിരുന്നു.

മികച്ച കർഷകനെന്ന നിലയിൽ 'R ഹേലി അവാർഡ്' ലഭിച്ചതും അപൂർവ്വ വ്യക്തിത്വത്തിനുടമയുമായ ശ്രീ ഭാരതഭവനം K.E കോശി ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യസമര സേനാനിയും സാമൂഹ്യ സേവകനും കൂടിയാണ്. അദ്ദേഹം തനിക്കായി സ്വന്തം ഭൂമിയിൽ ശവകൂടീരം പണികഴിപ്പിച്ചു മരണത്തെ വെല്ലുവിളിക്കുകയാണ്. പിരളശ്ശേരി വല്യേത്ത്കുടുബാംഗവും ലഫ്റ്റ്നന്റ് ജനറലുമായ രവി ഐപ്പ്, വിദ്യഭാസ ഡയറക്ടറായിരുന്ന ഈഴരേത്ത് കുടുബാംഗം റ്റി.കെ കോശി രാജാരവിവർ മ്മയുടെ ചിത്രരചനാ ശൈലി പിൻതുടർന്ന് എണ്ണഛായ ചിത്രമെഴുത്തിൽ ഏറെ മികവു പുലർത്തിയ അന്തരിച്ച ആർട്ടിസ്റ്റ് കെ. കൃഷ്ണൻ ആയൂർവേദ ഡയറക്ടറായിരുനന ശ്രീ. രാമൻ B.A. R.C. -സയന്റിഫിക് ഓഫീസറായ കെ. വി. ജനാർദ്ദനനാചാരി എന്നിവരുടെ പേരുകളും ഇവിടെ പരാമർശിക്കേണ്ടതുണ്ട്.

പണ്ഡിതനും സാമൂഹ്യ പ്രവർത്തനകനുമായ ശ്രീ പെരിങ്ങാല ബാലകൃഷ്ണൻ അനുഗ്രഹീതനായ ഒരെഴുത്തു കാരൻകൂടിയാണ്. അദ്ദേഹം പരിഭാഷപ്പെടുത്തിയ വിശ്വോത്തര കൃതികളായ 'ഏഴു നിമിഷങ്ങൾ,''പതിവ്രതയുടെ കാമുകൻ'' എന്നീ കഥകൾ അനശ്വര കാഥികൻ ശ്രീ വി. സാംബശിവൻ വേദികളിൽ അവതരിപ്പിച്ചിരുന്നതിൽ ചിലവയാണ്. മുൻ കേരളാ സർവ്വകലാശാല പ്രതിഭയും യുവ കഥാകൃത്തക്കളിൽ കെ സൂരജ് സുപ്രസിദ്ധ ടി.വി. താരം സീമാ. ജി. നായർ, പ്രൊഫഷണൽ നാടക നടൻമാരായ രവിപ്രസാദ്, സുധി മുളക്കുഴ എന്നിവരും നമ്മുടെ നാടിന്റെ സംസ്കാരിക ദീപശിഖകൈയ്യിലേന്തുന്നവരാണ്.

സ്വാതന്ത്ര്യത്തിനുമുമ്പ് ഈ ഗ്രാമത്തിലെ പ്രബല രാഷ്ട്രീയകക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. ഈ പാർട്ടിയെക്കൂടാതെ സി.പി.എം, സി.പി.ഐ, ജനതാദൾ, ബി.ജെ.പി പി.ഡി.പി, കേരള കോൺഗ്രസ്സ് എന്നീ രാഷ്ട്രീയ പാർട്ടികളും അവയുടെ യുവജന സംഘടനകളും ഇന്ന് നിലവിലുണ്ട്. കൂടാതെ ചില പാർട്ടിയുടെ മഹിളാ സംഘടനകളും പ്രവർത്തിക്കുന്നുണ്ട് അല്ലറ ചില്ലറ അപസ്വരങ്ങളൊഴിച്ചാൽ മതപരമൊ രാഷ്ട്രീയമൊ ആയ സംഘടനങ്ങളിൽ നിന്ന് ഈ ഗ്രാമം വിമുക്തമാണെന്നുള്ള കാര്യത്തിൽ നമുക്ക് ഏറെ അഭിമാനിക്കാം ടെലിവിഷൻ മാധ്യമങ്ങൾ ഇന്ന് പഞ്ചായത്തിൽ വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. ഏതാണ്ട് 25%ഓളം വീടുകളിൽ ടി. വിയുണ്ട്. 5ഓളം കേബിൾ ടി.വി. നെറ്റ് വർക്കുകളുമുണ്ട്. ടി. വി. മാധ്യമങ്ങൾ വിജ്ഞാനം പകരുന്നതോടൊപ്പം വിഡ്ഢിത്തം നിറഞ്ഞ പരിപാടികൾ സംപ്രേക്ഷണം ചെയ്ത് സാംസ്കാരിക മലിനീകരണം നടത്തുകയും ചെയ്യുന്നു. നമ്മുടെ കുട്ടികളുടെ പഠനത്തേയും ബുദ്ധി വികാസത്തേയും തെറ്റായി സ്വാധീനിക്കുകയും ചെയ്യുന്നു.

കായികരംഗം

ഒരു മനുഷ്യന്റെ കലാപരമായ സർഗ്ഗസിദ്ധികൾ അവന്റെ മാനസികവളർച്ചയ്ക്ക് വഴിമരുന്നിട്ട് മാനവിക സംസ്കൃതിയ്ക്ക് മാറ്റു കൂട്ടുന്നുവെങ്കിൽ കായികമായ കഴിവുകൾ അവന്റെ ശാരീരികശേഷി വർദ്ധിപ്പിക്കുകയും അതുവഴി മാനസികശേഷി ഉറപ്പുവരുത്തുകയും ചെയ്യുന്നുവെന്നുള്ള സത്യത്തിൽ നിന്നുവേണം കായിക രംഗത്തെക്കുറിച്ച് ചിന്തിക്കുവാൻ.

കായികമേഖലയിൽ ചിരസ്മരണീയമായ സ്ഥാനമൊന്നും നമ്മുടെ പഞ്ചായത്തിനില്ല. പണ്ടൊക്കെ ചെറുപ്പക്കാർ കാട്ടിയിരുന്ന താല്പര്യം കുറഞ്ഞതും കായിക സംസ്കാര പോഷണത്തിന് അനുഗുണമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും നമ്മുടെ ഗ്രാമത്തിന്റെ പ്രശ്നങ്ങളായി നിലകൊള്ളുന്നു. മുമ്പുണ്ടായിരുന്ന കായികാവേശം ഇന്നില്ലെങ്കിലും പുതിയ തലമുറ ക്രിക്കറ്റിൽ കാട്ടുന്ന താല്പര്യം എടുത്തുപറയേണ്ടതാണ്. T.V. പോലെയുള്ള മാധ്യമങ്ങൾ ക്രിക്കറ്റിനെ യുവതലമുറയുടെ ആവേശമാക്കി മാറ്റിയപ്പോൾ പിന്തള്ളപ്പെട്ടത്. ഹോക്കി, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ എന്നീ കളികളായിരുന്നു.ദേശീയ തലത്തിലുണ്ടായ ഈ മാറ്റം നമ്മുടെ ഗ്രാമത്തിലും പ്രതിഫലിച്ചു.

ഫുട്ബോൾ, വോളിബോൾ, എന്നീ രംഗങ്ങളിൽ ചില മികച്ച കളിക്കാരെ വാർത്തെടുക്കുന്നതിൽ മുളക്കുഴ ഗവൺമെന്റ് ഹൈസ്ക്കൂൾവഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ല. സ്ക്കൂൾതലത്തിൽനിന്നും കണ്ടെത്തിയ കായികപ്രതിഭകളെ ജില്ലാതലത്തിലും യൂണിവേഴ്സിറ്റി തലത്തിലും ഉയർത്തികൊണ്ടുവരാൻ നമ്മുടെ നാട്ടിലെ ചില ക്ലബ്ബുകൾ നടത്തുന്ന സേവനം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഫുട്ബോളിന്റെ വളർച്ചയ്ക്ക് സ്വപ്ന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് കഴിഞ്ഞ 25 വർഷമായി നടത്തിവരുന്ന ഫുട്ബോൾ ടൂർണമെന്റ് ഇത്തരുണത്തിൽ ശ്രദ്ധേയമായ ഒരു ചുവട് വെയ്പാണ്. അതുപോലെ തന്നെ വോളീബോളിൽ കൊഴുവല്ലൂർ സ്പോട്ടിംഗ് ക്ലബ്ബ് ഉണർത്തുന്

താൽപര്യം അവരെ ആ കളിയിൽ മികച്ചവരാക്കുന്നു.

പുതിയ തലമുറയെ കായികമേഖലയിലേക്ക് ആകർഷിക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്ക്കൂൾ തലത്തിൽ നടപ്പിലാക്കുന്നില്ല എന്നുള്ളതാണ്. 1964 ൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്ക്കൂൾകുട്ടികൾക്കും നാട്ടുകാർക്കുംവേണ്ടി ഒരു യോഗാക്ലാസ് സംഘടിപ്പിച്ചിരുന്നു. സർക്കസ് രംഗത്ത് മികച്ച സംഭാവന നൽകുവാൻ ഈ നാടിന് കഴിഞ്ഞിട്ടുണ്ട്. ഒരു പക്ഷേ തലശ്ശേരി കഴിഞ്ഞാൽ ഇന്ത്യൻ സർക്കസിന് ഏറ്റവും കൂടുതൽ കലാകാരൻന്മാരെ സംഭാവന ചെയ്ത നാട് മുളക്കുഴയായിരിക്കും. ശ്രീ. മാധവക്കുറുപ്പ്, ശ്രീ. നാണുക്കുറുപ്പ് എന്നീ പേരുകൾ ഇവിടെ പ്രത്യേകം പരാമർശമർഹിക്കുന്നു. നാടൻ കളികൾ മുമ്പ് ഏറെ പ്രചാരത്തിലുണ്ടായിരുന്നുവെങ്കിലും ഇന്ന് ഓണാഘോഷം പോലെയുള്ള വേദികളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

പ്രശ്നങ്ങൾ

1. 1, 3, 5, 8, 10 എന്നീ വാർഡുകളിൽ ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല.
2. ഗ്രാമീണ യുവജനങ്ങളുടെ കലാ-കായിക വാസനകളെ പ്രോത്സാഹിപ്പിക്കുവാൻ കേരളോത്സവം പര്യാപ്തമല്ല.
3. വായനാശീലം ക്രമേണ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.
4. നാടൻകലകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.
5. മിക്ക കലാ സമിതികളുടേയും പ്രവർത്തനം ഓണാഘോഷങ്ങളിലും ക്രിസ്തുമസ് ആഘോഷങ്ങളിലും ഒതുങ്ങി നിൽക്കുന്നു. സമിതികളിൽ ഗൗരവമായ സാംസ്കാരിക പ്രവർത്തനം നടക്കുന്നതേയില്ല.
6. പഞ്ചയാത്തുവക കളിസ്ഥലം സംരക്ഷിക്കപ്പെടുന്നില്ല. ഓപ്പൺ എയർ ഓഡിറ്റോറിയം വൈദ്യുതീകരിച്ചതല്ല.
7. റേഡിയോ കേന്ദ്രങ്ങൾ പ്രയോജന രഹിതമാണ്.
8. പല വാർഡുകളിലും കളിസ്ഥലങ്ങളില്ല.
9. മെച്ചമായി പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്കുപോലും ടെലിവിഷൻ സൗകര്യം ഇല്ല.
10. ഏഴാം വാർഡിലെ നെഹ്റുമെമ്മോറിയൽ ഗ്രന്ഥശാലയ്ക്ക് സ്വന്തമായി കെട്ടിടമില്ല

പരിഹാരങ്ങൾ

1. ഗ്രന്ഥശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ നന്നായി പ്രവർത്തിക്കുന്ന ക്ലബ്ബുകളോടു ചേർത്ത് ഗ്രന്ഥശാലകൾ ആരംഭിക്കണം.
2. സ്വന്തമായി കെട്ടിടമുള്ള ക്ലബ്ബുകൾ വൈദ്യുതീകരിക്കുന്നതിന് സഹായം ചെയ്യുക.
3. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ എക്കോ മാറ്റുക. റീ-വയറിംഗ് ചെയ്യുക.
4. കേരളോത്സവം കാര്യക്ഷമമാക്കുക. വിധികർത്താക്കളായി ഓരോമേഖലയിലേയും പ്രഗത്ഭരെമാത്രം നിശ്ചയിക്കുക.
5. പഞ്ചായത്തിന്റെ വകയായി ഒരു ഗ്രന്ഥശാലയും വായനശാലയും ആരംഭിക്കുകയോ, ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്ന കേരളാഗ്രന്ഥശാല ഏറ്റെടുത്ത് വിപുലപ്പെടുത്തുകയോ ചെയ്യുക.
6. കലാസമിതികളെ സാംസ്കാരിക കേന്ദ്രങ്ങളാക്കിമാറ്റുക. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. നാടൻ കലകൾ പ്രോത്സാഹിപ്പിക്കുക. അവയ്ക്ക് മത്സരങ്ങൾ നടത്തുക.
7. നന്നായി പ്രവർത്തുക്കുന്ന കലാസമിതികൾക്ക് ടെലിവിഷൻ നൽകുക.
8. പഞ്ചായത്ത് തലത്തിൽ ഒരു കലാകളരി സ്ഥാപിക്കണം.
9. കമ്മ്യൂണിറ്റി ഹാളിന്റെ തറ നിരപ്പാക്കി അവിടെയൊരു ഇൻഡോർഷട്ടിൽ കോർട്ട് സ്ഥാപിക്കുക.
10. നെഹ്റു മെമ്മോറിയൽ വായനശാലയ്ക്ക് ഒരു കെട്ടിടം നിർമ്മിച്ചുനൽകുക.

മറ്റു നിർദ്ദേശങ്ങൾ

1. അവധിക്കാലങ്ങളിൽ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുക
2. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക. ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക.
3. സാമൂഹിക ജീർണ്ണതക്കെതിരായി പഞ്ചായത്ത് മുൻകൈ എടുത്ത് ബോധവൽക്കരണം നടത്തുക.
4. കലാകായിക പ്രവർത്തനങ്ങൾക്ക് ഒരു പഞ്ചായത്ത് തല വാർഷിക കലണ്ടർ ഉണ്ടാക്കുക

ശുപാർശകൾ

1. സ്ക്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ നിർത്തലാക്കുക. നിലനിർത്തുക
2. കേബിൾ ചി. വി. വഴിയുള്ള പാശ്ചാത്യ സാംസ്കാരിക കടന്നാക്രമണം നിയന്ത്രിക്കപ്പെടണം. പ്രസാർ ഭാരതി ബില്ലിൽ അതി

നാവശ്യമായ നിയമങ്ങൾ നടപ്പാക്കണം.

3. കേരളോത്സവത്തിന് സമഗ്രമായ മാർഗ്ഗ നിർദ്ദേശരേഖ തയ്യാറാക്കണം.
4. നാടകം, സിനിമ എന്നിവയെ വ്യവസായ പരിധിയിൽ കൊണ്ടുവരിക.
5. കലാസാഹിത്യ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക. അവർക്ക് സാമ്പത്തിക സഹായവും തൊഴിൽ സാധ്യതയും ഉറപ്പാക്കുക.
6. ജനകീയ സാംസ്കാരിക നയം പ്രഖ്യാപിക്കുക.
7. പ്രോഫഷണൽ നാടക കലാകാരന്മാർക്ക് ക്ഷേമനിധിയുംപെൻഷനും ഏർപ്പെടുത്തുക.
8. സംസ്ഥാനത്ത് ഒരു ഫിലീം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
9. കേരളോത്സവത്തിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുക.



9 വനിത

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 52.5 ശതമാനം സ്ത്രീകളാണ്. 1991-ലെ കാനേഷുമാരി കണക്കനുസരിച്ച് 14160 സ്ത്രീകൾ ഇവിടെയുണ്ട്. ഇതിൽ ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ 1484. കുട്ടികളുടെ മാത്രം കണക്ക് എടുക്കുമ്പോൾ പെൺകുട്ടികൾ 48.5 ശതമാനമാണ്. ജനനനിരക്കിൽ സ്ത്രീകളുടെ ശതമാനം കുറയുന്നതായാണ് ഇതുസൂചിപ്പിക്കുന്നത്.

ഒരു വനിതാ സംവരണപഞ്ചായത്തായ ഇവിടെ സാമൂഹിക ജീവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീകളുടെ പങ്കാളിത്തം തുലോം കുറവായിരുന്നു. കാലാകാലങ്ങളായി പിൻതുടർന്നുവരുന്ന ആചാര അനുഷ്ഠാനങ്ങളിൽ നിന്നും വ്യതിചലിക്കുവാനുള്ള വൈമുഖ്യവും, സമൂഹത്തിൽ ത്വരിതഗതിയിൽ ഉണ്ടാകുന്ന മാറ്റം കാണുന്നുണ്ടെങ്കിലും, അവ ഉൾക്കൊള്ളാനുള്ള ഉൽകണ്ഠയും ആവാം ഇതിന് പ്രധാന കാരണം.

വളരെ പണ്ടുമുതൽ കുടുംബകാര്യങ്ങളിൽ സ്ത്രീകളുടെ സജീവ സാന്നിദ്ധ്യം ഇവിടെ പ്രകടമായിരുന്നു. പുരുഷന്റെ അധീശത്വം നിലനിന്നിരുന്നു എങ്കിൽ പോലും തീരുമാനങ്ങൾ എടുക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും സ്ത്രീ എല്ലായ്പ്പോഴും പുരുഷന് തുണയായിരുന്നു. കേരളത്തിന്റെ ഇതരഭാഗങ്ങളിലേപ്പോലെ തന്നെ തായ്വഴിസമ്പ്രദായം ഇവിടേയും നിലനിന്നിരുന്നത് സ്ത്രീയ്ക്ക് സമൂഹത്തിലും കുടുംബത്തിലുമുള്ള ഇയർന്ന സ്ഥാനത്തിന് തെളിവാണ്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ സ്ത്രീകൾ (പിന്നോക്ക സമുദായത്തിൽപെടുന്നവർ ഉൾപ്പെടെ) നല്ലനിലയിൽ വിദ്യാഭ്യാസം ചെയ്യാൻ തയ്യാറായിരുന്നു. അന്നത്തെ 7-ാം ക്ലാസ്സും, ഹയറും പാസായി അദ്ധ്യാപക വൃത്തിയിലും മറ്റും ഏർപ്പെട്ടിരുന്ന പല സ്ത്രീകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. അയിത്തം നിലനിന്നിരുന്ന കാലത്തും പഞ്ചായത്തിലെ താഴ്ന്ന ജാതിയിൽപെട്ടവർ എന്നുകരുതിപ്പോന്നിരുന്ന സ്ത്രീകൾക്ക് മാറുമറയ്ക്കാൻ ആരുടേയും അനുവാദം വേണ്ടിയിരുന്നില്ല.

ശ്രീനാരായണഗുരുവിനേയും, അയ്യൻകാളിയേയും പോലുള്ള സാമൂഹിക പരിഷ്കർത്താക്കളുടെയും, ക്രിസ്ത്യൻ മിഷനറിമാരുടേയും പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലും വളരെവിപുലമായിത്തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. അതിന്റെ അനന്തരഫലമായി സ്ത്രീകളും ഇവിടെ വിദ്യാഭ്യാസത്തിന് മടിച്ചുനിന്നില്ല. സവർണ്ണ സമുദായത്തിൽപെട്ട പെൺകുട്ടികൾ വിദ്യാഭ്യാസത്തിനായി സ്കൂളുകളിൽ വരുന്നതിന് ആദ്യകാലങ്ങളിൽ മടികാണിച്ചിരുന്നു എങ്കിലും അവരുടെ വീടുകളിൽ വേദങ്ങളും പുരാണങ്ങളും പഠിക്കുന്നതിൽ അവൻ തല്പരരായിരുന്നു. എന്നാൽ സാമ്പത്തികവും സാമൂഹികവുമായി ഏറ്റവും താഴേക്കിടയിൽ ആയിരുന്ന പട്ടികജാതിയിൽപെട്ട പെൺകുട്ടികൾ വിദ്യാഭ്യാസ രംഗത്തേയ്ക്കുകടന്നു വരുവാൻ പിന്നേയും കുറച്ചുസമയം കൂടിയെടുത്തു. നമ്മുടെ പഞ്ചായത്തിലെ 91 ശതമാനം സ്ത്രീകൾ ഇന്ന് സാക്ഷരരാണ്. നിരക്ഷരരായ 9 ശതമാനത്തിൽ ഭൂരിപക്ഷവും പ്രായം ചെന്നവരും.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒരു പരിധിവരെ പുരുഷനോടൊപ്പമെത്താൻ സ്ത്രീക്കുകഴിഞ്ഞുവെങ്കിലും, സാമൂഹിക ജീവിതത്തിൽ അവരുടെ സജീവപങ്കാളിത്തം ഇനിയും അനുഭവവേദ്യം ആകേണ്ടിയിരിക്കുന്നു. പ്രശസ്ത കോൺഗ്രസ്സ്-സർവ്വോദയ പ്രവർത്തകയായിരുന്ന ശ്രീമതി. അന്നമ്മാ തോമസിനെപ്പോലെ എടുത്തുപറയാൻ കഴിയുന്ന മറ്റൊരുപേര് നമ്മുടെ പഞ്ചായത്തിൽ ഇല്ല. പുരുഷന്മാരിൽ 48 ശതമാനം പേർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുമ്പോൾ, സ്ത്രീകളിൽ 10 ശതമാനം മാത്രമാണ് തൊഴിൽ രംഗത്ത് ഉള്ളത്. ബാക്കിയുള്ളവരാകട്ടെ വീട്ടുജോലി നോക്കികഴിയുന്നു. തൊഴിലവസരങ്ങൾ ഇല്ലാത്തതുമാത്രമല്ല, ഇതിനു കാരണം. പുതിയ തൊഴിൽ മേഖലകളിലേക്ക് കടന്നുവരുവാൻ വലരും മടിക്കുന്നു എന്നതാണ് വാസ്തവം. രണ്ടറ്റവും കൂട്ടിമുട്ടിയ്ക്കാൻ വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സ്ത്രീകൾ ജോലി ചെയ്യുന്നതിന് പുരുഷന്റെ ഭാഗത്തുനിന്നും എതിർപ്പുകൾ ഇല്ലെന്നുതന്നെ പറയാം. എന്നിരുന്നാലും, അദ്ധ്യാപകവൃത്തി, ഗുമസ്തപ്പണി, തുടങ്ങിയ ചുരുക്കംചില മേഖലകളിൽ മാത്രമാണ്, വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകൾ താൽപര്യം കാണിക്കുന്നത്. അവരുടെ വിദ്യാഭ്യാസത്തിന്റെ രീതിയും, അങ്ങനെ തന്നെ. സാങ്കേതിക വിദ്യാഭ്യാസത്തെക്കാൾ കൂടുതലായി അക്കാഡമിക് വിദ്യാഭ്യാസത്തിനാണ് പെൺകുട്ടികൾ കൂടുതൽ താൽപര്യം കാണിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസസൗക

ര്യം മതിയായ തോതിൽ ഇല്ലാത്തതാകാം ഇതിനു കാരണം. സാങ്കേതിക വിദ്യയാഭ്യാസം ലഭിച്ച ചുരുക്കം തിലർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. താരതമ്യേന താഴമന്ന വരുമാനക്കാരും, കർഷകത്തൊഴിലാളി കുടും ബങ്ങളിലെ അംഗങ്ങളും ആയസ്ത്രീകൾ സാമാന്യ വിദ്യാഭ്യാസത്തിനുശേഷം ചുരുക്കമായി കൂലിപ്പണിക്കും നിർമ്മാണ ജോലിക്കും പോകുന്നുണ്ടെങ്കിലും അത്തരം തൊഴിലിന്റെ മാന്യത അംഗീകരിക്കുവാൻ സമൂഹം - സ്ത്രീ സമൂഹംപോലും പൂർണ്ണമായും തയ്യാറായിട്ടില്ല.

നേരത്തെ സൂചിപ്പിച്ചതുപോലെ സാമൂഹിക സാം സ്കാരിക രംഗത്ത് നമ്മുടെ പഞ്ചായത്തിലെ സ്ത്രീ കളുടെ പങ്ക് വളരെ കുറവാണ്. വിദ്യാഭ്യാസം സിദ്ധി ച്ചവർ ഉണ്ടായിരുന്നിട്ടുപോലും സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിലും സ്വാതന്ത്ര്യത്തിനുശേഷം ഉടലെ ടുത്ത മറ്റു സാമൂഹിക -രാഷ്ട്രീയ മുന്നേറ്റങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഇവിടെയില്ലായിരുന്നു എന്നു തന്നെ പറയാം. മറ്റു തൊഴിൽ മേഖലകളിൽ പ്രവർത്തി ക്കുന്ന സ്ത്രീയ്ക്ക് വീട്ടുകാര്യം കൂടിനോക്കുമ്പോൾ ഏതാണ്ട് പതിനാല് മണിക്കൂറിലേറെ ഒരു ദിവസം പ്രവർത്തി എടുക്കേണ്ടിവരുന്നു. പഴയ കാലത്തെ കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് ഇന്നും ന്യൂക്ലിയർ കുടുംബങ്ങൾ ആണെങ്കിൽ കൂടിയും വീട് അന്വേഷി ക്കുന്നതിന്റെ ജോലിഭാരം കുറച്ച് കാണാൻ ആവുക യില്ല. പക്ഷേ ഇത് ഒരു തൊഴിലായി സമൂഹം ഇതു വരെ അംഗീകരിച്ചുകൊടുത്തിട്ടില്ല.

വളരെ വേഗം സമൂഹത്തെ ശ്രദ്ധിച്ചുകൊണ്ടിരി ക്കുന്ന ഉപഭോഗസംസ്കാരം ഇവിടുത്തെ സ്ത്രീകളെ കൂടുതലായി സ്വാധീനിച്ചുവരുന്നു. ആഡംബരങ്ങളോടും ഉപഭോഗവസ്തുക്കളോടും ഉള്ള അഭിനിവേശം എല്ലാ വിഭാഗങ്ങളിലുമുള്ള സ്ത്രീകളിലും കാണാം നമ്മുടെ അടുത്ത പട്ടണങ്ങളിൽ ഉയർന്നു വരുന്ന വ്യാപാര സ്ഥാപനങ്ങളുടെ പ്രത്യേകതകൾ പരിശോധിച്ചാൽ ഈ കാര്യം മനസ്സിലാക്കാം. തുണിക്കടകൾ, സ്വർണ്ണക്കട കൾ, ബ്യൂട്ടിപാർലറുകൾ തുടങ്ങിയവ

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പോതുവേ തൊഴിലവസര ങ്ങൾ കുറവാണ്. പ്രത്യേകിച്ചും സ്ത്രീകൾക്ക്. തൊഴിലില്ലായ്മ സ്ത്രീകളിലാണ് കൂടുതൽ.
2. താഴ്ന്ന വരുമാനക്കാരുടേയും പട്ടികജാതി ക്കാരുടെയും പരമ്പരാഗത തൊഴിൽ എടു ക്കുന്നവർ ഇല്ല. വിപണിയും യന്ത്രവൽക്ക രണവും അസംസകൃത വസ്തുക്കളുടെ അഭാ വുമാണ് കാരണം.
3. തൊഴിൽ മേഖലയിൽ ആദ്യം തൊഴിൽ രഹി തരാകുന്നവർ സ്ത്രീകളാണ്. ഉദാഹരണം കാർഷിക മേഖലയുടെ യന്ത്രവൽക്കരണം.
4. റബ്ബർ ടാപ്പിംഗ് മേഖലയിൽ കടന്നുവരാൻ സ്ത്രീകൾ മടിക്കുന്നു.
5. സ്വയം തൊഴിലിന് സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സ്ത്രീകൾ രംഗത്തു വരുന്നില്ല.
6. പഞ്ചായത്തിൽ സ്ത്രീകളുടേതായി രജിസ്റ്റർ ചെയ്ത രണ്ട് വ്യവസായ യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിയിട്ടില്ല.
7. കൃഷി, മൃഗ: വ്യപാര മേഖലകളിൽ സ്ത്രീകൾ കടന്നുവരുന്നില്ല.
8. സാങ്കേതിക വിദ്യഭ്യാസ രംഗത്തേക്ക് പെൺകുട്ടികൾ കടന്നുവരുന്നില്ല.
9. സാമൂഹിക സംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ കടന്നു വരാൻ മടിക്കുന്നു.
10. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തി കരമല്ല.
11. പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ വായന ക്കാരന അധികവും സ്ത്രീകളാണ്.
12. സ്ത്രീധന സമ്പ്രദായം മൂലം ദുരിതമനുഭവി ക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരു ന്നു.

പരിഹാരങ്ങൾ

1. സ്ത്രീകൾ (വ്യക്തികളോ സംഘങ്ങളോ) നട ത്തുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് പ്രോ ത്സാഹനം നൽകാൻ ഒരു 'സെൽ' രൂപി കരിക്കുക.
2. സാദ്ധ്യമായ സ്ഥലങ്ങളിൽ ചെറുകിട വ്യവ സായ യൂണിറ്റുകൾ ആരംഭിക്കുക.
3. കോഴി, ആട്, പശു, പന്നി,കാട വളർത്തൽ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
4. അടുക്കളത്തോട്ടം, പൂകൃഷി, ഔഷധചെടി കൃഷി, പച്ചക്കറി കൃഷികൾക്ക് വേണ്ട സഹായങ്ങൾ നൽകുക.
5. സ്ത്രീകളുടെ കാർഷിക വ്യവസായിക ഉൽപ്പ ന്നങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.

6. തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം ശിശു സംരക്ഷണകേന്ദ്രങ്ങൾ സ്ഥാപിക്കുക.
7. തുല്യ ജോലിയ്ക്ക് തുല്യ വേതനം എന്ന അടിസ്ഥാനത്തിൽ ഏകീകരിക്കുക.
8. സ്ക്കൂൾ യൂണിഫോം നിർമ്മാണത്തിന് വനിതാ തയ്യൽ സൊസൈറ്റി രൂപീകരിക്കുക.
9 വനിതകൾക്ക് റബ്ബർ ടാപ്പിംഗ് പരിശീലനം നൽകുക.
10 സ്ത്രീ പീഡനം സ്ത്രീധന പ്രശ്നങ്ങൾക്ക് നിയമ സഹായം നൽകുക. പഞ്ചായത്ത് തലത്തിൽ ഒരു നിയമ സഹായ സെൽ രൂപീകരിക്കുക.
11 വിവിധ പെൻഷനുകൾ എല്ലാവർക്കും നൽകുക
12 മദ്യവിപത്തിനെതിരെ ബോധവൽക്കരണം നടത്തുക. മദ്യരഹിത പഞ്ചായത്തായി പ്രഖ്യാപിക്കുക.
13. സ്ത്രീകൾക്ക് വേണ്ടത്ര പങ്കാളിത്തം ഇല്ലാത്ത സംഘടനകൾക്ക് ഗ്രാന്റ് നൽകാതിരിക്കുക.
14 സ്ക്കൂളുകളിലെ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വിപുലമാക്കുക
15. സാങ്കേതിക വിദ്യാഭ്യസത്തിനുതകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

സർക്കാരിനുള്ള നിർദ്ദേശം

1. വിധവ, വാർദ്ധക്യകാല പെൻഷനുകൾ അർഹരായവർക്ക് ലഭ്യമാക്കുക.
2. സ്ത്രീകൾക്ക് 30% സംവരണം എല്ലാ മേഖലകളിലും കിട്ടുന്നു എന്നുറപ്പാക്കുക.
3. മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കുക.
4. വനിതാ വികസന കോർപ്പറേഷന്റെ ധനസഹായം രജിസ്റ്റർ ചെയ്ത എല്ലാ മഹിളാ സമാജങ്ങൾക്കും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭ്യമാക്കുക.

സ്ത്രീ-പുരുഷ അനുപാതം - വിവിധ മേഖലകളിൽ

ക്രമ നമ്പർ	വിവരണം	ആകെ	%	പുരു.	സ്ത്രീ.	അനുപാതം	
						പുരു.	സ്ത്രീ
1	ജനസംഖ്യ	26974		12814	14160	47.5	52.5
2	കുട്ടികൾ 6 വയസിനു താഴെ	3061	11	1577	1484	51.5	48.5
3	6 വയസ്സിനുമുകളിലുള്ളവർ	23913	89	11237	12696	47	53
4	പട്ടികജാതി	5951	22	2917	3034	49	51
5	സാക്ഷരത	22474	94	10883	11592	48.5	51.5
6	തൊഴിൽ ഉപജീവന മാർഗ്ഗമായി ഉള്ളവർ	6644	28	5382	1262	81	19
(എ)	കർഷകർ	1629	-	1531	98	94	6
(ബി)	കർഷകതൊഴിലാളികൾ	2048		1571	477	77	23
(സി)	മൃഗസംരക്ഷണം തൊഴിലാക്കിയവർ	75		62	13	83	17
(ഡി)	ഘനനവ്യവസായവുമായി ബന്ധപ്പെട്ടതൊഴിൽ	54		45	9	83	17
(ഇ)	ഉല്പാദനമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ	515		471	44	82	18
(എഫ്)	നിർമ്മാണതൊഴിൽ	247		242	5	98	2
(ജി)	വാണിജ്യം വ്യാപാരം	571		497	74	87	13
(എച്ച്)	ഗതാഗതം വാർത്താവിനിമയം	346		327	19	94.5	5.5
(ഐ)	മറ്റുമേഖലകൾ	1159		636	523	54	46
8	തൊഴിൽ ഇല്ലാത്തവർ	17269	72	5855	11414	34	66

10

സഹകരണം

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ മുളക്കുഴയ്ക്ക് പ്രധാനമായസ്ഥാനമാണ്ഉള്ളത്. മുളക്കുഴ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം മലയാള വർഷം 1101 (1926) ൽ ക്രിസ്ത്യൻ പരസ്പര സഹായ സഹകരണ സംഘം. എന്നപേരിൽ പിരളശ്ശേരി കേന്ദ്രമാക്കി രൂപീകരികുകയും, പിന്നീട് മദ്രാസ് സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതുമായ മുളക്കുഴ സർവ്വീസ് സകരണസംഘമാണ്. കേരളത്തിലെ വായ്പാ സഹകരണ മേഖലയിൽ പ്രശസ്തിനേടിയ സഹകരണ സംഘങ്ങളിൽ ഒന്നായിരുന്നു ഇത്. ആദ്യ കാലത്തു ക്രിസ്തീയ ജനവിഭാഗങ്ങളിൽപ്പെട്ടവരെ മാത്രമെ ഇതിലെ അംഗങ്ങളായി ചേർത്തിരുള്ളു. വല്യത്ത് ശ്രീമാൻ. ഐപ്പ് മത്തായി ആയിരുന്നു സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ്. കൂടാതെ ചെറുപുഷ്പമംഗലത്തെ ശ്രീ. ഈ.പി. വർക്കി, താമരശ്ശേരിൽകളിക്കൽ ശ്രീ.ഏബ്രഹാം ഈപ്പൻ, പള്ളത്ത് ശ്രീ. തോമസ് ജോർജ്ജ്, കാവിന്റെ വടേക്കേതിൽ ശ്രീ. മത്തായി ചാക്കോ, പുതുപ്പറമ്പിൽപു ത്തൻപുരയിൽ ശ്രീ. കെ. കെ. തോമസ്, തോണ്ടിയത്ത് വടക്കേതിൽ ശ്രീ. റ്റി. എസ്. യോഹന്നാൻ, പുത്തൻപുരക്കൽപീടികയിൽ ശ്രീ.പി.ജി. ജോർജ്ജ് തുടങ്ങിയവർ സംഘത്തിന്റെ ഭരണ സമിതിയംഗങ്ങളും പഞ്ചായത്തിലെ ആദ്യകാല സഹകാരികളുമാണ്. 1969ലെ കേരള കോ-ഓപ്പറേറ്റിവു സൊസൈറ്റി ആക്ട് പാസാക്കിയതു മുതൽ ഈ സംഘം മുളക്കുഴ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു.

മലയാളവർഷം 1121 (1946)ൽ പെരിങ്ങാല കേന്ദ്രമാക്കി വായ്പാ സഹകരണസംഘമായി രൂപീകരിച്ച അരീക്കര സർവ്വീസ് സഹകരണ സംഘമാണ് പഞ്ചായത്തിലെ കാലപ്പഴക്കമുള്ള മറ്റൊരു സഹകരണസ്ഥാപനം.

വിവിധ മേഖലകളിലായി ഈപഞ്ചായത്തിൽ 16 സഹകരണ സംഘങ്ങൾ രൂപികരിച്ചട്ടുണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നത് 10 എണ്ണം മാത്രമാണ്. കൂടാതെ താലൂക്കുതലത്തിൽ പ്രവർത്തിക്കുന്ന ചെങ്ങന്നൂർ താലൂക്ക് കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സൊസൈറ്റിയുടെ ആസ്ഥാനവും ഈ പഞ്ചായത്തിലെ കാരയക്കാടാണ്. ആലപ്പുഴ ജില്ലാ സഹ കരണ ബാങ്കിന്റെ ഒരു ശാഖയും കാരയക്കാട്ട് പ്രവർത്തി ക്കുന്നുണ്ട്.പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹക രണ സ്ഥാപനങ്ങളിൽ 28 പേർ ജോലിനോക്കി വരുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

കാർഷികമേഖലയിലെ വായ്പാ സംഘങ്ങൾ മുളക്കുഴ വില്ലേജ് സർവ്വിസ് സഹകരണ ബാങ്കും അരീക്കര സർവ്വീസ് സഹകരണ സംഘവുമാണ്. ഇതിൽ മുളക്കുഴ വില്ലേജ് സർവ്വീസ് സഹകരണബാങ്ക് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ എതാണ്ട് സുഷപ്താവസ്ഥയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന അരീക്കര സർവ്വീസ് സഹകരണസംഘം അതിന്റെ പ്രവർത്തന പരിതിയിലുള്ള ജനങ്ങൾക്ക് കാര്യമായ യാതൊരു പ്രയോജനവും ചെയ്യുന്നില്ല.

പഞ്ചായത്തിൽ ആകെ 4 ക്ഷീരോല്പാദക സഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തന പരിധി പഞ്ചായത്തിലെ 2 3 4 5 6 7 8 9 10 11 വാർഡുകൾ മാത്രമാണ് 1, 6 എന്നീ വാർഡുകൾ ഉൾപ്പെട്ടിട്ടുള്ള ക്ഷീരോല്പാദകസംഘങ്ങൾ ഇല്ല. നിലവിലുള്ള സംഘങ്ങളിൽ പെരിങ്ങാലാ ക്ഷിരോല്പാദക സംഘം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. സ്കൂൾ സഹകരണ സംഘങ്ങൾ 3 എണ്ണം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും സാദ്ധ്യതകൾക്ക് അനുസരിച്ച് ഉണർന്നു പ്രവർത്തിക്കാൻ കഴിയുന്നില്ല.

പഞ്ചാ[illegible]ിലുള്ള പ്രഭുറാം മില്ലിലെ ജീവനക്കാർ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള പ്രഭുറാം മിൽസ് എംപ്ലോയിസ് സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘം ഒരെണ്ണം രൂപികരിച്ചിട്ടുണ്ടങ്കിലും വർഷങ്ങളായി പ്രവർത്തനം ഒന്നുമില്ലാതെ കടലാസ് സംഘങ്ങളായി ഒതുങ്ങിനിൽക്കുന്നു സംസ്ഥാന സഹകരണ ഹൗസിഗ് ഫഡറേഷൻ ഇതിന് അഫിലിയേഷൻ നൽകാത്തതാണ് പ്രവർത്തനത്തിനുള്ള പ്രധാനതടസം.

ഖാദി ഗ്രാമ വ്യാവസായ വകുപ്പിന്റെ കീഴിൽ ഏറെ വർഷങ്ങൾക്കു മുമ്പ് രൂപികരിക്കുകയും കുറേ ക്കാലം പ്രവർത്തനം നടത്തുകയും ചെയ്ത അരീക്കര ഗ്രാമ വ്യവസായ സഹകരണ സംഘം ഇപ്പോൾ നിർ ജ്ജീവാവസ്ഥയിലാണ്. 1990 ൽ രൂപികരിച്ച മുളക്കുഴ പഞ്ചായത്ത് സെറികൾച്ചർ സൈസൈറ്റിയും ഇതെവരെ പ്രവർത്തനം ആരംഭിച്ചട്ടില്ല. 1995 ൽ കൊഴുവല്ലൂർ കേന്ദ്രമാക്കി അംബേക്കർ ഖാദി ഗ്രാമവ്യവസായ ബുക്ക് ബയിന്റിംഗ് സഹകരണ സംഘം രൂപികരിച്ചെങ്കിലും കാര്യമായ പ്രവർത്തനൾ ഒന്നും നടത്തിയിട്ടില്ല. കാര യക്കാട് കേന്ദ്രമാക്കി കുറേ കാലങ്ങൾക്ക് മുമ്പ് ഒരു മഹിളാ പ്രിന്റേഴ്സ് സഹകരണ സംഘവും ഒരു പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണസംഘവും രൂപീകരിച്ചി ട്ടുണ്ടെങ്കിലും പ്രവർത്തനം ഒന്നും ആരംഭിച്ചിട്ടില്ല.

കാർഷിക മേഖല

1. ഹ്രസ്വകാല വായ്പ

മുളക്കുഴ വില്ലേജ് സർവ്വീസ് സഹകരണ ബാങ്കാ ണ് മുളക്കുഴ പഞ്ചായത്തിൽ ഹ്രസ്വകാല കാർഷിക കാർഷി-കേതര വായ്പകൾ നൽകിവരുന്ന പ്രധാന സഹകരണ സ്ഥാപനം. അരീക്കര സർവ്വീസ് സഹക രണ സംഘം കാര്യമായ വായ്പാ വിതരണ പ്രവർത്തന ങ്ങൾ ഒന്നും നടത്തുന്നില്ല.

മുളക്കുഴ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്

മുളക്കുഴ പഞ്ചായത്തിലെ, മുളക്കുഴ, പിരളശ്ശേരി, കാരയ്ക്കാട് ബി, കരകൾ (1, 2, 4, 5, 7, 8 വാർ ഡുകൾ) പ്രവർത്തന പരിധിയായുള്ള ഈ ബാങ്കിൽ 5050 അംഗങ്ങളുണ്ട്. കാർഷിക കാർഷി-കേതര വായ്പകൾ വിതരണം ചെയ്തുവരുന്ന ഈ ബാങ്ക് ഒരു അംഗത്തിന് നൽകുന്ന വായ്പയുടെ പരിധി 50,000 രൂപയാണ്. കാർഷിക വായ്പകൾ ആവശ്യാനു സരണം നൽകാൻ കഴിയുമെങ്കിലും അതിനുള്ള ആവശ്യക്കാരുടെ എണ്ണം വളരെ കുറവാണെന്നുള്ള ആക്ഷേപം ബാങ്ക് ഉന്നയിച്ചിട്ടുണ്ട്. 1994-95, 95-96, എന്നീവർഷങ്ങളിൽ കാർഷികവായ്പയായി നൽകിയത് യഥാക്രമം 3.26 ലക്ഷവും 5.51 ലക്ഷം രൂപയും മാത്ര മാണ്. കാർഷിക വായ്പക്ക് ആവശ്യക്കാർ കുറയുന്ന തിനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നത് ഇപ്പോ ഴുള്ള പാട്ടകൃഷി സമ്പ്രദായമാണ്. കൃഷിഭൂമിയുടെ ഉടമസ്ഥർ സ്വന്തമായി കൃഷിചെയ്യുകയോ, ചെയ്യിക്കു കയോ ചെയ്യുന്നില്ല. പകരം പാട്ടത്തിനു നൽകുകയാണ് ചെയ്യുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത പാട്ടകൃഷിക്കാ ർക് വായ്പ എടുക്കുന്നതിലേക്ക് മതിയായ ജാമ്യമോ, വസ്തു ഈടോ കൊടുക്കുന്നതിനു സാധിക്കുന്നില്ല.

പ്രധാന കാർഷിക വിളകൾക്കെല്ലാം ജില്ലാ സഹ കരണബാങ്ക് നിശ്ചയിച്ചിരിക്കുന്ന 'സ്കെയിൽ ഓഫ് ഫൈനാൻസ്' പ്രകാരമാണ് വായ്പകൾ നൽകുന്നത്. ചില പ്രധാന വിളകളുടെ സ്കെയിൽ ഓഫ് ഫൈനാൻസ് താഴെ കൊടുക്കുന്നു.

കൂടാതെ റബ്ബർ വെച്ചുപിടിപ്പിക്കുന്നതിന് ഒരു ഹെക്ടറിന് 46,000 രൂപാ വായ്പ നൽകുന്നുണ്ട്. വെറ്റില കൃഷിവ്യാപകമായി ചെയ്തുവരുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. വെറ്റില കൃഷിക്കു വേണ്ടി ബങ്ക് തായ്യാ റാക്കി, നബാർഡിനേകൊണ്ട് അംഗീകരിപ്പിച്ച പ്രത്യേക വായ്പാപദ്ധതി ആലപ്പുഴ ജില്ലയിൽ ആദ്യമായി 1989ൽ ഇവിടെ നടപ്പാക്കി. വെറ്റില കൊടി കൃഷിക്ക് 300 മുട് ഉൾപ്പെട്ട ഒരു യൂണിറ്റിന് 4000 രൂപാ എന്ന ക്രമത്തിൽ 7 വർഷം കൊണ്ട് മിതമായ പലിശനിരക്കിൽ തിരിച്ചടയക്കേണ്ടുന്ന ദീർഘകാല വായ്പാ നൽകുന്ന പദ്ധതി ആണ് നടപ്പാക്കിത് കൃത്യമായി വായ്പതിരിച്ചട ക്കുന്നവർക്ക് 50 ശതമാനം പലിശ സബ്സിഡിയും ലഭിക്കുന്നു. ഇപ്പോഴും ഈ പദ്ധതി തുടർന്നവരുന്നുണ്ട്. എന്നാൽ 1990 ലെ കാർഷികവായ്പകൾ എഴുതി തള്ളുമെന്നുള്ള പ്രഖ്യാപനത്തിൽ തെറ്റിദ്ധരിച്ച് ഈ

വിളകളുടെ സ്കെയിൽ ഓഫ് ഫൈനാൻസ്

ഇനം	പണമായി നൽകുന്നത്	ഉൽപന്നമായി നൽകുന്നത് വളം/ കീടനാശിനി	ആകെ
1. നെല്ല് (ഒരു ഹെക്ടറിന്)	6000	2000	80000
2. പുഞ്ചകൃഷി (ഒരു ഹെക്ടറിന്)	8000	4000	12000
3. മരച്ചീനി (ഒരു ഹെക്ടറിന്)	7000	3000	10000
4. പച്ചക്കറി (ഒരു ഹെക്ടറിന്)	17500	10500	28000
5. വാഴ (ഒരു എണ്ണത്തിന്)	35	15	50

A 231 THRISSUR-680581

വായ്പ എടുത്തവർ തിരിച്ചടക്കാതെ വൻതോതിൽ കുടിശ്ശിക വരുത്തിയിരിക്കുന്നു. ഇതുമൂലം ഈ വായ്പാപദ്ധതി അംഗങ്ങൾക്ക് വേണ്ടത്ര പ്രയോജന പ്പെടുന്നില്ല.

കാർഷികേതരവായ്പകൾക്കും സ്വർണ്ണപണയ വായ്പ കളുമാണ് അംഗങ്ങളിൽനിന്നും വൻ തോതിൽ ആവ ശ്യമുള്ളത് ആവശ്യപ്രകാരം കാർഷികേതര വായ്പകൾ നൽകാൻ ഒരു വർഷം കുറഞ്ഞത് 2 കോടി രുപയെങ്കി ലുംവേണ്ടിവരും. എന്നാൽ ഫണ്ടിന്റെ അപര്യപ്തത കാരണം ആവശ്യകാർക്കെല്ലാം യഥാസമയം വായ്പ നൽകാൻ സാധിക്കുന്നില്ല.

സംഘത്തിലെ വായ്പകുടിശിക ഇപ്പോൾ 40 ശതമാനമാണ്. വായ്പ എഴുതി തള്ളുമെന്നുള്ള പ്രഖ്യാപ നത്തിനുശേഷമാണ് കുടുശിക വർദ്ധിച്ചു വരുന്നത്. അതുവരെ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംഘം 1992 93 മുതൽ നഷ്ടത്തിലാണ്.1992-93 ലെ നഷ്ടം 2 ലക്ഷം രൂപയാണ്. എന്നാൽ ഇപ്പോൾ നഷ്ടം കുറച്ചു കൊണ്ടുവരുന്നുണ്ട്. 1995 96ൽ നഷ്ടം 86,000 രൂപയായി കുറഞ്ഞിട്ടുണ്ട്. വളം, കീടനാശിനി, തുണി ത്തരങ്ങളുടെ വില്പന, നിക്ഷേപങ്ങൾ സ്വീകരി ക്കൽ, സ്വർണ്ണപ്പണയം, സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങു വിലപ്രകാരം കൊപ്രാസംഭരണം, കശുവണ്ടി സം ഭരണം എന്നീ പ്രവർത്തനങ്ങളും സംഘം നടത്തി യിട്ടുണ്ട്.

അരീക്കര സർവ്വീസ് സഹകരണസംഘം

മുളക്കുഴ പഞ്ചായത്തിലെ അരീക്കര, പെരിങ്ങാല, കൊഴുവല്ലൂർ, കാരയക്കാട്. എ. കരകൾ (3,6,9,10,11) എന്നീ വർഡുകൾ പ്രവർത്തന പരിധിയായുള്ള ഈ സംഘ ത്തിൽ 2267 അംഗങ്ങളാണുള്ളത്. വളരെ കാലങ്ങ ൾക്കുമുമ്പ് അഴിമതിയും, പണാപഹരണവും മൂലം പിടിപെട്ടിട്ടുള്ള തളർവാതം ഈ സംഘത്തെ ഒരിക്കലും രക്ഷപെടുത്താൻ കഴിയാത്ത നിലയിലാക്കിയിരിക്കു കയാണ്. മുളക്കുഴ പഞ്ചായത്തിലെ കാർഷിക മേഖ ലയുടെ കണ്ണായപ്രദേശങ്ങൾ പ്രവർത്തന പരിധിയായു ള്ള ഈ സംഘത്തിന് കർഷകരുടെ വായ്പാ ആവശ്യ ങ്ങൾ ഒട്ടും തന്നെ നിറവേറ്റാൻ സാധിച്ചിട്ടില്ല എന്ന ശക്തമായ ആക്ഷേപം ഗ്രാമസഭകളിൽ നിന്നും ഉയർ ന്നുവന്നിട്ടുണ്ട്. ഈ ആക്ഷേപം വാസ്തവമാണെന്നും കാണാവുന്നതാണ്. കറെ വർഷങ്ങളായി വായ്പാ വിത രണം വളരെ പരിമിതമായി മാത്രമേ നടന്നിട്ടുള്ളു. 1994 95 ൽ 1.23 ലക്ഷം രൂപ മാത്രമാണ് ആകെ വായ്പ നൽകിയിരിക്കുന്നതെങ്കിൽ 1995 96 ൽ വായ പകൾ ഒന്നും തന്നെ നൽകിയിട്ടില്ല. ഒരംഗത്തിന് പരമാ വധി എടുക്കാവുന്ന വായ്പയാകട്ടെ 2000 രൂപ മാത്രവും. വായ്പപരിധി ഉയർത്തുന്നതിനുള്ള യാതൊരു പ്രവർത്ത നവും ഇതേവരെ ഉണ്ടായിട്ടില്ല.

ബാക്കി നില്പു വായ്പയിൽ 80 ശതമാനത്തോളം കുടിശ്ശികയുണ്ട്.മുൻകാലങ്ങളിൽനല്കിയിട്ടുള്ള വായ്പ കൾ മിക്കതും കുടിശികയാണ്. ഇതുമൂലം സംഘം വൻനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കുടിശിക പിരിച്ചെടുക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കു കയും കർശന നടപടി സ്വീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. രണ്ടുവർഷം മുമ്പ് വരെ സംഘം നടത്തി വന്നിരുന്ന കെട്ടുതെങ്ങ് പദ്ധതി ഇപ്പോൾ നിർത്ത ലാക്കിയിരിക്കുകയാണ്. ഇതു സംബന്ധിച്ച പല ആക്ഷേപങ്ങളും നിലനിൽക്കുന്നു. ഹ്രസ്വകാല ദീർഘ കാല നിക്ഷേപങ്ങൾ വളരെ പരിമിതമായി മാത്രമെ ലഭിക്കുന്നുള്ളു. റെക്കറിംഗ് നിക്ഷേപ പദ്ധതി ഇപ്പോൾ നിർത്തി വച്ചിരിക്കുന്നു. വളം, കീടനാശിനി എന്നിവ സംഘത്തിലൂടെ വിതരണം ചെയ്തു വരുന്നുണ്ട്

ദീർഘകാല കാർഷികവായ്പകൾ

ചെങ്ങന്നൂർ താലൂക്കിൽകൂടി പ്രവർത്തന പരിധി യും ചെങ്ങന്നൂരിൽ ശാഖയുമുള്ള തിരുവല്ല സഹക രണ കാർഷിക ഗ്രാമ വികസനബാങ്കാണ് ഈ പഞ്ചാ യത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘകാല കാർഷിക വായ്പകൾ പ്രധാനമായും നൽകിവരുന്നത്. വിവിധയിനം വിളകൾക്കുള്ള ദീർഘകാലപദ്ധതി വായ്പ കളും ഭൂവികസനത്തിനും ചെറുകിട ജലസേചനത്തി നുമുള്ള വായ്പകളും ബാങ്ക് നൽകി വരുന്നുണ്ട് 8-ാം പദ്ധതിയിൽ ഇതേവരെ നമ്മുടെ പഞ്ചായത്തിൽ 31.6 ലക്ഷം രൂപയാണ് കാർഷിക വായ്പയായി നൽകിയിരി ക്കുന്നത്.

ഭവന നിർമ്മാണ വായ്പകൾ

ഈ പഞ്ചായത്തിലെ ഭവന നിർമ്മാണ വായ്പക ളുടെ പ്രധാനഉറവിടം തിരുവല്ല സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കാണ്. 8-ാം പദ്ധതിയിൽ ഇതേ വരെ നമ്മുടെ പഞ്ചായത്തിൽ 77 പേർക്കായി 40.78 ലക്ഷം രൂപായാണ് ഭവന നിർമ്മാണ വായ്പയായി ബാങ്ക് നൽകിയിട്ടുള്ളത്. കൂടാതെ ചെങ്ങന്നൂർ താലൂ ക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘവും ഭവന നിർമ്മാണ വായ്പ നൽകിവരുന്നു. എന്നാൽ 8-ാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ 13 പേർ ക്കായി 9.13 ലക്ഷം രൂപമാത്രമാണ് നൽകിയിട്ടു ള്ളത്. ഈ പഞ്ചായത്തിലെ ഭവന നിർമ്മാണ

വായ്പാ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. മുളക്കുഴ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഭവന നിർമ്മാണ സഹകരണ സംഘം ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷൻ നേടിയെടുത്ത് പ്രവർത്തനം ആരംഭിച്ചാൽ ഈ രംഗത്തെ പോരായ്മകൾ കുറേയൊക്കെ പരിഹരിക്കുവാൻ കഴിയും.

വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

1. അരീക്കര സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്ന 3, 6, 9, 10, 11 വാർഡുകളിലെ ജനങ്ങൾക്കുകൂടി പ്രയോജനം ലഭിക്കത്തക്കവണ്ണം മുളക്കുഴ സർവ്വീസ് സഹകരണ ബാങ്കും, അരീക്കര സർവ്വീസ് സഹകരണ സംഘവും സംയോജിപ്പിച്ച് പഞ്ചാ

പട്ടിക 1

സർവ്വീസ് സഹകരണസംഘങ്ങൾ

1. സംഘത്തിന്റെ പേര്	മുളക്കുഴ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപതം v ê q 1224	അരീക്കരസർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 2567
2. പ്രവർത്തനം ആരംഭിച്ച വർഷം.	1101 എം.ഈ (1926)	1121.എം.ഈ (1946)
3. പ്രവർത്തനപരിധി	മുളക്കുഴ, പിരളശ്ശേരി കാരയ്ക്കാട്. ബി, കരകൾ (1,2,4,5,7.8 വാർഡുകൾ)	അരീക്കര, പെരിങ്ങാല കൊഴുവല്ലൂർ, കാരക്കാട്.A കരകൾ (3,6,9,10,11 വർഡുകൾ)
4. വ്യക്തി അഗംത്വം	5050	2267
5. ഓഹിരിമൂലധനം	6,90,000 രൂപ	10,0751
6. ഒരംഗത്തിന് പരമാവധി എടുക്കാവുന്ന കടം	50,000 രൂപ	2000 രൂപ
7. ജീവനക്കാർ	5	2
8. ലാഭമോ, നഷ്ടമോ തുക	നഷ്ടം 86,000 രൂപ	നഷ്ടം

പട്ടിക 2

നിക്ഷേപവും വായ്പകളും

(തുകലക്ഷത്തിൽ)

		നിക്ഷേപങ്ങൾ			വായ്പകൾ		
പേര്	വർഷം	സ്ഥിരം	ഹൃസ്വകാലം	ആകെ	കാർഷിക	കാഷികേതരം	ആകെ
മുളക്കുഴ വില്ലേജ്	1994 95	113.09	51.99	161.09	3.26	78.59	81.85
സർവ്വീസ് സകരണ	1995 96	142.11	60.95	203.06	5.51	124.06	129.57
ബാങ്ക്.							
അരീക്കര സർവ്വീസ്	1994 95	2.63	4.79	7.42	.59	.63	1.22
സഹരണ സംഘം	1995 96	1.71	2.63	4.34	ഇല്ല	ഇല്ല	ഇല്ല



യത്തിലെ എല്ലാ വാർഡുകളും പ്രവർത്തന പരിധിയായുള്ള ഒരു സർവ്വീസ് സഹകരണ ബാങ്കാക്കുന്നകാര്യം ഗൗരവമായി ആലോചിക്കേണ്ടതാണ്. അരീക്കര സർവീസ് സഹകരണ സംഘത്തിന്റെ പള്ളിപ്പടിയിലുള്ള ആഫീസ് ഒരു ശാഖയായി നിലനിർത്തിയാൽ മതിയാകുന്നതാണ് പ്രവർത്തന സൗകര്യത്തിനായി ഭാവിയിൽ പുതിയ ശാഖകൾ ആരംഭിക്കാവുന്നതാണ്.

2. മേൽ പറഞ്ഞ നിർദ്ദേശം പ്രാവർത്തികമാക്കുന്നതുവരെ അരീക്കര സർവ്വീസ് സഹകരണ സംഘം പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കേണ്ടതാണ്. നിയമാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കണം. വായ്പാപരിധി വർദ്ധിപ്പിച്ച് കാർഷിക കാർഷികേതര വായ്പകൾ ജില്ലാ സഹകരണ ബാങ്കിൽനിന്നും എടുത്ത് അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. കുടിശ്ശിഖ കർശനമായി പിരിക്കുന്നതിന് സംഘം ഭരണസമിതി പ്രദേശങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ സഹായത്തോടെ വായ്പാ കുടിശ്ശിഖക്കാരിൽനിന്നും തുക ഈടാക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കാവുന്നതാണ്. ഇത് ഫലപ്രദമാകാത്തിടത്ത് നിയമനടപടികൾ കർശനമാക്കണം. വായ്പാ പരിധി വർദ്ധിപ്പിച്ച് പുനർവായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. 'കെട്ടുതെങ്ങ്' പദ്ധതിയും റെക്കറിംഗ് നിക്ഷേപപദ്ധതിയും വ്യാപകമായി നടപ്പാക്കേണ്ടതാണ്.

3. സംഘങ്ങളുടെ നഷ്ടത്തിനുള്ള പ്രധാന കാരണം വായ്പാകുടിശ്ശികയാണ്. കുടിശ്ശിഖ ഈടാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. സംഘങ്ങൾ ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനുമുമ്പ് തന്നെ പാസ്സാക്കി 'ക്രെഡിറ്റ് കാർഡ്' സംമ്പ്രദായം നടപ്പിലാക്കേണ്ടതാണ്.

5. കാർഷിക വായ്പകൾക്ക് നബാർഡിൽ നിന്നുമുള്ള പലിശ സബ്സിഡി കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം.

6. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വായ്പ ലഭിക്കുവാനും ഉദാരമാക്കാനും സർവ്വീസ് സഹകരണ സംഘങ്ങൾ തയ്യാറാകേണ്ടതാണ്.

7. പഞ്ചായത്തിൽ ഗ്രൂപ്പ്ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപികരിച്ച് കൃഷിഭവന്റെ സഹായത്തോടെ വിത്ത്, വളം, കീടനാശിനി, എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്നതിനും ട്രാക്ടർ, ടില്ലർ, പമ്പ്, സ്പ്രെയറുകൾ എന്നിവ കൂട്ടായി ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയുംവേണം.

8. സർവ്വീസ് സഹകരണസംഘങ്ങൾ കാർഷിക ഉത്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് സംവിധാനമുണ്ടാക്കേണ്ടതാണ്.

9. പാട്ട കൃഷിക്കാർക്കുകൂടി വായ്പ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്

ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

മുളക്കുഴ പഞ്ചായത്തിൽ 4 ക്ഷീരോത്പാദക സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചുവരുന്നത്

1. പെരിങ്ങോല ക്ഷീരോത്പാദക സഹകരണ സംഘം

പഞ്ചായത്തിലെ 3, 5 വാർഡുകൾ പ്രവർത്തനപരിധിയായിട്ടുള്ള ഈ സംഘം. നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീരോത്പാദക സംഘമാണ് ഒരു ദിവസം സംഭരിക്കുന്ന പാൽ ശരാശരി 450 ലിറ്ററാണ്. ഉയർന്ന ഉത്പാദന ശേഷിയുള്ള പശുക്കളെ സംഘം മുഖേന വിതരണം ചെയ്യാനും പ്രതിദിന ഉത്പാദനം 1000 ലിറ്റർ എങ്കിലുമാക്കി വർദ്ധിപ്പിക്കുവാനും കഴിയണം. സംഘത്തിലൂടെ കാലിത്തീറ്റ പുൽ വിത്തുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നുണ്ട് സംഘം ഇപ്പോൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സംഘത്തോടു ചേർന്നുതന്നെ മൃഗസംരക്ഷണ വകുപ്പിന്റെ ഒരു ഗോ സംവർദ്ധന ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഉയർന്ന ക്ഷീരോത്പാദനക്ഷമതയുള്ള പ്രീമിയർ ബുൾസെമൻ കുത്തി വയ്ക്കുന്നതിനുള്ള സംവിധാനം ഇവിടെ ഉണ്ടാക്കേണ്ടതാണ്.

2. മുളക്കുഴ ക്ഷീരോത്പാദക സഹകരണസംഘം

ഈ സംഘത്തിന്റെ പ്രവർത്തന പരിധി 2,4 വാർഡുകളാണ്. ഒരു ദിവസം സംഭരിക്കുന്ന പാൽ ശരാശരി 170 ലിറ്ററാണ്. നല്ല ഇനം പശുക്കളെ വിതരണം ചെയ്ത് ഉത്പാദനം പ്രതിദിനം 500 ലിറ്റർ എങ്കിലുമായി വർദ്ധിപ്പിക്കേണ്ടതാണ്. പാലും പാൽ ഉത്പ്പന്നങ്ങളും വില്പന നടത്തുന്ന ഒരു ബൂത്ത് തുറക്കുന്നതിനുള്ള സാദ്ധ്യത സംഘം പരിശോധിക്കണം.

3. കാരയ്ക്കാട് ക്ഷീരോത്പാദക സഹകരണ സംഘം

ഈ സംഘത്തിന്റെ പ്രവർത്തന പരിധി 7, 8,11 വാർഡുകളാണ്. പ്രതിദിനം സംഭരിക്കുന്ന പാൽ ശരാശരി 170 ലിറ്ററാണ്. ഈപ്രദേശത്തിന്റെ സാദ്ധ്യത നോക്കുമ്പോൾ ഉത്പാദനവും സംഭരണവും വളരെ കുറവാണ്. മാനേജ്മെന്റ് കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. നല്ലയിനം പശുക്കളെ സംഘത്തിലൂടെ വിതരണംചെയ്ത് കൂടുതൽ അംഗങ്ങളെ ചേർത്ത് പ്രതിദിന സംഭരണം 700 ലിറ്റെങ്കിലും ആയി ഉയർത്തണം.

4. കൊഴുവല്ലൂർക്ഷീരോത്പാദക സഹകരണ സംഘം

സംഘത്തിന്റെ പ്രവർത്തനപരിധി 9,10 വാർഡുകളാണ്. പ്രതിദിനം സംഭരിക്കുന്ന പാൽ ശരാശരി 181 ലിറ്ററാണ്, പ്രാദേശിക വില്പന ഇല്ല. കാർഷിക മേഖലയായ ഈ പ്രദേശത്ത് വളരെ ഏറെ വികസന സാദ്ധ്യതയുള്ള ഒരു സംഘമാണെങ്കിലും അടുത്ത കാലത്തുണ്ടായ അനാരോഗ്യകരമായ മത്സരങ്ങളുടെ ഫലമായുണ്ടായ മാന്ദ്യത ഒഴിവാക്കി സംഘത്തിന്റെ പ്രവർത്തനം പുരോഗമിപ്പിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. സംഘത്തിന് ഒരു സ്ഥിരം ആസ്ഥാനമുണ്ടാക്കി എടുക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്.

ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്ന 9-ാം വാർഡിലേക്ക് മാത്രമായി ഒരു ക്ഷീരോത്പാദക സഹകരണസംഘം രൂപീകരണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ പുതിയ ഒരു സംഘം കൂടി ഉണ്ടായാൽ രണ്ടു സംഘങ്ങളുടേയും പാൽസംഭരണ സാദ്ധ്യതയും മാനേജീരിയൽ ചെലവു കളും പൊരുത്തപ്പെടുമോ എന്ന് പരിശോധിക്കേണ്ട താണ് (നിലവിലുള്ള സംഘത്തിന്റെ സംഭരണ ശേഷി പ്രതിദിനം 181 ലിറ്റർ മാത്രമാണ്.)

ഗ്രാമ സഭയിലെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

- ക്ഷീരോത്പാദക സംഘങ്ങൾ ഇല്ലാത്ത 1,6 വാർഡുകളിൽ പുതിയ സംഘങ്ങൾ രൂപികരിക്കേണ്ടതാണ്
- ക്ഷീരസംഘങ്ങളുടെ വാർഡുതലത്തിലുള്ള പരിധി പുന:ക്രമീകരിക്കേണ്ടതാണ്.
- ക്ഷീരോത്പാദക സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കേണ്ടതാണ്.
- കൊഴുവല്ലൂർ ക്ഷീരോത്പാദക സംഘത്തിന് ഒരു കെട്ടിടംപണിതു നൽകേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.
- ഉയർന്ന ഉത്പാദന ശേഷിയുള്ള കറവമാടുകളെ ക്ഷീരസംഘങ്ങളിലെ അംഗങ്ങൾക്കു നൽകുന്നതിനുള്ള ഒരു ബൃഹത്പദ്ധതി സർവ്വീസ് സഹകരണസംഘങ്ങളുടെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്. കറവമാടുകളെ വാങ്ങാൻ സർവ്വീസ് സഹകരണസംഘങ്ങൾ വായ്പ ലഭ്യമാക്കണം. വായ്പ എടുത്ത് പശുവിനെ വാങ്ങിയവർ ക്ഷീര സംഘങ്ങൾക്ക് പാൽ നൽകുകയും പാലിന്റെ വിലയിൽനിന്നും തവണകളായി വായ്പ തിരിച്ചീടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. ഇതിനാവശ്യമായ വ്യവസ്ഥകൾ ക്ഷീര സംഘങ്ങളും സർവ്വീസ് സംഘങ്ങളും കൂട്ടയി ആലോചിച്ച് ഉണ്ടാക്കാവുന്നതാണ്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കർശനായി ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.
- ന്യായ വിലയ്ക്ക് കാലിത്തീറ്റ ഓരോ സംഘത്തിലും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
- ക്ഷീരോത്പാദകർക്ക് ന്യായമായ വില കിട്ടുന്നില്ല എന്ന ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്.
- ഉത്പാദകനേയും ഉപഭോക്താവിനേയും ഒരേ പോലെ വഞ്ചിക്കുന്ന 'മിൽമയുടെ ഇരട്ടച്ചൂഷണം അവസാനിപ്പിക്കണം എന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

ഉപഭോക്തൃ - വിപണന മേഖല

ഉപഭോക്തൃ മേഖലയിൽ മുളക്കുഴ ഗവ: ഹൈസ്ക്കൂൾ സഹകരണ സംഘം, കാരയ്ക്കാട് എസ്. എച്ച്. വി ഹൈസ്ക്കൂൾ സഹകരണസംഘം, മുളക്കുഴ ഗവൺമെന്റ് എൽ. പി. സ്ക്കൂൾ സഹകരണസംഘം എന്നീ 3 സഹകരണസംഘങ്ങൾ മാത്രമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

മുളക്കുഴ ഗവൺമെന്റ് ഹൈസ്ക്കൂൾ സഹകരണ സംഘം, എസ്.എച്ച്.വി. ഹൈസ്ക്കൂൾ സഹകരണ സംഘം എന്നിവ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും പരിമിതമായി സ്റ്റേഷനറി സാധനങ്ങളും ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ സാദ്ധ്യതകൾ വെച്ചുനോക്കുമ്പോൾ ഹൈസ്ക്കൂൾ സഹകരണ സം

പട്ടിക 3

ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ശരാശരി	പ്രതിദിനപ്രദേശിക	ജീവനക്കാർ
1.പെരിങ്ങോല ക്ഷീരോത്പാദക സഹകരണ സംഘം	1985	പഞ്ചായത്തിലെ 3,5, വാർഡുകൾ	244	450	80	3
2 മുളക്കുഴ ക്ഷീരോത്പാദക സഹകരണസംഘം	1991	2,4 വാർഡുകൾ	141	160	60	3
3 കാരയ്ക്കാട് ക്ഷീരോത്പാദക സഹകരണ സംഘം	1993	7,8,11 വാർഡുകൾ	60	170	36	2
4. കൊഴുവല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം	1983	9,10 വാർഡുകൾ	120	181	ഇല്ല	3

ഘങ്ങൾ പ്രവർത്തനം വിപുലീകരിക്കേണ്ടിയിരിക്കുന്നു. പാഠപുസ്തകങ്ങൾ നോട്ടുബുക്കുകൾ എന്നിവയ്ക്കു പുറമേ വിദ്യർത്ഥികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ എല്ലാത്തരം സ്റ്റേഷനറി, കോസ്മറ്റിക്ക്, സാധനങ്ങളും വിദ്ധ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോമുകളും പൊതുവിപണിയിലെ വിലയേക്കാൾ താഴ്ന്ന വിലയ്ക്ക് സംഘം മുഖേന വിതരണം ചെയ്യാവുന്നതാണ്. ഇതിനായി മുഴുവൻ സമയവും ജോലി നോക്കുന്ന ഓരോ വിൽപ്പനക്കാരെ നിയമിക്കാവുന്നതും ഇതിലൂടെ രണ്ടു പേർക്ക് ജോലി നൽകാവുന്നതുമാണ്. എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും സംഘത്തിൽ അംഗങ്ങളാക്കി നിശ്ചിതതുക ഓഹരിയെടുപ്പിച്ച് ഇതിനാവശ്യമായ പ്രവർത്തന മൂലധനം കണ്ടെത്തുകയും ചെയ്യാം. രണ്ട് ഹൈസ്ക്കൂൾ സഹകരണ സംഘങ്ങളിലും വിദ്യാർത്ഥികളുടെ സഹകരണത്തോടെ നോട്ടുബുക്ക് നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്.

മുളക്കുഴ ഗവ: എൽപി സ്ക്കൂൾ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ പഞ്ചായത്തിലെ ഒരു യു.പി സ്ക്കൂളും 9 എൽ. പി. സ്ക്കൂളുകളും ഉണ്ട്. ഈ സ്ക്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ് അംഗങ്ങൾ. എന്നാൽ ഇപ്പോൾ വിദ്യാർത്ഥികളെ അംഗങ്ങളായി ചേർക്കയില്ല. ഇതിന്റെ പരിധിയിലുള്ള സ്ക്കൂളുകളിലേക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തനം മാത്രമാണ് സംഘം നടത്തുന്നത്.

ഈ സംഘത്തിലൂടെ പാഠപുസ്തകങ്ങളും മറ്റെല്ലാ പഠനോപകരണങ്ങളും കൃത്യസമയത്തുതന്നെ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. എല്ലാ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും സംഘത്തിൽ അംഗങ്ങളായി ചേർക്കേണ്ടതും സെക്രട്ടറി എന്ന നിലയിൽ ജോലി നോക്കുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസും അദ്ധ്യാപക ജോലിയിൽ കുറേ ഇളവും അനുവദിക്കാവുന്നതുമാണ്.

പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഒരു കൺസ്യൂമർ സഹകരണസംഘം രൂപികരിക്കേണ്ടതാണ്. പരമാവധി അംഗങ്ങളെ ചേർത്ത് പ്രവർത്തന മൂലധനം കണ്ടെത്തണം. പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഓരോവീട്ടിലും നിത്യോപയോഗ സാധനങ്ങളും പച്ചക്കറിയും എത്തിക്കാൻ ഉപഭോക്താക്കളിൽനിന്നും ട്രെസ് ഡെപ്പോസിറ്റ് സ്വീകരിച്ച് ഡോർ ഡെലിറി സിസ്റ്റവും മൊബൈൽ സ്റ്റോർ സിസ്റ്റവും ആരംഭിക്കാവുന്നതാണ്. പരമാവധി സാധനങ്ങൾ നേരിട്ടും കാരയ്ക്കാട്ട് പ്രവർത്തിക്കുന്ന താലൂക്ക് മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് സഹകരണ സംഘത്തിലൂടെയും സംഭരിക്കാവുന്നതാണ്.

മാവേലിസ്റ്റോറുകൾ ആരംഭിക്കണമെന്ന് ഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

വിപണനം

കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഈ പഞ്ചായത്തിൽ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ചെങ്ങന്നൂർ താലൂക്ക് കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ആന്റ് പ്രോസ്സസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. ഇതിന്റെ രൂപീകരണലക്ഷ്യം ഒട്ടും തന്നെ നിറവേറ്റുന്നില്ല എന്ന ആക്ഷേപം നിലനിൽക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് അതിന്റെ ഈടിൽ വിളയിറക്കുന്നതിനുള്ള തുക അഡ്വാൻസായി നൽകുക, ഉയർന്നവിലയ്ക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് വിലയിൽനിന്നും തുക ഈടാക്കി എടുക്കുക, കർഷകർക്ക് ഗോഡൗൺ സൗകര്യം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഒന്നും സംഘം നിറവേറ്റുന്നില്ല.

മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. കർഷകർ ഉത്പാദിപ്പിക്കുന്ന എല്ലാ ഉത്പ്പന്നങ്ങളും സംഭരിച്ച് വിപണനം നടത്തണം. നാളികേരം, കശുവണ്ടി, കൊക്കോ, റബർ എന്നിവ സംഭരിക്കുകയും സംസ്കരിച്ച് വിൽപന നടത്താൻ പ്രത്യേക സംവിധാനം ഉണ്ടാക്കുകയുംവേണം. റബ്ബർ പാൽ വാങ്ങി സംസ്കരിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാക്കണം. അനേകംപേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന റബറധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മാവേലിസ്റ്റോർ തുറക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ

ഖാദി ഗ്രാമ വ്യവസായ സഹകരണസംഘങ്ങൾക്ക് ഈ പഞ്ചായത്തിൽ വളരെയേറെ വികസന സാദ്ധ്യതകൾ ഉണ്ട്. ഇവയിലൂടെ വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. എന്നാൽ പഞ്ചായത്തിൽ രൂപികരിച്ചിട്ടുള്ള ഖാദി ഗ്രാമ വ്യവസായ സംഘങ്ങൾ എല്ലാം തന്നെ നിർജ്ജീവാവസ്ഥയിലാണ്. അരീക്കര ഗ്രാമ വ്യവസായ സഹകരണ സംഘം പുന:സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിച്ചാൽ അനേകം പേർക്ക് ഗ്രാമീണകൈത്തൊഴിലുകളും തൊഴിൽ പരിശീലനവും നേടാവുന്നതാണ്. വലിയ മുതൽമുടക്കും സാങ്കേതിക വിദ്യയും ആവശ്യമില്ലാത്ത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും സംഘത്തിലൂടെ അവ വിറ്റഴിക്കുന്നതിനും സാധിക്കുന്നതാണ്.

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തനപരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം രൂപ	രുപ	വ്യാപാര ഇടപാടുകൾ ലാഭം(രുപ)നഷ്ടം	ജീവനക്കാർ
1. മുളക്കുഴ ഗവ: ഹൈസ്ക്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ 15	1958	മുളക്കുഴ ഗവ: ഹൈസ്ക്കൂൾ	10,170	10,699	55000	7,348	ഇല്ല
2. കാരയ്ക്കാട് S.H.V. ഹൈസ്ക്കൂൾ സഹകരണ സംഘം ക്ലിപതം		S.H.V. ഹൈസ്ക്കൂൾ കാരയ്ക്കാട്					ഇല്ല.
3. മുളക്കുഴ ഗവ. എൽ.പി.സ്ക്കൂൾ സഹകരണസംഘം ക്ലിപതംനമ്പർഎ622	1976	ഗവ. എൽ.പി.എസ് മുള ക്കുഴ,എസ്.എൻ.ഡി.പി യു പി.എസ്അരീക്കര,ഡി.വി.എൽ. പി.എസ്. കോട്ട,എസ്.എൻ. ഡി.പി.എൽ.പി.എസ് കാരയ്ക്കാട്,ഗവ എൽ.പി.എസ് കാര യ്ക്കാട്, മുടിക്കുന്ന് എൽ.പി.എസ്.എസ്വി.എൽ.പി.എസ്. പെരിങ്ങാല, പിരളശ്ശേരി എൽ.പി.എസ്, ഗവ.എൽ.പി.എസ് അരീക്കര, ഗവ എൽ.പി.ജി.എസ് അരീക്കര	64				ഇല്ല



പട്ടുനൂൽപ്പുഴു വളർത്തൽ വ്യാപിപ്പിക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി രൂപികരിച്ച മുളക്കുഴ പഞ്ചായത്ത് സെറികൾച്ചർ സൊസൈറ്റി പുനസംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

കൊഴുവല്ലൂരെ അംബേദ്ക്കർ ഖാദി ഗ്രാമ വ്യവസായ ബുക്ക് ബയന്റിംഗ് സഹകരണ സംഘം പുന. സംഘടിപ്പിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

9-ാം വാർഡിൽ ഒരു ഈറ്റ വ്യവസായ സഹകരണസംഘം രൂപികരിക്കണമെന്ന ആവശ്യം ഗ്രാമ സഭയിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്.

മറ്റു സഹകരണ സംഘങ്ങൾ

വിവിധ മേഖലകളിൽ പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഗ്രാമ സഭകളിൽ നിന്നും ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം

പഞ്ചായത്തിൽ ഒന്നോ രണ്ടോ പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. കാരയ്ക്കാട് കേന്ദ്രമാക്കി രൂപീകരിച്ചിട്ടുള്ള സംഘം പുനഃസംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾക്ക് ഗവൺമെന്റ് ഓഹരി പങ്കാളിത്തം, ഓഹരി ഗ്രാന്റ്, പ്രവർത്തന മൂലധനം, എട്ടു വർഷത്തേക്ക് മാനേജീരിയൽ സബ്സിഡി, ഫർണിച്ചർ ഗ്രാന്റ്, വസ്തു വാങ്ങുന്നതിന് ഗ്രാന്റ്, കെട്ടിടം നിർമ്മിക്കാൻ സഹായം തുടങ്ങിയ ഗവൺമെന്റ് ആനുകൂല്യങ്ങൾ നിരവധിയാണ്. ഈ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തി സംഘം പ്രവർത്തിച്ചാൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപകരിക്കുന്നതാണ്.

വനിതാ സഹകരണസംഘം

മുളക്കുഴ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കി ഒരു വനിതാ സഹകരണ സംഘം രൂപുകരിക്കേണ്ടതാണ്. വനിതകൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും സാമ്പത്തിക സഹായം ചെയ്യുകയും വേണം. സംഘത്തിന്റെ നേതൃത്വത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, അച്ചാറുകൾ കറിപൗഡറുകൾ, ബേക്കറി സാധനങ്ങൾ എന്നിവയുടെ നിർമ്മാണം, കൂൺ ഉല്പാദനം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്. മഹിളാസമാജങ്ങൾ, ചെറുകിട വനിതാവ്യവസായ യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനം സംഘത്തിലൂടെ ഏകോപിപ്പിക്കാവുന്നതാണ്. ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ആവശ്യമായ സഹായവും നേതൃത്വപരമായ പങ്കും സംഘം വഹിക്കേണ്ടതാണ്.

❑ കാരയ്ക്കാട് മഹിളാ പ്രിന്റേഴ്സ് സഹകരണസംഘം പുനഃസംഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

ലേബർകോൺട്രാക്ട് സഹകരണസംഘം

മുളക്കുഴ പഞ്ചായത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരക്കേണ്ടതാണ്. പഞ്ചായത്ത് നേരിട്ട് നടത്തുന്നതും അല്ലാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾ സംഘം മുഖേന നടത്താവുന്നതാണ്. സാങ്കേതിക തൊഴിലുകളിൽ പരിശീലനം നേടിയവരെ സംഘത്തൽ രജിസ്റ്റർ ചെയ്ത് തൊഴിലവസരങ്ങൾ കണ്ടെത്താൻ സഹായിക്കാവുന്നതാണ്. പഞ്ചായത്തിലെ ഏതു മേഖലയിലും പണിയെടുക്കുന്നതിനുള്ള തൊഴിലാളികളെ ലഭ്യമാക്കുന്ന ഒരു ഏജൻസിയായി സംഘത്തിന് പ്രവർത്തിക്കാവുന്നതാണ്. തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും സംഘം ശ്രദ്ധിക്കേണ്ടാണ് സംഘത്തിനുള്ള ഗവൺമെന്റെ സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

❑ പഞ്ചായത്തിൽ ഒരു സഹകരണ പാരലൽ കാളേജ് ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

❑ സഹകരണരംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളേയും ഉൾക്കൊളളിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കാവുന്നതുമാണ്.

❑ ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സഹകരണ പ്രസ്ഥാനത്തിന് നിർണ്ണായകമായ പങ്കാണ് വഹിക്കാനുളളത്. സഹകരണപ്രസ്ഥാനത്തെ അതിനു പ്രാപ്തമാക്കേണ്ടിയിരിക്കുന്നു.

11

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

നൂറ്റാണ്ടുകളായി അടിച്ചമർത്തലുകൾക്ക് വിധേയരായ ഈ വിഭാഗം ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. അക്ഷരം തന്നെ നിഷേധിക്കപ്പെട്ട ഒരു കാലഘട്ടം ഉണ്ടായിരുന്നു. സവർണ്ണരുടെ ഭൂമിയിൽ, സൂര്യൻപോലും മുഖം കാണിക്കുന്നതിന് മുമ്പ് പണിയ്ക്ക് ഇറങ്ങുകയും ജോലി അവസാനിക്കുന്നത് സൂര്യാസ്തമയത്തായിരുന്നു. അദ്ധ്വാനത്തിന് മാന്യതയോ അരവയർ നിറയ്ക്കാനുള്ള വേതനമോ കിട്ടിയിരുന്നില്ല. എന്നാൽ അദ്ധ്വാനഫലം അനുഭവിക്കുന്നതിൽ മനുസ്മൃതി പോലും നിശബ്ദത പാലിച്ചിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മഹാനായ ശ്രീ. അയ്യൻ കാളിയുടെയും ശ്രീനാരായണ പ്രസ്ഥാനങ്ങളുടെയും മറ്റ് പുരോഗമന പ്രസ്ഥാനങ്ങളുടെയും ശ്രമഫലമായി തങ്ങൾക്കും വിദ്യഭ്യാസത്തിനും ഭൂമിക്കും മാന്യമായ വേതനത്തിന് അവകാശങ്ങൾ ഉണ്ടെന്നുള്ള തിരിച്ചറിവ് ചെറിയ ചില മാറ്റങ്ങൾ ഉണ്ടാക്കിയെങ്കിലും ഇന്നും പട്ടികജാതി വിഭാഗക്കാർക്ക് വിദ്യഭ്യാസത്തിനും സമൂഹത്തിന് അർഹമായ പരിഗണനയും ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പിച്ചുപറയാൻ കഴിയുന്നില്ല. സംവരണ ഫലമായി സർക്കാർ സർവ്വീസിലെ താഴ്ന്ന ജോലികളിൽ കയറിപ്പറ്റാൻ കുറച്ചൊക്കെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭരണപരമായപങ്കാളിത്തം വേണ്ടത്ര ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനുള്ള അവസരം നിയമംമൂലം ലഭിച്ചു എന്നുള്ളതുകൊണ്ട് എല്ലാമായി എന്ന ധാരണ തെറ്റാണ്. ആദ്യം വേണ്ടത് കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയാണ്. ഓരോ കുടുംബത്തിനും സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ കഴിയുന്ന ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുകയും, നടത്തിപ്പിലെ ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കുവാനും കഴിഞ്ഞാൽ മാത്രമേ ദൈവത്തിന്റെ സന്താനങ്ങൾ എന്നു രാഷ്ട്രപിതാവ് വാസല്യപൂർവ്വം വിളിച്ച ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കുകൊണ്ടു വരാൻ കഴിയൂ.

രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ നിലനിന്നിരുന്ന അയിത്തം ഇവിടെയും ഉണ്ടായിരുന്നു. ഉയർന്ന ജാതിക്കാരുടെ അടിയാളൻമാരായ ഇവർക്ക് മുറ്റത്തു കുഴികുത്തി അതിൽ വയ്ക്കുന്ന ഇലകളിലായിരുന്നു ഭക്ഷണം വിളമ്പിയിരുന്നത്. ഭക്ഷണം വിളമ്പുന്ന സമയത്തും തീണ്ടാപ്പാടകലം പാലിക്കണമായിരുന്നു. പലപ്പോഴും കാക്കകളായിരുന്നു വിളമ്പിയ ഈഭക്ഷണം ആദ്യം കഴിച്ചിരുന്നത്. പണിസ്ഥലങ്ങളിൽ എത്താൻ അല്പം വൈകിയതിന് പീഡനങ്ങൾ ഏൽക്കേണ്ടിവന്ന അവസ്ഥകൾ പ്രായമായവർ പഠനപര്യടന സംഘത്തോട് വിവരിച്ചിട്ടുണ്ട്. പേരിനോടൊപ്പം ജാതിപ്പേര് ചേർത്തു വിളിക്കുന്നതും സർവ്വ സാധാരണമായിരുന്നു. പ്രായമായവരെ ചിലർ അങ്ങനെ വിളിക്കാറുണ്ട്. എന്നാൽ സവർണ്ണ വിഭാഗം പഞ്ചായത്തിൽ ന്യൂനപക്ഷമായിരുന്നതുകൊണ്ടാണ് രൂക്ഷമായ സമരങ്ങളോ സംഘടനങ്ങളോ നടത്തുന്നതിന് തെളുവുകളില്ല.

ഇരുപതു വർഷം മുമ്പുവരെ കുട്ടനാട്ടിലും മറ്റു ദൂര ദിക്കുകളിലും ഇവിടെനിന്നും ധാരാളം ആൾക്കാർ കൊയ്ത്തിനും മറ്റു കൃഷിപണിക്കൾക്കുമായി പോകുമായിരുന്നു കൊയ്ത്തുതുടങ്ങി കച്ചിവെട്ടി തുറുവിലാക്കിയതിനു ശേഷമായിരുന്നു ഇവർ തിരികെ നാട്ടിലേക്കു മടങ്ങിയിരുന്നത്. പാടശേഖരങ്ങൾക്കു സമീപം നൂറുകണക്കിനു ആൾക്കാർക്ക് താമസിക്കാവുന്ന നീളത്തിലുള്ള 'ലയം' പോലെ (ഇതിനു 'പന്ത' എന്നാണു വിളിച്ചിരുന്നത് കെട്ടിയൊരുക്കുന്ന സ്ഥലത്തായിരുന്നു മാസങ്ങളോളം താമസിച്ചിരുന്നത്. എന്നാൽ ഇന്ന് വളരെ ദൂരെയൊന്നും കൃഷിപ്പണികൾക്കായി പോകാറില്ല.

നമ്മുടെ പഞ്ചായത്തിൽ 1991 ലെ സെൻസസ് അനുസരിച്ച് 5951 പട്ടികജാതിക്കാർ ഇത് ജനസംഖ്യയുടെ 22 ശതമാനമാണ്. (പുരുഷൻമാൻ 2917 ഉം സ്ത്രീകൾ 3034ഉം) പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരായി ആരും ഇല്ല.

കാർഷികമേഖലയിലാണു കൂടുതൽ ആൾക്കാർ പണിയെടുത്തിരുന്നത്. എന്നാൽ ഇന്ന് കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നതിനാൽ നിർമ്മാണ തൊഴിൽ മേഖലയിലേക്കു ആകർഷിക്കപ്പെട്ടിരിക്കുന്നു. കാർഷികമേഖലയിൽ തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ കുട്ട, വട്ടി, പായ, പനമ്പ് തുടങ്ങിയവ നിർമ്മിക്കുന്ന പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടുപോന്നിരുന്നു. അസംസ്കൃത വസ്തുക്കളുടെ അഭാവവും ഉല്പന്ന

ങ്ങൾക്ക് വിലയും വിപണിയും കുറവായതും യന്ത്രവൽ ക്കരണവും ഇന്ന് ഈ തൊഴിൽ ചെയ്യാൻ ആരും തയ്യാറാകുന്നില്ല. അസംസ്കൃത വസ്തുക്കളും ഉല്പന്നങ്ങ ൾക്ക് ന്യായമായ വിലയും വിപണിയും ഉറപ്പാക്കു വാനും കഴിഞ്ഞാൽ ചെറിയ വരുമാനം ഇതിലൂടെ ലഭിക്കും. കോളനികളിൽ മെറ്റൽ അടിക്കുന്നതിനു വേണ്ട സൗകര്യം ചെയ്തുകൊടുക്കുന്നതും വരുമാന വർദ്ധനവിന് സഹായകരമായിരിക്കും.

എൺപതുശതമാനം കുടുംബങ്ങൾക്കും പത്തു സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. (സാമ്പിൾ സർവ്വേ) ഭൂരിപക്ഷവും കർഷകത്തൊഴിലാളികളോ നിർമ്മാണത്തൊഴിലാളികളോ ആണ്. സർക്കാർ ജോലി യുള്ളവർ നമ്മുടെ പഞ്ചായത്തിൽ ചെറിയ ശതമാനം മാത്രമാണ്. പ്രൊഫഷണൽ വിദ്യഭ്യസയോഗ്യത നേടിയവർ രണ്ടു ശതമാനം പോലും വരുന്നില്ല. കർഷക നിർമ്മാണത്തൊഴിലാളികൾക്ക് ആണ്ടിൽ 100 തൊഴിൽ ദിനങ്ങളിൽ കൂടുതൽ ആർക്കും ലഭിക്കു ന്നില്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയണം.

വിദ്യഭ്യാസം

വിദ്യഭ്യാസ അവകാശം നിഷേധിക്കപ്പെട്ടിരുന്ന ഇവ ർക്ക് സമാന്തര വിദ്യാഭ്യാസം നൽകുന്നതിനായി ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് സാമൂഹ്യ പരിഷ്കർത്താ വായിരുന്ന ശ്രീമാൻ അയ്യങ്കാളി ആരംഭിച്ച സാധുജന പരിപാലന യോഗം നാടെങ്ങുംഹരിജനങ്ങൾക്ക് അക്ഷ രവും അറിവും പകരുന്നതിനായി നടത്തിവന്നിരുന്ന' പള്ളിക്കൂടങ്ങൾ'നമ്മുടെ പഞ്ചായത്തിലും പ്രവർത്തി ച്ചിരുന്നു. പിരളശ്ശേരി കണ്ണുവേലിക്കാവ് ക്ഷേത്രത്തിനു സമീപവും പെരിങ്ങാലയിലും അരീക്കരയിലും നികരും പുറത്തും പ്രവർത്തിച്ചിരുന്നവ എടുത്തുപറയാവുന്ന താണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി നികരുംപുറ ത്ത് 1916 ൽ അദ്ദേഹം എത്തിച്ചേർന്നപ്പോൾ ഇവിടു ത്തെ പതിനെട്ടുകരക്കാരും ചേർന്ന് ആവേശകരമായ സ്വീകരണമാണ് ഒരുക്കിയത് പുല്ലാട്ടുകാരനായ ശ്രീ. പി.കെ ചോതിയുടെ നേതൃത്വത്തിലായിരുന്നു സ്വീക രണം

നമ്മുടെ തൊട്ടടുത്ത് പുല്ലാട്ട് L.P. സ്ക്കൂളിൽ ഒരു പുലയൻ കയറിയതിൽ പ്രതിക്ഷേധിച്ചുകൊണ്ട സ്ക്കൂളിന് തീ വയ്ക്കുകയും, സ്വയം കത്തിയിറക്കി ചാകുകയും ചെയ്തപ്പോഴും പെരിങ്ങാലയിലെ ധർമ്മി ഷ്ഠനുമായ ശ്രീ. ശ്രീധരസ്വാമി സ്ഥാപിച്ച S.V.L.P.S.ൽ പത്തോളം ഹരിജൻ ബാലൻമാൻക്ക് പ്രവേശനം ലഭി ക്കുന്നതിന് പ്രക്ഷോഭങ്ങളോ സമരങ്ങളോ വേണ്ടി വന്നില്ല. ധർമ്മ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സമാഹരണത്തിനായ് ശ്രീനാരായണഗുരു പര്യടനം നട ത്തിയ വേളയിൽ 1916 ൽ പെരിങ്ങാലയിൽ എത്തു കയും സ്ക്കൂളിൽ നടന്ന സ്വീകരണ ചടങ്ങിൽ ഈ ബാലന്മാർക്ക് തന്റെ കൈ കൊണ്ട് ആഹാരം കൊടു ക്കുകയും പൊതുവേദിയിൽ വെച്ച് അഭിനന്ദിക്കുക യും ചെയ്തു. അതിൽ കുഞ്ഞൻ എന്നു പേരായ ബാ ലനോട് പ്രസംഗിക്കുവാൻ സ്വാമി ആവശ്യപ്പെട്ടപ്പൾ "സ്വാമിയെ കണ്ടതിൽ വളരെ സന്തോഷം സ്വാമി നീണാൾ വാഴട്ടെ"എന്ന് ആശംസിച്ച്. തുടർന്ന് സ്വാമി കുഞ്ഞന്റെ പേര് കുമാരൻ എന്നാക്കി മാറ്റി.

രക്ഷിതാക്കളിൽ 95%സർക്കാർ, അംഗീകൃത വിദ്യാലയങ്ങളിൽ ആണ് കുട്ടികളെ പഠിപ്പിക്കുന്നത്. അംഗീകാരം ഇല്ലാത്ത വിദ്യാലയങ്ങളിലെ ഉയർന്ന ഫീസും മറ്റു ചിലവുകളും താങ്ങാൻ കഴിയാത്തതാണ് ഇതിന് കാരണം. അംഗീകാരം ഇല്ലാത്ത ഇത്തരം സ്ക്കുളുകളിൽ സർക്കാർ സ്ക്കുളിനേക്കാൾ അധ്യ യനം മെച്ചമാണന്ന ഒരു ധാരണ പൊതുവായി കണ്ടു വരുന്നുണ്ട്. ഇതു ശരിയല്ല.

L.Pസ്ക്കുളിൽ ആകെ 301കുട്ടികളും U.P യിൽ 211കുട്ടികളും ഹൈസ്ക്കുളിൽ 544കുട്ടികളും ആയി ആകെ 1056 പട്ടികജാതി കുട്ടികളാണ് പഞ്ചായ ത്തിലെ സ്ക്കുളുകളിൽ വിദ്യാഭ്യാസം ചെയ്യുന്നത് ഇതുകൂടാതെ തൊട്ടടുത്ത പഞ്ചായത്തുകളിലെ സ്ക്കൂ ളുകളിൽ കുട്ടികൾ പഠനത്തിനായി പോകുന്നുണ്ട്. ഇതിന്റെ കണക്ക് വേർതിരിച്ചെടുക്കുക സാധ്യമല്ല.

കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം കൊടുക്കുന്ന കാര്യത്തിൽ രക്ഷിതാക്കൾ ശ്രദ്ധിക്കുന്നുണ്ട്. 35%താ ഴെ മാർക്ക് വാങ്ങുന്നഴെ 586 പേരും 36% മുതൽ 50%മാർക്ക് നേടുന്നവർ 309 50% മുകളിൽ മാർക്ക് നേടുന്നവർ 161പേരുമുണ്ട് ഈ കണക്കുകൾ വിശ കലനം ചെയ്താൽ പട്ടികജാതി കുട്ടികളുടെ വിദ്യാ ഭ്യാസ നിലവാരം മോശമാണെന്ന് കാണാൻ കഴിയും.

സ്ക്കൂളുകളിലെ കൊഴിഞ്ഞു പോക്ക് കുറഞ്ഞി ട്ടുണ്ട് അന്നിരുന്നാലും പൂർണ്ണമായും ഇല്ലാതാക്കുവാൻ പഠനം രസകരമാക്കുകയും കൂടുതൽ പ്രോത്സാഹനം നൽകുന്നതും നല്ലതാണ് സ്ക്കൂളുകളിൽ ലംപ്സംഗ്രാന്റ് ഇപ്പോൾ വളരെ താമസിച്ചാണ് വിതരണം നടത്തു ന്നത് ഇതു മൂലം പുസ്തകങ്ങളും ബുക്കുകളും മറ്റു പഠനസാധനങ്ങളും വാങ്ങുന്നതിന് ഒട്ടേറെ ബുദ്ധിമു ട്ടുകൾ രക്ഷിതാക്കൾക്ക് ഉണ്ടാകുന്നുണ്ട് ലംപ്സംഗ്രാന്റ് വിതരണം സ്ക്കൂൾ തുറക്കുന്ന ആഴ്ചയിൽ തന്നെ വിതരണം നടത്തണം ഇപ്പോൾ ലഭിക്കുന്നതുക പുസ്ത കങ്ങൾക്കും ബുക്കുകൾക്കും തികയാറില്ല. എല്ലാ സ്ക്കൂളുകളിലും യൂണിഫോം ഉണ്ട്. പലരക്ഷിതാക്ക ൾക്കും യൂണിഫോം വാങ്ങി കൊടുക്കുവാനുള്ള സാമ്പ

ത്തിക ശേഷിയില്ല ആയതിനാൽ ഇപ്പോൾ ലഭിക്കുന്ന ലംപ്സംഗ്രാന്റ് തുക പുസ്തകങ്ങൾക്കും ബുക്കുകൾക്കും ഒരു ജോഡി യൂണിഫോമും വാങ്ങുന്നതിന് പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കുക.

എസ്.എസ്.എൽ.സിയുടെ വിജയ ശതമാനം പരിശോധിച്ചതിൽ പട്ടിക ജാതി വിഭാഗത്തിപ്പെട്ട കുട്ടികളുടെ നില വളരെ പരിതാപകരമാണ്. ഈ വിഭാഗത്തിൽപ്പെട്ട 30%കുട്ടികൾ മാത്രമാണ് വിജയിക്കുന്നത് വിജയിക്കുന്നവർ തന്നെ കഷ്ടിച്ചു കടന്നു കൂടുക മത്രമാണ് ചെയ്യുന്നത് പരാജയപ്പെടുന്നവരിൽ നല്ലൊരു ശതമാനം തുടർന്ന് പഠിക്കുവാൻ തയ്യാറാകുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടും രക്ഷിതാക്കളുടെ താല്പര്യക്കുറവുമാണ് പ്രധാന കാരന ഇപ്പോൾ വെൽഫയർ ഡിപ്പാർട്ടുമെന്റിൽനിന്നും തോറ്റു പഠിക്കുന്ന കുറച്ച് കുട്ടികൾക്ക് ധനസഹായം നൽകുന്നുണ്ട് ഈ ആനുകൂല്യം മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കണം.

കൂടുതൽ തൊഴിലവസർങ്ങൾ ഇപ്പോൾ ലഭിക്കാൻ സാധ്യതയുള്ള കമ്പ്യൂട്ടർ മേഖലയിൽ ചെങ്ങന്നൂർ വനിത ഐ.റ്റി.ഐ. ഒഴികെ ഉള്ളവയെല്ലാം സ്വകാര്യ കമ്പ്യൂട്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളിലെ ഉയർന്ന ഫീസ് പട്ടികജാതി കുട്ടികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഇവർക്ക് ഒരു ബാലികേറാമലയാണ്. ഈ പ്രശ്നം പരിഹരിക്കാൻ കമ്പ്യൂട്ടർ പഠനത്തിന് താല്പര്യമുള്ളവരെ പഞ്ചായത്തോ വെൽഫയർ ഡിപ്പാർട്ടുമെന്റോ അപേക്ഷ ക്ഷണിച്ച് തിരഞ്ഞെടുക്കുക ഇവരെ പ്രദേശത്തുള്ള സ്വകാര്യ കമ്പ്യൂട്ടർ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുകയും ഫീസ് പഞ്ചായത്തോ വെൽഫയർ ഡിപ്പാർട്ടുമെന്റോ നൽകുക.

പാർപ്പിടം

പഞ്ചായത്തില് എഴുപത് ശതമാനത്തിലധികം പട്ടികജാത കുടുംബങ്ങൾക്ക് സ്വന്തമായി വാസയോഗ്യമായ വീടുകളില്ല.ഭവന നിർമ്മാണത്തിനായി 1-8-96 മുതൽ 2200 രൂപയാണ് നൽകുന്നത് വീട്, കക്കൂസ്, വൈദ്യുതീകരണം, അടുപ്പ് എന്നിവയ്ക്കെല്ലാം കൂടി ഈതുക മതിയാവില്ല. തുക വർദ്ധിപ്പിക്കണം ഇപ്പോൾ തുക അനുവദിക്കുന്നത് ഓരോ ഘട്ടം പണിയും പൂർത്തിയാക്കി കഴിഞ്ഞതിന് ശേഷമാണ് തുക അഡ്വാൻസ് ചെയ്യാൻ കഴിയാത്തവരെ സംബന്ധിച്ചടത്തോളം ഇത് ഒട്ടേറെ ബുദ്ദിമുട്ടുണ്ടാക്കുന്നുണ്ട്. ഇതു പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു സോസൈറ്റിയോ ചാരിറ്റബൾ സോസൈറ്റി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതും ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതുമായ സ്ഥപനത്തേയോ നിർമ്മാണ ചുമതലയേല്പ്പിക്കുക. പഞ്ചായത്തിൽ നിന്നോ ബ്ലോക്ക് തുടങ്ങിയ സ്ഥപനങ്ങളിൽ നിന്നോ ധന സഹായം സ്വീകരിച്ച് നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായവും കൃത്യമായി ലഭിക്കുന്നില്ല.

ജില്ലാ പ്ലാനിംഗ് ആഫീസ് അംഗീകരിച്ച17 കോളനികളും അംഗീകരികാരം ലഭിക്കേണ്ട 34കോളനികൾ പഞ്ചായത്തിൽ ഉണ്ട് (പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്) ഇപ്പോൾ ഈ കോളനികളിൽ അംഗൻവാടകളോ പ്രവർത്തിക്കുന്നില്ല കോളനികളിലെ റോഡുകൾ പലതും സഞ്ചാരയോഗ്യമല്ല കുടിവെള്ള ക്ഷാമവുംരൂക്ഷമാണ് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ യാതൊരു സൗകര്യവും നിലവിലില്ല. ഏറ്റവും മുന്തിയപരിഗണന ഇതിന് നൽകണം. അറ്റകുറ്റപ്പണികൾ അവശ്യമായ വീടുകളും ധാരാളമുണ്ട്. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ എണ്ണവും കുറവല്ല കോളനികളിൽ സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കണം.ഗ്രാമസഭകളിലൂടെ ഉയർന്ന് വന്ന അവശ്യങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ചെറിയ ചില കാര്യങ്ങൾ മാത്രമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊളളിച്ചിട്ടുളളത് കൂടുതൽ പരിഗണന അർഹിക്കുന്ന ഇനിയും ഒട്ടേറെ വിഷയങ്ങൾ ഉണ്ട് ഗ്രൂപ്പ് ചർച്ചയിലൂടെ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഉയർന്ന് വരണം.

പ്രശ്നങ്ങൾ

1. കക്കൂസുകൾ ഇല്ലാത്തവർ ഒട്ടനവധിയാണ്
2. വൈദ്യുത കണക്ഷന് കാലതാമസം അനുഭപ്പെടുന്നു.
3. കുടിവെള്ള ക്ഷാമം അനുഭപ്പെടുന്ന പ്രദേശങ്ങളിൽ കൈപ്പൻമുകടി, മോടിക്കിഴക്കേതിൽ, കൊടുവേലിച്ചിറ വടക്ക്, പാങ്ങോട് തെക്ക് ഭാഗം, മുകളശ്ശേരി കിഴക്ക് ഭാഗ, നെല്ലത്ത് ഭാഗം, പൂപ്പൻകര, വലിയപറമ്പ്, അറന്തക്കാട്, നികിരുംപുറം എന്നിവയാണ്.
4. സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ വീടു വെക്കാൻ കഴിയാത്തവർ ധാരാളമായുണ്ട്.
5. കോളനികളിലെ റോഡുകൾ സഞ്ചാരയോഗ്യമല്ല
6. കോളനികളിൽ കിണറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പൊതു കിണർ സ്ഥാപിക്കണം.
7. വീടിനും, കക്കൂസിനും അനുവദിക്കുന്ന തുക അപര്യാപ്തമാണ്. തവണകളായി തുക അനുവദിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു.

8. കിണറുകൾ കെട്ടുന്നതിന് ധനസഹായം ലഭിക്കുന്നില്ല.
9. താലൂക്കിലെ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രയോജനം ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല
10. എല്ലാ വാർഡിലും ബാലവാടികൾ. അംഗനവാടികൾ ഇല്ല.
11. തിരുമുളക്കുഴ, കണിയാൻ ചിറ കോളനികളിൽ വർഷത്തിൽ രണ്ടുതവണ വെള്ളപ്പൊക്കം അനുഭവപ്പെടുന്നു.
12. ലംപ്സംഗ്രാന്റ് തുകതീരെ അപര്യാപ്തമാണ്.
13. പട്ടയം ലഭിച്ചിട്ടില്ലാത്തവരായി ഒട്ടേറെ പേരുണ്ട്.
14. കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ തുക അപര്യാപ്തമാണ്.
15. പട്ടിക ജാതിക്കാർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിലില്ല.
16. തൊഴിൽ സംരഭക സഹകരണ സംഘം പഞ്ചായത്തിലില്ല.
17. എല്ലാ കോളനികളിലും തെരുവ് വിളക്കുകൾ ഇല്ല ഉള്ളവ കത്തുന്നില്ല.
18. അഞ്ചാം വാർഡിലെ ശിശുവിഹാറിന് ചുറ്റുമതിൽ ഇല്ല.
19. പരമ്പരാഗത കൈത്തൊഴിൽ ചെയ്യുന്നതിന് ഈറ, മുള എന്നിവ ലഭിക്കുന്നില്ല.
20. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് പരിശീലനം നൽകാൻ ആവശ്യമായ പരിശീലന കേന്ദ്രം പഞ്ചായത്തിലില്ല.

സംധൃതകൾ

1. കോളനികളിൽ പൊതുകിണർ സ്ഥാപിക്കുക, ഇപ്പോഴുള്ള കിണറുകളുയെ ആഴം വർദ്ധിപ്പിക്കുക. കുടിവെള്ള ക്ഷാമം പരിഹരിക്കാനാവിശ്യമായ നടപടിയെടുക്കുക.
2. ഭവന നിർമ്മാണത്തിനായ് സഹകരണ സംഘം രൂപീകരിക്കുക.
3. നാലാം വാർഡിൽ വെള്ളപ്പൊക്കം അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ കുറച്ച് കൂടി ഉയർന്ന ഭാഗത്ത് റീലീഫ് കേന്ദ്രം സ്ഥാപിക്കുക. വർഷകാലത്തിന് ശേഷം ഇത് അംഗൻവാടിയായും സാംസ്ക്കാരിക കേന്ദ്രമായും പ്രവർത്തിപ്പിക്കുവാൻ കഴിയും. ഇതിന് ഈ പ്രദേശത്തെ പുറമ്പോക്ക് ഭൂമി ഉപകരിക്കും.
4. കർഷകത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കൃഷിക്കാരുടെ സോസൈറ്റി രൂപീകരിക്കുക; ഈ സംഘത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുക.
5. പഞ്ചായത്ത് തലത്തിൽ ലേബർ സൊസൈറ്റികൾ രൂപീകരിച്ച് വികസന പരിപാടികൾ സോസൈറ്റിയേ ഏൽപ്പിക്കുക.
6. കോളനികളോട് ചേർന്ന് അംഗൻവാടികളും, ബാലവാടികളും സ്ഥാപിക്കുക.
7. ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം എന്നിവയ്ക്കുള്ള തുക വർദ്ധിപ്പിക്കുക.
8. എല്ലാ കോളനി നിവാസികൾക്കും പട്ടയം നൽകുക.
9. തയ്യൽ മെഷീൻ വാങ്ങുന്നതിനും കോഴി വളർത്തലിനും,പച്ചക്കറി തോട്ടം നിർമ്മിക്കുന്നതിനും സഹായം ലഭ്യമാക്കുക.
10. പട്ടിക ജാതിക്കാർക്ക് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

കോളനികളെ സംബന്ധിച്ച് വിവരങ്ങൾ

ക്രമ നമ്പർ	കോളനിയുടെ പേര്		ആകെ പ:ജാതി കുടു:ബങ്ങൾ	പു	സ്ത്രീ	ആകെ	പുതുതായി വേണ്ടവീടു കളുടെഎണ്ണം	അറ്റകുറ്റപ്പണി ആവശ്യമായ വീടുകൾ	കക്കൂസ് ഇല്ലാത്ത വീടുകൾ	വൈദ്യുതിയില്ലാത്ത വീടുകൾ
1	പാലനിൽക്കുന്നതിൽ ഭൂദാനം കോളനി കോളനി	1	20	29	31	60	10		10	10
2	പിരളശ്ശേരി പഞ്ചായത്തുകോളനി	1	15	32	34	66	11		11	14
3	വെള്ളങ്ങാട് പടിഞ്ഞാറേചെരുവിൽ കോളനി	1								
4	മേക്കാട്ടിൽ സെറ്റിൽമെന്റ്	2	22	31	35	66	8	12	19	19
5	പെരിങ്ങാലാമുറി ഹരിജൻ കോളനി(കൈപ്പൻമോടി)	3	30	62	51	113	20	5	30	10
6	തിരുമുളക്കുഴ ഐ. എച്ച്. ഡി. പി.	4	36	79	71	140	6	6	15	30
7	പൂപ്പൻകര വലിയ പറമ്പ്	5	101	132	171	303	20	70	100	30
8	പൂപ്പൻകര സെറ്റിൽമെന്റ്	5								
9	വടക്കംകോട്ട വടക്കേമോടിയിൽ	5								
10	തൂമ്പിനാൽ ഹരിജൻ കോളനി	7								
11	വട്ടത്തറകോളനി	7	22	65	60	125	14	10	14	17
12	പ്ലാന്തോട്ടത്തുഭാഗം	9	12	15	25	40	7		6	9
13	വട്ടമുകടിയിൽ	9	51	51	53	104	51		49	49
14	തലക്കുളഞ്ഞിഭാഗം	10	23	49	56	105	14	4	20	23
15	പുതുവൻ	11								
16	പറങ്ങഴമുകടിയിൽ	11								
17	കക്കുന്നുമുകടിയിൽ	11								

അംഗീകാരം ലഭിക്കേണ്ടവ

1	കാഞ്ഞിരം പറമ്പ് കോളനി	1	21	37	47	78	11	1	21	20
2	ചരിവുപറമ്പിൽ ,,	1	20	32	34	66	10		18	18
3	ഇടയ്ക്കാട് ,,	1	9	17	25	52	8		6	6
4	തുലാക്കുഴി ,,	2	27	35	37	72	23	4	27	25
5	കുരുക്കത്തിൽ ,,	2	17	34	30	64	4	13	15	7
6	തുപ്പലുമല ,,	2	13	21	20	41	5	8	10	6
7	ചെമ്പൻചിറസെറ്റിൽമെന്റ് ,,	4	33	90	31	121	18	7	30	25
8	നായിക്കൻമുകടി ,,	5	31	74	64	138	5	20	30	10
9	തൈക്കുഴിപഞ്ചായത്തു ,,	5	16	27	21	48	2	8	10	5
10	ലക്ഷംവീടുകോളനി പാലനിൽക്കുന്നതിൽ	6	30	52	51	103	20	10	25	25
11	കണ്ണങ്കരഹരിജൻകോളനി	6	10	16	17	33	4	2	8	10

12	പാറപ്പാട്ടു ഹരിജൻ കോളനി	6	15	30	26	56	6	4	8	7
13	വാഴക്കൂട്ടത്തിൽ ,,	6	10	15	21	36	5	2	9	6
14	കണ്ണങ്കരകോക്കുന്ന് ഹരിജൻകോളനി	7	47	18	47	65	11	20	11	12
15	ഉമ്മറക്കോട് ഹരിജൻകോളനി	7	28	35	30	65	2	4	4	13
16	കക്കോട്	7	16	42	33	75	4	13	4	7
17	ഊന്ന് പാറപ്പാട്ട്	7	19	55	50	105	11	11	9	8
18	ചീനിവിള കോളനി	7	11	20	27	47	3	8	7	7
19	എരുമാല ലക്ഷംവീട്	8	20	38	43	81	15	3	19	20
20	കാരിക്കംകാല ലക്ഷംവീട്	8	16	38	35	73	7	9	16	7
21	പട്ടങ്ങാട് സെറ്റിൽമെന്റ്	8	30	65	74	139	14	5	16	17
22	പാലക്കുന്ന് കോളനി	8	12	22	34	56	11		11	11
23	തവിട്ടപ്പൊയ്ക	8	11	23	21	44	9	9	10	11
24	തട്ടക്കാട്	8	11	18	19	39	9	2	9	10
25	കുരുട്ടുമോടി	8	12	23	28	51	2	3	10	9
26	എരുമാല പഞ്ചായത്ത്കോളനി	8	9	14	22	36	3	3	6	4
27	മലങ്കാട്ടിൽ കോളനി	8	16	35	36	71	9	5	15	14
28	കല്ലുമ്പുറം	8	16	28	32	60	4	4	11	11
29	ഭൂതംകുന്ന് പഞ്ചായത്ത് ഐ. എച്ച്. ഡി. പി	9	13	17	15	32	10		11	11
30	കൊഴുവല്ലൂർ ലക്ഷംവീട് ഹരിജൻ കോളനി	9	25	30	60	90	8	17	25	6
31	അറന്തക്കാട്	9	28	35	36	71	9		9	9
32	താഴാംഭാഗം സെറ്റിൽമെന്റ്	10	44	139	173	312	17	9	27	36
33	തൈവിളയിൽ ഹരിജൻകോളനി	10	27	63	74	137	19	13	20	27
34	നെടിയത്ത്മുകടി	11								

12

വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിയെ സാരമായി പുറകോട്ടുവലിക്കുന്ന ഒരു ഘടകമാണ് വിഭവങ്ങളുടെ അപര്യാപ്തതയും അതിന്റെ സമാഹരണത്തിൽ ഉണ്ടാകുന്ന പോരായ്മകളും ഏഴായിരത്തിലധികം കുടുംബങ്ങളും അഞ്ഞൂറിലേറെ വ്യാപാര-വാണിജ്യസ്ഥാപനങ്ങളും ചെറുതെങ്കിലും സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ മുന്നു വ്യവസായസ്ഥാപനങ്ങളും ഉള്ള ഈ പഞ്ചായത്തിന്റെ തനതായ വരുമാനം 7.5ലക്ഷം രൂപ (സർക്കാർ ഗ്രാന്റുകൾ കൂടാതെ) മാത്രമാണ് 31-3-96-ൽ മൂന്നുലക്ഷം രൂപ നികുതിയിനത്തിൽ കുടിശിക ഉണ്ട്. പരിമിതമായ വിഭവങ്ങളുടെ സമാഹരണത്തിലുള്ള പോരായ്മ ഇതുവ്യകതമാക്കുന്നു. മനുഷ്യ വിഭവശേഷി ധാരാളമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന മേഖലകളിൽപോലും അത്തരത്തിലുള്ള ബോധപൂർവ്വമായ ഒരുശ്രമം ഉണ്ടാകുന്നില്ല. എന്നത് വളരെ പരിതാപകരമായ ഒരവസ്ഥയാണ്. ആദ്യകാലങ്ങളിൽ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള പൊതുവായ എല്ലാ വികസന പ്രവർത്തനങ്ങളിലും സജീവമായ ഈ പങ്കാ ളിത്തം ഉണ്ടായിരുന്നു അതിനു മതിയായ തെളിവാണ് ഈ പഞ്ചായത്തിലെ കുളങ്ങളും, പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള 127റോഡുകളും എല്ലാംതന്നെ ഇവിടുത്തെ ജനങ്ങൾ, അവരുടെ അധ്വാനവും, മറ്റുവിഭവങ്ങളും സ്വയംസമാഹാരിച്ചു നിർമ്മിച്ചവയാണ്. ഈ രീതിക്ക് ഇന്ന് മാറ്റം സംഭവിച്ചിരിക്കുന്നു. നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിലുടെയും ജനപ്രതിനിധികളുടെ ആത്മാർത്ഥമായ നേതൃത്വത്തിലൂടെയും നമുക്ക് എന്നോ നഷ്ടപ്പെട്ടുപോയ സഹകരണ മനോഭാവവും പൊതുക്ഷേമത്തിനായി, ഒന്നിച്ചു പ്രവർത്തിക്കാനും ചിന്തിക്കാനുമുള്ള സന്മനസും വീണ്ടും ഉണ്ടാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ ഇപ്പോഴത്തെ വരുമാനം പ്രതിവർഷം 15-16 ലക്ഷം രൂപയ്ക്കടുത്താണ്. ഇതിന്റെ ഏകദേശം 18-20 ശതമാനം ഭരണച്ചെലവിന് വേണ്ടിവരുന്നു. വികസനം എന്നാൽ റോഡുകളും, കെട്ടിടങ്ങളും മാത്രമാണെന്ന ഒരു വികലമായ ധാരണ നമ്മിൽ കടന്നുകൂടിയതിന്റെ ഫലമായി, വരുമാനത്തിന്റെ നല്ലൊരുപങ്ക് ഇതിനായി നീക്കിവയ്ക്കേണ്ടി വരുന്നുണ്ട്.1995-96ൽ 18% വും95-96ൽ 57% വും തുക ഈ ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്. ആരോഗ്യം, സാനിട്ടേഷൻ, ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ മേഘലകളിൽ ഒന്നുംതന്നെ ചെലവാക്കാൻ കഴിഞ്ഞില്ല എന്നു പറയുന്നതാകും ശരി. ഈ സ്ഥിതിയിലും നമ്മുടെ പഞ്ചായത്തിൽ നിന്നും ഗണ്യമായ ഒരു തുക വികസന പ്രവർത്തനങ്ങൾക്ക് ഉതകാതെ, അന്യനാടുകളിലേക്ക് പോകുന്നു എന്ന വസ്തുത നാം അറിയുന്നില്ല. അറിഞ്ഞാൽ തന്നെ അതിന്റെ ഗൗരവം നാം മനസ്സിലാക്കുന്നില്ല എന്നത് വേറൊരു സത്യമാണ്.

നമ്മുടെ പഞ്ചായത്തിലെ നാലു ബാങ്കുകളിലായി പത്തൊൻപതുകോടി എഴുപത്തിയേഴുലക്ഷം രൂപ31-3-96-ൽ നിക്ഷേപം ഉണ്ടായിരുന്നപ്പോൾ, അന്നേ ദിവസം ഈ ബാങ്കുകളിൽ നിന്നുള്ളവായ്പ വെറും മൂന്നു കോടി എഴുപത്തിയേഴുലക്ഷം രൂപയാണ്. അതിൽ 64% വായ്പകൊടുത്ത മുളക്കുഴ വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിനെ ഒഴിച്ചുനിറുത്തിയാൽ, മറ്റു മൂന്നു ബാങ്കുകളും നൽകിയവായ്പ, നിക്ഷേപത്തിന്റെ വെറും പതിനാലു ശതമാനം മാത്രമാണ്. അതായത് ഈപഞ്ചായത്തിൽനിന്നും സ്വരൂപിച്ചതിൽ പതിനഞ്ചു കോടി എൺപത്തി അഞ്ചുലക്ഷം രൂപമറ്റെവിടയോ വിനിയോഗിക്കപ്പെട്ടു എന്നർത്ഥം വായ്പ അനുപാതം ഇത്ര കുറയ്ക്കുവാൻ ബാങ്കുകൾ പറയുന്ന കാരണ പലതാണ്. 1 വായ്പയ്ക്ക് ആവശ്യക്കാർ കുറവാണ് 2 വായ്പയ്ക്ക് അപേക്ഷിച്ചാൽതന്നെ, ആവശ്യമായ രേഖകൾ ഹാജരാക്കാൻ പലർക്കും കഴിയുന്നില്ല. 3 കാർഷികവായ്പയക്ക് അപേക്ഷിക്കുന്ന പലർക്കും മറ്റേതെങ്കിലും ബാങ്കിൽ കുടിശ്ശികയുള്ളവരായതിനാൽ വായ്പ അനുവദിക്കാൻ കഴിയുന്നില്ല. 4. വ്യവസായസ്ഥാപനങ്ങൾ പുതുതായി ഇവിടെ ഉണ്ടാകുന്നില്ല. തുടങ്ങിപലതും കൂടാതെ ജില്ലാസഹകരണ ബാങ്കിൽ, കാർഷികവായ്പകളോ, വ്യവസായിക ആവശ്യത്തിനുള്ള വായ്പകളോ നൽകാൻ വ്യാവസ്ഥയില്ല. നാട്ടിലെ ബ്ലേഡു കമ്പനികളെപ്പോലെ സ്വർണ്ണ പണയത്തിന്മേൽ പണം പലിശയക്കു കൊടുക്കുന്നതാണ് ഈ ബാങ്കിന്റെ പ്രധാന ബിസിനസ്സ്.

മുകളിൽ സൂചിപ്പിച്ച നാലുബാങ്കുകൾ കൂടാതെ പഞ്ചായത്തിൽ പതിനാലു സ്വകാര്യ പണം ഇടപാടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെനിന്നും വായ്പ വാങ്ങുന്നവർ കൂടുതലും, ഉല്പാദനപരമല്ലാത്ത ആവശ്യങ്ങൾക്കായി വായ്പ എടുക്കുന്നവരാണ്.

കാർഷിക ആവശ്യങ്ങൾക്കായി (റബ്ബർ, തെങ്ങ് മുതലായവയുടെ കൃഷി, പമ്പുസെറ്റുവാങ്ങുക, കിണർ കുഴിക്കുക തുടങ്ങി) ദീർഘകാലവായ്പകൾക്ക് ബാങ്കുകളിൽ വ്യവസ്ഥ ഉണ്ടെങ്കിലും 95-96 ൽ സർവ്വീസ് സഹകരണ ബാങ്ക് ഒഴിക് മറ്റുബാങ്കുകൾ കാർഷിക വായ്പ അനുവദിച്ചതായി കാണുന്നില്ല. ആവ ശ്യക്കാർ ഇല്ലാത്തതാണ് കാരണം എന്നാണ് ബാങ്കി ന്റെ ഭാഷ്യം.

പഞ്ചായത്തിന് കെട്ടിടനികുതിയിനത്തിൽ94-95 ൽ 4.42 ലക്ഷം രൂപയും 95-96ൽ4.47ലക്ഷം രൂപയും വരവുണ്ട്. കെട്ടിടനികുതിയിൽ പൊതുവായ ഒരു വർദ്ധന തല്ക്കാലം സാധ്യമാകുമെന്നു തോന്നില്ല.

നിർദ്ദേശങ്ങൾ

ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, വർദ്ധിച്ച വിഭവ സമാഹരണത്തിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ വെയ്ക്കുന്നു.

(1) നമ്മുടെ നാട്ടിൽനിന്നും മറ്റു നാട്ടിലേക്ക് ഒഴുകിപ്പോകുന്ന ബാങ്ക് നിക്ഷേപങ്ങളുടെ 75% എങ്കിലും ഈ പഞ്ചായത്തിൽ തന്നെ വായ്പയായി നൽകുവാൻ ബാങ്കുകളെ നിർബ്ബന്ധിതരാക്കുകയും, വായ്പകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ ജനങ്ങളെ ബോധവാന്മാരാക്കുകയും വേണം.

(2) പഞ്ചായത്തിൽ ബാങ്കിന്റെ സഹായത്തോടെ ഇതരപ്രദേശങ്ങളിൽനിന്നും മറ്റ് വ്യവസായ സംരഭങ്ങൾ തുടങ്ങാൻ തയ്യാറുള്ള വ്യക്തികൾക്കും, സംഘടനകർക്കും സംരഭങ്ങൾക്കും പ്രോത്സാഹനം നൽകണം.

(3) കാർഷിക വായ്പാ നയവും, നടപടി ക്രമങ്ങളും ലഘൂകരിക്കുകയും, അന്യരുടെ ഭൂമി പാട്ടത്തിന് കൃഷി ചെയ്യുന്നവർക്കുകൂടി ഉദാരമായ നടപടി ക്രമങ്ങളിലൂടെ വായ്പ ലഭിക്കുവാൻ സൗകര്യം ഉണ്ടാക്കുകയും വേണം.

(4) പഞ്ചായത്തിലെ എല്ലാ ഗ്രാവൽ റോഡുകളുടേയും വാർഷിക അറ്റകുറ്റ പണികൾ അതതു സ്ഥലവാസികളെപങ്കെടുപ്പിച്ച് നടപ്പിലാക്കുകയും അതിനുവേണ്ടി ഇന്ന് ചെലവാക്കുന്ന തുക ഉല്പാദനപരമായ മറ്റു കാര്യങ്ങൾക്ക് നീക്കിവെക്കുകയും വേണം.

(5) നാലുലക്ഷത്തിനു മുകളിൽ തുക ചെലവാക്കി നിർമ്മിക്കുന്ന വീടുകൾക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് ഈടാക്കണം.

(6) ലൈസൻസ് ഫീസ് ഇനത്തിൽ 4600 രൂപയാണ് 95-96ൽ കിട്ടിയത്. അഞ്ഞൂറിലേറെ വ്യാപാര സ്ഥാപനങ്ങളുള്ള പഞ്ചായത്തിൽ ഇത് തീർത്തും കുറവാണ്. മുടക്കുമുതലിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുകയും, കാലാകാലങ്ങളിൽ പുതുക്കിനിശ്ചയിക്കുകയും വേണം.

(7) പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങൾ ഇന്ന് പഞ്ചായത്തിനു വെളിയിലുള്ള മാർക്കറ്റുകളിലാണ് വിൽപനക്കായി പോകുന്നത്. പഞ്ചായത്തിൽതന്നെ വിൽപന കേന്ദ്രങ്ങൾ ഉണ്ടാക്കണം അങ്ങിനെയായാൽ മാർക്കറ്റ് സെസ്ആയും മറ്റും നല്ലൊരുതുക സംഭരിക്കാൻ കഴിയും. മുളക്കുഴ, ആറന്മുള, മെഴുവേലി പഞ്ചായത്തുകൾ സംയുക്തമായി കോട്ടച്ചന്തയോ, മുളക്കുഴ ചന്തയോ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(8) നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസ്, പരിസരശുദ്ധീകരണം, വിദ്യാഭ്യാസം, കുടിവെള്ളം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒരു പദ്ധതി ഏറ്റെടുത്ത് നടത്തുവാൻ പ്രേരിപ്പിക്കണം.

(9) പഞ്ചായത്തിന്റെ ലൈസൻസ്സ് പരിധിയിൽ ഇപ്പോൾപെടാത്ത തട്ടുകടൾ, വഴിയോര കച്ചവടക്കാർ തുടങ്ങിയവരിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കണം.

(10) വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണം. കുറഞ്ഞത് നൂറുരുപയെങ്കിലും ഫീസ് ഈടാക്കണം. അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം കുറക്കാനും ഇതുമൂലം കഴിയും.

(11) പഞ്ചായത്തിൽ നിന്നും അമേരിക്ക, ഗൾഫ് തുടങ്ങി, അന്യരാജ്യങ്ങളിൽ ജോലിചെയ്യുന്ന വളരെയധികം ആൾക്കാരുണ്ട്. പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാകാൻ അവർക്കുള്ള താല്പര്യം ഉപയോഗപ്പെടുത്തണം. ഇതിനായി പഞ്ചായത്തിന്റെ വികസനത്തിനായുള്ള വ്യക്തമായ പദ്ധതികൾ തയ്യാറാക്കി, അവരിൽനിന്നും സംഭാവനകൾ സ്വീകരിക്കണം. അങ്ങനെ സംഭാവനയായി കിട്ടുന്ന തുക, ഒരു പ്രത്യേക ഫണ്ടായി നിലനിർത്തുകയും ഉല്പാദനപരമായ

രംഗങ്ങളിൽ മുതൽ മുടക്കാൻ താല്പര്യമുള്ളവരും സാമ്പത്തികശേഷി ഇല്ലാത്തവരുമായ വ്യക്തിൾക്കോ, സംഘടനകൾക്കോ, ഉദാരമായ വ്യവസ്ഥയിൽ മാർജിൻ മണിയായി വായ്പ നൽക്കുകയോ ചെയ്യാവുന്നതാണ്. ഈ വായ്പ്പയിൽനിന്നും കിട്ടുന്ന ആദായത്തിന്റെ ഒരു ഭാഗം സംഭാവനനൽകിയ വ്യക്തികൾക്ക് വീതിച്ചു നൽകാൻ വ്യവസ്ഥ ഉണ്ടായാൽ സംഭവന നൽകാൻ കൂടുതൽ ആൾകാർ മുന്നോട്ടുവരികയും, നല്ലൊരുതുക സംഭരിക്കാൻ കഴിയുകയും ചെയ്യും.

(12) നേരത്തെ സൂചിപ്പിച്ചതുപോലെ പഞ്ചായത്തിൽ മൊത്തം മൂന്ന് ലക്ഷംരൂപ നികുതി കുടിശ്ശികയുണ്ട്. കുടിശിഖ പിരിക്കുന്നതിന് സന്നദ്ധ സംഘങ്ങളുടെ സഹായം തേടുകയും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡുകമ്മിറ്റികൾ രൂപീകരിച്ചു. കുടിശ്ശിഖ പിരിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും വേണം.

(13) പഞ്ചായത്തിന്റെ അധിനതയിലുള്ള തരിശുഭൂമി, കൃഷിക്കായി, ഹൃസ്വകാല അടിസ്ഥാനത്തിൽ പട്ടത്തിനു നൽകാവുന്നതാണ്.

(14) വളരെയധികം ചെറുകിട ഭൂഉടമകൾ തങ്ങളുടെ ഭൂമി കൃഷിചെയ്യാതെ ഇരിക്കുന്നുണ്ട്. സമയക്കുറവും കൃഷിതൊഴിലാളികളുടെ ദൗർലഭ്യവും പലപ്പോഴും ഇതിനുകാരണമാണ്. എന്നാൽ പാട്ടത്തിന് കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് ഭൂമി നൽകാനും പലരും മടിക്കുന്നു. ഈ ഭൂമി പഞ്ചായത്തിന്റെ മദ്ധ്യസ്ഥതയിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള വ്യക്തികൾക്കോ, സംഘങ്ങൾക്കോ നൽകാൻ കഴിയുമെങ്കിൽ നന്നായിരിക്കും. പഞ്ചായത്തിന് ഒരു ചെറിയ ഫീസും ഈടാക്കാവുന്നതാണ്. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും, തൊഴിലവസരം സൃഷ്ടിക്കുവാനും ഭൂഉടമയ്ക്കും, കൃഷിക്കാരനും ഒരുപോലെ സാമ്പത്തികനേട്ടം ഉണ്ടാക്കാനും കഴിയും.

(15) പച്ചക്കറി, നാളികേരം തുടങ്ങിയ ഉല്പാദിപ്പിക്കുന്ന കർഷകരുടെ സഹകരണ സംഘങ്ങൾ രൂപികരിക്കുകയും അവരുടെ ഉല്പന്നം പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാൻ വിപണന സംഘം ഉണ്ടാക്കുകയും വേണം. കൃഷി ലാഭകരമാക്കാനും കുറെപ്പേർക്ക്കൂടി തൊഴിലവസരം സൃഷ്ടിക്കാനും ഇതുമൂലം കഴിയും.

(16) പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും പച്ചക്കറി കൃഷി ചെയ്യാൻ കുട്ടികളെ പ്രേത്സാഹിപ്പിക്കുകയും നല്ല കൃഷിത്തോട്ടങ്ങൾക്ക് സമ്മാനം ഏർപ്പെടുത്തുകയും വേണം. വിത്തും വളവും സൗജന്യമായി നൽകാൻ കൃഷി ഭവനുകളെ സമീപിക്കണം.

(17) പഞ്ചായത്തിലെ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് ഏറ്റവും നല്ല രീതിയിൽ സൗജന്യ മനുഷ്യാദ്ധ്വാനം നൽകുന്ന വ്യക്തിക്കും, സംഘടനക്കും വർഷന്തോറും ഒരു അവാർഡ് ഏർപ്പെടുത്തുകയും, പ്രസ്തുത അവാർഡ് ഒരു മന്ത്രിയെ കൊണ്ട് കൊടുപ്പിക്കുകയും വേണം.

(18) പരിസ്ഥിതി, ആരോഗ്യം, വ്യവസായ സംരഭങ്ങൾ തുടങ്ങി ബോധവൽകരണം ആവശ്യമായ രംഗങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെ ബോധവൽകരണ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കണം. ഇവയുടെ നടത്തിപ്പിന് അതാതുസ്ഥലത്തുനിന്നും ഉല്പന്ന പിരിവുപോലെയുള്ള കാര്യങ്ങൾ ചെയ്യാവുന്നതാണ്. ജനങ്ങൾക്ക് തങ്ങളുടെ സ്വന്തം കാര്യമെന്ന തോന്നലും പങ്കാളിത്തവും ഉറപ്പാക്കാൻ ഇതിനു കഴിയും. തടയാൻ ജനകീയസമതികൾ വാർഡുമെമ്പറന്മാർ കൺവീനറന്മാരായി രൂപികരിക്കണം.

(19) പി. ഐ. പി. കനാൽ തീരങ്ങൾ പുൽകൃഷി, ഈറ്റകൃഷി എന്നിവക്ക് കർഷകർക്ക് പാട്ടത്തിനു കിട്ടുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.

(20) പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും, സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതുമായ പൊതുസ്ഥാപനങ്ങൾക്ക് മൃഗാശുപത്രി, കൃഷിഭവൻ, മുതലായവ പൊതുജനപങ്കാളിത്തത്തോടെ അവ നിർമ്മിച്ചുനൽകണം.

(21) പ്രഭുറാം മില്ലിന്റേതായി തരിശുകിടക്കുന്ന സ്ഥലം കർഷകർക്ക് ഹൃസ്വകാല അടിസ്ഥാനങ്ങളിൽ പാട്ടത്തിനു നൽകാൻ വേണ്ട നടപടി ഉണ്ടാകണം.

(24) മൂന്നാം വാർഡിൽ കുളപ്പുര ശ്രീധരസ്വാമി സമാധിയും പരിസരവും പഞ്ചായത്ത് ഏറ്റെടുക്കുകയും അവടുത്തെ വറ്റാത്ത ഉറവ ജലസേചനത്തിനായി ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്. സമാധിസ്ഥം സംരക്ഷിച്ച് ഒരു പൂന്തോട്ടമോ ചിൽഡ്രൺ പാർക്കോ നിർമ്മിക്കുകയാ



ണെങ്കിൽ സ്ഥലഉടമകൾക്ക് അനുകൂല അഭിപ്രായം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

(25) മുപ്പതിൽ കുറയാത്ത അംഗസംഖ്യയോടു കൂടി രണ്ടുവാർഡുകൾ ചേർത്ത് ഫാംക്ലബുകൾ രൂപീകരിച്ചു, പഴകുളം സോഷ്യൽസർവ്വീസ് സൊസൈറ്റി പോലെുള്ള സംഘടനകളിൽനിന്നും, കൃഷി സാമൂഹികക്ഷേമം തുടങ്ങിയ മേഖലകളിൽ ലഭ്യമാകുന്ന സഹായം പരമാവധി പ്രയോജനപ്പെടുത്തണം.

(26) പഞ്ചായത്തിലെ കണക്കുകളും മറ്റു പ്രവർത്തനങ്ങളും സുതാര്യമാക്കണം. ജനങ്ങളുടെ വിശ്വാസം കൂടുതലായി ആർജ്ജിക്കാനും പഞ്ചായത്തിന്റെ അഭിവൃദ്ധി, തങ്ങളുടെ സ്വന്തം അഭിവൃദ്ധി ആണെന്നബോധം ജനങ്ങളിൽ ഉണ്ടാകുവാനും ഇത് സഹായകമാകും.

(27) പഞ്ചായത്തിൽനിന്നും പാട്ടത്തിനോ, വാടകക്കോ എടുത്തിട്ടുള്ള ഭൂമിയോ, കൊട്ടിടമോ, മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ വെറുതെ ഇടുകയോ (മൂന്നു മാസത്തിൽ കൂടുതൽ) ചെയ്താൽ നല്ലതുക പിഴയായി ഈടാക്കുകയും ചെയ്യണം. ഇതിന് ആവശ്യമായ വ്യവസ്ഥകളും പൊതുജനപങ്കാളിത്തത്തോടെയുള്ള മറ്റു സംവിധാനങ്ങളും ഉണ്ടാകണം.

(28) പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കുറഞ്ഞ വരുമാനക്കാരായ കർഷകരും, കർഷകത്തൊഴിലാളിയുമാണ്. അപരുടെ വരുമാനത്തിന്റെ നല്ലൊരുഭാഗം ഇവിടുത്തെ മദ്യവ്യവസായികളും വ്യാജവാറ്റുകാരുമാണ്. ഈവിഭാഗം ജനങ്ങളുടെ ക്രിയശേഷി ഗണ്യമായി കുറയുന്നു. എന്നുമാത്രമല്ല സാമൂഹികവും ആരോഗ്യപരവുമായ പ്രശ്നങ്ങളും സൃഷ്ടിക്കപ്പെടുന്നു. ഇതൊഴിവാക്കാൻ പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാൻ സർക്കാരിനും മറ്റുബന്ധപ്പെട്ട വകുപ്പുകൾക്കും വേണ്ടനിവേദനങ്ങളും നിർദ്ദേശങ്ങളും നൽകണം. സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും സമ്പൂർണ്ണമദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ജനങ്ങളുടെ ക്രിയശേഷി വർദ്ധിപ്പിക്കുവാനും ജീവിതനിലവാരം മെച്ചപ്പെടുത്താനും ഈമാറ്റം സഹായിക്കും. വ്യാജവാറ്റും കച്ചവടവും. തടയുവാൻ ജനകീയ സമിതികൾ വാർഡ് മെമ്പർമാർ കൺവീനറായി രൂപീകരിക്കണം.

(29) പെരിങ്ങോലാ വായനശാലക്ക് സമീപമുള്ള ഭദ്രകാളിക്ഷേത്രത്തോടു ചേർന്ന പുതുവൽ സ്വകാര്യവ്യക്തികൾ കയ്യേറാൻ ശ്രമിക്കുന്നത്. ഉടനടി തടയുകയും ആ സ്ഥലത്ത് ഒരു ഹെൽത്ത് സെന്റർ, അങ്കണ വാടി, ബാലവാടി, കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കാൻ നടപടി ഉണ്ടാകുകയും വേണം.

പഞ്ചായത്തിലെ പ്രമുഖബാങ്കുകളിലെ നിക്ഷേപവായ്പ അനുപാതം

സ്ഥാപനത്തിന്റെ പേര്	31.3.95			31.3.96		
	നിക്ഷേപം	വായ്പ	%	നിക്ഷേപം	വായ്പ	%
1. ഫെഡറൽ ബാങ്ക് പിരളശ്ശേരി	91508000	5758000	6.3	102698000	15398000	15
2. ജില്ലാസഹകരണ ബാങ്ക് കാരയ്ക്കാട്	15037000	2316000	15.6	18818000	2864000	15.22
3. S.B.T കൊഴുവല്ലൂർ				54558000	6531000	12
	106545000	**8674000**	**7.6**	**175964000**	**24793000**	**14**

(30) പഞ്ചായത്തിൽ പൊതുജനപങ്കാളിത്തത്തോടെ ഉടനടി ചെയ്യാൻ കഴിയുന്ന പലകാര്യങ്ങളും നിർദ്ദേശങ്ങളുമായി ഗ്രാമസഭകളിൽ വന്നിട്ടുണ്ട്. അവക്ക് മുൻഗണന നൽകുകയുംചെയ്യും. പഞ്ചായത്തിന്റെ പുരോഗതിയിൽ ജനങ്ങൾക്കുള്ള താല്പര്യവും വികസന പ്രക്രിയകളിൽ പങ്കാളികളാകാനുള്ള ആവേശവും പ്രയോജനപ്പെടുത്തുകയും അതോടൊപ്പം ജനകീയ ആസൂത്രണം എന്ന പ്രക്രിയയെക്കുറിച്ചുള്ള ആശങ്ക ദൂരികരിക്കുകയും വേണം.

(32) പഞ്ചായത്തിൽ ഒരു ഹോട്ടൽ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. 25 ലേറെ ഹോട്ടലുകൾ ഉള്ള ഈ പഞ്ചായത്തിൽ ലൈസൻസ് ഇല്ലാത്ത എല്ലാ ഹോട്ടലുകളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തണം.

(32) മുളക്കുഴയിലുള്ള ഒരു ചന്തമാത്രമേ പഞ്ചായത്തിന്റെ അതിർത്തിയിൽ വന്നിട്ടുള്ളൂ. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാരയ്ക്കാട് പള്ളിപ്പടി, പിരളശ്ശേരി തുടങ്ങിയ സ്ഥലങ്ങളിലെ അന്തിച്ചന്തകൾ ഉൾപ്പെടുത്തി ലൈസൻസ് ഫീ ഈടാക്കണം.

(33) കെട്ടിടനികുതികണക്കാക്കിയിരിക്കുന്നത് ശാസ്ത്രീയമായിട്ടല്ല. എന്നാണ് പല കെട്ടിടങ്ങളുടേയും നികുതിഘടന പരിശോധിച്ചതിൽ നിന്ന് മനസ്സിലാകുന്നത്. പഞ്ചായത്ത് സമിതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ, നികുതിഘടന പുന:പരിശോധിക്കേണ്ടതാണ്. 15-20 ലക്ഷം മുടക്കി നിർമ്മിച്ചിട്ടുള്ള പലവീടുകളുടേയും നികുതി വളരെ കുറവാണന്ന് കാണുന്നു. കെട്ടിടത്തിന്റെ Estimate തയ്യാറാക്കാൻ സാങ്കേതിക പരിജ്ഞാനം ഉള്ള ആളുകളുടെ സേവനം പ്രയോജനപ്പെടുത്തിവേണം നികുതി നിശ്ചയിക്കാൻ.

95-96-ലെ വായ്പയും നിക്ഷേപവും തമ്മിൽ വ്യത്യാസം Rs.151171000

	306.95		306.96			
നിക്ഷേപം	വായ്പ	%	നിക്ഷേപം		വായ്പ	%
വില്ലേജ് സഹകരണ ബാങ്ക് മുളക്കുഴ	16509000	8185000	49.6	20306000	12957000	63.8

95-96-ലെ വായ്പയും നിക്ഷേപങ്ങളും തമ്മിൽ വ്യത്യാസം Rs. 7349000

കാരയ്ക്കാട് ജില്ലാസഹകരണ ബാങ്കിൽനിന്നും 95-96 ൽ നൽകിയ കടത്തിന്റെ വിവരണം

(തുക ആയിരത്തിൽ)

	വിവരണം	തുക (000)
1.	സ്വർണ്ണപണയത്തിന്മേൽ	1366
2.	ഉപഭോക്തലോൺ	800
3.	ഓവർ ഡ്രാഫ്റ്റ്	212

ഷെഡ്യൂൾ ബാങ്കിൽനിന്നും നൽകിയ കടത്തിന്റെ വിവരണം
(95-96) (തുക ആയിരത്തിൽ)

	വിവരണം	എണ്ണം	തുക (ആയിരത്തിൽ)	പട്ടികജാതി	പട്ടികവർഗ്ഗം
				എണ്ണം	തുക(000)
1	കൃഷിയും, അനുബന്ധമേലലകളും	86	911	7	23
2	വ്യവസായം,തൊഴിൽ	12	800	3	29
3	സ്വയം തൊഴിൽ	4	22	3	19
4	ചെറുകിട വ്യവസായം	2	75	--	-
5	ദുർബല വിഭാഗങ്ങൾക്ക്	94	1480	3	20
6	ചെറുകിട കർഷകർ	60	732	-	-
7	IRDP കർഷകർ	14	62	5	10
8	IRDP മറ്റുള്ളവർ	5	38	3	2
9	PRMY	1	70	-	-
10	20 ഇന പരിപാടി	115	934	-	-
11	സ്ത്രീകൾക്ക്	23	426	-	-
12	ആകെ നൽകിയലോൺ	3218	438667	12	64

പഞ്ചായത്തിന്റെ പ്രധാനവരവ് ഇനങ്ങൾ
(ലക്ഷത്തിൽ)

ഇനങ്ങൾ	92-93	93-94	94-95	95-96
പഞ്ചായത്ത് നികുതികളുംമറ്റും	6.40	7.72	6.26	7.10
പഞ്ചായത്ത് വസ്തുവകകളിൽ നിന്നുള്ളവരുമാനം	0.20	0.33	0.36	0.38
പഞ്ചായത്ത് ഫീസ്	0.09	0.06	0.05	0.05
സർക്കാർ ഗ്രാന്റുകളും	3.60	7.58	7.77	7.85
സംഭാവനകളും	0.95	0.20	0.06	0.04
പലവക	0.95	0.20	0.06	0.04
ആകെ	11.24	15.87	14.50	15.47

പഞ്ചായത്തിന്റെ വരവു് ഇനങ്ങൾ വിശദമായി (ലക്ഷത്തിൽ)

ഇനങ്ങൾ	92-93	93-94	94-95	95-96
1 കെട്ടിട നികുതി	3.62	3.01	4.43	4.47
2 തൊഴിൽ നികുതി	1.09	1.05	0.99	0.81
3 വസ്തുവകകളുടെ കൈമാറ്റം സംബന്ധിച്ച്	1.69	3.68	0.65	1.41
4 ചന്തകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്ന്	0.17	0.26	0.30	0.38
5 ലൈസൻസ് ഫീസ്	0.07	0.05	0.05	0.05
6 വില്ലേജ് റോഡ് മെയിന്റനൻസ്	0.32	2.54	0.32	3.00
7 പതിനൊന്നിമ പരിപാടി	0.25	0.32	-	-
8 അൺ റൈഡു് ഫണ്ട്	2.44	4.00	3.50	3.79
9 വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ	0.21	0.35	-	1.06

ഡിപ്പോസിറ്റു് ഉൾപടെ തിരിച്ചടക്കേണ്ടതും, അപ്രധാനങ്ങളായതുമായ മറ്റുവരുമാനങ്ങളും ഈപട്ടികകളിൽ ചേർത്തിട്ടില്ല.

പഞ്ചായത്തിലെ ചെലവു് ഇനങ്ങൾ (ലക്ഷത്തിൽ)

ഇനങ്ങൾ	92-93	93-94	94-95	95-96
1 ഭരണ ചെലവു്	2.50	3.01	2.32	2
2 പൊതുമാരാമത്ത് (റോഡ്, പാലങ്ങൾ)	2.06	2.71	3.47	9.43
3 വിദ്യാഭ്യാസം	0.23	0.18	0.34	0.48
4 വിദ്യുച്ഛക്തി	1.30	1.27	1.32	1.31
5 കൃഷി	0.10	-	-	-
6 സാമൂഹികക്ഷേമം	-	0.08	0.65	0.48

31.3.96 ൽ പഞ്ചായത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

	വിവരണം	തുക
1	കെട്ടിട നികുതി	279985.55
2	തൊഴിൽകരം	8576.00
3	ലൈബ്രറിസ്സ്	10398.30
4	ലൈസൻസ്	140.00
	ആകെ	299099.85

ജില്ലാ റിസോഴ്സ് പേഴ്സൺസ്

ശ്രീ. കെ. എൻ. സുധീന്ദ്രൻ (കൺവീനർ)
,, ജി. ജയപ്രകാശ് (കോ ഓർഡിനേറ്റർ)
,, ഡി. ചന്ദ്രൻ
,, പി. എൻ. പുഷ്പാംഗദൻ
,, പി. ആർ. വിജയകുമാർ
,, കെ. എസ്സ്. ഗോപാലകൃഷ്ണൻ
,, കെ. വി. മുരളീധരനാചാരി
,, മുരളി മൂലയിൽ
,, സുധിമുളക്കുഴ

ലോക്കൽ റിസോഴ്സ് പേഴ്സൺസ് (കൺവീനർമാർ)

ശ്രീ. റ്റി. എ. വറുഗീസ്
,, കെ. കെ. ശ്രീനിവാസൻ
,, പി. എസ്സ്. ഗോപാലകൃഷ്ണൻ
,, പി. എം. വിജയൻ
,, പി. കെ. ശിവൻകുട്ടി
,, വി. വി. ചന്ദ്രബാബു
,, പി. കെ. പ്രഭാകരൻ
,, കെ. എൻ. പരമേശ്വരൻ പിള്ള
,, പി. പി. ബാബുസേനൻ
,, പി. വി. ജയപ്രകാശ്

ദ്വിതീയ സ്ഥിതിവിവര ശേഖരണ ടീം

ശ്രീ കെ. വി. മുരളീധരനാചാരി
,, പി. ആർ. വിജയകുമാർ
,, പി. കെ പ്രഭാകരൻ
,, റ്റി. എ. സുധീഷ്
,, പി. എം. വിജയൻ
,, കെ. മുരളീധരൻ
,, കെ. കെ. ശ്രീനിവാസൻ
,, കെ. കെ. സുമതി
,, വി. വി. ചന്ദ്രബാബു
,, പി. കെ. ശിവൻകുട്ടി
,, പി. എസ്. ഗോപാലകൃഷ്ണൻ
,, പി. വി. ജയപ്രകാശ്

പഠനപര്യടന സംഘം

ശ്രീ കെ. കെ. ഭാനു
,, അലക്സ് ജോർജ്
ശ്രീമതി സുമംഗലാമ്മ തങ്കപ്പപണിക്കർ
ശ്രീ ജി. കൃഷ്ണപിള്ള
,, ബിജു പൈനുംമൂട്ടിൽ
,, മുരളി മൂലയിൽ
,, പി. എം. വിജയൻ
,, പി. കെ. പ്രഭാകരൻ
,, കെ. റ്റി. ചെല്ലപ്പൻ
,, കെ. വി. മുരളീധരനാചാരി
,, സ്കറിയാഫിലിപ്പ്
,, ജി. ജയപ്രകാശ്
,, കെ. എൻ. പരമേശ്വരൻപിള്ള
,, ജോർജ് ജേക്കബ്
,, എം. കെ. സുധാകരപ്പണിക്കർ
,, സുധിമുളക്കുഴ